309
JUNE-JULY 2024

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association




## മതനിരപേക്ഷ ജനാധിപത്യം
## ഫെഡറലിസം
## വൈജ്ഞാനിക സമൂഹം

**സംസ്ഥാന സമ്മേളനപ്പതിപ്പ്**

KERALA PRIVATE
COLLEGE TEACHER
JUN/JUL 2024 309

EDITORIAL BOARD

Editor
**Dr. N. Renuka**

Managing Editor
**Dr. Pradeep Kumar K.**

Assistant Editors
Dr. Vidhu Narayan
Dr. Bindumol B.

Members
Dr. C. Padmanabhan
A. Nishanth
Prof.(Dr.) K. Bijukumar
Shajitha S
Dr. Manoj T R
Pramod Vellachal
Dr. M.R. Rajesh
Harinarayanan S
Dr. Devi K. Varma
Sreelakshmi A R
Vaisakhan Thampi
Dr. Sreevidya V
Dr. Prathibha P R
Dr. Sindhu K V
Dr. Rajesh M K

Design :
Jwala Creatives

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by
Dr. C.Padmanabhan, AKPCTA State Committee Office, Vanchiyoor, TVPM-35.

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.org**

■ *എഡിറ്റോറിയൽ* 3

■ *അറുപത്തിയാറാം സംസ്ഥാന സമ്മേളനവും സംഘടനയും*
**ഡോ. ബിജുകുമാർ കെ.** 4

■ *ബസി*
**ശ്രീനന്ദ ബി.** 6

■ *Safeguarding Education: Kerala’s Call to Action*
**Subhashini Ali - *Prepared by Sreelakshmi AR*** 7

■ *കാലിക്കറ്റ് സർവ്വകലാശാല നാലുവർഷ ഡിഗ്രി പ്രോഗ്രാം*
**ഡോ. സന്തോഷ് വള്ളിക്കാട്** 12

■ *താക്കോൽ നഷ്ടപ്പെട്ട പ്രദേശത്തെ അപസ്മാരികൾ*
**മുഹമ്മദ് അനസ് കെ.ടി.** 22

■ *എന്റെ അഭയം മാനവികതയാണ്*
**നന്ദന എം.** 24

■ *'അ'പ്രിയമേറുന്ന ജനാധിപത്യം*
**അനുപ്രിയ ടി.വി.** 28

■ *ബഹുവർണ്ണ ബഹുമത റിപ്പബ്ലിക്*
**സുധീര എസ്.** 32

■ *പുകയോർമ്മ*
**അമൽ സുദേവൻ എസ്.** 36

■ *കറുത്ത നാറ്റം*
**അമൽ സുദേവൻ എസ്.** 37

■ *അവസാനദിവസം*
**ആര്യ എ.** 40

■ *ഒരു രാത്രി സ്വപ്നം*
**അഖിൽരാജ് ആർ** 44

■ *ഊമ്പിയപ്പാ വരാല്പോയി*
**ബിബിൻ ആന്റണി** 46

■ *ഇമോജികിച്ചൺ അഥവാ ഒരു രാജ്യം*
**പത്മനാഭൻ കാവുമ്പായി** 48

■ *The Phoenix*
**Saritha M** 49

■ *സ്ഥിതി*
**വിനീത് പി.വി.** 65

■ *ബാബേൽ ഫിഷ്*
**സരിതാമോൾ കെ.പി.** 71

■ *ക്രൈം നമ്പർ 138/2024*
**ഹരീഷ് ശക്തിധരൻ** 75

■ FYUGP: *തൊഴിലും മൂല്യബോധവും ഉൾച്ചേരുന്ന സമഗ്രബോധനം*
**പ്രമോദ് വെള്ളച്ചാൽ** 82

■ *ബിരുദ പാഠ്യപദ്ധതി പുനഃസംഘാടനം - സാധ്യതകൾ, വെല്ലുവിളികൾ*
**അർച്ചന പി.ജെ.** 84

■ *Restructuring the Degree Syllabus: Possibilities and Challenges*
**Dr. Sona A** 88

■ *ബിരുദം ഓണേഴ്സ് ആവുമ്പോൾ*
**ഡോ. ലിബിൻ കുര്യാക്കോസ്** 89

■ *65-ാം സംസ്ഥാന സമ്മേളന റിപ്പോർട്ട്* 91

■ *പ്രമേയങ്ങൾ* 99

■ *സർക്കുലറുകൾ* 107

# എഡിറ്റോറിയൽ



മാനവചരിത്രത്തിന് മുറിപ്പാടുകൾ ഏല്പിക്കും വിധം വലിയ കൂട്ടക്കുരുതികളും പലായനങ്ങളും വംശീയദ്വേഷങ്ങളും നടമാടുന്ന ആഗോള വ്യാപകമായ അന്തരീക്ഷം നിലനിൽക്കുന്നുണ്ട്. ചരിത്രഘട്ടങ്ങളെ സംബന്ധിച്ച് എത്രയും സ്വാഭാവികമായ പരിണാമങ്ങളാണ് ഇതെന്ന് പറയാമെങ്കിലും ഒളിഞ്ഞും തെളിഞ്ഞുമുള്ള ഹിംസയെ ഒരു തത്വശാസ്ത്രമായി ഭരണകൂടങ്ങൾ ഏറ്റെടുക്കുന്ന സാഹചര്യത്തെ അത്ര നിസ്സാരമായി കാണാൻ കഴിയില്ല.വർഗ്ഗീയതയും കമ്പോളവത്കരണവും  മുഖ്യ ഉപാധികളായി സ്വീകരിച്ച കേന്ദ്ര ഭരണകൂടം പത്ത് വർഷങ്ങൾക്കു ശേഷം അമിതമായ ആത്മവിശ്വാസത്തോടെ മറ്റൊരു ലോകസഭാ ഇലക്ഷനെ നേരിട്ട് കഴിഞ്ഞു. ജനാധിപത്യവിരുദ്ധമായ പ്രവൃത്തികളിലൂടെയും നയങ്ങളിലൂടെയും രാഷ്ട്രീയശൈഥില്യം സൃഷ്ടിച്ച് സ്വതന്ത്രചിന്താഗതിയുള്ള സംസ്ഥാനങ്ങളെ കീഴടക്കാനുള്ള സംഘപരിവാറിന്റെ ശ്രമങ്ങൾ പലവിധത്തിലാണ് നടപ്പിലാകുന്നത്. കേരളത്തിൽ മുഖ്യമായും ഉന്നതവിദ്യാഭ്യാസമേഖലയെ ലക്ഷ്യം വച്ചുകൊണ്ടാണ് ഈ ഗൂഢപ്രവർത്തനങ്ങൾ നടക്കുന്നത്. പാഠ്യപദ്ധതികളെയും സർവകലാശാല നിയമങ്ങളെയും സമിതികളെയും അട്ടിമറിക്കാനുള്ള നിയമവിരുദ്ധമായ നീക്കങ്ങളെ ഇതിനകം തന്നെ കേരള സമൂഹം അഭിമുഖീകരിക്കുകയും പ്രതിരോധിക്കുകയും ചെയ്തു. ഇത്രയേറെ പ്രതിസന്ധികൾ നിലനിൽക്കുമ്പോഴും ലോകത്തിന് തന്നെ മാതൃകയാകും വിധത്തിലുള്ള വിദ്യാഭ്യാസ പരിഷ്കരണങ്ങൾക്ക് കേരള സർക്കാർ തുടക്കം കുറിച്ചു കഴിഞ്ഞു. ഉന്നതവിദ്യാഭ്യാസത്തിന്റെ അക്കാദമികവും ഭരണപരവുമായ തലങ്ങളെ സമഗ്രമായി പരിഷ്കരിക്കുന്ന ഈ പ്രക്രിയയിൽ നിർണ്ണായകമായ ഇടപെടലുകൾ എകെപിസിടിഎ നടത്തുന്നുണ്ട്. ഉന്നതവിദ്യാഭ്യാസത്തെ സംബന്ധിച്ച് വിശാലവും സ്വതന്ത്രവും ബൗദ്ധികവുമായ കാഴ്ചപ്പാട് രൂപീകരിക്കുക എന്നത് തന്നെയാണ് പ്രധാനം.അത്തരം ബോധ്യങ്ങളിൽ നിന്നാണ് "മതനിരപേക്ഷ ജനാധിപത്യം ഫെഡറലിസം വൈജ്ഞാനിക സമൂഹം" എന്ന മുദ്രാവാക്യത്തിലേക്ക് എകെപിസിടിഎ അറുപത്തിയാറാം സംസ്ഥാന സമ്മേളനം എത്തിച്ചേർന്നത്. ആ ബോധ്യങ്ങൾ സമീപഭാവിയിൽ നിറവേറപ്പെടുമെന്ന പ്രതീക്ഷയോടെ സംസ്ഥാന സമ്മേളനപ്പതിപ്പ് വായനക്കാർക്ക് സമർപ്പിക്കുന്നു.


**എഡിറ്റർ**
collegeteacheredt@gmail.com
9746527501

ഡോ. ബിജുകുമാർ കെ.




# അറുപത്തിയാറാം സംസ്ഥാന സമ്മേളനവും സംഘടനയും

ആഗോള വ്യാപകമായ അതിർത്തിയുദ്ധങ്ങൾക്കും വംശീയ കലാപങ്ങൾക്കും ഇടയിൽ ഇന്ത്യൻ ഉന്നതവിദ്യാഭ്യാസരംഗം നിർണ്ണായകമായ മാറ്റങ്ങളിലൂടെ കടന്നുപോവുകയാണ്.ഇന്ത്യയുടെ ഭരണഘടനാ മൂല്യങ്ങളെയപ്പാടെ വെല്ലുവിളിച്ചുകൊണ്ടും വർഗ്ഗീയത പടർത്തിക്കൊണ്ടും സർവകലാശാലകളുടെ സ്വയംഭരണാവകാശത്തിന് തടയിട്ടുകൊണ്ടും കേന്ദ്രസർക്കാർ അതിന്റെ ഏറ്റവും ഹീനമായ ഭരണം കാഴ്ചവയ്ക്കുന്ന ദേശീയാന്തരീക്ഷവും പ്രധാനമാണ്.ഇതിനിടയിലാണ് ഫെഡറലിസത്തെയും വിജ്ഞാനസമൂഹത്തെയും മുറുകെപ്പിടിച്ചു കൊണ്ട് എകെപിസിടിഎ അറുപത്തിയാറാം സംസ്ഥാന സമ്മേളനത്തിന് തിരുവല്ലയിൽ തുടക്കം കുറിച്ചത്. മാർച്ച് 8, 9, 10 തീയതികളിൽ തിരുവല്ല ശ്രീഭദ്ര ഓഡിറ്റോറിയത്തിൽ വച്ച് നടന്ന സമ്മേളനം സംഘടനയെ സംബന്ധിച്ച് അഭിമാനകരമായ നേട്ടങ്ങൾക്കും ചർച്ചകൾക്കും വേദിയായി.

മധ്യകേരളത്തിൽ വച്ച് നടന്ന സമ്മേളനമായതിനാൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള സംഘടനാംഗങ്ങളുടെ മികച്ച പങ്കാളിത്തം ഉണ്ടായി.മുൻകാലങ്ങളിലെന്നതുപോലെ തന്നെ രജിസ്ട്രേഷൻ, യാത്രയയപ്പ് സമ്മേളനം എന്നിവ കൃത്യതയോടെ നടന്നു.സുഘടിതവും ലളിതവുമായ സംഘാടനത്തിൽ വർഗ്ഗബഹുജനസംഘടനകളുടെ ഉദാരമായ സഹകരണം ഉണ്ടായിരുന്നു. സ്വാഗതസംഘ രൂപീകരണം മുതൽ ആരംഭിച്ച വ്യത്യസ്തങ്ങളായ അനുബന്ധ പരിപാടികൾ സമ്മേളനത്തിന് ജനകീയമായ ഒരു മുഖം സമ്മാനിച്ചു. ഓർമ്മകളുടെ തീരത്ത്,ജനസദസ്സുകൾ, വിളംബര ജാഥ, തെരുവു നാടകം,അക്ഷരക്കൂട്ടം, പതാകജാഥ,കായിക മാമാങ്കം, എന്നിങ്ങനെയുള്ള വ്യത്യസ്തതയുള്ള അനുബന്ധ പരിപാടികൾ എല്ലാംതന്നെ എകെപിസിടിഎ എന്ന സംഘടനയുടെ അക്കാദമികവും സാമൂഹികവുമായ ഉറസ്സുകളെ വെളിപ്പെടുത്തുന്നവയായിരുന്നു.അവയിൽ മുഖ്യമായത് ഉന്നതവിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കാൻ പോകുന്ന നാലുവർഷ ബിരുദ കോഴ്സുകളെ സംബന്ധിച്ച ഉത്കണ്ഠകൾ തന്നെയായിരുന്നു.

ഇന്ത്യൻ ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിപ്ലവകരവും സമൂലവുമായ മാറ്റങ്ങൾ നടക്കുന്ന ഒരു കാലത്ത് കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസ നയങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരള സർക്കാർ തനതായ വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കാനു

ള്ള പ്രവർത്തനങ്ങളിലാണ്. മൂന്ന് കമ്മീഷനുകൾ,ശ്യാം ബി.മേനോൻ കമ്മീഷൻ റിപ്പോർട്ട്,അതിന്റെ അടിസ്ഥാനത്തിൽ നടന്ന അധ്യാപക വിദ്യാർത്ഥി യോഗങ്ങൾ, കൊളോക്യം, വിദ്യാഭ്യാസ വിദഗ്ധർ പങ്കെടുത്ത ശില്പശാലകൾ, സർവകലാശാലകൾ കേന്ദ്രീകരിച്ചുള്ള  പാഠ്യപദ്ധതി പരിഷ്കരണങ്ങൾ, പരീക്ഷ പരിഷ്കരണങ്ങൾ, നിയമപരിഷ്കരണങ്ങൾ എല്ലാം ഇതിന്റെ ഭാഗങ്ങളാണ്. ഉന്നതവിദ്യാഭ്യാസ മേഖലയെ ഒരു സംസ്ഥാനം എങ്ങനെ നോക്കിക്കാണുന്നു എന്നതിന്റെ തെളിവുകൂടിയായി ഇത്തരം പ്രവർത്തനങ്ങൾ മാറുന്നു.2010 ലെ സിബിസിസിഎസ്എസ് പരിഷ്കരണത്തിന് ശേഷം സമഗ്രവും കാലോചിതവുമായ അഴിച്ചു പണികൾ ഉന്നതവിദ്യാഭ്യാസ രംഗത്ത് അനിവാര്യമാണ് എന്ന് സർക്കാർ തിരിച്ചറിഞ്ഞതിന്റെ ഫലം കൂടിയാണിത്. ഗവേഷണസാധ്യതകൾക്കൊപ്പം തൊഴിൽ നൈപുണിയും വൈജ്ഞാനിക സമൂഹനിർമ്മിതിയും എന്ന ബൃഹത്തായ ആശയം നിലനിർത്താനും സൂക്ഷ്മജ്ഞാനവും സാങ്കേതിക വിദ്യയും അഭ്യസിക്കാനും അതുവഴി സ്വയംസംരംഭകത്വം എന്ന ആശയം പ്രാവർത്തികമാക്കാനും കഴിയും.

അനേകായിരം വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസത്തിനായി മറ്റു രാജ്യങ്ങളെയും സംസ്ഥാനങ്ങളെയും ആശ്രയിക്കുന്ന സാഹചര്യത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം വിദ്യാർത്ഥികളുടെ അവകാശം എന്നുള്ള നിലയ്ക്ക് ഉറപ്പ് വരുത്തുക, പൊതു വിദ്യാഭ്യാസ പരിഷ്കരണങ്ങളുടെ തുടർച്ചയായി ഉന്നതവിദ്യാഭ്യാസം മെച്ചപ്പെടുത്തുക,അന്തർദേശീയ തലത്തിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗം മികവുറ്റതാക്കുക എന്നിങ്ങനെ ബഹുമുഖമായ ലക്ഷ്യങ്ങളിൽ കേരള സർക്കാർ വ്യാപൃതമാകുമ്പോൾ അതോടൊപ്പം നിന്ന് പ്രവർത്തിക്കുകയും റഗുലേഷൻ, കരിക്കുലം, സിലബസ് രൂപീകരണം തുടങ്ങിയ എല്ലാ മേഖലകളിലും നേതൃത്വപരമായ പങ്ക് വഹിക്കുകയും ചെയ്യുന്ന പ്രസ്ഥാനമാണ് എകെപിസിടിഎ എന്ന് നമുക്ക് അഭിമാനപൂർവ്വം അവകാശപ്പെടാം.

എകെപിസിടിഎ അക്കാദമിക് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ബ്രാഞ്ച്തലം മുതൽ സംസ്ഥാനതലം വരെ ആസൂത്രണം ചെയ്യപ്പെട്ട വിവിധങ്ങളായ ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും എടുത്തു പറയേണ്ടതാണ്.

2024 ജൂലൈ 1 മുതൽ കേരളത്തിലെ എല്ലാ ക്യാംപസുകളിലും ആരംഭിക്കുന്ന പുതിയ പരിഷ്കാരങ്ങൾ , മൂന്ന് വർഷ ഡിഗ്രി, 4 വർഷ ഡിഗ്രി, അതിനോടൊപ്പം ഗവേഷണം, അഭിരുചിക്കനുസരിച്ച് കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം, ഇന്റർ ഡിസിപ്ലിനറി മേജർ കോഴ്സുകൾ, ബിരുദത്തിനൊപ്പം മൂല്യവർദ്ധിത കോഴ്സുകളും നൈപുണ്യ വികസന കോഴ്സുകളും പഠിക്കാനുള്ള അവസരം,ആദ്യ രണ്ടു സെമസ്റ്ററിനു ശേഷം മേജറും മൈനറും മാറ്റാനുള്ള അവസരം, തൊഴിൽനൈപുണ്യം വികസിപ്പിക്കാൻ സമ്മർ ഇന്റേൺഷിപ്പ് എന്നിങ്ങനെ വിദ്യാർത്ഥി കേന്ദ്രീകൃത ഉന്നത വിദ്യാഭ്യാസ കാഴ്ചപ്പാടുകളോടെയാണ് നാലുവർഷ ബിരുദ കോഴ്സുകൾ വിഭാവനം ചെയ്തിരിക്കുന്നത്.അതോടൊപ്പം അധ്യാപകരുടെ തൊഴിൽ സുരക്ഷയും അവകാശ നിയമങ്ങളും ഉറപ്പുവരുത്തുന്നതിന് നമ്മൾ മുന്നോട്ടു വച്ച വർക്ക് ലോഡ് കൃഷൻ,സേവനാവകാശ നിയമം, ഫ്ലക്സിബിൾ ആയ ക്യാമ്പസ് സാന്നിധ്യം എന്നിവ അധ്യാപക  വിദ്യാർത്ഥി സൗഹൃദ പഠനാന്തരീക്ഷം സൃഷ്ടിക്കും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

സർക്കാരും സർവകലാശാലകളും അഫിലിയേറ്റഡ് കോളജുകളും അധ്യാപകരും വിദ്യാർത്ഥികളും പൊതു സമൂഹവും പുതിയ പഠന അന്തരീക്ഷവുമായി ക്യാംപസുകളെ വരവേൽക്കാൻ തയ്യാറാകുമ്പോൾ ഒരു പരിപൂർണമായ കളം മാറ്റമാണ് ക്യാമ്പസുകളിൽ സംഭവിക്കാൻ പോകുന്നത് .അതിനുവേണ്ട എല്ലാ മുൻകരുതലുകളും  സ്വീകരിക്കുകയും പുതിയ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകാവുന്ന പാളിച്ചകൾ തിരുത്തി മുന്നോട്ടു പോകുന്നതിനുള്ള നിശ്ചയദാർഢ്യവും ഉത്തരവാദിത്തബോധവും ഈ പരിഷ്കരണത്തിൽ ഉൾപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാവരും ആർജ്ജിക്കുകയും വേണം. പഠനവും പഠന രീതികളും കാലഘട്ടത്തിനനുസരിച്ച് മാറുമെങ്കിലും അധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള ആശയപരമായ  കൊടുക്കൽ വാങ്ങൽ പ്രക്രിയ എക്കാലവും തുടരും എന്നതിൽ യാതൊരു തർക്കവുമില്ല. പക്ഷെ അതിന്റെ സ്വഭാവവും ഘടനയും മാറും എന്ന് മാത്രം. ഉന്നത വിദ്യാഭ്യാസ രംഗത്ത് ആസന്നമായിരിക്കുന്ന ഇത്തരം പരിഷ്കരണങ്ങളെ നേരിടുമ്പോൾ സംഘടനാ പ്രവർത്തകരെന്ന നിലയിൽ നാം വലിയ ഉത്തരവാദിത്തവും  ദർശനങ്ങളും വച്ചുപുലർത്തുന്നവരായിരിക്കണം.നമ്മുടെഓരോ ചുവടും വിദ്യാർത്ഥികൾക്കും പൊതു സമൂഹത്തിനും വൈജ്ഞാനിക നിർമിതിക്കും വേണ്ടിയുള്ളതായാൽ ഏറ്റവും വലിയ സംഘടനാ പ്രവർത്തനമായി അതിനെ ചരിത്രം വിലയിരുത്തും.

കേന്ദ്രസർക്കാർ തീരുമാനത്തെ തുടർന്ന് നേരത്തെ തടഞ്ഞുവെക്കുകയും, പിന്നീട് സാമ്പത്തിക  പ്രതിസന്ധി കാരണം നൽകാതിരിക്കുകയും ചെയ്ത കോളജധ്യാപകരുടെ ക്ഷാമബത്തയും വിരമിച്ച അധ്യാപകരുടെ ക്ഷാമാശ്വാസവും വർദ്ധിപ്പിച്ച് നൽകാൻ തീരുമാനിച്ച കേരള സർക്കാരിന്റെ ഉത്തരവ് അറുപത്തിയാറാം സംസ്ഥാന സമ്മേളനവേദിയിൽ വച്ച് മുൻ ജനറൽ സെക്രട്ടറി ഡോ.സി.പത്മനാഭൻ അംഗങ്ങളെ അറിയിച്ചത് അഭിമാനകരമായ ഒന്നായിരുന്നു.തടഞ്ഞുവച്ച ഡിഎ യ്ക്ക് വേണ്ടി എകെപിസിടിഎ നടത്തിയ പ്രക്ഷോഭങ്ങളുടെ ബാക്കിപത്രമായിരുന്നു അത്.അക്കാദമികവും തൊഴിൽപരവുമായ നീതിയാണ് നമ്മുടെ ലക്ഷ്യം.

വർഗ്ഗീയതയുടെയും കമ്പോളവത്കരണത്തിന്റെയും അരാഷ്ട്രീയതയുടെയും വിളനിലമായി ഇന്ത്യ മാറിക്കൊണ്ടിരിക്കുന്ന സമകാലീന സാഹചര്യത്തിൽ " മതനിരപേക്ഷ ജനാധിപത്യം ഫെഡറലിസം വൈജ്ഞാനിക സമൂഹം" എന്ന മുദ്രാവാക്യമാണ് എകെപിസിടിഎ മുന്നോട്ടു വയ്ക്കുന്നത്.

**ശ്രീനന്ദ ബി.**
ബി എ ഇംഗ്ലീഷ് സാഹിത്യം മൂന്നാം വർഷം,
സെന്റ് ജോസഫ്സ് കോളേജ് ദേവഗിരി, കോഴിക്കോട്

**കവിത - വിദ്യാർത്ഥി വിഭാഗം**
**(ഒന്നാം സ്ഥാനം)**

# ബസ്സി



ഒരഞ്ഞൊരഞ്ഞ്
വരവീണിറ്റ്
വട്ടത്തില്.
തെളങ്ങലില്ല
കൊറച്ചിരുണ്ടിറ്റ്.
മിണങ്ങാൻ ലേശം വറ്റ്
എണ്ണിയാൽ തീരാത്ത ഓട്ട
നെലത്ത് വീണാൽ മാത്രം
കൊറച്ചൊരൊച്ചപ്പാട്
മൊനാശിക്കാൻ ആരും വരുല്ല.
കുഞ്ഞിമ്മോന്റെ മുത്താറി
തണിയാണ്ട് തന്നെ കിട്ടണം
കടിച്ചീമ്പിയ മുരിങ്ങയ്ക്ക
തിരിഞ്ഞ് വെച്ച കരിവേമ്പ്
സഹിച്ചോളണം.
ഉപ്പൊക്ക്ന്നില്ലേല്
ഉള്ള്ന്നെടത്ത് കൂട്ടണം.
ഒരരിക്ക്
നാലാന്നാളെറിഞ്ഞേന്റെ ചളുക്ക്-
വേവാത്തത് ചോറ്
വെന്തത് ബസ്സി.
ബസ്സീന്റെ പേരെഴ്ത്യത്
പുഴക്കുത്തിയ അരിമണീല്.
"കഴ്കീറ്റ് കാരിയൊന്നൂല്ല
ചൊട്ടേല്ള്ളത് തേച്ചാപ്പോവ്വോ?"
-കാരന്നോര്.
കുടുമ്മം പെറന്നത് തൊട്ട്
നക്കിവടിച്ചത്
ചിറി മുട്ടിച്ചത്
ഒരേ ബസ്സീല് - തേച്ചാപ്പോവൂല്ല.
തൊട്ടാക്കളിക്കണം
ഏഴൂട് പൊഴേല്
ഏഴൂട് മഴേല്.
എല്ലാന്നും
അടിക്കുട്ടിന്റേം അടുപ്പിന്റേം നടൂല്
പൊടീന്റേം കരീന്റേം എടേല്
എച്ചിലൊണങ്ങിപ്പിടിച്ചിറ്റ്.

**Subhashini Ali**
**Prepared by Sreelekshmi A. R.**
Sree Sankara Vidyapeetom College

# Safeguarding Education: Kerala's Call to Action

The 66th state convention of the All Kerala Private College Teachers' Association was inaugurated by Ms. Subhashini Ali, member of the Central Committee of the Communist Party of India (Marxist), Member of the Polit Bureau of the Communist Party of India (Marxist), former President of the All India Democratic Women's Association, and former Member of Parliament from Kanpur. In her inaugural address, Comrade Ali reflected on the significance of the conference amidst parliamentary elections, emphasising the importance of making informed choices to safeguard hard-earned achievements people of Kerala now enjoy. She highlighted the history and struggles of the All Kerala Private College Teachers' Association, noting the government's role in supporting private colleges and ensuring reasonable salaries for teachers.

Comrade Ali underscored the need for broader awareness among the Keralites about connections beyond Kerala, particularly in northern states, cautioning against the regressive educational trends elsewhere. She congratulated the Kerala government's decision to resist implementing the new national educational policy and criticised changes imposed by the central government and so-called intellectuals who make unscientific and ludicrous omission of significant sections from the curriculum. She illustrated the detrimental impact of distorted syllabi on students' understanding, particularly, how this leads to the erosion of scientific knowledge and the influence of right-wing agenda. To supplement this, she gives an anecdote where a student corrects his teacher when she says, it was when Modi visited for the first time an airplane flew to Ayodhya, for he says it was Pushpak viman that first flew to Ayodhya, thousands of years ago.

Comrade alerts that the Western Ghats offer no insulation for Kerala against these challenges. Despite certain governmental measures, the federal structure compromises states' autonomy. She highlights the forceful imposition of the New Educational Policy in Kerala, underscoring the autocratic conduct of the Governor, particularly in appointing Vice Chancellors. Ali criticises the Governor's role as an agent of the central government, asserting their unilateral actions to reshape the educational landscape towards right-wing ideologies. She urges the audience to recognise the perilous trajectory of education and emphasises the need for collective action to safeguard education across India, transcending individual interests.

Comrade Ali delves into the educa-



tional landscape of Kerala, where government-aided colleges, schools, and other educational institutions host a majority of teachers with permanent positions. These educators enjoy stability, receive adequate salaries, and are entitled to pensions upon retirement. Drawing a sharp contrast, she recounts her visit to a Higher Secondary School in Anakkara, narrating the dire state of education in Uttar Pradesh. There, numerous schools lack basic infrastructure, some even operate under trees. The presence of a single permanent teacher is supplemented by individuals known as "shiksha mitras," who earn a meager monthly assistance of Rs. 9000/-. This scarcity of resources extends to higher education, there is even shortfall of teachers at institutions like Allahabad University. Moreover, vacancies remain unfilled in universities and government colleges, while private colleges operate with impunity, often owned by political figures representing various parties. These institutions operate outside governmental oversight, flouting established norms and regulations. Even chicken farms function as colleges, but only on the days of examinations. Things happen at the whim of the managements. For example, there at the time of the examination the management of the college brings goondas over all the children who have enrolled, they come and sit here, and with the help of the goondas, they all bring answer papers and they all write the answers, and the management decides 50% of students should pass, and out of that 10% should get first division, 15% can get second division and 50% of students fail, and then they can again apply to join this college next year. So this is the kind of model of education that is going to be repeated.

Ms. Ali vehemently opposes the distressing state of education in many parts of India and urges a concerted effort to preserve the existing system. She emphasizes the significant budget allocation, particularly by left-leaning governments, which has played a pivotal role in Kerala's transformation into a hub of educated individuals. Ali stresses the necessity of safeguarding these hard-won achievements through persistent advocacy. She recounts the arduous struggle of 690 young men and women from marginalized communities in Uttar Pradesh, who have staged a protest in Lucknow for over 623 days. These individuals, deprived of employment opportunities and justice, have endured physical assaults, arrests, and harsh weather conditions without familial support. Ali highlights the widespread nature of such challenges, extending beyond Uttar Pradesh to encompass more than half of the country's education system.

Ali highlights that approximately 60% of the country's population is facing systemic assaults on the ed-



ucation system, affecting teachers' employment rights and depriving youngsters of quality education opportunities crucial for their advancement. She criticises the contradictory nature of the New Educational Policy, which initially advocates for inclusivity but subsequently promotes privatisation and Public- Private Partnerships. Ali questions the feasibility of achieving universal education without government intervention and free access. Reflecting on Kerala's educational landscape, she notes a shift towards private schooling due to declining quality in government institutions. However, she expresses pride in Kerala's distinction as the only state where more children attend government schools than private ones, attributing this achievement to the policies of the left front government.

Comrade further says that even within Kerala, the central government has exerted pressure resulting in the closure of numerous schools located in tribal areas, which were previously receiving funding from the central government. But the state government has intervened to improve government schools in these regions, recognising the importance of education accessibility. However, despite these efforts, certain remote tribal areas in Kerala continue to face educational challenges due to central government policies. Ali requests the audience to contemplate the broader implications of such issues across India. She emphasizes that when primary education is compromised, it undermines the pathway to higher education. Alarmingly, over 72,000 government schools have been closed in states like Uttar Pradesh, Rajasthan, Madhya Pradesh, Haryana, and Bihar. Despite different political parties governing these states, their approaches to education and universalisation efforts have fallen.

Ms. Ali describess the stark disparity between the primary and secondary education systems in Kerala and Uttar Pradesh. She contrasts the well-equipped government higher secondary school in Anakkara, Kerala, where 1200 students from diverse backgrounds study in an environment furnished with amenities such as fans and computers. She highlights that teachers undergo comprehensive training at the District Institute of Education and Training (DIET) and that education, including uniforms and books, is provided free of charge, with an annual fee of just Rs. 14/-. Ali emphasises that this inclusive approach is crucial for enabling underprivileged families to educate their children. Conversely, the closure of government schools in states like Uttar Pradesh and Madhya Pradesh obstructs access to education, particularly impacting girls' schooling. She points out the notable presence of women in the audience, attributing it to the conducive educational environment for girls and fair recruitment practices fostered in Kerala.

In the broader context of India, the mass closure of government schools is a troubling reality. This threatens to compel children towards private institutions, inevitably leading to a decline in girls' enrollment rates. Ms. Ali denounces a system that selectively withholds critical information from the public while trivial data are available. Access to crucial data such as enrollment figures, dropout rates, and indicators of malnutrition and hunger remains a challenge. She highlights a disturbing trend in Haryana, where parents are required to pay Rs. 500/- to enroll a child in a government school, while receiving Rs. 1500/- in return. This situation advances the closure of government

schools, facilitating the flourishing of private institutions. With the demise of public schools, private institutions are poised to raise their fees, adding further financial burden on parents. As government subsidies diminish, families may find themselves unable to afford their children's education, perpetuating a cycle of educational inequity.

The new education policy advocates for increased public-private participation, signaling a significant shift in funding mechanisms. Previously, the University Grants Commission provided grants to central universities and other institutions, but these grants have now been replaced with loans, compelling universities to generate their own revenue for repayment. This would result in raised fees and inevitable reductions in allocations for faculty salaries and resources. While the Kerala government endeavours to sustain educational institutions, prestigious universities like Jawaharlal Nehru University (JNU) face challenges. On the one hand, central government support to JNU has dwindled, accompanied by a concerning trend of ideological influence, towards saffronisation. Once esteemed for its global academic standing, JNU's international student enrollment has plummeted from over 1000 to a mere 70, as its reputation as a leading institution diminishes. Previously, JNU's admissions policy prioritised students from marginalised backgrounds, a practice initiated during Comrade Prakash Karat's tenure as the students' union president. However, Comrade Ali laments a decline in the representation of students from Kerala in central universities.

Comrade Ali underscores the ramifications of the state government's reluctance to adopt the national educational policy, emphasising the central government's array of mechanisms to compel compliance. Deliberations among bureaucrats have commenced, questioning the disparity in salaries between Kerala professors and their counterparts from Uttar Pradesh or Bhopal, where individuals with Ph.Ds receive a mere Rs. 10,000/- per month without job security. She emphasises that the Prime Minister's rhetoric of "one nation, one education, one railway station, one selfie" does not uplift the disadvantaged to the level of the privileged; rather, it takes way to lower the standards of excellence to accommodate mediocrity. The deprivation of education will detrimentally affect all, as it stands as Kerala's foremost investment, enabling its citizens to excel globally and secure prestigious positions worldwide. Withdrawal of investment in human capital will spell disaster for Kerala's future generations.

Through the NEP, the central government is executing a dual agenda: reducing funding for higher education, starting with central universities, and exerting pressure on state governments to curtail their expenditures. Self-financing institutions impose financial burdens on underprivileged students akin to certain private hospitals' exploitative practices, where exaggerated charges are levied for unnecessary services. These new liberal policies unmask the hideous face of contemporary capitalism, wherein education, healthcare, and other common goods are commodified, and are accessible only to those with the means to afford them. The blame for economic turmoil and social incompetence of students are misguidedly placed on teachers and professors, deflecting attention from the inherent flaws of capitalism. This trajectory outlined by the NEP threatens to transform education into a privilege rather than a universal right, mirroring the neoliberal agenda prevalent in imperialist nations.

Ms. Ali articulates her apprehension regarding the trajectory away from public education and towards privatisation, expressing concern not only for the privatisation of the education system but also for the potential alterations to syllabi and curricula. She questions how future generations will compete and succeed in competitive general examinations if historical inaccuracies, such as the assertion of advanced plastic surgery techniques in ancient India, are perpetuated. Highlighting the absurdity of such claims, she humorously points out the logical inconsistencies, such as why, if plastic surgery was so advanced, the boy's head would be reattached to his body; why an elephant would be harmed. She reiterates the danger in eradicating scientific knowledge from school curricula, expressing deep concern for the development of a scientifically literate future generation.

The Kerala government faces numerous financial challenges, prompting consideration of inviting foreign universities to establish a presence in the state. Ms. Ali expresses skepticism, anticipating that only less prestigious institutions will respond to the call. She finds solace in the collective opposition from the people of Kerala on implementing NEP, commending their active protest against the proposal. Urging the audience to recognise their pivotal role in this struggle, she emphasises the magnitude of the task at hand. She paints a vivid picture of the complexities involved, citing instances such as the Prime Minister's visit to Thrissur, where he orchestrates gatherings, fostering an illusion of leadership and benevolence. She critiques the perpetuation of this illusion by the media, noting its widespread promotion. Additionally, she highlights political tactics, like Rajiv Chandrasekhar's candidacy in the Trivandrum constituency, which sway a significant portion of the populace through targeted propaganda. Despite these influences, she acknowledges the presence of dissenting voices amidst the populace.

Ms. Ali recounts a striking anecdote involving a government employee who, despite the recommendation

to enroll his son in the prestigious Kendriya Vidyalaya, Pattom, firml chooses to send him to a government school. His decision stems from the assurance by the Government of Kerala regarding the continuation of scientific education in the state. However, Ms. Ali raises a poignant question: how many individuals truly grasp the implications of such decisions? She sheds light on the distressing accounts from a young girl attending Kendriya Vidyalaya, Pattom, who reports receiving discriminatory instructions from teachers. These instructions dictate strict segregation between genders and forbid interaction with Muslim students, creating an environment of religious intolerance. Ms. Ali implores the audience to elucidate the central government's agenda, which she characterises as a systematic assault on scientific thinking, public health, and the rights of marginalised communities. She highlights instances of religious intolerance in educational institutions across Assam, where Hindu organisations have issued threats to Christian institutions, demanding the removal of religious symbols, places and attire from these institutions. She questions the validity of creating issues on religious attire, such as hijab. Through these examples, Ms. Ali accentuates the urgent need for widespread awareness and resistance against the central government's agenda, which threatens the fundamental rights and values of Indian society. She eloquently articulates the rich tapestry of caste, culture, and artistry. The central government's agenda seeks to reshape the essence and ethos of our nation. She delves into the vibrant spectrum of dance forms flourishing in Kerala. Under the guise of unity, the imposition of uniformity erodes diversity and undermines pluralism. Minorities find themselves besieged, especially in their quest for educational rights. The assault extends to the dignity of educators, women, and marginalised communities.

Comrade Ali levels grave accusations against the government, citing the manipulation of justice exemplified by the Bilkis Banu case. She narrates the upsetting reality: the day the perpetrators of rape and murder were released from the prison, they were hailed by Sangh Parivar members, as "sanskari brahmins" deserving forgiveness. Their agenda is comprehensive: a systemic overhaul of justice, education, and public health. Kerala, in its defiance, emerges as a beacon of hope. Here in Kerala, a cancer-stricken woman from a remote village can journey to Trivandrum via train, undergo the expensive treatment, all free of charge, returning home cured. She asserts that this scenario is unparalleled elsewhere in India, including Tamil Nadu. The Kerala model serves as a stark indictment of governance failures by many regressive groups .

She addresses the audience, lamenting the transformation of the 19 individuals sent from Kerala to Delhi as MPs. Even the multilingual MP, proficient in seven languages, mysteriously forgets them all when confronted with atrocities like the lynching of Muslims, and the release of Bilkis Banu's rapists and murderers. They remain conspicuously silent on crucial matters such as the National Education Policy (NEP), federalism, and the central government's exploitation of Kerala, stripping it of resources and stifling its autonomy. Not a whisper escapes their lips regarding the infiltration of RSS members onto university boards. With biting satire, she mocks their apathy, suggesting they forego elections and opt for the Olympics, as they seem more adept at sprinting toward the BJP than addressing the concerns of Kerala's populace. She implores the audience to seize the opportunity to elect representatives who will vehemently oppose the NEP, champion women's rights, combat communalism, and resist corporate giants like Adani and Ambani, who devour our natural and national resources. These representatives will ardently advocate for farmers, workers, children, teachers, and professors. She urges the audience to ensure such individuals are sent to the battleground of Delhi. Merely fighting within Kerala's borders is insufficient; the battle must extend to the nation's capital.

In her closing remarks, she recounts a troubling anecdote illustrating the antithesis of what education should represent. She recounts the viral incident where an untrained teacher in an unregistered school compelled a Hindu student to strike his Muslim classmate, subjecting the latter to verbal abuse and torment. Moved by the injustice, Ms. Ali visited the Muslim child's home, accompanied by John Brittas MP. Together, they assured the family of their unwavering support, promising to relocate the child to a safer educational environment. The family, astonished by the solidarity shown, expressed disbelief, some even considering it a miracle for someone from Kerala to extend such compassion. Subsequently, young villagers, unfamiliar with Kerala's political landscape but acquainted with its goodwill, shared their admiration for the region. Despite their ignorance of the significance of the red flag, they recognised its association with kindness and inclusivity. In her poignant conclusion, Comrade Subhashini Ali shares the perspective of an illiterate youth from Uttar Pradesh, who, while unfamiliar with the red flag's name or the party it represents, senses a tangible difference in Kerala's spirit. She appeals to the audience to defend this cherished symbol, emphasising that by protecting their own, they champion the cause of the entire nation. She urges them to send 20 representatives to Parliament who will ardently advocate for Kerala's rights, education, healthcare, justice for women, farmers, and workers, while vehemently opposing the erosion of secular values in our country.

**ഡോ. സന്തോഷ് വള്ളിക്കാട്**
എൻ. എസ്. എസ്. കോളേജ്, മഞ്ചേരി

# കാലിക്കറ്റ് സർവകലാശാല നാലുവർഷ ഡിഗ്രി പ്രോഗ്രാം

ഈ അധ്യയന വർഷം മുതൽ കേരളത്തിലെ എല്ലാ സർവകലാശാലകളിലും നാലുവർഷ ബിരുദ കോഴ്സുകൾ ആണ് ആരംഭിക്കുന്നത്. ഇത് നിലനിന്നിരുന്ന മൂന്നു വർഷ ബിരുദ കോഴ്സുകൾ വലിച്ച് നീട്ടി നാലു വർഷമാക്കി പുതിയ പാഠപദ്ധതി നിർമ്മിച്ചതല്ല. ഓരോ വിദ്യാർത്ഥിക്കും തന്റെ അഭിരുചിക്കും താൽപര്യത്തിനും അനുസരിച്ച് ഡിഗ്രി ഡിസൈൻ ചെയ്ത് എടുക്കാൻ കഴിയും എന്നു മാത്രമല്ല ഇഷ്ടാനുസരം വിഷയങ്ങൾ തിരഞ്ഞെടുത്ത് പഠിക്കാനും തൊഴിൽ പരിശീലനം നേടാനും അവസരമൊരുക്കുന്നു. നാല് വർഷത്തെ യുജി പ്രോഗ്രാം ബിരുദങ്ങൾ സമന്വയിപ്പിക്കാൻ ലക്ഷ്യമിടുന്നു, അന്താരാഷ്ട്ര നിലവാരമാണ് ഇത് ലക്ഷ്യമിടുന്നത്. ഇന്ത്യയിലെയും ലോകത്തെയും വിവിധ സർവ്വകലാശാലകൾക്ക് ഒപ്പം വളർച്ചയിൽ നമ്മളും നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗവും മുന്നേറുന്നു.

ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ ബിരുദ പാഠ്യപദ്ധതിയിൽ സമഗ്രമായ പരിഷ്കരണം ശുപാർശ ചെയ്തിട്ടുണ്ട്, അവിടെ നിലവിലുള്ള മൂന്ന് വർഷത്തെ ഘടനയ്ക്ക് പകരം സിംഗിൾ ലാറ്ററൽ എക്സിറ്റ് ഓപ്ഷനോടുകൂടിയ നാല് വർഷത്തെ ഘടന ഉണ്ടാകും. നിർദ്ദിഷ്ട പാതകൾ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കും ഡോക്ടറൽ പ്രോഗ്രാമുകളിലേക്കും വ്യാപിക്കുന്നു, അവിടെ ബിരുദ സ്കീമിന്റെ നാലാം വർഷം ബിരുദാനന്തര പ്രോഗ്രാമുകളുടെ ഒന്നാം വർഷവുമായി സംയോജിപ്പിക്കും വിധമാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഈ പശ്ചാത്തലത്തിൽ നാല് വർഷത്തെ യുജി പ്രോഗ്രാമുകൾക്കായി പുതിയ റഗുലേഷൻ കാലിക്കറ്റ് സർവകലാശാല നിർമ്മിച്ചു. നമ്മുടെ സമൂഹത്തിന്റെ സമ്പന്നമായ വൈവിധ്യവും അത് രൂപീകരിക്കുന്ന വിവിധ ഗ്രൂപ്പുകളുടെ വ്യത്യസ്ത അഭിലാഷങ്ങളും കണക്കിലെടുക്കുന്ന ഒരു ജനകേന്ദ്രീകൃത വിജ്ഞാന സമൂഹത്തെ ഈ നിയന്ത്രണങ്ങൾ വിഭാവനം ചെയ്യുന്നു. കേരളത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിന്റെ ബഹുമുഖമായ ചുമതലകളിൽ സംഭാവന നൽകാൻ കഴിവുള്ള സാമൂഹിക വ്യക്തികളുടെ ശാസ്ത്രീയവും സാങ്കേതികവുമായ വൈദഗ്ധ്യമുള്ള ഒരു ഗ്രൂപ്പിനെ വികസിപ്പിക്കുക എന്നതാണ് ഈ റഗുലേഷന്റെ ലക്ഷ്യം. ഓൺലൈൻ കോഴ്സുകൾ, ബ്ലെൻഡഡ് ലേണിംഗ്, ട്വിൻനിംഗ്, ക്രെഡിറ്റുകളുടെ കൈമാറ്റം തുടങ്ങിയ പുതിയ മോഡുകൾ ഒപ്റ്റിമൽ കഴിവുകളെ അടിസ്ഥാനമാക്കിയുള്ളതാണ്. പ്രകടനപരവും സൗന്ദര്യാത്മകവും ചലനാത്മകവുമായ കഴിവുകൾ ഉൾപ്പെടെ എല്ലാ കഴിവുകളും  സഹിതം തന്നിരിക്കുന്ന വിജ്ഞാന മേഖലയിൽ പഠിതാവ് നേടാൻ ആഗ്രഹിക്കുന്ന അർത്ഥത്തിൽ പരിപൂർണ്ണതയിൽ എത്തിക്കുകയാണ് ലക്ഷ്യം.

പഠനം വിദ്യാഭ്യാസത്തിന്റെ പ്രധാന പ്രവർത്തനമാണ്, പഠിപ്പിക്കൽ അതിനെ പരിപോഷിപ്പി

ക്കുകയും സുഗമമാക്കുകയും ചെയ്യുക എന്നതാണ്. ആ അർത്ഥത്തിൽ, പാഠ്യപദ്ധതി, സിലബസ്, പഠനോപകരണങ്ങൾ എന്നിവയുടെ നിർമ്മാണവും മൂല്യനിർണ്ണയവും ഉൾപ്പെടുന്ന ഒരു സംയുക്ത പ്രവർത്തനമായാണ് അധ്യാപനത്തെ കാണേണ്ടത്. കാലിക്കറ്റ് സർവ്വകലാശാലയിലെ നാല് വർഷത്തെ ബിരുദ പ്രോഗ്രാമിന്റെ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നത് പഠിപ്പിക്കുന്ന അധ്യാപകൻ തന്നെയായിരിക്കണം കോഴ്സുകൾ രൂപകൽപ്പന ചെയ്യുന്നതും കൂട്ടായി വികസിപ്പിച്ച പാഠ്യപദ്ധതിയെ അടിസ്ഥാനമാക്കി സിലബസ് വികസിപ്പിക്കുന്നതും. അതിനാൽ, ഈ ലക്ഷ്യത്തിലേക്കുള്ള ആദ്യ പടിയായി, ഓരോ കോഴ്സിന്റെയും 20% സിലബസ് ഓരോ പരിശീലകനും/അധ്യാപകനും വികസിപ്പിക്കും. അധ്യാപകർക്ക് സമ്പൂർണ്ണ അക്കാദമിക് സ്വയംഭരണം എന്ന ലക്ഷ്യം ഘട്ടംഘട്ടമായി കൈവരിക്കാനാണ് സർവകലാശാല ലക്ഷ്യമിടുന്നത്.

നിലവിലുള്ള പാഠ്യപദ്ധതിയിൽ നിന്ന് ഘടനാപരവും രീതിശാസ്ത്രപരവുമായ വ്യതിചലനമാണ് നിർദ്ദിഷ്ട നാല് വർഷത്തെ ബിരുദ പ്രോഗ്രാം പാഠ്യപദ്ധതി. നിലവിലുള്ള മൂന്ന് വർഷത്തെ പ്രോഗ്രാം ലാറ്ററൽ എൻട്രി, സിംഗിൾ എക്സിറ്റ് എന്നീ ഓപ്ഷനുകളോടെ നാല് വർഷത്തെ പ്രോഗ്രാമിനുള്ളിൽ തന്നെ തുടരും. പാഠ്യപദ്ധതി രൂപകൽപന ചെയ്യാൻ ഔട്ട്കം ബേസ്ഡ് എഡ്യുക്കേഷൻ (OBE) രീതികൾ ഉപയോഗിക്കേണ്ടതാണ്. നാല് വർഷത്തെ യുജി പ്രോഗ്രാമിന്റെ നിയന്ത്രണങ്ങൾ ബിരുദങ്ങൾ സമന്വയിപ്പിക്കാൻ ലക്ഷ്യമിടുന്നു, ഇത് ഇപ്പോൾ ലോകമെമ്പാടുമുള്ള എല്ലാ സർവ്വകലാശാലകളും സ്വീകരിക്കുന്ന ഒരു അന്താരാഷ്ട്ര നിലവാരമാണ്. ബിരുദങ്ങൾ സമന്വയിപ്പിക്കുമ്പോൾ, വിഷയങ്ങളിലുടനീളമുള്ള വിഷയങ്ങൾ/കോഴ്സുകളിൽ, കഴിയുന്നിടത്തോളം ഒരു നിയന്ത്രണവും ഉണ്ടാകില്ല. പഠിതാക്കൾക്കിടയിൽ കോഗ്നിറ്റീവ്, നോൺ കോഗ്നിറ്റീവ് പ്രശ്ന പരിഹാര കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള ബോധപൂർവമായ ശ്രമങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമായിരിക്കും. പ്രോഗ്രാമുകൾ ബിരുദധാരികളെ അവരുടെ അച്ചടക്ക പരിജ്ഞാനവും മൾട്ടി-ഡിസിപ്ലിനറി ടീമുകളിൽ സഹകരിച്ചും വിദഗ്ധ പ്രശ്നപരിഹാരകരായി ശാക്തീകരിക്കും.

ഇതിന്റെ പ്രത്യേകത നോക്കുക. ഒന്ന് ഗവേഷണത്തിന് ഊന്നൽ നൽകുന്ന ഓണേഴ്സ് വിത്ത് റിസർച്ച് എന്ന നാലുവർഷ ബിരുദമാണ്. കലാലയങ്ങളിൽ ബിരുദത്തോടൊപ്പം ഗവേഷണാഭിരുചി വളർത്തുകയും ഒരു വൈജ്ഞാനിക സമൂഹ സൃഷ്ടിക്ക് അവസരം ഒരുക്കുകയും ചെയ്യുന്നു. മറ്റൊരു ബിരുദ കോഴ്സ് നാലുവർഷം നീണ്ടുനിൽക്കുന്ന ഓണേഴ്സ് ബിരുദമാണ്. ഇതിനിടയിൽ മൂന്നു വർഷത്തിൽ പഠനം അവസാനിപ്പിക്കുന്നവർക്ക് മൂന്നു വർഷ ബിരുദ കോഴ്സിന്റെ സർട്ടിഫിക്കറ്റും നൽകുന്നതാണ്.

എന്താണ് ഓണേഴ്സ് പഠനം എന്ന് നോക്കാം. ബിരുദ കോഴ്സിന്റെ ഭാഗമായി ഒരു ഐച്ഛിക വിഷയത്തിൽ, ഇതിന് നമ്മൾ വിളിക്കുന്ന പേര് മേജർ എന്നാണ്, ആ വിഷയത്തിൽ അഡ്വാൻസ്ഡ് ലെവൽ പരിശീലനം ലഭിക്കുന്നു എന്നുള്ളതാണ് ഓണേഴ്സ് പഠനത്തിൻറെ പ്രത്യേകത. ഓണേഴ്സ് ഡിഗ്രി പൂർത്തിയായാൽ പിജി പഠനം ഒരു വർഷം കൊണ്ട് നേടാവുന്നതാണ്. ഇതിനായി നമ്മുടെ സർവകലാശാലകൾ ലാറ്ററൽ എൻട്രി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഓണേഴ്സ് വിത്ത് റിസർച്ച് പൂർത്തിയായാൽ നേരിട്ട് പി.എ.ച്ച്ഡി പ്രവേശനം നേടാവുന്നതാണ്. അറിവിനും അഭിരുചിക്കും പ്രാധാന്യം നൽകിക്കൊണ്ടുള്ള പഠനമാണ് ഓണേഴ്സ് യു. ജി പഠനം.

നാലുവർഷ ഡിഗ്രി കോഴ്സുകളുടെ മറ്റൊരു പ്രത്യേകത പ്രായോഗികമായ പഠനത്തിന് ഊന്നൽ നൽകുന്നു എന്നുള്ളതാണ്. സ്കിൽ ഡെവലപ്മെന്റ് എന്നുള്ളത് കൊണ്ട് ഉദ്ദേശിക്കുന്നത് മുഴുവൻ വിദ്യാർത്ഥികൾക്കും ഇന്റേൺഷിപ്പ് അല്ലെങ്കിൽ പ്രോജക്ട് അതുമല്ലെങ്കിൽ വൊക്കേഷണൽ ട്രെയിനിങ് നൽകുന്നതിനുള്ള സംവിധാനം കോളേജുകൾ ഒരുക്കുന്നതായിരിക്കും.

അറുപതുമണിക്കൂർ സ്കിൽ പരിശീലനം ഇതിന്റെ ഭാഗമായി ഉണ്ടായിരിക്കും. ബിരുദ പഠനത്തോടൊപ്പം വൊക്കേഷണൽ കോഴ്സുകൾ ചെയ്യുന്നതിനുള്ള അവസരവും ലഭിക്കും. വോക്കേഷണൽ മൈനർ കോഴ്സുകൾ ഇതിനുവേണ്ടിയാണ് തയ്യാറാക്കിയിട്ടുള്ളത്. ബിരുദത്തിനൊപ്പം സ്പെഷ്യലൈസേഷൻ നേടാനും കഴിയും. ഇതെല്ലാം തൊഴിൽ കേന്ദ്രീകൃത പഠനത്തിന്റെ ഭാഗമായി തയ്യാറാക്കുന്നു.

നാലു വർഷ ബിരുദ കോഴ്സുകളുടെ മറ്റൊരു പ്രത്യേകത ഇതിൽ അടങ്ങിയിരിക്കുന്ന ഫ്ലക്സിബിലിറ്റിയാണ്. ക്യാമ്പസ് പഠനത്തിനോടൊപ്പം മറ്റു സർവകലാശാലകളുടെ കോഴ്സുകളോ ഓൺലൈൻ കോഴ്സുകളോ ചെയ്യുന്നതിനുള്ള അനുവാദം ഉണ്ട് എന്നുള്ളതാണ്. ബ്രേക്ക് എടുക്കുന്നതിനും പിന്നീട് തുടർന്ന് പഠിക്കുന്നതിനുമുള്ള അവസരം ലഭിക്കുന്നു. പഠനത്തിനിടയിൽ കോളേജുകൾ മാറുന്നതിനും സർവ്വകലാശാലകൾ മാറുന്നതിനുമുള്ള അവസരം ലഭിക്കും. മിടുക്കരായ വിദ്യാർഥികൾക്ക് വേഗത്തിൽ പഠനം പൂർത്തിയാക്കാൻ എൻ മൈനസ് വൺ സെമസ്റ്റർ സംവിധാനം ഒരുക്കിയിട്ടുണ്ട്. മേജർ വിഷയങ്ങളും മൈനർ വിഷയങ്ങളും പഠനത്തിനിടയിലും മാറ്റാം. യുവാക്കൾക്കുള്ള ആക്റ്റീവ് ലേണിംഗ് സ്റ്റഡി വെബ്സ് (സ്വയം) അല്ലെങ്കിൽ പഠന ബോർഡ് അംഗീകരിച്ച മറ്റ് ഓൺലൈൻ വിദ്യാഭ്യാസ പ്ലാറ്റ്ഫോമുകളിൽ ഓഫർ ചെയ്യുന്ന ഓൺലൈൻ പ്രോഗ്രാമുകൾ ഉൾപ്പെടെ, ഗുണമേന്മ ഉറപ്പുള്ള റിമോട്ട് ലേണിംഗ് മോഡ്യുകൾ പൂർത്തിയാക്കി വിദ്യാർത്ഥികൾക്ക് ക്രെഡിറ്റ് നേടാനുള്ള ഓപ്ഷനുകൾ ലഭ്യമാക്കും.

ഒരു വിദ്യാർത്ഥി നാലുവർഷ ബിരുദ കോഴ്സിന് പഠിക്കുമ്പോൾ ഈ വിദ്യാർത്ഥിക്ക് ഏഴാമത്തെ

സെമസ്റ്റർ പൂർത്തിയാക്കുമ്പോൾ ആവശ്യമായ മുഴുവൻ ക്രെഡിറ്റും ലഭിച്ചിട്ടുണ്ടെങ്കിൽ ആറുമാസം മുമ്പ് കോഴ്സ് പൂർത്തിയാക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കുന്ന താണ്. അതായത് എട്ടാമത്തെ സെമസ്റ്റർ ഒഴിവാക്കാം. മേജർ വിഷയങ്ങളും മൈനർ വിഷയങ്ങ ളും പഠനത്തിനിടയിലും മാറ്റാം. മൂന്നുവർഷം കഴിഞ്ഞാൽ കുട്ടി കൾക്ക് വേണമെങ്കിൽ എക്സിറ്റ് ഓപ്ഷൻ സ്വീകരിച്ച് പുറത്തു പോകാവുന്നതാണ്. മൂന്നുവർഷം കഴിഞ്ഞ് പുറത്തു പോകുന്നവർക്ക് ഡിഗ്രിയാണ് അവാർഡ് ചെയ്യുക. പരമാവധി 180 ക്രെഡിറ്റിൽ നിന്ന് 133 ക്രെഡിറ്റ് കുട്ടി സ്വന്തമാക്കിയാ ല് മൂന്ന് വർഷം കഴിഞ്ഞ് എക്സിറ്റ് ചെയ്യുമ്പോൾ കുട്ടികൾക്ക് ഡിഗ്രി ലഭിക്കും.

ഫോർ ഇയർ യു.ജി ഹോണേഴ്സ് പൂർത്തിയാക്കുന്ന കുട്ടികൾക്ക് പോസ്റ്റ് ഗ്രാജ്വേഷന് പോവുക യാണെങ്കിൽ ഒരു വർഷം മതി. മാക്സിമം 240 ക്രെഡിറ്റില്നിന്നും മിനിമം 177 ക്രഡിറ്റ് ലഭിച്ചിരിക്ക ണം. യു. ജി ഓണേഴ്സ് കോഴ്സിന്റെ നാലാമത്തെ വർഷം രണ്ട് തരത്തി ലാണ് സജ്ജീകരിച്ചിരിക്കുന്നത്. ഒന്നുകിൽ നാല് ക്രെഡിറ്റുകൾ വീ തമുള്ള 11 കോഴ്സുകൾ എടുക്കുമ്പോൾ 44 ക്രെഡിറ്റ് ലഭിക്കും. മറ്റൊരു സാധ്യത നാല് ക്രെഡിറ്റുകൾ വീത മുള്ള ഒമ്പത് മേജർ കോഴ്സുകൾ തി രഞ്ഞെടുക്കുക അപ്പോൾ 36 ക്രെ ഡിറ്റ് ലഭിക്കും. പിന്നെ 3 മേജർ കോഴ്സിന് പകരം ഒരു ഓപ്ഷണൽ പ്രോജക്ട് ചെയ്യാവുന്നതാണ്. ഇത് കുട്ടികൾക്ക് തെരഞ്ഞെടു ക്കാവുന്നതാണ് ഈ ഓപ്ഷണൽ പ്രോജക്ടിന് 12 ക്രെഡിറ്റ് ആണ് ഉണ്ടാവുക.

ഓണേഴ്സ് വിത്ത് റിസർച്ച് കഴിയു ന്ന വിദ്യാർത്ഥികൾക്ക് അടുത്ത ഒരു വർഷം കൊണ്ട് പി.ജി ക്ക് ചേർന്ന് പഠിക്കാവുന്നതാണ് അല്ലെങ്കിൽ ഈ കുട്ടിക്ക് നേരിട്ട് റിസർച്ച് (ഗവേഷണം) ചെയ്യുന്നതി നുള്ള സൗകര്യം ഉണ്ടായിരിക്കുന്ന താണ്. ഇവിടെ നിർബന്ധമായും നാലാമത്തെ വർഷം ഒരു 12 ക്രെഡിറ്റ് ഉള്ള റിസർച്ച് പ്രോജക്ട് ചെയ്തിരിക്കേണ്ടതാണ്. ഇനി മുതൽ നമ്മുടെ കോളേജുകളിലെ ഒരു ക്ലാസിൽ തന്നെ വ്യത്യസ്ത വിഷയങ്ങൾ പഠിക്കുന്ന വ്യത്യസ്ത ക്രഡിറ്റ് എടുക്കുന്ന വിദ്യാർത്ഥിക ളായിരിക്കും ഉണ്ടാവുക.

മേജർ: മേജർ എന്നുപറയുന്നത് നമ്മൾ നിലവിൽ ഡിഗ്രിക്ക് പ്രവേ ശിക്കുമ്പോൾ എടുക്കുന്ന കോർ പേപ്പറുകളാണ്. സാധാരണ രീതിയിൽ നമ്മൾ മെയിൻ എന്നു വിളിച്ചിരുന്ന വിഷയം. ഡിഗ്രിക്ക് ആകെ 133 ക്രെഡിറ്റ് ആകുമ്പോൾ അതിന്റെ 50% എന്ന് പറഞ്ഞാൽ 68 ക്രെഡിറ്റ്. 68 ക്രെഡിറ്റ് കുട്ടി നേടേണ്ടത് 17 കോഴ്സുകളിൽ നി ന്നാണ്. ഒരു കോഴ്സിന് നാല് ക്രെ ഡിറ്റ് എന്ന രീതിയിലാണ് ഇത് സംവിധാനം ചെയ്തിരിക്കുന്നത്. ഏത് വിഷയത്തിൽ 50 ശതമാനം ക്രെഡിറ്റുകൾ കുട്ടി സ്വീകരിക്കുന്നു വോ അതായിരിക്കും ആ കുട്ടിയുടെ മേജർ വിഷയം.

നാലുവർഷം ഡിഗ്രി കോഴ്സുകളിൽ ആകെ മിനിമം വേണ്ടത് 177 ക്രെഡിറ്റ് ആണെങ്കിൽ അതിന്റെ 50 ശതമാനം എന്ന് പറയുന്നത് 88 ക്രെഡിറ്റ് ആണ്. ഇതുകൂടാതെ ഒരു 12 ക്രെഡിറ്റ് കൂടി മേജറിൽ കുട്ടി നേടിയിരിക്കണം. അങ്ങനെ മൊത്തം 100 ക്രെഡിറ്റ് മേജറിൽ ഉണ്ടായിരിക്കണം.

ഏഴാമത്തെ സെമസ്റ്ററിൽ 5 മേജർ കോഴ്സുകൾ ഉണ്ടായിരിക്കും. ഇതിലൂടെ 20 ക്രെഡിറ്റ് കുട്ടിക്ക് ലഭിക്കുന്നതായിരിക്കും. എട്ടാമ ത്തെ സെമസ്റ്ററിൽ 12 ക്രെഡിറ്റ് ഉള്ള ഒരു റിസർച്ച് പ്രോജക്ട് കുട്ടിക്ക് ചെയ്യാം. അല്ലെങ്കിൽ 12 ക്രെഡിറ്റ് ഉള്ള ഒരു മൈനർ പ്രോ ജക്ട് ചെയ്യുകയും ആകാം. അതുമ ല്ലെങ്കിൽ മൂന്ന് മേജർ കോഴ്സുകളിൽ നിന്നായി 12 ക്രെഡിറ്റ് എടുക്കുക യും ആവാം.

എല്ലാ കോഴ്സുകളും വിവിധ അക്കാ ദമിക ലെവലിൽ ഉള്ള കോഴ്സ കൾആയിരിക്കും.

### Academic Levels of Pathway Courses

| Sl. No. | Academic Level | Nature of the Courses | Implementation in FYUGP | |
|---|---|---|---|---|
| | | | Semesters | Minimum Credits |
| 1 | 0 – 99 | Prerequisites for foundation courses | - | - |
| 2 | 100 – 199 | Foundation courses | 1 & 2 | 24 |
| 3 | 200 – 299 | Intermediate level courses | 3 & 4 | 28 |
| 4 | 300 – 399 | Higher level courses | 5 & 6 | 42 |
| 5 | 400 – 499 | First year PG level courses | 7 & 8 | 44 |

മൈനർ: മേജർ കഴിഞ്ഞ് തൊട്ടു ടുത്ത ഒരു വിഷയം കുട്ടി കൂടുതൽ പഠിക്കാൻ വേണ്ടി തിരഞ്ഞെടുക്കു ന്നതിനെയാണ് നമ്മൾ ഇവിടെ മൈനർ എന്നതുകൊ ണ്ട് ഉദ്ദേശിക്കുന്നത്. മൈനർ വിഷയങ്ങൾ ചിലപ്പോൾ നമ്മൾ തിരഞ്ഞെടുക്കുന്ന മേജ റിനോട് വളരെയധികം ബന്ധമുള്ളതായിരിക്കാം അല്ലെങ്കിൽ ചിലപ്പോൾ ഒട്ടും ബന്ധമില്ലാത്ത വിഷയങ്ങളും വേണമെ ങ്കിൽ തിരഞ്ഞെടുക്കാം. ഒരുകുട്ടിക്ക് ഇഷ്ടമുള്ള ഏത് വിഷയവും മൈനർ ആയി തിരഞ്ഞെടുക്കാം. അത് നേരത്തെ പഠിക്കണമെന്നി ല്ല. ഹ്യുമാനിറ്റീസ് പഠിച്ചവർക്ക് സയൻസിൽ താൽപര്യമുണ്ടെ ങ്കിൽ മൈനറായി പഠിക്കാം. തിരിച്ചും. ഇങ്ങനെ സ്വതന്ത്ര്യവും താൽപര്യം ജനിപ്പിക്കുന്നത് കാല ത്തിനു ചേരുന്ന തരത്തിൽ ചേരു വകയായി ഈ കോഴ്സുകൾ ഓരോ

### The Consolidated List of Courses and Credits in CUFYUGP

| Sl. No. | Categorization of Courses for all programmes | 3-year UG | | 4-year UG | |
|---|---|---|---|---|---|
| | | Minimum number of Courses required | Minimum number of Credits required | Minimum number of Courses required | Minimum number of Credits required |
| 1 | Major | 17 | 68 | 22 | 88 |
| 2 | Minor (for those with Minor pathway) | 6 | 24 | 8 | 32 |
| 3 | Multi-disciplinary Courses (MDC) | 3 | 9 | 3 | 9 |
| 4 | Skill Enhancement Courses (SEC) | 3 | 9 | 3 | 9 |
| 5 | Ability Enhancement Courses (AEC) | 4 | 12 | 4 | 12 |
| 6 | Value Added Courses (VAC) | 3 | 9 | 3 | 9 |
| 7 | Internship | - | 2 | - | 2 |
| 8 | Research Project or<br>Optional Project + One Major Course<br>or Three Major Courses instead of Optional Project | -<br>(1)<br>3 | | | 12<br>(8 + 4)<br>(12) |
| 9 | An Additional Course in Major / Minor / any other discipline | - | - | 1 | 4 |
| | Total | 36 | 133 | 47 | 177 |

വിദ്യാർത്ഥിക്കും ഡിസൈൻ ചെയ്യെടുക്കാം. അഭിരുചിയും താല്പ്പര്യവുമാണ് പ്രധാനം. മൈനറിലും മേജറിലും നമുക്ക് ഇനി മുതൽ പി.ജി ചെയ്യുന്നതിന് അവസരം ലഭിക്കും.

മൂന്നുവർഷം കഴിഞ്ഞ് എക്സിറ്റ് ചെയ്യുന്ന ഒരു കുട്ടി ആറ് മൈനർ കോഴ്സുകളാണ് തിരഞ്ഞെടുക്കേണ്ടത്. ഒരു മൈനർ കോഴ്സിന് നാല് ക്രെഡിറ്റ് ആണ്. അങ്ങനെയാകുമ്പോൾ 6 മൈനർ കോഴ്സുകളിൽ നിന്നായി 24 ക്രെഡിറ്റുകൾ കുട്ടി നേടിയിരിക്കണം. നാലുവർഷ യുജി പ്രോഗ്രാം ആണ് കുട്ടി കമ്പ്ലീറ്റ് ചെയ്യുന്നതെങ്കിൽ അതിന് 8 മൈനർ കോഴ്സുകൾ ആണ് കുട്ടി തിരഞ്ഞെടുത്തത്. 8 മൈനർ കോഴ്സുകളിൽ നിന്നായി 32 ക്രെഡിറ്റ് കുട്ടി നേടിയിരിക്കണം. ഇതിൽ രണ്ട് മൈനർ കോഴ്സുകൾ കുട്ടി നേടേണ്ടത് നാലാമത്തെ വർഷമാണ് എന്നുള്ളതാണ് ഒരു പ്രത്യേകത. ആദ്യത്തെ മൂന്നുവർഷംകൊണ്ട് കുട്ടി ആറ് മൈനർ കോഴ്സുകൾ നേടി 24 ക്രെഡിറ്റുകൾ നേടിയിട്ടുണ്ടാകും. ബാക്കിയുള്ള രണ്ട് മൈനർ കോഴ്സുകൾ കുട്ടി നാലാമത്തെ വർഷം സ്വീകരിച്ചാൽ മതി. ഇത് ഓൺലൈൻ ആയും ചെയ്യാം.

ഫിസിക്സ് മേജർ ആയിട്ട് പഠിക്കുകയാണെങ്കിൽ അതിന്റെ കോംപ്ലിമെൻററി വിഷയം ആയിട്ട് നമ്മൾ തിരഞ്ഞെടുക്കാറുള്ളത് കെമിസ്ട്രിയും മാത്തമാറ്റിക്സും അതല്ലെങ്കിൽ കെമിസ്ട്രിയും കമ്പ്യൂട്ടർ സയൻസും ഒക്കെയാണ്. എന്നാൽ ഇതിൽനിന്ന് വ്യത്യസ്തമായി ഒരു കുട്ടിക്ക് ഫിസിക്സ് വിഷയം പഠിക്കുന്നതോടൊപ്പം തന്നെ ഇംഗ്ലീഷ്, മലയാളം, ഹിന്ദി, കൊമേഴ്സ്, എക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, മാത്സ് തുടങ്ങി ഏത് വിഷയം വേണമെങ്കിലും മൈനർ ആയി തെരഞ്ഞെടുക്കാവുന്നതാണ്. ഇതാണ് നാലുവർഷ യു. ജി കോഴ്സുകളുടെ വലിയ ഒരു പ്രത്യേകതയായിട്ട് നമ്മൾ കാണേണ്ടത്. മറ്റു ഡിപ്പാർട്ട്മെന്റുകൾ ഓഫർ ചെയ്യുന്ന കോഴ്സുകളാണ് മൈനർ വിഭാഗം കോഴ്സുകൾ.

### ഇന്റേൺഷിപ്പ് നിർബന്ധമാക്കി

മറ്റൊരു പ്രത്യേകത നാലു വർഷ ഡിഗ്രി കോഴ്സുകളിൽ ഇൻറർൻഷിപ്പ് നിർബന്ധമാക്കി എന്നുള്ളതാണ്. ഇത് ഏതെങ്കിലും ഒരു ഫീൽഡ് ബേസ്ഡ് ആയിട്ടുള്ള എക്സ്പീരിയൻസ് അല്ലെങ്കിൽ ഹാൻസ്ഓൺ ട്രെയിനിങ് ആയിരിക്കും. പുറത്തുള്ള സ്ഥാപനങ്ങളിൽ നിന്ന് ചെയ്യുന്നതിനുള്ള സൗകര്യം ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ടു കൊണ്ട് ഒരുക്കും. ഇന്റേൺഷിപ്പ് രണ്ട് ക്രെഡിറ്റ് ആണ് ഉണ്ടായിരിക്കുക. ഇത് ആദ്യത്തെ മൂന്നുവർഷംകൊണ്ട് പൂർത്തീകരിക്കണം. സ്വന്തം കോളേജിൽ നിന്നോ മറ്റേതെങ്കിലും സ്ഥാപനത്തിൽ നിന്നോ ഇത് പൂർത്തീകരിക്കാനുള്ള അവസരം ഉണ്ടായിരിക്കും. നമുക്കിത് മേജറിലോ അല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു ഡിസിപ്ലിനിലോ ചെയ്യാനുള്ള സൗകര്യം ഉണ്ടായിരിക്കും.

വിദ്യാർത്ഥികൾക്ക് പ്രാദേശിക വ്യവസായങ്ങളിൽ ഇന്റേൺഷിപ്പിനുള്ള അവസരങ്ങൾ നൽകും, വ്യാപാര സ്ഥാപനങ്ങൾ, കൃഷി, ആരോഗ്യം, അനുബന്ധ മേഖലകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ), സംസ്ഥാന ആസൂത്രണ ബോർഡ്, സംസ്ഥാന കൗൺസിലുകൾ/ബോർഡുകൾ, പാർലമെന്റ്/സംസ്ഥാന അസംബ്ലി/പഞ്ചായത്തിലേക്കുള്ള തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, മാധ്യമങ്ങൾ സംഘടനകൾ, കലാകാരന്മാർ, കരകൗശല വിദഗ്ധർ തുടങ്ങിയവ. ഈ അവസരങ്ങൾ വിദ്യാർത്ഥികളെ പ്രാപ്തരാക്കും അവരുടെ പഠനത്തിന്റെ പ്രായോഗിക വശങ്ങളിൽ സജീവമായി ഏർപ്പെടാനും അവരുടെ തൊഴിൽ ക്ഷമത മെച്ചപ്പെടുത്താനും സഹായിക്കും.

സ്റ്റഡി വെബുകളിൽ ഓഫർ ചെയ്യുന്ന ഓൺലൈൻ പ്രോഗ്രാമുകൾ ഉൾപ്പെടെ, ഗുണമേന്മ ഉറപ്പുനൽകിയ റിമോട്ട് ലേണിംഗ് മോഡ്യൂകളിൽ നിന്ന് ക്രെഡിറ്റ് നേടാനുള്ള ഓപ്ഷനുകൾ ലഭ്യമാക്കും. ബോർഡ് ഓഫ് സ്റ്റഡിസ് അംഗീകരിച്ച ഇത്തരം ഓൺലൈൻ കോഴ്സുകളിലൂടെ വിദ്യാർത്ഥികൾക്ക് പരമാവധി 16 ക്രെഡിറ്റുകൾ നേടാൻ അർഹതയുണ്ട്.

### പ്രോജക്ടുകൾ ചെയ്യാം:

നാലുവർഷ ബിരുദത്തിന്റെ ഭാഗമായി രണ്ടുതരം പ്രോജക്ടുകൾ ആണ് ഡിസൈൻ ചെയ്തിട്ടുള്ളത്. ഓണേഴ്സ് പ്രോഗ്രാമിലുള്ള പ്രോജക്ട് എന്ന് പറയുന്നത് ഓപ്ഷണലാണ്. അതിന് 8 ക്രെഡിറ്റ് ആണുള്ളത് ഇത് മേജറിൽ നിന്നോ അല്ലെങ്കിൽ അലൈഡ് ഡിസിപ്ലിണിനില് നിന്നോ എടുക്കാവുന്നതാണ് ഇതിന് പകരം രണ്ട് മേജർ കോഴ്സുകൾ ചെയ്താലും മതി. ഈ പ്രോജക്ട് നമുക്ക് പഠിക്കുന്ന സ്ഥാപനത്തിൽ നിന്നോ അല്ലെങ്കിൽ മറ്റേതെങ്കിലും റിസർച്ച് സെൻററുകൾ നിന്നോ ചെയ്യാവുന്നതാണ്.

ഓണേഴ്സ് വിത്ത് റിസർച്ച് പ്രോഗ്രാമിൽ പ്രോജക്ട് എന്ന് പറയുന്നത് നിർബന്ധമായും ചെയ്തിരിക്കേണ്ട ഒന്നാണ്. ആദ്യത്തെ മൂന്നുവർഷത്തിൽ 75 ശതമാനം മാർക്ക് ലഭിച്ച കുട്ടിക്ക് മാത്രമേ 12 ക്രെഡിറ്റ് ഉള്ള റിസർച്ച് പ്രോജക്റ്റ് ചെയ്യാന് കഴിയൂ. ഇത് നമ്മുടെ മേജർ വിഷയത്തിൽ നിന്നോ അല്ലെങ്കിൽ ആലൈഡ് ഡിസിപ്ലിനില് നിന്നോ ചെയ്യാവുന്നതാണ്. പി എച്ച് ഡി ഗവേഷണ പ്രബന്ധം തയ്യാറാക്കുന്നത് പോലെ തന്നെയാണ് ഇത് തയ്യാറാക്കേണ്ടത്. നമ്മുടെ കോളേജ് റിസർച്ച് സെൻറർ ആണെങ്കിൽ അവിടെ നിന്നോ അല്ലെങ്കിൽ അതുപോലെയുള്ള മറ്റേതെങ്കിലും സ്ഥാപനത്തിൽ നിന്നും ചെയ്യാനുള്ള സൗകര്യം ഒരുക്കുന്നതാണ്. ഇതിൽ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടത് ആദ്യത്തെ മൂന്നുവർഷത്തിൽ 75% മാർക്ക് നേടിയ കുട്ടികൾക്ക് മാത്രമേ ഏഴാമത്തെ സെമസ്റ്റർ തുടങ്ങുന്ന യുജി ഹോണർ വിത്ത് റിസർച്ച് പ്രോഗ്രാമിലേക്ക് അഡ്മിഷൻ ലഭിക്കുകയുള്ളൂ. ഒരു കോളേജിലെ ഒരു ഡിസിപ്ലിനിലുരണ്ട് പി.എച്ച്.ഡി ഉള്ള അധ്യാപകരുണ്ടെങ്കില്അവിടെ ഓണേഴ്സ് വിത്ത് റിസർച്ച് പ്രോഗ്രാം നടത്താം.

ചുരുക്കി പറഞ്ഞാൽ 17 മേജർ കോഴ്സിൽ നിന്ന് 68 ക്രെഡിറ്റും 6 മൈനർ കോഴ്സുകളിൽ നിന്ന് 24 ക്രെഡിറ്റും രണ്ടും അങ്ങനെ മൊത്തം 23 കോഴ്സുകളിലൂടെ 94 ക്രെഡിറ്റ് നമ്മൾ മൂന്നു വർഷം കൊണ്ട് നേടും. ഇത് ഡിസിപ്ലിൻ സ്പെസിഫിക്ക് ആയിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ടതാണ്. ഏകദേശം ഇത് 70 ശതമാനം വരും.

### ജനറൽ ഫൗണ്ടേഷൻ കോഴ്സുകൾ:

എല്ലാവരും പഠിക്കുന്ന 30% പഠന വിഷയങ്ങളാണ് ജനറൽ ഫൗണ്ടേഷൻ കോഴ്സുകൾ. ഇത് 39 ക്രെഡിറ്റ് വരും.ഇപ്പോഴുള്ള ഡിഗ്രി കോഴ്സുകളിൽ കുട്ടി 6 ഇംഗ്ലീഷ് കോഴ്സും നാല് സെക്കൻഡ് ലാംഗ്വേജ് കോഴ്സും അതുപോലെതന്നെ ഒരു ഓപ്പൺ കോഴ്സമാണ് പഠിക്കുന്നത്. ഇതിന് പകരമായിട്ട് ഇനി കുട്ടി പഠിക്കേണ്ടത് 4 കോഴ്സുകൾ എബിലിറ്റി എന് ഹാന്സ്മെന്റ് കോഴ്സുകൾ (AEC) ആണ് 3 കോഴ്സുകൾ മൾട്ടി ഡിസിപ്ലിനറി കോഴ്സുകളാണ്. (MDC) 3 കോഴ്സുകൾ വാല്യൂആഡഡ് കോഴ്സുകൾ ആണ്. (VAC) 3 കോഴ്സുകൾ സ്കില് എൻഹാൻസ്മെന്റ് കോഴ്സുകൾ ആണ്. (SEC) ഓരോ കോഴ്സുകൾക്കും മൂന്ന് ക്രെഡിറ്റ് ആണുള്ളത്. അങ്ങനെ 13 കോഴ്സുകളിലൂടെ ആകെ 39 ക്രെഡിറ്റ് കുട്ടി ജനറൽ ഫൗണ്ടേഷൻ കോഴ്സുകളിലൂടെ നേടിയിരിക്കണം.

**General Foundation Courses**

| Sl No | Baskets of Courses | No of Courses | Credit of one course | Total Credit |
|---|---|---|---|---|
| 1 | Ability Enhancement Course (AEC) | 4 | 3 | 12 |
| 2 | Skill Enhancement Course (SEC) | 3 | 3 | 9 |
| 3 | Value-Added Course (VAC) | 3 | 3 | 9 |
| 4 | Multi-Disciplinary Course (MDC) | 3 | 3 | 9 |
| | Total | 13 | 12 | 39 |

### എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സ്

എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സ് എന്നുള്ളത് കൊണ്ട് ഉദ്ദേശിക്കുന്നത് ഭാഷാ വിഷയങ്ങളാണ്. അതിനകത്ത് ഇംഗ്ലീഷ് പഠിക്കും അതുപോലെതന്നെ അഡീഷണൽ ലാംഗ്വേജ് ഹിന്ദി മലയാളം ഉറുദു അറബിക് സംസ്കൃതം തുടങ്ങിയ ഏത് ഭാഷ വേണമെങ്കിലും പഠിക്കാം. ഭാഷാ പ്രയോഗശേഷിയുമായി ബന്ധപ്പെട്ട കഴിവുകള് വികസിപ്പിക്കലാണ് ഇവിടെ ലക്ഷ്യമിടുന്നത്. ആദ്യ സെമസ്റ്ററില്AEC 1 ഇംഗ്ലീഷ് ഭാഷയും AEC 2 മറ്റ് ഭാഷാ വിഭാഗങ്ങളും നല്കും. രണ്ടാം സെമസ്റ്ററിൽ AEC 3 ഇംഗ്ലീഷ് ഭാഷയും AEC 4 മറ്റ് ഭാഷാ വിഭാഗങ്ങളും നല്കും.

### മൾട്ടി ഡിസിപ്ലിനറി കോഴ്സ്

മൾട്ടി ഡിസിപ്ലിനറി കോഴ്സ് എന്നു പറയുന്നത് ഓപ്പൺ കോഴ്സുകൾ ആയിട്ട് ഡിസൈൻ ചെയ്തിരിക്കുന്നതാണ്.സ്വന്തം മേജർ ഡിപ്പാർട്ട്മെൻറ് അല്ലാത്ത മറ്റു ഡിപ്പാർട്ട്മെന്റുകൾ അനൗൺസ് ചെയ്യുന്ന കോഴ്സുകളാണ് മൾട്ടി ഡിസിപ്ലിനറി കോഴ്സുകളില് കുട്ടികള് തിരഞ്ഞെടുക്കേണ്ടത്, ഒന്നും രണ്ടും സെമസ്റ്ററിൽ MDC 1ഉം MDC 2 ഉം എല്ലാ ഡിപ്പാർട്ട്മെന്റുകളും നല്കും. മൂന്നാം സെമസ്റ്ററില്MDC 3 ഇംഗ്ലീഷ് ഭാഷയും മറ്റ് ഭാഷാ വിഭാഗങ്ങളും നല്കും. ഇത് കേരള നോളജ് സിസ്റ്റവുമായി ബന്ധപ്പെട്ട പഠനം ആയിരിക്കും.

### വാല്യു ഏഡഡ് കോഴ്സ്

വാല്യൂ ഏഡഡ് കോഴ്സുകൾ എന്നുള്ളതുകൊണ്ട് ഉദ്ദേശിക്കുന്നത് ചില മൂല്യങ്ങൾ കുട്ടികളിൽ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള പഠനമാണ്. ജനാധിപത്യബോധം, ജൻഡർ സെൻസിബിലിറ്റി, ഭരണഘടന മൂല്യങ്ങൾ പരിസ്ഥിതി ബോധം തുടങ്ങിയിട്ടുള്ള വ്യത്യസ്തമായ മൂല്യങ്ങൾ കുട്ടികളിൽ വളർത്തുന്നതിന് വേണ്ടി ഉദ്ദേശിച്ചിട്ടുള്ള കോഴ്സുകളാണ് വാല്യൂ ഏഡഡ് കോഴ്സുകളിൽ ഉണ്ടാവുക. മൂന്നാം സെമസ്റ്ററിൽ VAC 1 ഇംഗ്ലീഷ് ഭാഷയും നാലാം സെമസ്റ്ററിൽ VAC 2 ഇംഗ്ലീഷ് ഭാഷയും VAC 3 മറ്റ് ഭാഷാ വിഭാഗങ്ങളും നൽകും.

### സ്കിൽ എൻഹാൻസ്മെന്റ് കോഴ്സ്

നൈപുണ്യ വികസനവുമായി ബന്ധപ്പെട്ടുള്ള കോഴ്സുകൾ ആണ് സ്കിൽ എൻഹാൻസ്മെന്റ് കോഴ്സുകൾ എന്ന് പറയുന്നത്. പ്രത്യേക തരം സ്കില്ലുകൾ ഡെവലപ്പ് ചെയ്യുന്നതിന് വേണ്ടിയിട്ടുള്ളതാണ് ഇത്. എല്ലാ ഡിപ്പാർട്ട്മെന്റുകളും ഭാഷകളും ഈ കോഴ്സുകൾ നൽകും. നാലാം സെമസ്റ്ററിൽ SEC 1 ഇംഗ്ലീഷ് ഭാഷയും അഞ്ചാം സെമസ്റ്ററിൽ SEC 2 എല്ലാ ഡിപ്പാർട്ട്മെന്റുകളും SEC 3 മേജർഡിപ്പാർട്ട്മെന്റുകളും നൽകും.

94 ഡിസിപ്ലിൻ സ്പെസിഫൈഡ് ക്രെഡിറ്റും ജനറൽ ഫൗണ്ടേഷൻ കോഴ്സുകളിൽ നിന്ന് ലഭിക്കുന്ന 39 ക്രെഡിറ്റും ചേർത്ത് 133 ക്രെഡിറ്റുകൾ ആയാൽ മൂന്നുവർഷം കൊണ്ട് ഒരു കുട്ടിക്ക് വേണമെങ്കില് ത്രീഇയർ എക്സിറ്റ് ഓപ്ഷൻ സ്വീകരിക്കാവുന്നതാണ്.

133 ക്രെഡിറ്റ് എടുത്ത് എല്ലാ വിഷയങ്ങളും ക്വാളിഫൈ ചെയ്ത കുട്ടിക്ക് മാത്രമേ നാലാമത്തെ വർഷത്തെ ഓണേഴ്സ് വിത്ത് റിസർച്ച് കോഴ്സിൽ തുടരാൻ സാധിക്കുകയുള്ളൂ. ആ കുട്ടി 44 ക്രെഡിറ്റുകളാണ് നാലാമത്തെ വർഷം എടുക്കേണ്ടത്. ഇത് 32 ക്രെഡിറ്റുകൾ കുട്ടിയുടെ മേജർ ഡിസിപ്ലിനിൽ എടുക്കണം. 20 ക്രെഡിറ്റുകൾ കുട്ടി അഞ്ചു കോഴ്സുകളിൽ നിന്നായി പിജിയുടെ

## General Foundation Courses

| Sl.No. | Name of the General Foundation Course | No. of Courses | Required Credits | Distribution among the Semesters and the Disciplines in CUFYUGP | | |
|---|---|---|---|---|---|---|
| 1 | Ability Enhancement Course (AEC) | 4 | 12 | Sem I | AEC1 (P) | English (E) |
| | | | | | AEC2 | Additional Languages (AL) |
| | | | | Sem II | AEC3 (P) | English (E) |
| | | | | | AEC4 | Additional Languages (AL) |
| 2 | Multi-Disciplinary Course (MDC) | 3 | 9 | Sem I | MDC1 | All Disciplines |
| | | | | Sem II | MDC2 | All Disciplines |
| | | | | Sem III | MDC3 (KS) | Both English (E) and Additional Languages (AL) |
| 3 | Value-Added Course (VAC) | 3 | 9 | Sem III | VAC1 | English (E) |
| | | | | Sem IV | VAC2 | English (E) |
| | | | | | VAC3 | Additional Languages (AL) |
| 4 | Skill Enhancement Course (SEC) | 3 | 9 | Sem IV | SEC1 (P) | English (E) |
| | | | | Sem V | SEC2 | All Disciplines |
| | | | | Sem VI | SEC3 | Major Discipline |
| | Total in the first three years of FYUGP | 13 | 39 | | | |

ഒന്നാം വർഷത്തിന്റെ അതേ നില വാരമുള്ള കോഴ്സുകൾ ആയിരിക്കും എടുക്കേണ്ടത്. കുട്ടി യുജി ഹോണേഴ്സ് എന്ന കോഴ്സ് ചെയ്യുന്ന കുട്ടിയാണെങ്കിൽ 12 ക്രെഡിറ്റ് 3 മേജർ കോഴ്സുകളിൽ നിന്നായി എടുത്തിരിക്കണം. ഒരു മേജർ കോഴ്സിന് കൂടെ 8 ക്രെഡിറ്റ് ഉള്ള ഒരു ഓപ്ഷനൽ പ്രോജക്ട് ചെയ്യുകയും ആവാം. യുജി ഹോണേഴ്സ് വിത്ത് റിസർച്ച് ചെയ്യുന്ന കുട്ടി 12 ക്രെഡിറ്റ് ഉള്ള ഒരു മാൻഡേറ്ററി റിസർച്ച് പ്രോജക്ട് ആണ് ഡിസിപ്ലിനിൽ നിന്ന് ചെയ്യേണ്ടത്. ഇത് എട്ടാമത്തെ സെമസ്റ്റർ ആണ് കുട്ടി ചെയ്യേണ്ടത്.

കാതലായ മാറ്റമാണ് വരുംവർഷം ഡിഗ്രി പഠനങ്ങളിൽ വരാൻ പോകുന്നത്. നാലുവർഷം ഡിഗ്രി കോഴ്സിന്റെ മറ്റൊരു പ്രത്യേകത അഞ്ച് അക്കാഡമിക് പാത്തുവേകൾ കുട്ടികൾക്ക് വേണ്ടി നൽകുന്നുണ്ട് എന്നുള്ളതാണ്. ഏതൊക്കെയാണ് അവ എന്നു നോക്കാം. ഏത് അക്കാദമിക് പാത്ത് വേ തെരഞ്ഞെടുക്കുമ്പോഴും നാം തെരഞ്ഞെടുക്കുന്ന മേജർ വിഷയം ഏതാണ് എന്ന് തീരുമാനിച്ചിരിക്കണം. മൈനർ വിഷയങ്ങൾ നമ്മൾ തിരഞ്ഞെടുക്കുന്നതിന്റെ രീതിക്ക് അനുസരിച്ച് നമുക്ക് വ്യത്യസ്തമായ പാത്തുവേകൾ ലഭിക്കും.

### വ്യത്യസ്ത പാത്തുവേകൾ

സിംഗിൾ മേജർ പാതയിൽ നമ്മൾ ഒരു മേജർ വിഷയം തിരഞ്ഞെടുക്കുന്നു. 50 ശതമാനം (68 ക്രെഡിറ്റുകൾ) നമ്മൾ ആ വിഷയത്തിൽ നേടിയിരിക്കണം. 6 വ്യത്യസ്തമായ വിഷയങ്ങൾ മൈനർ ആയി നമുക്ക് തെരഞ്ഞെടുക്കാവുന്നതാണ്. ഇതിൽനിന്ന് 24 ക്രെഡിറ്റ് നമ്മൾ നേടിയിരിക്കണം. മൈനർ വിഷയങ്ങൾ കുട്ടികൾക്ക് താൽപ്പര്യമുള്ള വിഷയങ്ങൾ തിരഞ്ഞെടുക്കാം. ഉദാഹരണത്തിന് ഫിസിക്സ് എന്നുള്ള വിഷയമാണ് പഠിക്കുന്നതെങ്കിൽ ആ വിഷയം മേജറും 6 വ്യത്യസ്ത വിഷയങ്ങൾ താൽപ്പര്യമനുസരിച്ച് മൈനറുമായി പഠിച്ചു കൊണ്ട് കുട്ടിക്ക് കോഴ്സ് കംപ്ലീറ്റ് ചെയ്യാം.

രണ്ടാമത്തെ പാത്ത് വേ എന്ന് പറയുന്നത് മേജർ വിത്ത് മൾട്ടിപ്പിൾ ഡിസിപ്ലിൻ എന്ന് പറയുന്ന രീതിയാണ്. മേജർ വിത്ത് മൾട്ടിപ്പിൾ ഡിസിപ്ലിൻ എന്നപാത്തുവേ തെരഞ്ഞെടുക്കുമ്പോൾ ഒരു മേജർ വിഷയം നമ്മൾ തിരഞ്ഞെടുക്കുകയും രണ്ട് വ്യത്യസ്തമായ മൈനർ വിഷയങ്ങൾ തിരഞ്ഞെടുക്കുകയും ആണ് ചെയ്യേണ്ടത്. ഉദാഹരണത്തിന് കെമിസ്ട്രി മേജർ ആയി നമ്മൾ പഠിക്കുമ്പോൾ ഫിസിക്സും മാത്തമാറ്റിക്സും മൈനർ ആയി പഠിക്കാം. ഹിസ്റ്ററി മേജർ ആയി പഠിക്കുമ്പോൾ എക്കണോമിക്സും പൊളിറ്റിക്കൽ സയൻസും മൈനർ ആയി പഠിക്കാം. മലയാളം മേജർ ആയി പഠിക്കുമ്പോൾ ജേർണലിസവും സംസ്കൃതവും പഠിക്കാം. ഈ രീതിയിൽ ഒരു മേജർ വിഷയവും രണ്ടു മൈനർ വിഷയവും ചേർന്നുള്ള പാത്തുവേയാണ് മേജർ വിത്ത് മൾട്ടിപ്പിൾ മൈനർ പാത്ത് വേ എന്നു പറയുന്നത്. ഇവിടെയും മേജർ സബ്ജറ്റിൽ നിന്ന് 68 ക്രെഡിറ്റും മൈനർ സബ്ജറ്റിൽ നിന്ന് 24 ക്രെഡിറ്റുമാണ് നേടേണ്ടത് ഇത് രണ്ടു മൈനർ സബ്ജക്ടുകളിൽ നിന്നായി 12 എന്നുള്ള രീതിയിലാണ് നേടേണ്ടത്.

മൂന്നാമത്തെ അക്കാഡമിക് പാത്ത് വേ മേജർ വിത്ത് മൈനർ എന്ന രീതിയാണ്. മേജർ വിത്ത് മൈനർ പാത്ത്‌വേയിൽ നമ്മൾ ശ്രദ്ധിക്കേണ്ട ഒരു കാര്യം നമുക്ക് ഒരു മേജർ വിഷയവും ഒരു മൈനർ വിഷയവും പഠിക്കാം എന്നുള്ളതാണ്. അതായത് നമ്മൾ സുവോളജി മേജർ ആയി പഠിക്കുന്നു അതോടൊപ്പം തന്നെ ബോട്ടണി മൈനറായി പഠിക്കുന്നു. 68 ക്രെഡിറ്റ് നമ്മൾ നേടേണ്ടത് സുവോളജിയിൽ നിന്നും 24 ക്രെഡിറ്റ് നമ്മൾ നേടേണ്ടത് ബോട്ടണിയിൽ നിന്നുമാണ്. കൊമേഴ്സ് മേജർ ആയിട്ട് എടുക്കുന്ന കുട്ടിക്ക് ട്രാവൽ ആൻഡ് ടൂറിസം മൈനർ ആയിട്ട് എടുക്കാം കൊമേഴ്സിൽ നിന്ന് 68 ക്രെഡിറ്റും ട്രാവൽ ആൻഡ് ടൂറിസത്തിൽ നിന്ന് 24 ക്രെഡിറ്റുമാണ് കുട്ടി നേടേണ്ടത്. ഇംഗ്ലീഷ് മേജർ സബ്ജക്ട് ആയി പഠിക്കുന്ന കുട്ടി ജേർണലിസം മൈനർ സബ്ജക്ടായി പഠിക്കുമ്പോൾ ഈ വഴിയിൽ ആകും പഠനം.

മേജർ വിത്ത് വൊക്കേഷണൽ മൈനർ പാത്ത് വേ എന്ന് പറയുന്നത് ട്രഡീഷണൽ കോഴ്സുകളിൽ നിന്ന് വ്യത്യസ്തമായി വൊക്കേഷണൽ മൈനർ കോഴ്സുകൾ ആയിരിക്കും ലഭിക്കുക എന്നതാണ്. തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ ആണ് വൊക്കേഷണൽ മൈനറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് നൈപുണി വികസനവുമായി ബന്ധപ്പെട്ട് സ്കിൽ ഡെവലപ്പ് ചെയ്യുന്നതിന് വേണ്ടി നിർമ്മിച്ചിട്ടുള്ള കോഴ്സുകൾ ആയിരിക്കും. ഉദാഹരണമായി ഫിസിക്സ് പഠിക്കുന്ന കുട്ടിക്ക് ഡാറ്റ അനാലിസിസ് അല്ലെങ്കിൽ ഡാറ്റ സയൻസ് അതുപോലെ തന്നെ കോമേഴ്സ് പഠിക്കുന്ന കുട്ടിക്ക് ബാങ്കിംഗ്, ടാക്സ് കൺസൾട്ടേഷൻ തുടങ്ങിയ വൊക്കേഷണൽ മൈനറുകൾ നൽകും. മലയാളം പഠിക്കുന്ന കുട്ടിയെ സംബന്ധിച്ചിടത്തോളം ട്രാൻസിലേഷൻ എന്ന് പറയുന്ന ഒരു പ്രത്യേക വൊക്കേഷണൽ സബ്ജക്ട് നൽകുന്ന രീതിയിൽ ആയിരിക്കും ഈ പാത്ത് വേ. ഇംഗ്ലീഷ് പഠിക്കുന്ന കുട്ടിക്ക് ഫിലിം സ്റ്റഡീസ് അല്ലെങ്കിൽ മീഡിയ സ്റ്റഡീസ് തുടങ്ങിയവ വോക്കേഷണല് മൈനരായി ലഭിക്കും. കമ്പ്യൂട്ടർ സയൻസ് പഠിക്കുന്ന ഒരു കുട്ടിക്ക് ആർട്ടിഫിഷ്യൽ ഇൻഡലിജൻസ് എന്ന് പറയുന്ന സബ്ജറ്റ് വൊക്കേഷണൽആയിട്ട് സെലക്ട് ചെയ്തു പഠിക്കാവുന്നതാണ്. ഇവിടെയും നമ്മൾ ശ്രദ്ധിക്കേണ്ടത് മേജർ സബ്ജറ്റിൽ നിന്ന് 68 ക്രെഡിറ്റും വൊക്കേഷണൽ മൈനർ സബ്ജറ്റിൽ നിന്ന് 24 ക്രെഡിറ്റും ആണ് കുട്ടി നേടേണ്ടത്.

ഡബിൾ മേജർ പാത്ത് വേ എന്നു പറയുന്നത് നിലവിലുള്ള ഡബിൾ മെയിൻ കോഴ്സുകൾക്ക് തുല്യമാണ്. ഉദാ. സോഷ്യോളജി വിത്ത് മലയാളം, ഇംഗ്ലീഷ് വിത്ത് ജേണലിസം. ഇവിടെ രണ്ട് സബ്ജക്ടുകളെ നമുക്ക് മേജർ സബ്ജക്ടുകൾ ആയി തിരഞ്ഞെടുക്കാവുന്നതാണ്. അതിൽ ആദ്യത്തെ വിഷയ

ത്തിനാണ് പ്രാധാന്യം ഉള്ളത്. അതിൽ നിന്ന് 48 ക്രെഡിറ്റും രണ്ടാമത്തെ വിഷയത്തിൽ 42 ക്രെഡിറ്റും ആണ് നമ്മൾ നേടേണ്ടത്. ബിഎസ് സി മാത്തമാറ്റിക്സ് വിത്ത് ഫിസിക്സ് എന്ന വിഷയം തിരഞ്ഞെടുക്കുന്ന കുട്ടി ബിഎസ്സി മാത്തമാറ്റിക്സിൽ നിന്ന് 48 ക്രെഡിറ്റും ഫിസിക്സിൽ നിന്ന് 44 ക്രെഡിറ്റും ആണ് നേടേണ്ടത്.

ലൈബ്രറി സയൻസ്, ഫിസിക്കൽ എഡ്യൂക്കേഷൻ തുടങ്ങിയ വിഷയങ്ങളിലും മൈനർ എടുക്കാൻ കഴിയും.

നാലുവർഷ ഡിഗ്രി കോഴ്സുകൾ വ്യത്യസ്തമായ 5 വഴികളാണ് മുന്നോട്ടു വച്ചിട്ടുള്ളത് ഈ അഞ്ചു വഴികളിൽ നമുക്ക് ഏതു വേണമെങ്കിലും തെരഞ്ഞെടുക്കാം നമ്മുടെ അഭിരുചിക്കും താൽപര്യത്തിനനുസരിച്ച്, ഇഷ്ടത്തിനനുസരിച്ച് ഇതിൽ ഏതു വഴികൾ വേണമെങ്കിലും തിരഞ്ഞെടുക്കാം എന്നുള്ളതാണ് പ്രധാനം. തിരഞ്ഞെടുപ്പാണ് മുഖ്യം. നമുക്ക് താല്പര്യം ഉള്ള കോഴ്സുകൾ നമുക്ക് താല്പര്യമുള്ള പാത്ത്‌വേകൾ നമ്മൾ ഇഷ്ടപ്പെടുന്ന രീതിയിലുള്ള സംവിധാനങ്ങൾ ഏതൊക്കെ കോളേജുകളിൽ ഉണ്ട് എന്ന് ആദ്യമേ നാം സർവകലാശാല അഡ്മിഷൻ വിഭാഗവുമായും കോളേജിന്റെ വെബ്സൈറ്റുമായും ബന്ധപ്പെട്ട് കണ്ടെത്തുകയും

**Minimum Credit Requirements of the Different Pathways in Three-Year Programme in CUFYUGP**

<table>
<tr><th rowspan="2">Sl.<br>No.</th><th rowspan="2">Academic Pathway</th><th>Major</th><th>Minor/ Other Disciplines</th><th>Foundation Courses AEC: 4<br>MDC: 3<br>SEC: 3<br>VAC: 3</th><th rowspan="2">Internship</th><th rowspan="2">Total Credits</th><th rowspan="2">Example</th></tr>
<tr><th colspan="2">Each course has 4 credits</th><th>Each course has 3 credits</th></tr>
<tr><td>1</td><td>Single Major (A)</td><td>68</td><td>24</td><td>39</td><td>2</td><td>133</td><td>Major: Physics<br>+<br>six courses in different disciplines in different combinations</td></tr>
<tr><td>2</td><td>Major (A) with Multiple Disciplines (B, C)</td><td>68</td><td>12 + 12</td><td>39</td><td>2</td><td>133</td><td>Major: Physics<br>+<br>Mathematics and Chemistry</td></tr>
<tr><td>3</td><td>Major (A) with Minor (B)</td><td>68</td><td>24</td><td>39</td><td>2</td><td>133</td><td>Major: Physics Minor: Mathematics</td></tr>
<tr><td>4</td><td>Major (A) with Vocational Minor (B)</td><td>68</td><td>24</td><td>39</td><td>2</td><td>133</td><td>Major: Physics Minor: Data Analysis</td></tr>
<tr><td rowspan="2">5</td><td rowspan="2">Double Major (A, B)</td><td rowspan="2">A: 48<br><br>B: 44</td><td>-</td><td>12 + 18 + 9</td><td>2</td><td rowspan="2">133</td><td rowspan="2">Physics and Chemistry double major</td></tr>
<tr><td colspan="3">The 24 credits in the Minor stream are distributed between the two Majors.<br><br>2 MDC, 2 SEC, 2 VAC and the internship should be in Major A. Total credits in Major A should be 48 + 20 = 68 (50% of 133)<br><br>1 MDC, 1 SEC and 1 VAC should be in Major B. Total credits in Major B should be 44 + 9 = 53 (40% of 133)</td></tr>
<tr><td colspan="8">Exit with UG Degree / Proceed to Fourth Year with 133 Credits</td></tr>
</table>

### Internal Evaluation

| Sl.No. | Nature of the Course | | Internal Evaluation in Marks (30% of the total) | | External Exam on 4 modules (Marks) | Total Marks |
|---|---|---|---|---|---|---|
| | | | Open-ended module / Practical | On the other 4 modules | | |
| 1 | 4-credit course | only theory (5 modules) | 10 | 20 | 70 | 100 |
| 2 | 4-credit course | Theory (4 modules) + Practical | 20 | 10 | 70 | 100 |
| 3 | 3-credit course | only theory (5 modules) | 5 | 20 | 50 | 75 |
| 4 | 3-credit course | Theory (4 modules) + Practical | 15 | 10 | 50 | 75 |

തീരുമാനമെടുക്കുകയും വേണം. നാലുവർഷ ബിരുദ പ്രോഗ്രാമിൽ ഒന്നാമത്തെ വർഷം രണ്ട് സെമസ്റ്ററുകൾ പിന്നിടുമ്പോൾ നമുക്ക് നമ്മുടെ മേജർ വിഷയങ്ങളും മൈനർ വിഷയങ്ങളും മാറ്റിയെടുക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കും. പക്ഷേ ഇതൊരു നിശ്ചിത ശതമാനം (അനുവദിച്ച സീറ്റിന്റെ 10%) വിദ്യാർത്ഥികൾക്കു മാത്രമേ സാധ്യമാവുകയുള്ളൂ എന്ന് മനസ്സിലാക്കിയിരിക്കണം.

പാഠ്യപദ്ധതിയുടെയും സിലബസിന്റെയും ഊന്നൽ ഫലത്തെ അടിസ്ഥാനമാക്കിയുള്ള (ഔട്ട് കം) സമീപനത്തിൽ ആണ്. വിദ്യാർത്ഥി കേന്ദ്രീകൃത മാതൃകയാണിത്. സാധാരണയായി ഫലങ്ങൾ അറിവ്, കഴിവുകൾ, മനോഭാവങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രകടിപ്പിക്കുന്നത്. ഇവിടെ എന്താണ് നേടേണ്ടതെന്നും അറിയാൻ കഴിയുന്നു. (ഫലം) മുൻകൂട്ടി നിശ്ചയിച്ചതായാതിനാൽ പഠന പ്രക്രിയയിൽ സജീവമായി ഏർപ്പെടുകയും കൂടുതൽ വെല്ലുവിളി നിറഞ്ഞ ജോലികളിലൂടെ അവരുടെ കഴിവുകൾ പ്രകടിപ്പിക്കുകയും ചിന്തയുടെ ഉയർന്ന തലത്തിൽ എത്തുകയും ചെയ്യുന്നു.

### വൈവിധ്യമാർന്ന മൂല്യനിർണ്ണയരീതികൾ

വൈവിധ്യമാർന്ന മൂല്യനിർണ്ണയ രീതികളാണ് നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ മറ്റൊരു പ്രത്യേകത. (i) പ്രായോഗിക അസൈൻമെന്റ്, (ii) പ്രായോഗിക കഴിവുക





ളുടെ നിരീക്ഷണം, (iii) വൈവാ വോസി, (iv) ക്വിസ്, (v)

അഭിമുഖം, (vi) വാക്കാലുള്ള അവതരണങ്ങൾ, (vii) കമ്പ്യൂട്ടറൈസ്ഡ് അഡാപ്റ്റീവ് ടെസ്റ്റിംഗ്, (viii) ഇൻ-ക്ലാസ് ചർച്ചകൾ, (ix) ഇൻസ്ട്രക്ടർ സൃഷ്ടിച്ച പരീക്ഷകൾ, (x) സെമിനാർ അവതരണങ്ങൾ, (xi) ക്ലിക്കർ ചോദ്യം,

(xii) ലോ-സ്റ്റേക്ക് ഗ്രൂപ്പ് വർക്ക്, (xiii) ഗ്രൂപ്പ് ട്യൂട്ടോറിയൽ വർക്ക്, (xiv) ഒരു മിനിറ്റ് പ്രതിഫലനം എഴുത്ത് അസൈൻമെന്റുകൾ, (xv) ഹോം അസൈൻമെന്റുകൾ, (xvi) സ്വയം, സമപ്രായക്കാരുടെ വിലയിരുത്തലുകൾ, നിരവധി പ്രായോഗികമായ വഴികൾ മൂല്യനിർണ്ണയത്തിനുണ്ട്.

4-ക്രെഡിറ്റ് കോഴ്സ് 100 മാർക്കിനും 3-ക്രെഡിറ്റ് കോഴ്സ് 75 മാർക്കിനും മൂല്യനിർണ്ണയം ചെയ്യും. തുടർച്ചയായ സമഗ്രമായ വിലയിരുത്തലിന് 30% വെയിറ്റേജ് നൽകും. ശേഷിക്കുന്ന 70% സെമസ്റ്റർ ആത്യന്തിക മൂല്യനിർണ്ണയത്തിനായിരിക്കും. തിയറി ഘടകം മാത്രമുള്ള 4-ക്രെഡിറ്റ് കോഴ്സിന്റെ കാര്യത്തിൽ, മൂല്യനിർണ്ണയം 100 മാർക്കിലായിരിക്കും, അതിൽ 30 മാർക്കുകൾ തുടർച്ചയായ/ആന്തരിക മൂല്യനിർണ്ണയത്തിലൂടെയും 70 മാർക്കുകൾ ബാഹ്യ മൂല്യനിർണ്ണയത്തിലൂടെയും ആയിരിക്കും. തിയറി ഘടകം മാത്രമുള്ള 3-ക്രെഡിറ്റ് കോഴ്സിന്റെ കാര്യത്തിൽ, മൂല്യനിർണ്ണയം 75 മാർക്കിലായിരിക്കും, അതിൽ 25 മാർക്കുകൾ തുടർച്ചയായ/ആന്തരിക മൂല്യനിർണ്ണയത്തിലൂടെയും 50 മാർക്ക് ബാഹ്യ മൂല്യനിർണ്ണയത്തിലൂടെയും ആയിരിക്കും.

NCC / NSS / കോളേജ് ഫിറ്റ്നസ് എഡ്യൂക്കേഷൻ പ്രോഗ്രാമിന്റെ (COFE) പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ, കല, കായിക മേഖലകളിലെ സോണൽ തലത്തിലുള്ള ഇവന്റുകളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ, കോളേജ് യൂണിയനിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്നിവർ സെമസ്റ്റർ VI ലെ SEC3 ന് അനുയോജ്യമായ 3 ക്രെഡിറ്റുകൾക്ക് അർഹരാണ്. ഗ്രേഡ് പോയിന്റ് 4 ഉം മാർക്ക് 33 ഉം ഉള്ള വിജയത്തിന് (അക്ഷരം ഗ്രേഡ് പി) അവർ യോഗ്യരാണ്.

I, III, V, VII എന്നീ സെമസ്റ്ററുകളിൽ, കോളേജുകൾ എല്ലാ കോഴ്സുകളുടെയും അവസാന സെമസ്റ്റർ പരീക്ഷ നടത്തുകയും ഉത്തരത്തിന്റെ മൂല്യനിർണ്ണയവും നടത്തുകയും ചെയ്യും. യൂണിവേഴ്സിറ്റിയുടെ മേൽനോട്ടത്തിൽ ഈ കോഴ്സുകളുടെ ഷീറ്റുകൾ. II, IV, VI, VIII സെമസ്റ്ററുകളിൽ, സർവകലാശാല എല്ലാ കോഴ്സുകളുടെയും അവസാന സെമസ്റ്റർ പരീക്ഷ നടത്തും, അതത് വിഷയങ്ങളിലെ ബോർഡ് ഓഫ് സ്റ്റഡീസ് തയ്യാറാക്കിയ ചോദ്യ ബാങ്കിൽ നിന്നുള്ള ചോദ്യപേപ്പറുകൾ സഹിതം കേന്ദ്രീകൃത മൂല്യനിർണ്ണയവും നടത്തും.

ഒരു വിജ്ഞാന സമൂഹത്തിലേക്ക് സ്വയം തിരിയുന്ന ചരിത്രസന്ധിയിലാണ് കേരള സംസ്ഥാനം ഇപ്പോൾ. പുതിയതും ഊർജസ്വലവുമായ ഉന്നത വിദ്യാഭ്യാസ മേഖലയിലൂടെ മാത്രമേ ഒരു വിജ്ഞാന സമൂഹം സൃഷ്ടിക്കാൻ കഴിയൂ എന്ന് വ്യക്തമാണ്. നിലവിലെ സാഹചര്യത്തിൽ ഒരു സമ്പദ്‌വ്യവസ്ഥയുടെ ഏതൊരു പുനരുജ്ജീവനത്തിനും, അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒപ്റ്റിമൽ അറിവും വൈദഗ്ധ്യവും, ജനങ്ങളുടെ ക്ഷേമം, സമത്വം, സാമൂഹിക നീതി, ശാസ്ത്രീയ മനോഭാവം എന്നിവയെ അഭിസംബോധന ചെയ്യുന്ന കൃത്യമായ സാമൂഹിക വീക്ഷണവും ഉള്ള സാങ്കേതികമായി കഴിവുള്ള ഒരു തൊഴിൽ ശക്തി ആവശ്യമാണ്. മതേതരത്വവും ജനാധിപത്യവും നിലവിലുള്ള ഉന്നതവിദ്യാഭ്യാസ ചട്ടക്കൂടിന്റെ വലിയൊരു പരിഷ്കരണത്തിലൂടെ മാത്രമേ ഇത്തരമൊരു തൊഴിൽ ശക്തിയുടെ വികസനം സാധ്യമാകൂ. കാലിക്കറ്റ് സർവ്വകലാശാല നാല് വർഷ ബിരുദ പ്രോഗ്രാം രൂപകൽപ്പന ചെയ്യുന്നത് ഇതെല്ലാം മുന്നിൽക്കണ്ടുകൊണ്ടാണ്..

**മുഹമ്മദ് അനസ് കെ.ടി**
ദാരുൽ ഹുദാ ഇസ്‌ലാമിക് യൂണിവേഴ്സിറ്റി മലപ്പുറം

കവിത - വിദ്യാർത്ഥി വിഭാഗം
(രണ്ടാം സ്ഥാനം)

# താക്കോൽ നഷ്ടപ്പെട്ട പ്രദേശത്തെ അപസ്മാരികൾ

താക്കോൽ നഷ്ടപ്പെട്ട
അനേകം അപസ്മാരികളുടെ മരണശേഷം
ഞങ്ങടെ പെട്ടിപ്പിടികളിൽ
താക്കോൽ വിൽപ്പന പൊടിപൊടിച്ചു.
പട്ടണമൊന്നുമല്ല, ഞങ്ങടേത്
ഒരസ്സൽ നാട്ടുമ്പൊറം.
ആഞ്ഞുവലിയുമൊരു സൈക്കിളിന്
മേയാനുള്ള ദൂരം മാത്രം.
പ്രേമമോ രോഗമോ അല്ലാണ്ട്
വേഗങ്ങളെ സൂചിപ്പിക്കാനൊന്നും തന്നെ അവിടെയില്ല.
ആ പ്രദേശത്തേക്കാവശ്യമായ
ആകാശം പോലും
മറ്റേതോ നശിച്ച ദ്വീപിന്റെ ശേഷിപ്പിൽ നിന്നും
പൊട്ടിച്ചെടുത്തതാണ്.

രാവിലെ മിറ്റം വാരുന്ന പെണ്ണുങ്ങളാണ്
കിള്ളത്താക്കോൽ പിടിപ്പിച്ച്
അപസ്മാരികളെ
ഉമ്മറത്ത് പൂട്ടിയിടുന്നത്.
ഞാനപ്പോൾ മുഖത്തെ ഉറക്ക് തുടക്കുകയോ
മൂക്കളയൊട്ടിക്കാൻ ചുമരന്വേഷിക്കുകയോ ആവും.
അവിടിരുന്നോണ്ടവർ നൊങ്കു നോണ്ടാൻ പോവും.
ആണ്ടുനേർച്ച കൂടും. മരിപ്പിന് കരയും.
വിളിക്കാത്ത കല്യാണങ്ങൾ കൂടും.
ചൂണ്ടക്ക് പോണ് ചെക്കനെ നോക്കി
വരണ്ട കണ്ണുകളിൽ
പിള്ളക്കായലോ കാക്കത്തോടിന്റെ ഒരല്ലിയോ
കുഴിച്ചുണ്ടാക്കും.



ചേറിൽ മഞ്ഞില് പൊളക്കണ പോലെയാണ്
ഓർക്ക് താളം തെറ്റുന്നത്.
തെറ്റിയ താളത്തിലാണവരുടെ പാട്ടുകൾ.
ഒരാൾ പാട്ടു പാടുംപോലെ കരയുന്നു.
ഒരാൾ ചെണ്ട കൊട്ടും പോലെ കരയുന്നു.
കരച്ചിലിനെക്കാൾ ആസ്വാദ്യമായൊരു പാട്ടിന്
ഇന്നേവരെ ഞങ്ങടെ കരയിലാരും
ഈണം കൊടുത്തിട്ടില്ല.
കരച്ചിൽ ദുഖത്തിന്റെ ശരീര ഭാഷയാണ്,
മറ്റൊരു ഭാഷ കൊണ്ടും
പിടിച്ചുനിൽക്കാനാവാത്തോർക്ക്.
ആൾക്കൂട്ടത്തിന്റെ
താക്കോൽ കൂട്ടത്തിൽ ഓരോ പാട്ടും
അനുപല്ലവിയറ്റ് കിടന്നരുണ്ടു.
ഈ നാട് ആരോ പൂട്ടിവെച്ചതാണ്.
ചിലപ്പോൾ
ഞങ്ങടെ തന്നെ ഉപ്പൂപ്പമാരുടെ
വമ്പൻ രഹസ്യങ്ങൾ.
ഉമ്മൂമ്മമാർക്ക് രഹസ്യങ്ങളുണ്ടായിരുന്നില്ല,
അന്ന് വലിയ കുറ്റമായിരുന്നു.

താക്കോലുകളെക്കാൾ വലിയ സ്വപ്നമൊന്നും
ഞങ്ങടെ ബാപ്പമാർക്കുമുണ്ടായിരുന്നില്ല.
പൂട്ടിവെക്കാൻ
ചില്ലറയോ രഹസ്യമോ തേടി
പറമ്പിലേക്കും അവിടെന്ന് പള്ളിലോട്ടും
അവിടുന്ന് പുത്തമ്പള്ളി ദർഘയിലോട്ടും
അവരോടിക്കൊണ്ടേയിരുന്നു.
അപസ്മാരികളെ ഓർത്ത്
അവരുടെ ബാപ്പമാർ
പാഞ്ഞിടങ്ങളൊക്കെയാണ്
പിന്നീട് പ്രദേശത്തിന്റെ വഴികളായ് രൂപപ്പെട്ടത്.
വിയർപ്പ് കക്ഷത്തിൽ തിരുകി
ആ പാച്ചിലുകൾ
ചുവരിൽ കരിക്കട്ട കൊണ്ട്
ദൂരങ്ങളുടെ അവശത വരച്ചിട്ടു.
ചിലരെങ്കിലും മുട്ടിൽ അപ്പ് തേച്ചെണീറ്റു.
വിളിച്ചുകരയാൻ ദർഘകൾ പണിത് മരിച്ചു പോയവർ,
ഓർമ്മിക്കണേ എന്ന്
നെഞ്ചിൽ തിരിയിട്ട് കേഴുന്ന ഖബറുകൾ,
മുറുക്കിപ്പൂട്ടുന്നു
ബന്ധുക്കൾ.
കരയിലാകെ താക്കോലുകൾ
ഇനി തുറക്കേണ്ടതില്ലാത്ത പെട്ടികൾ.

**നന്ദന എം**
നെഹ്റു ആർട്സ് & സയൻസ് കോളേജ്, കാഞ്ഞങ്ങാട്

ഉപന്യാസം - വിദ്യാർത്ഥി വിഭാഗം ( ഒന്നാം സ്ഥാനം)

# എന്റെ അഭയം മാനവികതയാണ്

എന്താണ് ജനാധിപത്യം എന്ന ചോദ്യത്തിന് ഏറ്റവും ലളിതമായി പറയാൻ കഴിയുന്ന ഉത്തരം അത് അപരനോടുള്ള കരുതലാണ് എന്നതാണ്. ഈ അപരോൻമുഖതയാണ് മനുഷ്യ കുലമിന്നേവരെ രൂപപ്പെടുത്തിയ ഇതര പ്രത്യയശാസ്ത്രങ്ങളിൽനിന്ന് ജനാധിപത്യത്തെ സവിശേഷമാക്കുന്നത്. മനുഷ്യസമൂഹം അതിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ പല കാലങ്ങ ളിലും സന്ദർഭങ്ങളിലു മായി രൂപപ്പെടുത്തിയ വിവിധ സാംസ്കാരികമൂല്യങ്ങളുടെ കൂട്ടിയി ണക്ക ലാണ് ജനാധിപത്യത്തെ സാധ്യമാക്കുന്ന പ്രധാന ഘടകം. ജനങ്ങളുടെ സ്വയംഭരണം എന്നതിനപ്പുറം അത്തരമൊരു വ്യവസ്ഥയെ സാധ്യമാക്കിയ മൂല്യ ങ്ങളെ പ്രമാണാനുസൃതമാക്കേണ്ട ധാർമ്മികമായ ഉത്തരവാദിത്തം കൂടിയാണ് ജനാധിപത്യം. അതു കൊണ്ടുതന്നെ അത്തരം മൂല്യങ്ങൾ ഉൾപ്പെടുത്തുകയും അവയ്ക്ക് നിയമ സാധുത പ്രദാനം ചെയ്യുകയും ചെ യ്യുന്ന ഒരു ഭരണഘടന ജനാധിപ ത്യക്രമത്തിന്റെ ആധാരശിലയായി മാറുന്നു. അതില്ലാതെ, അതിന്റെ അടിത്തറയുടെ മേലല്ലാതെ ജനാ ധിപത്യം സാധ്യമാകുകയോ നില നിൽക്കുകയോ ചെയ്യില്ല. സാരവ ത്തായ ഒരോ ജനാധിപത്യവും പി ന്നെയും മുന്നോട്ടു പോയി അതിന്റെ ഭരണഘടനയിലുള്ള മൂല്യങ്ങളെ കൂടുതൽ വികസിപ്പിക്കുവാനും, മൂല്യ സൃഷ്ടിയെന്ന പ്രക്രിയയെ തുടർന്നുകൊണ്ടിരിക്കുവാനും ശ്ര മിച്ചുകൊണ്ടേയിരിക്കും. മനുഷ്യാ വകാശങ്ങളേക്കുറിച്ചുള്ള പുതിയ ബോധ്യങ്ങൾ ജനാധിപത്യസംവി ധാനത്തെ നിരന്തരം നവീകരിച്ചു കൊണ്ടിരിക്കും.

നമ്മുടെ ജനാധിപത്യം അതിനെ സാധ്യമാക്കിയ മൂല്യങ്ങളെ സംര ക്ഷിക്കുന്നതിലും ഉറപ്പിക്കുന്നതിലും വികസിപ്പിക്കുന്നതിലും ഏറിയും കുറഞ്ഞും ശ്രമിച്ചിട്ടുണ്ട്. പരോക്ഷ മായി ഭരണഘടനയിൽ സൂചിപ്പി ച്ചിരുന്ന സെക്യുലർ എന്ന പദം ഭരണഘടനയുടെ ആമുഖത്തിൽ കൂട്ടിച്ചേർക്കപ്പെട്ടത് തീർച്ചയായും അത്തരമൊരു ശ്രമമായിരുന്നു. മതനിരപേക്ഷത ഇതോടെ പ്രമാണവൽക്കരിക്കപ്പെട്ടു. മൗലി കകർത്തവ്യങ്ങളെന്ന പേരിൽ കൂട്ടിച്ചേർക്കപ്പെട്ട ആർട്ടിക്കിൾ 51(a) ബൗദ്ധികവ്യവഹാരത്തെയും സ്വതന്ത്രചിന്തയെയും ഉയർത്തിപ്പി ടിക്കുന്നതാണ്. ശാസ്ത്രാവബോധം ഏതൊരു പൗരന്റേയും മൗലിക ചുമതലയായി പ്രഖ്യാപിക്കപ്പെട്ട രാജ്യമാണ് ഇന്ത്യ എന്നതും ഓർക്കേണ്ടതുണ്ട്. (It shall be the duty of every citizen of India to develop the scientific temper, humanism and the spirit of inquiry and reform- article 51(a)-h). സ്വാ തന്ത്ര്യം, ജനാധിപത്യം, മതനിര പേക്ഷത, സമത്വം, സാഹോദര്യം എന്നീ മൂല്യങ്ങളെ കേന്ദ്രസ്ഥാന ത്ത് പ്രതിഷ്ഠിക്കുക വഴി പരമ്പ രാഗത ഇന്ത്യൻ സമൂഹത്തിന്റെ ബ്രാഹ്മണ മേധാവിത്വത്തിലധി ഷ്ഠിതമായ ഘടന ഉടച്ചുവാർക്കുക എന്ന ദൗത്യമാണ് ഭരണഘടന നിർവഹിക്കുന്നത്. നവോത്ഥാന പ്രസ്ഥാനങ്ങളുടെ ആശയങ്ങൾ




സ്വാംശീകരിക്കുകയും പാരമ്പര്യത്തിൽ അന്തർലീനമായ ഉച്ചനീചത്വങ്ങളെ പൂർണമായും തള്ളിക്കളയുകയും ജാതിയടിസ്ഥാനത്തിലുള്ള സാമൂഹികക്രമത്തിന് പകരം

സ്വതന്ത്രവ്യക്തിയെ അടിസ്ഥാനപ്പെടുത്തി ഉള്ള രാഷ്ട്രസങ്കല്പം മുന്നോട്ടുവയ്ക്കുകയും ചെയ്യുന്നു. ഇന്ത്യൻ ഭരണഘടന. 74 വർഷങ്ങൾക്ക് മുമ്പ് നാം നമുക്ക് നൽകിയ ഭരണഘടനയുടെ സ്വയം നിർവചനത്തിന്റെ എല്ലാ സ്വഭാവ വിശേഷങ്ങളും നഷ്ടമായിക്കൊണ്ടിരിക്കുന്ന ഒരുകാലത്തിലൂടെയാണ് നാം ഇന്ന് കടന്നു പോകുന്നത്.ഒരു പരമാധികാര, മതേതരത്വ, ജനാധിപത്യ, സമത്വോന്മുഖ റിപ്പബ്ലിക് എന്ന മഹത്തായ ലക്ഷ്യത്തിൽ നിന്നും തീർത്തും അകന്ന ഒരു ദേശരാഷ്ട്രമായി ഇന്ത്യ മാറിക്കൊണ്ടിരിക്കുന്നു. അരുൺ ഷൂറി നിരീക്ഷിക്കുന്നത് പോലെ വികേന്ദ്രീകൃത അടിയന്തരാവസ്ഥയാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്.നാം ഓർമ്മിക്കേണ്ട പ്രാഥമികമായ

വസ്തുത ജനാധിപത്യം കേവല ഭൂരിപക്ഷഹിതമല്ല എന്നതാണ്. "ജനാധിപത്യം കേവലമായ ഒരു സർക്കാർ രൂപമല്ല അത് പ്രാഥമികമായി പങ്കുവെക്കപ്പെട്ട അനുഭവങ്ങളുടെയും സഹജീവിതത്തിന്റെയും രൂപമാണ് അടിസ്ഥാനപരമായി സഹജീവികളോടുള്ള ആദരവിന്റെയും പരിഗണനയുടെയുമായ ഒരു മനോഭാവമാണത് എന്നാണ് അംബേദ്കർ ജനാധിപത്യത്തെ വിശദീകരിക്കുന്നത്. ജനാധിപത്യത്തിന്റെ അന്തിമലക്ഷ്യങ്ങളായ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവയിലേക്ക് എത്തിച്ചേരാനുള്ള വഴിയും ജനാധിപത്യത്തിന്റെ തന്നെയാണ്.

ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിസ്ഥാനമായി പ്രവർത്തിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട മൂല്യമാണ് മതേതരത്വം. ഏതു മതത്തിലും വിശ്വസിക്കാനും അത് പ്രചരിപ്പിക്കാനും വിശ്വസിക്കാതിരിക്കാനുമുള്ള അവകാശം ഭരണഘടന നമുക്ക് ഉറപ്പു നൽകുന്നുണ്ട്.

എന്നാൽ ഒരു മതേതരത്വ രാജ്യം എന്നതിൽ നിന്നും മാറി ഏക മത രാഷ്ട്രത്തിലേക്കുള്ള യാത്രയിലാണ് ഇന്ന് ഇന്ത്യ. മതേതരത്വത്തെ മതനിന്ദയായ അല്ല കാണേണ്ടത്, മറിച്ച് എല്ലാ മതങ്ങളോടും ഇതര വിശ്വാസങ്ങളോടുള്ള വെറും സഹിഷ്ണുതയിൽ ഒതുങ്ങാത്ത തുല്യ ബഹുമാനം, എല്ലാ വിശ്വാസങ്ങളിൽ പെട്ടവർക്കും തുല്യനീതി, ഇഷ്ടമുള്ള മതം തിരഞ്ഞെടുക്കാനും മതമില്ലാതെ ജീവിക്കാനുമുള്ള അവകാശം, എല്ലാവരും വ്യത്യസ്തവിശ്വാസങ്ങൾ അനുസരിച്ച് ജീവിക്കുമ്പോൾ തന്നെ നിയമത്തിനു മുന്നിൽ എല്ലാവരും തുല്യമായിരിക്കുന്ന അവസ്ഥ, ഭൂരിപക്ഷത്തിന്റെ മതം ന്യൂനപക്ഷത്തിൽ അടിച്ചേൽപ്പിക്കാതെ സമത്വത്തോടെ ജീവിക്കാനുള്ള അവകാശം ഇതെല്ലാമാണ് മതേതരത്വത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ. പലജാതി പല മതങ്ങളിൽ പെട്ട മനുഷ്യർ തിങ്ങിപ്പാർക്കുന്ന ഒരു രാജ്യത്ത് ഒരു മതം അടിച്ചേൽപ്പിക്കുക എന്നത് ജനാധിപത്യത്തോടുള്ള വലിയ വെല്ലുവിളി




തന്നെയാണ്. എല്ലാവരും ഒന്നായി ജീവിക്കുന്നതിനു പകരം എല്ലാവരും ഒരു മതത്തിലേക്ക് ചുരുങ്ങുക എന്നതാണ് ഹിന്ദുത്വ ഫാസിസ്റ്റുകൾ ലക്ഷ്യമാക്കുന്നത്. പൗരത്വനിയമ ഭേദഗതിയും ദേശീയ പൗരത്വരജിസ്റ്ററും ആധുനികസമൂഹം രൂപപ്പെടുത്തിയ മാനവിക മൂല്യങ്ങളെ വെല്ലുവിളിച്ചുകൊണ്ട് ബഹുസ്വര-മതേതര രാഷ്ട്രം എന്ന സങ്കൽപത്തെ നിരാകരിക്കാനുള്ള ശ്രമമാണ് എന്ന് കാണാൻ വിഷമമില്ല. രാജ്യസ്നേഹം, തീവ്രവാദം എന്നിവയുടെ മാനദണ്ഡം പിറന്ന മതം, വേഷം എന്നിവയാണ് എന്ന് വരുന്നതിനേക്കാൾ ഭീകരമായി മറ്റൊന്നില്ല. ഒരു പരമാധികാരരാഷ്ട്രത്തിൽ അനധികൃത കുടിയേറ്റം, പൗരത്വം എന്നിവ കൈകാര്യം ചെയ്യുന്നതിന് ഫലപ്രദമായ നിയമങ്ങൾ ഉണ്ടാവുക സ്വാഭാവികം തന്നെ. അത് പക്ഷേ മതാടിസ്ഥാനത്തിലാവുന്നത് അപകടകരമാണ്.

"ദേശീയതയല്ല നമ്മുടെ ആത്യന്തികമായ ആത്മീയ സങ്കേതമാകാൻ കഴിയില്ല. എന്റെ അഭയം മാനവികതയാണ്. വജ്രത്തിന്റെ വിലനല്കി ചില്ലുകഷണം ഞാൻ വാങ്ങില്ല. ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം, ദേശീയത മാനവികതയുടെമേൽ വിജയം നേടുവാൻ അനുവദിക്കില്ല. ഇന്ത്യയുടെ ദേശീയഗാനം രചിച്ച വിശ്വമഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ വാക്കുകളാണിത്. എല്ലാ തരം ദേശീയവാദങ്ങളുടെയും അപകടസാധ്യത വളരെമുമ്പേ തിരിച്ചറിഞ്ഞ രവീന്ദ്രനാഥ ടാഗോറിന്റെ ഈ വാക്കുകൾക്ക് വർത്തമാനകാല ഇന്ത്യയിൽ സവിശേഷമായ പ്രസക്തി കൈവരുന്നുണ്ട്. ഒരു പ്രദേശത്തെ ജനങ്ങളെയും സാമൂഹിക വ്യവസ്ഥിതികളെയും രാഷ്ട്രമെന്ന ഒരു കുടക്കീഴിൽ കോർത്തിണക്കുന്ന പ്രത്യയശാസ്ത്രപരമായ നിർമിതിയാണ് ദേശീയത. ദേശീയത നിർമ്മിക്ക പ്പെടുന്നത് ചരിത്രപരവും സാംസ്കാരികവും ഭൂമി ശാസ്ത്രപരവുമായ ഘടകങ്ങൾ ഇഴചേർന്നു രൂപം കൊള്ളുന്ന ഏകതാനമായ ഒരു പൊതുസ്വത്വബോധത്തിൽ നിന്നുമാണ്. ഒരാളുടെ അസ്തിത്വം ദേശീയത കൊണ്ടുകൂടിയാണ് നിർവചിക്കപ്പെട്ടിരിക്കുന്നത്. എങ്കിലും വിശാലമായ മാനവികത യുടെ വെളിച്ചത്തിൽ നോക്കുമ്പോൾ ദേശീയത ഒരു സങ്കുചിത യഥാർത്ഥ്യം തന്നെയാണ്. ദേശീയത അടിസ്ഥാനപരമായി ഒരു നിർമിതി ആയതുകൊണ്ട് അതിനു നിത്യത കല്പിച്ചു നല്കുന്നത് ബുദ്ധിശൂന്യതയാണ്. അത് എപ്പോൾ വേണമെങ്കിലും തകരാം, തകർക്കപ്പെടാം. നിർമിതിയുടെ ഘടനയും മാനദണ്ഡങ്ങളും മാറുന്നതിനനുസരിച്ച് അത് അപനിർമിക്കപ്പെട്ടു കയും ചെയ്യാം. അതിനാൽ തീവ്രദേശീയതയുടെ പേരിലുള്ള ബൗദ്ധിക സാംസ്കാരിക അതിക്രമങ്ങളും മനുഷ്യാവകാശലംഘനങ്ങളും ചോദ്യം ചെയ്യപ്പെടേണ്ടത് തന്നെയാണ്.

ഇന്ത്യൻ ദേശീയത ഇന്നുള്ള രീതിയിൽ രൂപംകൊണ്ടത് പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളുടെ ചുവട് പിടിച്ചാണ്. മൗര്യ, ഗുപ്ത, മുഗൾ രാജവംശങ്ങൾ,

ഹിമാലയത്തിനും ഇന്ത്യൻ മഹാസമുദ്രത്തിനും ഇടയിലുള്ള ചെറുതും വലുതുമായ നാട്ടുരാജ്യങ്ങൾ ചേർന്ന ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ വലിയൊരുഭാഗം, സൈനിക അധിനിവേശത്തിലൂടെ കൈവശപ്പെടുത്തിയിരുന്നെങ്കിലും ഇന്ത്യ എന്ന ഒരാശയത്തിനു കീഴിൽ കൊണ്ടുവരുന്നതിനോ, നിലനിർത്തുന്നതിനോ സാധിച്ചിരുന്നില്ല. ദക്ഷിണേന്ത്യയും വടക്കുകിഴക്കൻ ഭാഗങ്ങളും അവർക്ക് അപ്രാപ്യവുമായിരുന്നു. ഇന്ത്യ മുഴുവനും ഉൾക്കൊള്ളുന്ന ഒരു വ്യവസ്ഥാപിത ഭരണ സംവിധാനം എന്നത്, ഒരു പരിധിവരെ, ബ്രിട്ടീഷുകാരുടെ അതിരു കളില്ലാത്ത സാമ്രാജ്യത്വ ഭാവനയുടെ കണ്ടെത്തലായിരുന്നു. ഇന്ത്യൻ ദേശീയത ഉരുകി പാകപ്പെട്ടത് ബ്രിട്ടീഷ് സാമ്രാജ്യത്തോട് നടത്തിയ സന്ധിയില്ലാസമരങ്ങളുടെ അഗ്നിജ്വാലകളി ലാണ്. അല്ലാതെ ബ്രിട്ടീഷുകാരോട് അന്ന് സന്ധി ചെയ്തവരുടെയും നാട്ടുരാജാക്കന്മാരുടെ സ്ഥാപിതതാല്പര്യങ്ങൾക്ക് ഓശാന പാടിയവരുടെയുമൊക്കെ വാഴ്ത്തിപ്പാടുന്ന 'അഖണ്ഡ ഭാരതം' എന്ന മിത്തിൽ നിന്നല്ല.

ആധുനിക ഇന്ത്യൻ ദേശീയതയുടെ അടിസ്ഥാനശില ഇന്ത്യൻ ഭരണഘടനയാണ്. നീതി, സ്വാതന്ത്ര്യം, സമത്വം എന്നിവയിൽ അധിഷ്ഠിതമായ, സോഷ്യലിസ്റ്റ് സ്വഭാവമുള്ള, മതേതര ജനാധിപത്യ രാജ്യമാണ് ഇന്ത്യ എന്ന് ഭരണഘടനയുടെ ആമുഖത്തിൽ തന്നെ അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിനെതിരെയുള്ള എല്ലാ വ്യാഖ്യാനങ്ങളും ഭരണഘടനാവിരുദ്ധവും ആധുനിക ഇന്ത്യൻ ദേശീയതയുടെ മൂല്യങ്ങൾക്ക് നിരക്കാത്തതുമാണ്. അതുകൊണ്ടുതന്നെ ഹിന്ദുദേശീയത മറ്റൊരു ദേശീയതയാണ് ; ഇന്ത്യൻ ദേശീയതയുടെ നേർ വിപരീതമാണത്. ഹൈന്ദവബ്രാഹ്മണിക് മൂല്യങ്ങളാണ് ഹിന്ദു ദേശീയതയുടെ അടിസ്ഥാനം. ഉപനിഷത്തുകളിൽ പ്രതിപാദിച്ചിരിക്കുന്ന ഉദാത്തമായ ദൈവ-മനുഷ്യദർശനങ്ങളിൽനിന്നും വ്യതിചലിച്ച് ബ്രാഹ്മണിക് മേധാവിത്വമുള്ള ചാതുർവർണ്യ വ്യവസ്ഥിതിയിലധിഷ്ഠിതമായ ഒരു ഹൈന്ദവ സംസ്കൃതിയുടെ പുനർജനിയാണ് അവർ ലക്ഷ്യം വെയ്ക്കുന്നത്.

ഉംബെർട്ടോ ഇക്കോ ഫാസിസത്തിന്റെ അടിസ്ഥാന സ്വഭാവങ്ങളായി ചൂണ്ടിക്കാണിച്ച പാരമ്പര്യ ആരാധന, യുക്തിയുടെയും സ്വതന്ത്ര ചിന്തയുടെയും നിരാസം, സംസ്കാരത്തെയും കലയെയും എതിർക്കൽ, പ്രത്യേകം അപരരെ' സൃഷ്ടിച്ച് എല്ലാ കുഴപ്പങ്ങൾക്കും അവരാണ് കാരണം എന്ന ആരോപണം, പുരുഷാധിപത്യം ന്യൂനപക്ഷങ്ങളോടുള്ള അവഗണന ഇതര ലൈംഗിക വിഭാഗങ്ങളോടുള്ള വെറുപ്പ് തുടങ്ങിയവയെല്ലാം ഒരേ സ്ഥലത്ത് തെളിഞ്ഞു കാണണമെങ്കിൽ നാസി ജർമ്മനിയിലേക്കോ ഉത്തരകൊറിയയിലേക്കോ നോക്കണമെന്നില്ല, ഇന്നത്തെ ഇന്ത്യയിലേക്ക് നോക്കിയാലും മതി. സംവാദാത്മകവും തുറന്നതുമായ ജ്ഞാനവ്യവസ്ഥയെ  ഇല്ലാതാക്കുകയും അതിന്റെ സ്ഥാനത്ത് അടഞ്ഞതും ചോദ്യം ചെയ്യപ്പെടാത്തതും കെട്ടുകഥകളിലധിഷ്ഠിതമായതുമായ ജ്ഞാനവ്യവസ്ഥ സ്ഥാപിക്കുകയും ചെയ്യുക എന്നതാണ് ഫാസിസം വേരുറപ്പിക്കുന്നതിന്റെ പ്രധാന ലക്ഷണം. സംസ്കാരത്തിന്റെ ബഹുസ്വരതയുടെ സ്ഥാനത്ത് ഏകശിലാരൂപമുള്ള ഒരു സാംസ്കാരിക ദേശീയത കടന്നുവരും. കേവലഭാവനയിലോ ഭ്രമകല്പനയിലോ വിരിഞ്ഞ സങ്കൽപങ്ങൾ ചരിത്രവസ്തുതയായി പ്രതിഷ്ഠിക്കപ്പെടുകയും ചെയ്യും. സർവ്വാധിപത്യ സ്വഭാവമുള്ള ഭരണകൂടത്തിന്റെ ഇരകൾ ന്യൂനപക്ഷങ്ങളും ദരിദ്രരും സ്ത്രീകളും ദളിതരും ആദിവാസികളും സ്വതന്ത്രചിന്തകരും സമത്വ വിശ്വാസികളും എഴുത്തുകാരും കലാകാരന്മാരും കുഞ്ഞുങ്ങളും ഒക്കെയായിരിക്കും. ഇന്ത്യയിലും സ്ഥിതി വ്യത്യസ്തമല്ല എന്ന് കാണാം. എന്തു ഭക്ഷിക്കണം ഏതു വസ്ത്രം ധരിക്കണം ഏതു ഭാഷ സംസാരിക്കണം എങ്ങനെ ചിന്തിക്കണം എങ്ങനെ എഴുതണം ഏതു മതത്തിൽ വിശ്വസിക്കണം എന്നെല്ലാം തീരുമാനിക്കാനുള്ള ശ്രമങ്ങളെ നാം പ്രതിരോധിക്കേണ്ടതുണ്ട്.

അനുസരിക്കുക അല്ലെങ്കിൽ ശിക്ഷിക്കപ്പെടുക എന്നതായിരുന്നു നാസി ജർമ്മനി പൗരൻമാരോട് പറഞ്ഞത്. ചിന്തിക്കുന്ന മസ്തിഷ്കങ്ങളെ ഭയപ്പെടുന്ന ഏത് അധികാരിവർഗവും എക്കാലവും ശ്രമിക്കുക സമ്പൂർണമായും വിധേയത്വം പ്രകടിപ്പിക്കുന്ന സമൂഹത്തെ സൃഷ്ടിക്കാനാണ്. സാർവലൗകികതയിലും സാംസ്കാരികഭിന്നതയിലും അധിഷ്ഠിതമായ ഒരു ദേശീയതാസങ്കല്പവും ആൺ പെൺസമത്വത്തിലും സൗഹൃദത്തിലും വിശ്വസിക്കുന്ന ജനാധിപത്യപരമായ സദാചാരസങ്കല്പവും മുന്നോട്ടുവെക്കാനും അതിന്റെ പതാകാവാഹകരാകാനും നമുക്ക് കഴിയേണ്ടതുണ്ട്. ആദിവാസി-ദളിത്-ന്യൂനപക്ഷ ജീവിതാവസ്ഥ മുതൽ ലിംഗസമത്വം വരെയുള്ള ജനജീവിതത്തിന്റെ നാനാതരം പ്രശ്നങ്ങളെ അഭിസംബോധനചെയ്യാനും നമുക്ക് കഴിയണം. അഭിപ്രായസ്വാതന്ത്ര്യത്തിനും വിശ്വാസസ്വാതന്ത്ര്യത്തിനും ഭക്ഷണസ്വാതന്ത്ര്യത്തിനും എതിരെ ജനവിരുദ്ധമായ സമരമുഖങ്ങൾ തുറക്കുകയും അവയൊക്കെ കപട ജനകീയപിന്തുണ ഉറപ്പാക്കുകയും ചെയ്യുന്ന ഫാസിസ്റ്റ് ശൈലി മറയേതു മില്ലാതെ തെളിഞ്ഞുകാണുന്ന കാലത്താണ് നാം ജീവിക്കുന്നത്. ആരാധനാലയങ്ങളിൽ സ്ത്രീപ്രവേശനം വേണ്ട എന്ന് അലമുറയിടുന്ന വലിയ സ്ത്രീജനക്കൂട്ടങ്ങൾ ഇതിന് തെളിവാണ്. മസ്തിഷ്കം അടിയറ വെച്ചിട്ടില്ലാത്ത കുട്ടിക്കേ രാജാവ് നഗ്നനാണ് എന്ന് ഉറക്കെ വിളിച്ചു പറയാൻ കഴിഞ്ഞിട്ടുള്ളൂ എന്ന് ഓർക്കുക. അതുകൊണ്ടുതന്നെ പുതിയ കാലത്തിന്റെ പ്രശ്നങ്ങളെ മുറിച്ചുകടക്കാനും വിശ്വമാനവികതയിലൂന്നിയ ഒരു പുതിയ ജനാധിപത്യസങ്കൽപത്തെ സാക്ഷാത്കരിക്കാനും യജ്ഞയാഗപാരമ്പര്യങ്ങളുടെ ഇരുണ്ട കാലത്തെ ആനയിക്കാൻ ശ്രമിക്കുന്ന ശക്തികളെ പ്രതിരോധിക്കാനും ആർജവമുള്ള സമൂഹത്തിനു മാത്രമേ കഴിയൂ. തീർച്ചയായും അവരിൽ തന്നെയാണ് ജനാധിപത്യ ഇന്ത്യയുടെ ഭാവി.

**അനുപ്രിയ ടി.വി**
ഗവൺമെന്റ് കോളജ് ഓഫ് ടീച്ചർ
എഡ്യൂക്കേഷൻ തിരുവനന്തപുരം

**ഉപന്യാസം - വിദ്യാർത്ഥി വിഭാഗം (രണ്ടാം സ്ഥാനം)**

# (അ)പ്രിയമേറുന്ന ജനാധിപത്യം

വളരെ സാമാന്യം എന്ന് തോന്നാവുന്ന നമ്മുടെ ആലോചനകളിൽ പല രൂപത്തിൽ ഇടം പിടിച്ച വിഷയങ്ങളിലൊന്ന്, ജനാധിപത്യത്തിന്റെ ഭാവിയെ സംബന്ധിച്ചുള്ളതാണ്.ജനാധിപത്യമെന്ന രാഷ്ട്രീയപരികല്പന പരിചയപ്പെടുന്നതിന് മുമ്പ് തന്നെ ജനാധിപത്യ അവകാശങ്ങൾക്ക് വേണ്ടി ഒട്ടേറെ പോരാട്ടങ്ങൾ ഇന്ത്യയിൽ നടന്നിട്ടുണ്ടെന്ന് തിരിച്ചറിയേണ്ടതാണ്. ജനാധിപത്യ അവകാശങ്ങൾക്ക് വേണ്ടിയുള്ള സമരങ്ങളെ മുഴുവൻ അച്ചടക്കരാഹിത്യം നിറഞ്ഞ കലാപമായാണ് വിലയിരുത്തി പോന്നത്.സ്വാഭാവികമായും അന്നത്തെ അധീശതാല്പര്യങ്ങളും മുഖ്യധാരബോധങ്ങളും എല്ലാ സമരങ്ങളെയും ലഹളയെന്നോ കലാപമെന്നോ വിളിച്ചു നിസ്സാരമാക്കി കാണാൻ കാരണമായി.എങ്കിലും ഇത്തരം അവകാശസമരങ്ങളിലൂടെ കൈവന്ന സ്വാതന്ത്ര്യവും കൈവന്ന ജനാധിപത്യവും അർഥ പൂർണമായിട്ടാണോ ഈ രാജ്യത്ത് നടപ്പിലാവുന്നത് എന്ന ചോദ്യം 1960കളിൽ തന്നെ ശക്തമാണ്.1975 ൽ അടിയന്തരാവസ്ഥ രൂപപ്പെടുത്തിയ ജനാധിപത്യധ്വംസനം ഇന്ത്യൻ ജനാധിപത്യത്തിന്റെ മിക്കവാറും അസ്തമയമാണെന്ന് പ്രതീക്ഷിച്ചവരുണ്ട്. പല വർഷങ്ങൾക്കിപ്പുറവും മതവർഗീയതയുടെയും ഫാസിസ്റ്റ് പ്രവണതകളുടെയും അമിതാധികാരത്തിന്റെയും സാർവത്രികമായ പിടിമുറുക്കത്തിനുള്ളിൽ ജനാധിപത്യം അവശേഷിക്കുന്നുണ്ടോ ഇല്ലയോ എന്നതാണ് ഇപ്പോഴത്തെ സംശയം.1997 ൽ പ്രസിദ്ധീകരിച്ച സുനിൽ ഖിൽനാനിയുടെ 'ഐഡിയ ഓഫ് ഇന്ത്യ' എന്ന പുസ്തകത്തിൽ "ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ ശ്രദ്ധേയവും ഗണനീയവുമായ ഒരു സവിശേഷത അതിനെ വ്യത്യസ്തതകളെ പലപ്പോഴും ഇന്ത്യയെ കുറിച്ചുള്ള പോരടിക്കുന്ന ദർശനങ്ങളെ ഉൾക്കൊള്ളാനുള്ള പ്രാപ്തിയായിരുന്നുവെന്ന് നിരീക്ഷിക്കുന്നുണ്ട് .

ജനാധിപത്യത്തെക്കുറിച്ച് നൽകാവുന്ന ഏറ്റവും നല്ല വിശദീകരണം എബ്രഹാം ലിങ്കൻ അവതരിപ്പിച്ച "Democracy is a Form of Government. Off the people, By the People, For the People" എന്ന ആശയമാണ്.ഇതിൽ 'By The People ' എന്നത് എത്രത്തോളം ഭരണനിർവഹണത്തിൽ നടപ്പിലാക്കുന്നു എന്നതാണ് ജനാധിപത്യത്തെ അർഥപൂർണമാക്കുന്നത്. ജനങ്ങളെ ഭരിക്കുന്നു എന്നിടത്തല്ല ജനങ്ങൾ ഭരിക്കുന്നു എന്നതിലാണ് ജനാധിപത്യത്തിന്റെ കാതൽ കുടികൊള്ളുന്നത്. ജനങ്ങൾ ഭരിക്കുന്നു എന്ന് ഔപചാരികമായി പറയാമെങ്കിലും ഭരണനിർവഹണപരമായ അധികാരം പരിമിതമാണ്. ജനാധിപത്യം എന്നത് ഔപചാരികമായ സങ്കല്പമായി ചുരുങ്ങുകയും അതിന്റെ മൗലികമായ ഉള്ളടക്കം റദ്ദായി പോവുകയും ചെയ്യുന്ന നിലയിലാണ് മഹാഭൂരിപക്ഷം ജനാധിപത്യ രാജ്യങ്ങളും നിലകൊള്ളുന്നത്.ഈ ആലോചനയെ 2 തരത്തിൽ വീക്ഷിക്കാം. ജനാധിപത്യത്തെ ഒരു ഭരണകൂടരീതിയാ

യിട്ടാണോ അതോ ജീവിതരീതി യായിട്ടാണോ കാണേണ്ടത് എന്ന തിനെ സംബന്ധിച്ചാണത്.ജോൺ ഡ്യൂയിയെ പോലുള്ള രാഷ്ട്രീയ ചിന്തകർ ജനാധിപത്യത്തെ ഭര ണകൂടരീതിയായി കാണുന്നതിനെ വിമർശിക്കുന്നു.കാരണം ഭരണകൂട രൂപം മാത്രമാവുന്ന ജനാധിപത്യം മിക്കവാറും ജനാധിപത്യപരമായ ഉള്ളടക്കങ്ങൾ ഇല്ലാത്തതാണ്.

ഭൂരിപക്ഷ ഹിതത്തെ അംഗീകരി ക്കലാണ് ജനാധിപത്യം എന്ന സാമ്പ്രദായിക രീതിയെ ജനാധി പത്യത്തിന്റെ വംശാവലി ചരിത്ര മെടുത്താൽ തന്നെ മനസ്സിലാക്കാം. തിരഞ്ഞെടുക്കപ്പെട്ട ചിലരുടെ ഭൂരിപക്ഷബോധത്തെ അംഗീകരി ക്കലാണ് ജനാധിപത്യമെന്ന് കരു തിപ്പോരുന്നു. ഭൂരിപക്ഷ ഹിതത്തെ അംഗീകരിക്കുമ്പോൾ ഒഴിച്ചു നിർ ത്തലുകളുടെ വലിയൊരു ലോകം തന്നെ ജനാധിപത്യത്തിനുള്ളിൽ രൂപപ്പെടുന്നുണ്ട്. അത് കറുത്ത വർ ഗ്ഗക്കാരാകാം ആദിവാസികളാകാം സ്ത്രീകളാകാം ദളിതരാകാം LGBTQ ആകാം. ഭരണകൂടത്തിന് അസ്വ സ്ഥമാകുന്നിടത്തൊക്കെയും ഈ ഒഴിച്ചുനിർത്തലുകൾ സർവ്വസാധാ രണമായി തുടരുന്നുണ്ട്.

'സ്വാതന്ത്ര്യമാണ് വികസനം' എന്ന അമർത്യാസെന്നിന്റെ ആശ യത്തെ മുൻനിർത്തി ദാരിദ്ര്യം, രോഗം,നിരക്ഷരത പാർപ്പിടമില്ലാ യ്മ എന്നിവയിൽ നിന്നുള്ള സ്വാത ന്ത്ര്യമാണ് വികസനം എന്ന് ചരി ത്രപരമായി വ്യാഖ്യാനിക്കാനാകും. സ്വാതന്ത്ര്യത്തിന്റെ അതിരുകൾ നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഒരു സാമൂഹിക വ്യവസ്ഥയിലേക്കാ ണ് നാം പിറന്നു വീഴുന്നത്.ഏതു മനുഷ്യനും സ്വാതന്ത്ര്യം സ്വയം നി ശ്ചയിക്കാൻ കഴിവുണ്ട്. എന്നാൽ ഈ കഴിവ് പ്രകൃതിയുടെ മധ്യസ്ഥ തയിലാണ് നിർലീനമായിരിക്കു ന്നത് എന്ന് പോർച്ചുഗീസ് ഫി ലോസഫർ സ്പിനോസ(spinoza) അഭിപ്രായപ്പെടുന്നു. ഒരുപക്ഷേ അസ്വാതന്ത്ര്യത്തിന്റെ മൂലകരണം ഈ നിർലീനാവസ്ഥയാണ്.ഇത് അസ്വാതന്ത്ര്യത്തിൽ ഒരു ആനന്ദം സ്വമേധയാ രൂപപ്പെടുന്നതിന് കാരണമാവുന്നു.എന്തുകൊണ്ടാണ്



സ്വന്തം അടിമത്തത്തിനുവേണ്ടി സ്വാതന്ത്ര്യം എന്ന പോലെ യുദ്ധം ചെയ്യുന്നത് എന്ന വൈരുദ്ധ്യത്തെ തിരിച്ചറിയുന്നിടത്താണ് വാസ്ത വത്തിൽ ജനാധിപത്യത്തിന്റെ ഭാവിയെ സംബന്ധിക്കുന്ന മർമ്മ സ്പർശിയായ പ്രശ്നങ്ങൾ ഉള്ളടങ്ങി യിരിക്കുന്നത്. സാമൂഹിക സമത്വം ലക്ഷ്യംവയ്ക്കുന്ന ആശയാദർശങ്ങൾ ക്കെതിരായ വീക്ഷണഗതികൾ അത് വർഗീയതയുടെതാകാം മത വർഗീയതയുടെതാകാം ചെറുതും

വലുതുമായ ഫാസിസ്റ്റ് പ്രവണതക ളുടെതാവാം ഇവയെല്ലാം സൂചിപ്പി ക്കുന്നത് ജനാധിപത്യത്തിനെതി രായ ഒരു പ്രതിതരംഗം കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനിടയിൽ ഇവിടെ ആരംഭിച്ച കഴിഞ്ഞു എന്നാണ്. ഇത്തരത്തിൽ ജനാധിപത്യം അതിന്റെ ചരിത്രത്തിലെ തന്നെ വലിയ പ്രതിസന്ധിയിൽ എത്തി യെന്ന് ഏറെക്കുറെ ഉറപ്പായി കഴി ഞ്ഞു. കേവലം ഭൂരിപക്ഷ വാദം ഭൂരിപക്ഷത്തിന്റെ മറപറ്റി ജനാധി പത്യത്തെ അകമേ തകർക്കുകയും ഒരു ഫാസിസ്റ്റ് പ്രകൃതം കൈവരി ക്കുകയും ചെയ്യുന്നു. ലോകത്തിലെ വലിയ ഫാസിസ്റ്റ് നേതാക്കളെ ല്ലാം ജനാധിപത്യ മാർഗത്തിലൂടെ അധികാരത്തിൽ എത്തിയവരാണ് എന്നതാണ് വൈരുദ്ധ്യകരമായ മറ്റൊരു കാര്യം. ജനാധിപത്യത്തി നകത്ത് തന്നെ ഫാസിസത്തിന് വളരാനാവിശ്യമായ ഒരിടമുണ്ട് എന്ന് ഇത് തെളിവുനൽകുന്നു.

മേലോട്ട് പോകുന്തോറും വന്ദനവും കീഴോട്ട് പോകുന്തോറും നിന്ദനവും സാധ്യമാകുന്ന ജാതീയതയുടെ സഹസ്രാബ്ദബന്ധനത്തിൽ പുലർ ന്നസ്തമിക്കുന്ന ഇന്ത്യ പോലൊരു രാജ്യത്തിൽ ജനാധിപത്യത്തെ സഹജമായി നിലനിർത്താനാ കില്ല എന്ന് അംബേദ്കർ തന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്. രാഷ്ട്രീയ ഭൂരിപക്ഷത്തെ വർഗീയ ഭൂരിപ ക്ഷം കൊണ്ടോ സാമുദായിക ഭൂരിപക്ഷം കൊണ്ടോ പകരം വയ്ക്കാനാകും എന്ന പ്രതിതന്ത്രത്തി ന്റെ ഫലമായാണ് സംവരണം എന്ന ആശയം പാർലമെന്റിൽ അംബേദ്കർ ഉന്നയിക്കുന്നത്. സംവരണം അംബേദ്കറുടെ പ്രാഥ മികമോ മൗലികമോ ആയ ആവ ശ്യമായിരുന്നില്ല.പക്ഷെ തീരുമാ നമെടുക്കുന്നതിൽ പ്രാതിനിധ്യവും പങ്കാളിത്തവുമാണ് സംവരണം കൊണ്ട് സംഭവിക്കുന്നത്. ഈ അർഥത്തിൽ വ്യത്യസ്തമായിരി ക്കാനും വ്യത്യസ്തതയുടെ പേരിൽ വേട്ടയാടപ്പെടാതിരിക്കാനുമുള്ള അവകാശമായി ജനാധിപത്യം മാറേണ്ടതുണ്ട്. എന്നാൽ അങ്ങനെ സംഭവിക്കുന്നില്ല എന്നതാണ് വാ സ്തവം.

കഥ ചരിത്രമാവുകയും ചരിത്രം കഥയാവുകയും ചെയ്യുന്ന സമകാല രാഷ്ട്രീയ പശ്ചാത്തലത്തിൽ ഇന്ത്യ യെന്നോ ഭാരതമെന്നോ ഉക്കി നോക്കി ഉപയോഗിക്കേണ്ടുന്ന മതാധിനിവേശം ഇന്ത്യയിൽ സ്ഥാ പിക്കപ്പെട്ടു കഴിഞ്ഞു. മതത്തെ ഉപയോഗിച്ച് മതത്തെ ആധുനിക വത്കരിച്ച് സമൂഹത്തെ ഭിന്നിപ്പി ച്ച് അധികാരത്തിൽ തുടരാനുള്ള ശ്രമം ഇന്ത്യൻ സെക്കുലറിസത്തെ യും ബാധിക്കുന്നുണ്ട്. സമൂഹത്തി ലെ പ്രായോഗികപ്രശ്നങ്ങൾ പരി ഹരിക്കാൻ ഉതകാത്ത മതത്തെ മതമായി ഗാന്ധി കണക്കാക്കുന്നി ല്ല.  മതരാഷ്ട്രവാദത്തിന്റെ കൃത്യ നിർവഹണമാണ് ഗാന്ധിവധം. ഇന്ത്യ ബഹുസ്വരതയാർന്ന ഒരു രാ ഷ്ട്രമെന്ന നിലയ്ക്ക് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി സെക്കുലറിസ വുമായി ബന്ധപ്പെട്ടതാണ്. ആർ. ബൊമ്മ വേർസസ് യൂണിയൻ സ്റ്റേറ്റ് ഓഫ് ഇന്ത്യ എന്ന കേസി ന്റെ വിധിന്യായതിൽ സുപ്രീം കോടതി ചൂണ്ടിക്കാണിച്ച പ്രധാന കാര്യം 'ഇന്ത്യ എന്ന രാജ്യം ഉടലെ ടുത്തതു മുതൽ മതേതര റിപബ്ലിക് ആയിരുന്നു' എന്നാണ്. ഭരണകൂടം തന്നെ ആന്റിസെക്കുലറായും ആന്റികോൺസ്റ്റിറ്റ്യൂഷനലായും മാ റുന്ന കാഴ്ചയ്ക്ക് ഉദാഹരണമാണിത്. ഒരു രാഷ്ട്രത്തിൽ മതനിയമങ്ങൾ രാഷ്ട്രനിയമങ്ങൾ ആകുന്നില്ല എന്ന അവസ്ഥയാണ് മതേതരം. ജനാധിപത്യമാകട്ടെ പൗരോ ഹിത്യത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കലും. ഇന്ത്യയെ ഒരാധുനിക ജനാധിപത്യമതനിരപേക്ഷ രാ ജ്യമാക്കാൻ ജാത്യധിഷ്ഠിതഹിന്ദു സമൂഹത്തിനും സംസ്കാരത്തിനും എതിരായ സന്ധിയില്ലാത്ത സമരം ആവശ്യമാണെന്ന് ഇ.എം. എസ്. ചൂണ്ടിക്കാട്ടുന്നുണ്ട്. ജാതി മർദ്ദനത്തിനെതിരായി പൊരുതാ തെ വർഗ്ഗസമരമോ വർഗ്ഗൈക്യമോ വികസിപ്പിക്കാനാവില്ല. ജാതിയു ടെ തകർച്ച എന്നത് ഭൗതികമായ വേലിക്കെട്ടിന്റെ തകർച്ചയല്ല മറി ച്ച് ആശയപരിവർത്തനമാണ്.

എക്സിക്യൂട്ടീവ്, ജുഡീഷറി, പാർല മെന്റ് എന്നീ 3 അടിസ്ഥാന സങ്ക ല്പമാണ് അല്ലെങ്കിൽ നിയമനിർ മാണസംവിധാനമാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിത്തറ ബിൽക്കിസ് ബാനുവിന്റെ കേ സുമായി ബന്ധപ്പെട്ട് ഇന്ത്യയുടെ ഭരണസംവിധാനം നടത്തിയ അട്ടിമറികൾ ആക്രമിക്കപ്പെടുന്ന ന്യൂനപക്ഷങ്ങൾക്കും സ്ത്രീകൾക്കും ജീവിക്കാനുള്ള അവകാശത്തെ പോലും ചോദ്യം ചെയ്യുന്ന തരത്തി ലുള്ളതായിരുന്നു. എക്സിക്യൂട്ടീവ് അതിപ്രബലമാവുകയും ജുഡീഷ റിയും പാർലമെന്റും ദുർബലമാവു കയും ചെയ്താൽ ഏതാണ്ട് ജനാ ധിപത്യം അവസാനിച്ചു എന്ന് മനസിലാക്കാം.

അഭിപ്രായ സ്വാതന്ത്ര്യത്തി നുമേലുള്ള കടന്നുകയറ്റമാണ് മൗലികാവകാശത്തിനുമേൽ കരിനിഴൽ വീഴ്ത്തിയ മറ്റൊരു പ്രശ്നം. വിയോജിക്കൽ ഒരു രാജ്യദ്രോഹ മാണെന്ന് സമ്മതിക്കപ്പെടുകയും കോടതി പോലും ഈ യുക്തിയെ പിന്തുണക്കുകയും ചെയ്യുന്നു എന്ന താണ് ഭയപ്പെടുത്തുന്ന വസ്തുത. വിയോജിക്കാനുള്ള സ്വാതന്ത്ര്യ ത്തെ സംബന്ധിച്ച ലോറ ലക്സം ബർഗിന്റെ വാക്കുകൾ ഇവിടെ സ്മ രണീയമാണ്. അധികാരത്തിന്റെ സ്തുതിപാഠകരായി ജനത്തെ പ്രജ കളായി സ്ഥാനാന്തരപ്പെടുത്തുന്ന കാലത്താണ് യോജിക്കുന്നവരിൽ നിന്നും ആരാധകരിൽ നിന്നും നാം ഒന്നും പഠിക്കുന്നില്ല വിയോ ജിപ്പിൽ നിന്നാണ് പഠിക്കുന്നത് എന്ന് കുഞ്ഞാമൻ സധൈര്യം പ്രഖ്യാപിക്കുന്നത്. പൊതുനോട്ട ത്തിൽ നിന്ന് പുറത്തായിരുന്ന ദളി തരെ മനുഷ്യരായി പരിഗണിച്ചത് ഇന്ത്യൻ ഭരണഘടനയാണ് എന്ന അദ്ദേഹത്തിന്റെ നിരീക്ഷണം ഇന്ത്യൻ പാരമ്പര്യം ദളിതരോട് ചെയ്ത ക്രൂര ഹിംസകളെയാണ് വിചാരണ ചെയ്യുന്നത്. നീതിയുടെ അടിസ്ഥാനശിലകൾ സ്വാതന്ത്ര്യ വും സമത്വവും സാഹോദര്യവുമാ ണെന്നും സമത്വമില്ലാത്ത സമൂഹ ത്തിൽ നീതി ഉണ്ടാകില്ലെന്നും ഡോക്ടർ ബി.ആർ. അംബേദ്കർ ഉദ്ധരിക്കുന്നുണ്ട്. സമത്വമില്ലാത്ത സ്വാതന്ത്ര്യം എന്നത് മഹാഭൂരി പക്ഷത്തെ ചൂഷണം ചെയ്യാനുള്ള ന്യൂനപക്ഷത്തിന്റെ അവകാശത്തി

നപ്പുറമൊന്നും അല്ല. ഇവ പൂരകം എന്ന് തോന്നുമെങ്കിലും അവയ്ക്കകത്ത് കൃത്യമായ വൈരുദ്ധ്യം ദർശിക്കാനാകും. ജനാധിപത്യത്തിന്റെ കാതലായ സ്വത്വം സാഹോദര്യമാണ്. ജനാധിപത്യ സാഹചര്യത്തെ നില നിർത്തുന്നതിന് സാഹോദര്യത്തെ കേന്ദ്രത്തിലേക്ക് ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്. സാഹോദര്യമെന്നതിനെ സമ്പൂർണ്ണമായി റദ്ദാക്കുന്ന ബ്രാഹ്മണ്യത്തിന്റെ ശ്രേണീ കൃതമായ ജാതി ബന്ധത്തെയും മത വർഗീയതയേയും രാഷ്ട്ര ശരീരത്തിന്റെ അടിസ്ഥാന സ്വഭാവമാക്കാൻ ശ്രമിക്കുന്ന സംവിധാനം ഭൂരിപക്ഷഹിതത്തെ ജനാധിപത്യത്തിന്റെ കാതലാക്കുന്നു.നിയമം ഉള്ളതുകൊണ്ട് മാത്രം നീതി ലഭിക്കുന്നില്ല. പ്രാതിനിധ്യ ജനായത്തം ശക്തമായാൽ മാത്രമേ ഇന്ത്യൻ സമൂഹത്തിൽ സമത്വം പുലരൂ.വ്യക്തി കേന്ദ്രിതമായി അധികാരം പ്രവർത്തിക്കുകയും വ്യക്തിയെ വ്യക്തിയല്ലാതാക്കി കേവലം വർണ്ണ ക്രമത്തിൽ ക്രമീകരിച്ച് വ്യക്തിവികാസം തന്നെ തടയുന്ന വ്യവസ്ഥയാണ് വർണ്ണ ധർമ്മം എന്ന ജാതി അസമത്വ വ്യവസ്ഥ. ഈ വർണ്ണ ധർമ്മമൂല്യം നശിച്ചാൽ മാത്രമേ ഓരോ വ്യക്തിക്കും അവരുടെ കഴിവിനനുസരിച്ച് അവസരം ലഭ്യമാകൂ. മാർക്സിസ്റ്റ് ചിന്തകനായ അന്റോണിയോ ഗ്രാംഷി ഭരണവർഗ്ഗ മേൽക്കോയ്മയെ ഇപ്രകാരമാണ് നിരീക്ഷിക്കുന്നത്, മേധാവിത്വം പുലരുന്നത് അധികാരത്തിലും സമ്പത്തിലുമാണ്. എല്ലാ ചരിത്രത്തിലും ഒരു ന്യൂനപക്ഷം അധികാരവും സമ്പത്തും കുത്തകയായി വയ്ക്കും.അതിനെ ന്യായീകരിക്കാനും സാധൂകരിക്കാനും ചിലപ്പോൾ മറച്ചു പിടിക്കാനും ഭരണവർഗം സംസ്കാരത്തെ ഉപയോഗിക്കുന്നു. ഇത് മേധാവിത്വത്തെ മേൽക്കോയ്മ ആക്കി മാറ്റുന്നു.

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അടിസ്ഥാനങ്ങളായ ആശയങ്ങൾക്കെല്ലാം എതിർദിശയിൽ സഞ്ചരിക്കുന്നവരാണ് ഹിന്ദുത്വവാദികൾ.1950 ജനവരി 26 നാണ് ഭരണഘടനയെ അംഗീകരിച്ച് ഇന്ത്യ റിപ്പബ്ലിക് ആവുന്നത്. ജനാധിപത്യ മതനിരപേക്ഷ ഫെഡറൽ മൂല്യങ്ങളിലധിഷ്ഠിതമായ മഹത്തായ ആശയങ്ങളാണ് ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനം.ഫ്രഞ്ച് വിപ്ലവം മുന്നോട്ട് വച്ച സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന മുദ്രാവാക്യത്തിലൂടെ സോവിയറ്റ് യൂണിയൻ മുന്നോട്ട് വച്ച ആസൂത്രണത്തിലധിഷ്ഠിതമായ 'സോഷ്യലിസ്റ്റ് നിർമ്മാണ'വും അമേരിക്കൻ ഭരണഘടനയുടെ ആമുഖം മുന്നോട്ട് വച്ച 'നമ്മൾ ജനങ്ങൾ' എന്ന ആശയവും സ്വീകരിച്ച ഇന്ത്യൻ ഭരണഘടന ഇന്ത്യയുടെ വൈവിധ്യങ്ങളെയെല്ലാം ഉൾക്കൊള്ളുന്ന ലോകത്തിലെ തന്നെ വലിയ ലിഖിത ഭരണഘടനയാണ്. ഒരാധുനിക ജനാധിപത്യ സോഷ്യലിസ്റ്റ് സമൂഹമായി ഇന്ത്യയെ കെട്ടിപ്പടുക്കുകയെന്നതാണ് ഭരണഘടനയുടെ ലക്ഷ്യം. എന്നാൽ ഭരണഘടന അംഗീകരിച്ച ചരിത്രസന്ദർഭത്തിൽ തന്നെ അതിനെതിരെ മനുവാദമുയർന്നു. രാഷ്ട്രത്തിൽ മതവും ദൈവവുമാണ് അടിസ്ഥാനം എന്ന് വാദിച്ച ഫാസിസ്റ്റ് താത്വികാചാര്യനായ 'ബ്ലെൻ ചിലി' യുടെ ആശയങ്ങളെ പിൻപറ്റുകയാണ് സവർക്കറും ഗോൾവാൾക്കറും. രാഷ്ട്രത്തിന്റെ മതമായി ഹിന്ദുമതവും രാഷ്ട്രത്തിന്റെ ദൈവമായി രാമനെയും പ്രതിഷ്ഠിച്ചെടുക്കാനുള്ള വിധ്വംസഹമായ കടന്നാക്രമണങ്ങൾക്കിടയിലാണ് 75ആം വാർഷികം നാം ആചരിച്ചത്.

കേവലമായ ഒരു സ്വത്വപ്രശ്നം എന്നതിലുപരി ജനാധിപത്യവൽക്കരണത്തിന്റെ ചോദ്യമായി അധികാരത്തിന്റെ പ്രശ്നമായി അവകാശ ലംഘനങ്ങൾക്കെതിരെയുള്ള പ്രതിഷേധമായി മൂലധനത്തിനുള്ള പങ്കിന്റെ പ്രശ്നമായി ഹിന്ദുത്വ രാഷ്ട്രീയത്തിന്റെ അവർണ്ണവൽക്കരണത്തിനെതിരായി സാമ്പത്തിക കുത്തക നിലനിർത്തിയിരുന്ന വരേണ്യ ജാതി അസമത്വ ക്രമത്തിനെതിരായി ഒരു ആധുനിക വൽക്കരിച്ച സമീപനമാണ് ഇത്തരം വിഷയത്തിൽ സ്വീകരിക്കേണ്ടത്.ചർച്ച (Discussion )സംവാദം (Debate) വിയോജിപ്പ്(Descent) എന്നിവയിലൂടെയാണ് ജനാധിപത്യത്തെ സൃഷ്ടിക്കാവുന്നത്.ഒരു സ്വേച്ഛാധിപതിയും അയാൾ കയ്യടക്കുന്ന രാജ്യത്തെ തകർക്കുന്നില്ല. മറിച്ച് അടിമപ്പെടുത്തുകയും പറ്റാവുന്നത്രയും ഊറ്റിപ്പിഴിഞ്ഞ് സ്വന്തം ശക്തി വർധിപ്പിക്കുകയുമാണ് ചെയ്യുന്നത് .അവസാനം ഏതൊരു സാമ്രാജ്യവും പോലെ അവരോടൊപ്പം ആ രാഷ്ട്രവും ഇല്ലാതാവും. ഭരണം ഏകമുഖമായ സഞ്ചാരക്രിയയിലൂടെ ഒരേയൊരു നേതാവ് എന്ന യുക്തിയിലേക്ക് എത്തിച്ചേരുന്നതിന്റെ അടയാളങ്ങൾ വാസ്തവത്തിൽ ജനാധിപത്യത്തിന്റെ സമ്പൂർണ്ണമായ തിരസ്കാരത്തിന്റെ അടയാളമാണ്.ഒരർത്ഥത്തിൽ ജനാധിപത്യം വലിയ പരിവർത്തനത്തിന് വിധേയമാവുകയും അതിന്റെ അടിസ്ഥാന സ്വഭാവം റദ്ദായി പോവുകയും ചെയ്തു എന്നതാണ് വസ്തുത. കാർഷിക ബിൽ, ദേശീയ വിദ്യാഭ്യാസ നയം,പൗരത്വ നിയമം എന്നിവയിലെല്ലാം ജനാധിപത്യത്തിന്റെ നയരൂപീകരണം എന്ന ആശയത്തെ അർദ്ധ ശൂന്യമാക്കുന്നു. നിരാകരിച്ച് പരിഷ്കരിച്ച് മുന്നോട്ടുപോകുന്ന ഒരു പ്രവണതയാണ് ഇന്ത്യയിൽ ഇന്ന് കാണാവുന്നത്. ദരിദ്രന് നീതിയുടെ അത്യാവശ്യമില്ല എന്ന യുക്തിയിൽ നിന്നാണ് പല നിയമങ്ങളും പ്രാബല്യത്തിൽ വരുന്നത്. ഇന്ത്യയിലെ പൗരത്വത്തെ മതപരമായ ഒന്നാക്കി മാറ്റാനുള്ള ശ്രമമാണ് പൗരത്വ നിയമത്തിൽ എന്ന് നിസ്സംശയം പറയാം. മതാത്മകമായ വിഭജന യുക്തിയാണ് പൗരത്വ നിയമത്തിൽ ഉള്ളത്.പൗരത്വ ബോധനരീതിയെ എതിർക്കുക എന്നത് ഭരണഘടനാ മൂല്യങ്ങളെ സംരക്ഷിക്കലാണ്.

ചരിത്രം പുനക്രമീകരിക്കപ്പെടുന്നു.

RSS ന്റെ നൂറാം ജന്മ വാർഷികം 2025ൽ ആഘോഷിക്കാൻ പോകുന്നു. ഇന്ത്യയിൽ ജനാധിപത്യം ദുർബലമാകുന്നു.

ശൂദ്രം അക്ഷരസംയുക്തം ദൂരതഃ പരിവർജ്ജിയേ".

**സുധീര എസ്.**
ഗവൺമെന്റ് കോളജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ തിരുവനന്തപുരം

ഉപന്യാസം - വിദ്യാർത്ഥി വിഭാഗം (മൂന്നാം സ്ഥാനം)

# ബഹുവർണ്ണ ബഹുമത റിപ്പബ്ലിക്

ജനാധിപത്യം എന്നാൽ 'ജനങ്ങൾക്ക് വേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ ഭരണം' എന്ന മഹത്തായ വ്യാഖ്യാനം നൽകിയത് മഹാനായ അബ്രഹാം ലിങ്കനാണ്. ഒരു സമൂഹത്തിലെ എല്ലാ അംഗങ്ങളും തുല്യരായിരിക്കണം എന്നതാണ് ജനാധിപത്യത്തിന്റെ കാതലായ തത്വം. 1947ൽ ഇന്ത്യ സ്വതന്ത്രയായതിനു ശേഷം ഒരു ജനാധിപത്യരാജ്യമായി മാറി. 1976ലെ 42-ാം ഭരണഘടനാ ഭേദഗതിയിലൂടെ ഇന്ത്യയുടെ ഭരണഘടനയിൽ ഇന്ത്യ ഒരു ജനാധിപത്യ മതേതരത്വ റിപ്പബ്ലിക്കൻ രാജ്യമാണെന്ന് പറയുന്നു. പരമാധികാരം ജനാധിപത്യ റിപ്പബ്ലിക്ക് എഎന്നതിൽ നിന്നും പരമാധികാര സോഷ്യലിസ്റ്റ് മതേതരത്വ ജനാധിപത്യ റിപ്പബ്ലിക് എന്നാക്കി മാറ്റുകയും രാഷ്ട്രത്തിന്റെ ഐക്യം എന്ന് പദം ഐക്യവും അഖണ്ഡതയും എന്നാക്കി മാറ്റുകയും ചെയ്തു. 1947ൽ ഇന്ത്യയ്ക്ക് ധീരമായ ഒരു സ്വപ്നമുണ്ടായിരുന്നു. "ഒരു ബഹുവർണ്ണ, ബഹുമത റിപ്പബ്ലിക്ക്". എല്ലാ മതങ്ങളുടെയും അംശം. ബഹുസ്വരത, വൈവിധ്യം എന്നിവയെല്ലാം ഉൾക്കൊള്ളുകയും ആഘോഷിക്കുകയും ചെയ്യുന്ന ഒരു റിപ്പബ്ലിക്. അവിടെ ഭൂരിപക്ഷമില്ല, ദൈവാധിപത്യമില്ല. പകരം എല്ലാ മതങ്ങളുടെയും സമന്വയം സാധ്യമാകുന്ന ഒരിന്ത്യ. എന്നാൽ ഇന്ന് മതപരവും ജാതി, വർഗപരവും രാഷ്ട്രീയപരവും സ്ത്രീകളും ന്യൂനപക്ഷങ്ങളും എന്നുതുടങ്ങി നിരവധി ജനാധിപത്യവെല്ലുവിളികൾ ഇന്ത്യ നേരിട്ടുകൊണ്ടിരിക്കുകയാണ്.

സമകാലിക ഇന്ത്യയുടെ ചരിത്രം പരിശോധിക്കുമ്പോൾ ഇന്ത്യ ഒരു ജനാധിപത്യ രാജ്യമാണോ മതാധിപത്യ രാജ്യമാണോ എന്ന സംശയം നമ്മിൽ ഉണ്ടാകുന്നു. നമ്മുടെ പ്രധാനമന്ത്രി അതായത് ഇന്ത്യൻ റിപ്പബ്ലിക്കിന്റെ തലവൻ ഒരു മതാചാര്യനായി മാറുന്ന കാഴ്ച നാം നിർവ്വികാരതയോടെ നോക്കിക്കാണുകയാണ്. നമ്മുടെ മഹത്തായ സംസ്കാരത്തിന്റെ പ്രതീകമാകേണ്ട പാർലമെന്റ് മന്ദിരം ഉദ്ഘാടനം ചെയ്യുന്ന പ്രധാനമന്തിയെ ഒരു മതപരമായ ചടങ്ങുകള നടത്തുന്ന വ്യക്തിയായിട്ടാണ് നമ്മൾ കണ്ടത്. ഇതിലൂടെ നമ്മുടെ പ്രധാനമന്ത്രി എന്ത് സന്ദേശമാണ് നമുക്ക് തന്നത്. നാനാത്വങ്ങളുടെ പറുദീസയായ ഇന്ത്യയെന്ന ആശയത്തെ ഇല്ലായ്മ ചെയ്യുവാനുള്ള ഫാസിസത്തിന്റെ വിശാല പദ്ധതിയുടെ ഭാഗമാണത്.

ഇന്ത്യൻ ജനാധിപത്യം ഇന്ന് കടുത്ത വെല്ലുവിളികളിലൂടെ കടന്നുപോയ്ക്കൊണ്ടിരിക്കുകയാണ്. ഇന്ത്യൻ ന്യൂനപക്ഷങ്ങൾക്കുനേരെയുള്ള അതിക്രമങ്ങളും അടിച്ചമർത്തലുകളുമെല്ലാം ഭരണകൂടം ഇന്ത്യയെ ജനാധിപത്യത്തിൽ നിന്ന് മതാധിപത്യത്തിലേക്ക് കൊണ്ടുപോയ്ക്കൊണ്ടിരിക്കുന്നു എന്ന് സാധാരണക്കാരായ നമുക്ക് മനസ്സിലാകും. ബാബറി മസ്ജിദ് നിന്നിരുന്ന സ്ഥലത്ത് ക്ഷേത്രം ഉണ്ടായിരുന്നു എന്നതിന് ഇതുവരെ ഒരു തെളിവും ലഭിച്ചിട്ടില്ല. എന്നാൽ മസ്ജിദ് ഉണ്ടായിരുന്ന




തിന് തെളിവുണ്ട് താനും. രാമൻ ജനിച്ചത് അവിടെയാണെന്നതിന് തെളിവില്ല. എന്നിട്ടും പള്ളിപൊളിച്ച സ്ഥലത്ത് ക്ഷേത്രം നിർമിക്കാനുള്ള സുപ്രീംകോടതിയുടെ വിചിത്രമായ വിധിയെ ഇന്ത്യൻ ന്യൂനപക്ഷം അംഗീകരിച്ചു. ഇവിടെ കോടതികൾ ഭരണകൂടത്തിന്റെ ഇഷ്ടത്തിനൊത്ത് പ്രവർത്തിക്കുമ്പോൾ നമ്മുടെ രാജ്യം എങ്ങോട്ടാണ് പോയ്ക്കൊണ്ടിരിക്കുന്നതെന്ന് നാം ആശങ്കപ്പെടുന്നു.

രാമൻ അയോധ്യയിലെ ബാബറി മസ്ജിദിനകത്താണ് ജനിച്ചതെന്ന് പറഞ്ഞ്, 1992 ഡിസംബർ 6ന് ബാബറി പള്ളി പൊളിക്കുന്നിടത്താണ് സംഘപരിവാറുകാരുടെ മതരാഷ്ട്ര സിദ്ധാന്തം തുടങ്ങുന്നത്. 2024 ജനുവരി 22ന് മസ്ജിദ് തകർക്കപ്പെട്ട അതേ സ്ഥാനത്ത് അസാമാന്യവേഗത്തിൽ നിർമിച്ച ക്ഷേത്രത്തിലെ പ്രാണപ്രതിഷ്ഠ, മുഖ്യയജമാനപദവിയിൽ പ്രധാനമന്ത്രി നരേന്ദ്രമോഡി നടത്തിയപ്പോൾ മതേതരത്വത്തിൽ വിശ്വസിക്കുന്ന കോടിക്കണക്കിന് ഇന്ത്യൻ ജനമനസ്സുകളിൽ അത് അണയാക്കനലായി മാറി. അദ്ദേഹത്തിന്റെ ഭാഷയിൽ രാജ്യം പുതുയുഗപ്പിറവിക്ക് തുടക്കം കുറിച്ചിരിക്കുന്നു. വരുന്ന 1000 വർഷങ്ങൾക്കുള്ള അടിത്തറയാണ് പാകിയിരിക്കുന്നതെന്നും ഇത് രാമരാജ്യമാണ് എന്നും പ്രഖ്യാപിച്ച മോഡി ഇന്ത്യയെ എങ്ങോട്ടാണ് കൊണ്ടുപോകുന്നത്. 'ജനാധിപത്യത്തിലും മതനിരപേക്ഷതയിലും' അധിഷ്ഠിതമായ ഇന്ത്യൻ ഭരണഘടനയുടെ പേരിൽ പ്രതിജ്ഞയെടുത്ത നരേന്ദ്രമോഡിയുടെ പ്രവർത്തനങ്ങൾ ഇന്ത്യയെ ഒരു ഹിന്ദുരാഷ്ട്രമാക്കി മാറ്റിക്കൊണ്ടും അതിലൂടെ ഇന്ത്യ ഒരു മതരാഷ്ട്രമായും മാറുന്ന കാഴ്ചയാണ് നാം കാണുന്നത്.

2023 മെയ് 3ന് മണിപ്പൂരിലെ ഇംഫാൽ താഴ്വരയിൽ താമസിക്കുന്ന ഭൂരിപക്ഷം വരുന്ന മെയ്തി ജനതയ്ക്കും ചുറ്റുമുള്ള കുന്നുകളിൽ വസിക്കുന്ന കുകി ആദിവാസി സമൂഹത്തിനുമിടയിൽ വംശീയ അതിക്രമം പൊട്ടിപുറപ്പെട്ടു. അക്രമത്തിൽ നിരവധി പേർ കൊല്ലപ്പെടുകയും നൂറുകണക്കിന് മനുഷ്യർക്ക് ആക്രമണങ്ങളിൽ പരിക്കേൽക്കുകയും ധാരാളമാളുകളെ കാണാതാവുകയും ചെയ്തിട്ടുണ്ട്. അവിടെ ഇന്റർനെറ്റ് ബാൻ ചെയ്തിരിക്കുന്നതിനാൽ ആക്രമണവിവരങ്ങൾ പുറംലോകം അതിന്റെ വ്യാപ്തിയിൽ അറിയുന്നത് മാസങ്ങൾ കഴിഞ്ഞാണ്. ബലാത്സംഗങ്ങൾ, കൂട്ടക്കുരുതികൾ എല്ലാം. ഒരു ഭരണകൂടത്തിന്റെ ഒത്താശയില്ലാതെ ഒരു കലാപം ഇത്രയും നാൾ നീണ്ടുനിൽക്കില്ലായെന്ന് സാമാന്യബുദ്ധിയുള്ള ഏതൊരു മനുഷ്യനും മനസ്സിലാവും. ഒരു ജനാധിപത്യഭരണസംവിധാനത്തിൽപ്രവർത്തിക്കുന്ന ഒരു സർക്കാറിന് ഇത് നോക്കിനിൽക്കാൻ കഴിയുമോ? അപ്പോൾ പരസ്പരം വംശീയ കലാപം സൃഷ്ടിച്ച് രാജ്യത്ത് അരാജകത്വവും അരക്ഷിതാവസ്ഥയും സൃഷ്ടിക്കുകയാണ് നമ്മുടെ ഭരണകർത്താക്കൾ ഇത്തരം അന്ധത അഭിനയിക്കുന്ന ഭരണാധികാരികളാണ് നമ്മുടെ ജനാധിപത്യത്തിന്റെ ഏറ്റവും വലിയ ശാപം. ഇന്ത്യൻ റിപ്പബ്ലിക്കിന്റെ പ്രധാനമന്ത്രി മണിപ്പൂരിനെക്കുറിച്ച് ഒരു വാക്ക് നമ്മുടെ പാർലമെന്റിൽ ഉച്ചരിക്കാനോ മണിപ്പൂർ സന്ദർശിച്ച് അവിടുത്തെ ജനങ്ങളെ ഒന്ന് ആശ്വസിപ്പിക്കാനോ നാളിതുവരെ മുതിർന്നിട്ടില്ല. മണിപ്പൂരിലെ സ്ത്രീകളെ നഗ്നരായി പരേഡ് ചെയ്യിക്കുകയും ബലാത്സംഗം ചെയ്യുന്നതുമായ രംഗം




വീഡിയോയിൽ കണ്ട് ലോകം ഞെട്ടിത്തരിച്ചപ്പോഴും നമ്മുടെ പ്രധാനമന്ത്രിക്ക് ഒന്നും പറയാനില്ല. ഹിന്ദുക്കളായ മെയ്തികളെയും ക്രിസ്ത്യാനികളായ കുക്കികളും തമ്മിലുള്ള വംശീയ കലാപം ആസൂത്രിതമാണെന്നതിന് ഇതിൽ പരം വലിയ തെളിവെന്തുവേണം. മണിപ്പൂരിന് എന്നെങ്കിലും ഇന്ത്യയെ വിശ്വസിക്കാൻ കഴിയുമോ? ഇന്ത്യൻ ജനാധിപത്യത്തെ വിശ്വസിക്കാൻ കഴിയുമോ? ഈ ചോദ്യങ്ങൾ ജനാധിപത്യത്തിൽ വിശ്വസിക്കുന്ന നാമോരോരുത്തരോടുമുള്ളതാണ്. സ്ത്രീകളുടെ മാനത്തിന് യാതൊരു വിലയും കൽപിക്കാത്ത പ്രധാനമന്ത്രിയാണ് ചെങ്കോട്ടയിൽ നാരിശക്തിയെയും സ്ത്രീശക്തീകരണത്തെയും കുറിച്ച് വാതോരാതെ പ്രസംഗിക്കുന്നത്.

നമ്മുടെ രാജ്യം കണ്ട ഏറ്റവും വേദനയുളവാക്കിയ ഒരു തിരസ്കരണ സമരമായിരുന്നു ഗുസ്തി താരങ്ങളുടേത്. നമ്മുടെ നാടിന് വേണ്ടി ഒളിമ്പിക്സിൽ മെഡൽ നേടിയ അവരുടെ സമരത്തെ നമ്മുടെ ഭരണാധികാരികൾ നേരിട്ടത് എങ്ങനെയെന്ന് ലോകം കണ്ടതാണ്. രാജ്യത്തിന്റെ അഭിമാനം വാനിലുയർത്തിയ വനിതാ ഗുസ്തി താരങ്ങൾ ഗുസ്തി ഫെഡറേഷന്റെ അകത്തളങ്ങളിൽ നടക്കുന്ന ലൈംഗിക അതിക്രമങ്ങളും അധികാര ദുഷ്പ്രവണതകളും തുറന്നുപറഞ്ഞ് നീതിക്കായി പോരാടിയപ്പോൾ, സ്ത്രീസുരക്ഷ, വനിതാ ശാക്തീകരണം എന്നിവ ഭരണകൂടങ്ങൾക്ക് കേവല മുദ്രാവാക്യമാണെന്ന് ലോകം മനസ്സിലാക്കി. തങ്ങൾക്ക് ലഭിച്ച മെഡലുകൾ പ്രധാനമന്ത്രിയുടെ വസതിക്ക് മുൻപിൽ ഉപേക്ഷിച്ച് തന്റെ കായികജീവിതം അവസാനിപ്പിച്ചു എന്ന് പ്രഖ്യാപിച്ച സാക്ഷിമാലികും നാം ഓരോരുത്തരോടും ചോദിക്കുന്ന ചോദ്യമുണ്ട്. ഇന്ത്യ ഒരു ജനാധിപത്യ രാജ്യമാണോ? ഈ ചോദ്യം നാം ഓരോരുത്തരും സ്വയം ചോദിച്ചുനോക്കൂ. ഇന്ത്യ ജനാധിപത്യ രാജ്യമാണോ? നമുക്ക് ആണെന്ന് പറയാൻ കഴിയുന്നുണ്ടോ? നമ്മുടെ ത്രിവർണ്ണപതാക ഒളിമ്പിക് വേദികളിൽ മറ്റു രാജ്യങ്ങളുടെ മുന്നിൽ ഉയർത്തിപ്പിടിച്ച ആ മനുഷ്യരുടെ കണ്ണീരിന് പകരം കൊടുക്കാൻ നമ്മുടെ നിയമവ്യവസ്ഥകൾക്ക് എന്താണുള്ളത്. അതോടൊപ്പം നടന്ന കർഷക സമരങ്ങളും നേരിട്ട രീതി നാമെല്ലാം കണ്ടതാണ്.

പ്രാണപ്രതിഷ്ഠയ്ക്ക് ശേഷം സംഘപരിവാർ ഗ്യാൻവാപി മസ്ജിദിലേക്ക് ശ്രദ്ധതിരിച്ചിരിക്കുന്നു. ചരിത്രത്തിൽ നിന്ന് ഒരേട് അടർത്തിയെടുത്ത് ജനങ്ങളിൽ സംശയം ജനിപ്പിക്കുകയും അതിനുശേഷം അത് സത്യമാണെന്ന് വരുത്തിത്തീർക്കുകയും ചെയ്യുന്നു. ജുഡീഷ്യറി അതിനനുകൂലമായ വിധികൾ പുറപ്പെടുവിക്കുന്നു. നമ്മുടെ ജുഡീഷ്യറിയിൽ നമുക്കുള്ള വിശ്വാസം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇന്ത്യയിൽ ഹിന്ദുരാഷ്ട്രത്തിന്റെ സ്ഥാപനം ജുഡീഷ്യറിയിലൂടെയാകുമെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഏതെങ്കിലും പള്ളി നിൽക്കുന്ന സ്ഥലത്ത് അമ്പലങ്ങളുടെ അവശിഷ്ടങ്ങൾ ഉണ്ടോയെന്ന അന്വേഷണം ഇന്ത്യയിൽ സാധാരണമായിരിക്കുന്നു. കുഴിച്ച് കുഴിച്ച് ഇന്ത്യ ത്രേതായുഗത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു. അതിനു കുടപിടിക്കുന്നത് പുരാവസ്തു ഗവേഷണവകുപ്പും നമ്മുടെ ജുഡീഷ്യറിയും. വിധി പുറപ്പെടുവിക്കുന്ന ന്യായാധിപന്മാർ വംശീയ മുൻവിധിയുടെയും ഭരണകൂടത്തിന്റെയും തടവുകാരായി മാറുമ്പോൾ ജനാധിപത്യം




കൊലചെയ്യപ്പെടുന്ന കാഴ്ചയാണ് നാം കാണുന്നത്.

താജ്മഹലിലെ ഉറൂസിനെപ്പറ്റിയാണ് പുതിയ വാർത്തകൾ വന്നുകൊണ്ടിരിക്കുന്നത്. അവിടെ എന്തിനാണ് മതത്തിന്റെ പ്രാർത്ഥന നടത്തുന്നത് എന്ന് പലരും ചോദിക്കുകയുണ്ടായി. താജ് മഹൽ ചരിത്രസ്മാരകമാകുന്ന സമയത്ത് ചില കരാറുകൾ ചെയ്തിട്ടുണ്ട്. ചില പ്രത്യേകസമയങ്ങളിൽ നമസ്കാരവും ബാബറിന്റെ കാലത്ത് പിന്തുടർന്ന ചില ഉത്സവങ്ങളും ഇതിന്റെ അടിസ്ഥാനത്തിലാണ്. ഇതുപോലെയുള്ള ചരിത്രസ്മാരകങ്ങൾ വേറെയുമുണ്ട്. ഹംപി, ഗോൾഡൻ ടെംപിൾ, വിശ്വേശ്വരയ്യാ ടെമ്പിൾ, കജുരാഹോ, മഹാബലിപുരം ഇവയെല്ലാം. നിയമവാഴ്ചയും നീതിനിർവഹണവും തകരുമ്പോൾ സാധാരണ പൗരന്മാരാണ് ഇരകളാകുന്നത്. ഇന്ത്യൻ ജുഡീഷ്യറിയെ ബാധിച്ച ഈ അന്ധതയ്ക്ക് പരിഹാരം കണ്ടെത്തിയാലേ ഈ അവസ്ഥയ്ക്ക് കുറച്ചെങ്കിലും മാറ്റം വരൂ.

1991ലെ ആരാധനാലയ സംരക്ഷണ നിയമവും ഇത്തരം നിയമനടപടികൾ തടയാനുള്ളതായിരുന്നു. എല്ലാ വിശ്വാസങ്ങളോടും തുല്യനീതി പാലിക്കുന്നതിന് രാഷ്ട്രത്തിനുള്ള ഉത്തരവാദിത്തം അത് എടുത്തുപറയുന്നുമുണ്ട്. അതിനെയാണ് കേവലം ചില ഹർജികളുടെ അടിസ്ഥാനത്തിൽ കോടതികൾ തന്നെ കാറ്റിൽ പറത്തുന്നത്. നീതിപീഠങ്ങൾ വഴി വരുന്ന പ്രശ്നങ്ങൾ നീതിപീഠങ്ങൾ തന്നെ പരിഹരിച്ചിച്ചെങ്കിൽ ഈ അവസ്ഥ ഒഴിവാക്കാമായിരുന്നു എന്ന ആശിക്കാനേ ഉത്തരവാദിത്വബോധമുള്ള പൗരന്മാർക്ക് കഴിയൂ. ഇതിൽ നിന്നെല്ലാം ഇന്ത്യൻ ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ നമുക്ക് മനസ്സിലാക്കാം. നമ്മൾ പുതിയ ഒരു സ്വാതന്ത്ര്യസമരത്തിന്റെ പാതയിലൂടെ സഞ്ചരിച്ചാൽ മാത്രമേ അത് സാധ്യമാവുകയുള്ളൂ. ഇവിടെയാണ് സമകാലിക ഇന്ത്യാ ചരിത്രത്തിൽ ബിൽക്കീസ് ബാനുവിനെപ്പോലുള്ളവരുടെ പ്രസക്തി. തന്റെ മൂന്ന് വയസ്സുകാരി കുഞ്ഞിനെ തറയിലിടിച്ച് കൊല്ലുകയും തന്റെ ബന്ധുക്കളായ 14 പേരും കൂട്ടക്കുരുതി ചെയ്യുകയും തന്നെ കൂട്ടബലാത്സംഗത്തിനിരയാക്കുകയും ചെയ്ത വംശീയ വെറിയന്മാർക്കെതിരെ എല്ലാം നഷ്ടപ്പെട്ട ഒരു പെണ്ണിന്റെ പോരാട്ടവീര്യം നാം കണ്ടതാണ്. അധികാരിവർഗത്തിന്റെ എല്ലാ പിൻബലവുമുണ്ടായിട്ടും ഗുജറാത്ത് കലാപത്തിലെ 11 പ്രതികളെയും തിരികെ അഴിക്കുള്ളിലാക്കിയ ആ പോരാട്ടവീര്യം നാം ഓരോരുത്തരും ഉൾക്കൊള്ളും. നമ്മുടെ പരമോന്നത കോടതിയിൽ നമുക്കുള്ള വിശ്വാസം വീണ്ടെടുക്കാൻ ഇങ്ങനെയുള്ള വിധികൾക്ക് കഴിയും. നാം ഓരോരുത്തരും ജനാധിപത്യത്തിന്റെയും മതനിരപേക്ഷതയുടെയും കാവലാളുകളായി പ്രവർത്തിച്ചാൽ നമ്മുടെ രാജ്യത്തെ ഭിന്നിപ്പിക്കാൻ ഒരു വർഗീയ ശക്തിക്കും കഴിയില്ല. എല്ലാവർക്കും അതിന് കഴിയുമാറാകട്ടെ.

അമൽ സുദേവൻ എസ്.
എം എസ് സി ഇൻഡസ്ട്രിയൽ കെമിസ്ട്രി,
ദേവസ്വം ബോർഡ് പമ്പ കോളജ് പരുമല

# പുകയോർമ്മ

കത്തുന്ന നാളത്തിലെരിയുന്നിതെന്തിനീ -
കുഞ്ഞിന്റെ ചിരിയാർന്നൊരോർമ ...
കനലിന്നരികിലാ,യെരിയുന്ന നെഞ്ചുമായ്-
കണ്ണീർ പൊഴിക്കുന്നവമ്മ...

കണ്ണീരു വറ്റിക്കറുത്ത കൺപോളയും
കരളു പിളർന്നോരാ ചങ്കിന്റെ താളവും,
കുറുകുവാനാകാത്ത ദുഖക്കിളിയവൾ,
കേൾക്കുന്ന നെഞ്ചിന്റെ,യാളൽ ....

കിടക്കയിൽ മദ്യ ഗന്ധവുമെരിച്ചു -
കൊണ്ടുറങ്ങുന്ന താതന്റെ ബോധം...
കരയുന്ന കുഞ്ഞിനെ തട്ടിയുറക്കവേ -
കരയണ്ട രാജാത്തിയെന്നോതിയോൻ,
കവിളിലായ് ചേർത്തോരാ ചുണ്ടിന്റെ -
കൂട്ടിലെരിയും പുകച്ചുരുളെടുത്ത്
കാക്കയ്ക്കു കൂട്ടിനെറിഞ്ഞു,കളഞ്ഞവൾ
കൈകളാ,ലച്ഛനെ ചേർത്ത് പിടിച്ചവൾ
കൊഞ്ചിക്കുമച്ഛന്റെ നെഞ്ചിലുറങ്ങുവോൾ

കുഞ്ഞിൻ മുഖത്തായ് പുകക്കാറ്റ് വീശി
കുളിരുന്ന ചിരികണ്ടു വാരിപുണർന്നവൻ,
കരയാതെ ചിതകണ്ടു കള്ള് വാങ്ങിച്ചവൻ,
കള്ളിൻ ഗമ കൊണ്ട് വീടു മറന്നവൻ,
കള്ളങ്ങൾ ചെയ്തിട്ടു വീടു മുടിച്ചവൻ
കെട്ട്യോളെ കെട്ടിന്നടിപിടി കൂടീട്ടു,
കിട്ടാത്ത വാശിക്കെടുത്തിട്ടടിച്ചതും
കൊല്ലല്ലെയമ്മയെന്നോതിയീ മോളും;
കിട്ടിയ തല്ലിൽ കറങ്ങിയോൾ വീഴവേ
കിട്ടീയവൾക്കൊരു പേര് കൂടി...

കാണുന്നോർക്കന്നവൾ വയ്യാത്തകൊച്ച്.
കുടിച്ച പുകതന്ന ക്യാൻസറിൻ മൊട്ടുകൾ
കുമ്പിട്ടു നിർത്തിയവളുടെ കണ്ണുകൾ..

കൂമ്പിച്ച കൺപോള എന്നേക്കുമായി...
കത്തുന്ന നാളത്തിലെരിയുന്നിതെന്തിനീ -
കുഞ്ഞിന്റെ ചിരിയാർന്നൊരോർമ ...
കനലിന്നരികിലാ, യെരിയുന്ന നെഞ്ചുമായ്-
കണ്ണീർ പൊഴിക്കുന്നവമ്മ...

കവിത - വിദ്യാർത്ഥി വിഭാഗം
(മൂന്നാം സ്ഥാനം)

**അമൽ സുദേവൻ എസ്**
എം എസ് സി, ഇൻഡസ്ട്രിയൽ കെമിസ്ട്രി,
ദേവസ്വം ബോർഡ് പമ്പ കോളജ്, പരുമല

കഥ -വിദ്യാർത്ഥി വിഭാഗം
( ഒന്നാം സ്ഥാനം)

# കൂർത്ത നാദം

അനാഥമായ ഇരുട്ട് ആരുടേയും മൂട് താങ്ങാതെ, ആരോടും അനുവാദം ചോദിയ്ക്കാതെ ജനാല പഴുതിലൂടെ മുറിയിലേയ്ക്കു കടന്നു ചെന്നു... ചുറ്റും തളം കെട്ടി കിടന്ന ഇരുട്ടിന്റെ കെട്ട് വളരെ പണിപ്പെട്ട് അഴിച്ചു മാറ്റുകയായിരുന്നു നിശബ്ദമായ്, നിർത്താതെ ശബ്ദിച്ച ഫാൻ... ആ ഫാനിന്റെ കാറ്റേറ്റാകണം കഴുത്തറ്റം വളർന്ന അവന്റെ മുടിയിഴകൾ എവിടേയ്ക്ക് എന്നറിയാതെ അങ്ങങ്ങു ഓടി നടക്കുന്നത്... കമഴ്ന്നു കിടന്ന അവന്റെ കഴുത്തിന്റെ ഇരുവശങ്ങളിലും എന്തിന്റെയൊക്കെയോ കഥകൾ മൗനമായി ശബ്ദിക്കു മുറിപ്പാടുകൾ...

അവന്റെ വലത്തേ കൈ അവന്റെ ചെവി മറച്ചു കിടക്കുന്നു. ആ ഉറക്കത്തിലും അവനിൽ മൗനം തളം കെട്ടുന്ന പോലെ... നിശബ്ദത കെട്ടിമറിയുന്ന ആ മുറിയിൽ അവന്റെ ശരീരത്തിനൊപ്പം ശ്വാസവും അവന്റെ മൂക്കിലൂടെ ഉള്ളിലേയ്ക്കും പുറത്തേയ്ക്കും പോകുന്നതിന്റെ അടയാളങ്ങൾ ഉള്ള പോലെ...

അവനെ നോക്കി അടഞ്ഞു മൗനം പൂണ്ടു കിടന്ന വാതിലിനു നേരം പുലരും വരെ ചെറുതായ് പോലും സ്ഥാനചലനമുണ്ടായില്ല...

എങ്ങും തളം കെട്ടി നിന്ന മൗനത്തെ പുറത്തെ ഒറ്റ വിളിയിൽ നിലത്തു വീണടച്ചു...

"അനുഷ്...."

അവൻ ഞെട്ടി ഉണർന്നു... ഒന്നനങ്ങി നിശബ്ദമായ് ആ കിടക്കയിൽ തന്നെ തിരിഞ്ഞു കിടന്നു. വാചാലമായ ആ ഒറ്റ വിളിയിൽ അവന്റെ ചെവിയിലൂടെ എന്തോ സൂചി കൊണ്ട് കുത്തുന്ന പോലെ തോന്നി..

ആ ശബ്ദം അവന്റെ ചെവിയിൽ എന്തെന്നില്ലാത്ത പ്രകമ്പനങ്ങൾ ഉണ്ടാക്കി... മൗനമായ് അവന്റെ ചുണ്ടുകൾ എന്തൊക്കെയോ ശബ്ദിച്ചു.. കണ്ണുകൾ ഇപ്പോഴും തുറന്നിട്ട് ഉണ്ടായിരുന്നില്ല...

ആകെ വിയർത്തിരുന്നു അവൻ... ആ വിയർപ്പു മണികൾ അവന്റെ നെറ്റിയിൽ നിന്നും ഒലിച്ചു കവിളികളെ സ്വന്തമാക്കി നിലത്തെ മൗനത്തിൽ ചാടി ആത്മഹത്യ ചെയ്തു... പക്ഷെ അവന്റെ കൈകൾ പോലും മൗനത്തെ അലങ്കോലപ്പെടുത്താൻ തയ്യാറാകുന്നില്ലായിരുന്നു..

ഒരു ശബ്ദവും തന്റെ വീട്ടിലേയ്ക്കു നുഴഞ്ഞു കയറരുത് എന്നു ഒരു പാട് വട്ടം പറഞ്ഞിട്ടുണ്ട്.. ആ വാക്ക് വീണ്ടും തെറ്റിയതിൽ ഉള്ള വിഷമം കൊണ്ടാകാം ആ മുറിക്ക് പുറത്തു നിന്ന് ജനലിലൂടെ അമ്മ അവനെ നോക്കി മൗനമായ് കണ്ണീർ പൊഴിച്ചത്...

വീണ്ടും വീണ്ടും അവന്റെ കൈകൾ അവന്റെ ചെവിയിലേയ്ക്കു കൂടുതൽ ബലത്തിൽ അമരുന്നുണ്ടായിരുന്നു...

വീണ്ടും എന്തൊക്കെയോ ശബ്ദങ്ങൾ അങ്ങിങ്ങായി പ്രതിഫലിക്കുന്ന പോലെ അവനു തോന്നി... കാലം കവർന്നെടുത്ത അവന്റെ ശബ്ദം ഒരലർച്ചയായ് തൊണ്ടയിൽ വന്നു മൗനത്തിലേയ്ക്കു എടുത്തു ചാടി... ഉറക്കെ നിലവിളിയ്ക്കണമെന്ന് ഉണ്ടായിരുന്നു.. വീണ്ടും വീണ്ടും ഉറക്കെ പറയണമെന്ന് ഉണ്ടായിരുന്നു.. പക്ഷെ നിലച്ച ശബ്ദം പുറത്തേക്കു വരുന്നുണ്ടായിരുന്നില്ല...

അവന്റെ ചിന്തകൾ അവനറിയാത്ത ഏതോ ലോകത്തേക്ക് കടന്നു ചെല്ലുന്ന പോലെ തോന്നി...

ooooooooooooooooooooooooooooooooooooooooooooooooo

ആഴ്ചകളല്ല മാസങ്ങളായി ആ ആക്സിഡന്റിന്റെ ചാലിൽ പെട്ടു



അവന്റെ ശബ്ദം നിലച്ചത് എന്ന് അവൻ ഉരുവിട്ടു...

"താനാണ്.. താനാണ് എല്ലാത്തിനും കാരണം... "

ശബ്ദം പുറത്തേക്കു വന്നില്ലെങ്കിലും അവന്റെ ചുണ്ടുകൾ ആ മൗനത്തിന്റെ തലയിൽ തട്ടുന്ന രീതിയിൽ പറഞ്ഞു...

വീണ്ടും വീണ്ടും അവൻ അതാവർത്തിച്ചു.. തലമുടികളിലേക്കു കൈകൾ പലതവണ ശക്തിയിൽ വലിച്ചു പിടിച്ചു...പണ്ടെപ്പോഴോ ആരോ പറഞ്ഞ ബാധകൂടിയ പോലെ.. എങ്കിലും നിശബ്ദമായ്...

അവന്റെ ഉള്ളിൽ ഇരുന്നു ആരോ വീണ്ടും വീണ്ടും പറയുന്ന പോലെ..

"നീയാണ്.. നീയാണ് എല്ലാത്തിനും കാരണം എന്ന്... "

അവൻ പറഞ്ഞു..

"ഞാനാ.. ഈ ഞാനാ എന്റെ മോളെയും അച്ഛനെയും കൊന്നത്... "

മൗനമായ... നിശബ്ദമായ്, ഉറക്കെ ഉറക്കെ...

അവന്റെ കണ്ണുകൾ ശബ്ദിച്ചു.. മൗനമായ്, ഭ്രാന്തമായ്... ചെവികളിൽ ഇരുന്ന വിരലുകൾ വീണ്ടും തലമുടികളിലേക്കു സ്ഥാനമാറ്റം വന്നിരുന്നു.. കൈകളിൽ പല മുടിനാരുകളും അവന്റെ ശക്തിയിൽ ദൃശ്യമായി...

ooooooooooooooooooooooooooooooooooooooooooo

പുറത്തു നിന്ന് ഇതെല്ലാം കണ്ടു

കൊണ്ടിരുന്ന അമ്മയുടെ കണ്ണുകൾ എന്നത്തേയും പോലെ നിറഞ്ഞു ഒഴുകി...

വീണ്ടും വീണ്ടും എന്തിനു എന്ന് ദൈവത്തെ ശപിച്ചു... എന്തിനു തന്റെ മകന് ഈ വിധി എന്നോർത്ത്... മൗനമായ്.. ആ മൗനത്തിനു വാചാലത ഏറെ ആയിരുന്നു...

അവന്റെ കൈകളെ തലയിൽ നിന്നും എടുത്തു മാറ്റി ഇറുകെ പുണരണമെന്ന് ഉണ്ടായിരുന്നു.. പക്ഷെ വിധി തന്റെ കാലുകളെ മൗനമാക്കുന്നു.. ഉള്ളിലേയ്ക്കു ഇനി പ്രവേശനമില്ലാത്ത പോലെ...

താനടച്ച വാതിൽ തനിക്കു മുന്നിൽ പ്രവേശനം നിഷേധിച്ച പോലെ... ചിന്തകൾ എവിടെയൊക്കെയോ അലഞ്ഞു തിരിഞ്ഞു നെഞ്ചിൽ കത്തിയെ പോലെ ആഞ്ഞു കുത്തുന്നു.. മുന്നിൽ ഓരോന്നും തെളിഞ്ഞു വരുന്നു...

കണ്ണുകളിൽ അന്നാദ്യമായ് ഹിയറിങ് എയ്ഡ് അവന്റെ ചെവിയിൽ വയ്ക്കുന്നത് ഇന്നലെയെന്നോണം അമ്മ ഓർത്തു.

ആദ്യ ശബ്ദം കേട്ട് കരഞ്ഞതും.. ചെവിയിൽ നിന്ന് അത് എടുത്തു കളയാൻ നോക്കിയതും.. ഉറക്കെ നിലവിളിച്ചതും പതിയെ പതിയെ അവൻ അതിനോട് ഇണങ്ങി ചേർന്നതും എല്ലാം അമ്മ നുള്ളി പെറുക്കി ഓർത്തെടുത്തു..

പക്ഷെ എന്തിനു വിധി അവന്റെ തലച്ചോറിൽ ഏതോ രാസമാറ്റങ്ങൾക്കു വഴി തെളിച്ചു...എത്ര തവണ ചിന്തിച്ചിരിക്കുന്നു.. അവൻ ഒന്നും കേൾക്കണ്ടായിരുന്നു എന്ന്... എല്ലാം നല്ലതിന് വേണ്ടി ചെയ്തതാ.. പക്ഷെ തലയ്ക്കു മുകളിൽ ഇങ്ങനെ വിധി പണിയും എന്ന് കരുതിയില്ല..

അവന്റെ ചെവിയിലെ മൗനം എന്നും അവന്റെ ചിരികളുടെ വാചാലതയിരുന്നു. പക്ഷെ ആ ഹിയറിങ് എയ്ഡ് അവന്റെ സമനില തെറ്റിക്കും എന്ന് ആര് കരുതി..

അമ്മ വീണ്ടും നിശബ്ദമായ് വിതുമ്പി...

ഏതോ രാത്രികളിൽ അവന്റെ നിലവിളി കേട്ടു ഓടി അവനരികിൽ ചെന്നതും ചേർത്ത് പിടിച്ചതും ഇന്നലെ എന്നോണം അമ്മ ഓർത്തു..

പതിയെ പതിയെ ഓരോ ശബ്ദവും അവനെ ബാധിക്കാൻ തുടങ്ങി... എപ്പോഴോ അവൻ മുന്നിൽ കാണുന്നവരെ ഒക്കെ ഉപദ്രവിക്കാൻ തുടങ്ങി. കൂടിയ ശബ്ദം അവനെ തളർത്താനും ബോധമറ്റു നിലത്തുറ്റു നിലത്തു വീഴിക്കാനും തുടങ്ങി.

പതിയെ.. പതിയെ..ഓരോ ശബ്ദവും അവനെ കാർന്നു തിന്നാൻ തുടങ്ങിയ പോലെ.ആശുപത്രികൾ മാറി മാറി കൊണ്ട് നടന്നു.. ഒരു ഭ്രാന്തന്റെ അമ്മയായി താൻ വേഷം കെട്ടേണ്ടി വന്നു. പല ഭ്രാന്താശുപത്രികൾ അവനെ നല്ലൊരു ഭ്രാന്തനായി വാർത്തെടുത്തിരിക്കുന്നു...

എല്ലാ ഇടത്തു നിന്നും തന്റെ മകനെ വീട്ടിലേക്കു കൊണ്ട് വന്നപ്പോൾ അവൻ ഭ്രാന്തനായി മാറിയിരുന്നു. മുഴു ഭ്രാന്തൻ... കട്ടിലിന്റെ കാലിൽ ചെറിയ ചങ്ങല കലുങ്ങുന്ന ശബ്ദം കേട്ട് സ്വയം ഉപദ്രവിക്കുന്ന ഭ്രാന്തൻ. ഇന്ന് കട്ടിയുള്ള കയർ അവന്റെ കാലിൽ സ്ഥിരം ഉരഞ്ഞു മുറിവുകളും ഉണ്ടത്രേ... ആ മുറിയിൽ കടക്കാൻ എന്നേം അവൻ അനുവദിക്കാതെ ആയി.. അന്ന് ഞെട്ടി കരയുമ്പോൾ അവനെ ചേർത്ത് പിടിച്ച പോലെ കൂടെ കിടത്തിയ പോലെ കിടത്തണംന്നും ചേർത്ത് പിടിക്കണം എന്നും ഉണ്ട് പക്ഷെ വാതിലുകൾ തനിക്കു മുന്നിൽ മൗനം പൂശുന്നു..

മൗനം കൊണ്ട് നിശബ്ദമായ് അവൻ എന്തൊക്കെയോ ചമയ്ച്ചു വയ്ക്കുന്നുണ്ട്... പണ്ടെപ്പോഴോ വാങ്ങി കൊടുത്ത കളർ പെൻസിലുകൾ ആ ചുവരുകളിൽ എന്തൊക്കെയോ സ്വയം വരച്ചു ചേർക്കുന്ന പോലെ.

"ഭ്രാന്തൻ." ന്റെ മോനെ ഒരു ഭ്രാന്തനായ് കാണേണ്ടി വന്ന എന്റെ തലയിൽ എഴുത്തു..... "

ഇന്നലെ അവൻ സ്വാതന്ത്ര്യത്തിന് നടന്ന ഏതോ സമര പോരാളി ആയിരുന്നു എന്ന് തോന്നുന്നു..

ഇന്ന് അവൻ അവന്റെ അച്ഛനെയും മോളെയും കൊന്ന പാപിയും. ആ ചുവരിൽ അന്നന്നത്തെ ചിത്രങ്ങൾ അതെല്ലാം വരച്ചു കാട്ടുന്നുണ്ടായിരുന്നു... ഇന്ന് സ്വന്തം അച്ഛനെയും മോളെയും കൊന്ന പാപി.. നാളെ??????

വീണ്ടും ശാപം കൊണ്ട് നിറഞ്ഞ ഒരു മൗനം...

ഇനിയും എത്ര നാൾ... വയ്യ.. ഇനിയും ഇതൊക്കെ കാണാൻ തന്റെ മോൻ ഇങ്ങനെ കിടന്നു നരകിക്കുന്നത്...

പേടിക്കണ്ട.. ഇനി ഒരുപാട് നേരം ഇല്ല. ഇന്ന് രാവിലെ നൽകിയ ആ അവനു ഇഷ്ടപ്പെട്ട കുഞ്ഞു ദോശയും ചമ്മന്തി കറിയും അത് മതി. എന്റെ മോന്റെ സന്തോഷത്തിന്..

"ചിലപ്പോൾ അമ്മ എന്ന നിലയ്ക്ക് ഞാൻ പാപി ആയിരിക്കും.. പക്ഷെ ഇനിയും എത്ര നാൾ ശബ്ദിക്കുന്ന മൗനം കൊണ്ട് അവൻ അവനെ തന്നെ ദ്രോഹിക്കാൻ വിട്ടു കൊടുക്കണം... എന്റെ മോൻ ഇനി ഉറങ്ങട്ടെ. നല്ലൊരുറക്കം.. അമ്മയും കൂടെ ഉണ്ടാകും... എന്നത്തേയും പോലെ ഇന്നും മോനെ ചേർത്ത് പിടിച്ചു...

മൗനം എന്നത്തെക്കാൾ വാചാലമാകുന്നു.. അവനു ചുറ്റും ആ മൗനം ഇപ്പോഴും ഇഴഞ്ഞു നടക്കുന്നു... കുറെ ദിവസങ്ങൾക്കു ശേഷം അവൻ ഇന്ന് അവന്റെ പ്രിയപ്പെട്ട ദോശ കഴിക്കുവാ..

ജനലിലൂടെ അമ്മ ഒന്നു പുഞ്ചിരിച്ചു.. മൗനമായ്.. ഒരു തുള്ളി കണ്ണീരിനൊപ്പം...

മൗനം എന്തൊക്കെയോ വാചാലമാകുന്നുണ്ട്...

കുഞ്ഞു കാലത്തു മൗനത്തിന്റെ ശബ്ദമായ് അവൻ വരച്ചു വച്ച മനോഹര ചിത്രങ്ങൾക്കു മുന്നിലെ ആ കുപ്പി അമ്മ കയ്യിലെടുത്തു...

മൗനം.. ചുറ്റും കറുത്ത മരണത്തിന്റെ ഇരുട്ട് മാത്രം... ഒന്നും ആരും അറിയാത്ത ദിവസങ്ങളുടെ; മനസിന്റെ കറുത്ത നാറ്റമാർന്ന മൗനം...

**ആര്യ എ**
എം എസ് സി , ബയോടെക്നോളജി,
എസ് എഎസ് എൻഎൻഡിപി യോഗം കോളജ്, കോന്നി

കഥ- വിദ്യാർത്ഥി വിഭാഗം
(രണ്ടാം സ്ഥാനം)

# അവസാന ദിവസം

"ദിവാകരൻ സാറിനൊരു കത്തുണ്ട്"- സീൽ അടിച്ചു കൊണ്ടിരുന്ന അമ്പിളി കൈയ്യിൽ ഒരു കത്തും പൊക്കിപ്പിടിച്ചുകൊണ്ട് വിളിച്ചുകൂകി. 'ദിവാകരൻസാറിന് കത്തോ' എന്ന രീതിയിൽ പോസ്റ്റാഫീസിൽ ഉണ്ടായിരുന്ന ഏവരും തലയുയർത്തി നോക്കി, ഒപ്പം ഈ നടക്കുന്ന സംഭവവികാസങ്ങൾക്കെല്ലാം കാരണഹേതുവായ ദിവാകരനും. എന്തോ തിരക്കിട്ടെഴുതുകയായിരുന്ന ദിവാകരൻ എന്ന അറുപതുവയസ്സിനടുത്തു പ്രായമുള്ള വ്യക്തി തലയുയർത്തി മൂക്കിലൂടെ നൂഴ്ന്നിറങ്ങുന്ന കണ്ണട വലതുകയ്യിലെ ചൂണ്ടുവിരൽ കൊണ്ടു നേരെയാക്കി അമ്പിളിയെ നോക്കി. ആ പോസ്റ്റാഫീസിൽ എല്ലാവർക്കുമുണ്ടായ അതേ അതിശയം അയാൾക്കുമുണ്ടായിരിക്കണം. എന്നാൽ ാതിൽ തെല്ലുംതന്നെ ആ മനുഷ്യന്റെ ചുക്കിച്ചുളിഞ്ഞ മുഖത്തുപ്രകടമായില്ല. അയാൾ അങ്ങനെയാണ്. വല്ലപ്പോഴും പോലും ആ മനുഷ്യന്റെ മുഖത്തെ പേശികൾ ഭാവ പ്രകടനങ്ങൾക്കായി ചലിച്ച് ആരും കണ്ടിട്ടില്ല. അല്ല, പ്രകടിപ്പിച്ചിട്ടില്ല. മുഖത്ത് എപ്പോഴും ഗൗരവഭാവം മാത്രമുള്ള പരുക്കനായ മനുഷ്യൻ. ചിരിക്കാറില്ല, കരയാറില്ല...അങ്ങനെ തുടങ്ങി മനുഷ്യവംശം സാധാരണയായി പ്രകടിപ്പിക്കുന്ന യാതൊരു ഭാവങ്ങളും ആ മനുഷ്യന്റെ മുഖത്ത് കണ്ടിട്ടില്ല. തികച്ചും മൃത്യസമാനനായ ഒരു മനുഷ്യൻ. കയ്യിലിരുന്ന പേന ടേബിളിൽ വെച്ച് കസേരയിൽ നിന്നും അയാൾ പതിയെ എഴുന്നേറ്റു. പ്രായാധിക്യത്തിന്റെ ബുദ്ധിമുട്ടുകൾ ആ എഴുന്നേൽപിൽ നിന്നുതന്നെ മനസ്സിലാക്കാം. ഇരുകൈകളും തടികസേരയിൽ അമർത്തിപ്പിടിച്ച് ഏറെ ശ്രമകരമായാണ് ആ എഴുന്നേൽപ്. എന്നിട്ട് നേരെ അമ്പിളിയുടെ അടുക്കലേക്ക് നടന്നു. "പോസ്റ്റാഫീസിലെ വിലാസത്തിനാണല്ലോ സാറേ അതും ഇക്കാലത്ത് കത്ത്" ദിവാകരൻ ഒന്നും മിണ്ടാതെ അമ്പിളിയുടെ കൈയിൽ നിന്നും കത്തുവാങ്ങി പുറത്തേക്ക് നടന്നു. തവിട്ടുനിറത്തിലെ ടൈലുപാകിയ പോസ്റ്റാഫീസിന്റെ പിൻവരാന്തയിലൂടെ അയാൾ നടപ്പുതുടങ്ങി. കൈയ്യിൽ കിട്ടിയ കത്തിലേക്ക് ഒരു നോക്കുപോലും നോക്കാതെ ആ കത്ത് രണ്ടായി മടക്കി അയാൾ ഉടുപ്പിന്റെ പോക്കറ്റിൽ വെച്ചു. ദിവാകരൻ എന്ന പേരിൽ വന്ന ആ കത്ത് ആ മനുഷ്യന്റെ മനസ്സിലെ അനേകായിരം ഓർമകളുടെ കെട്ടഴിക്കുകയായിരുന്നു. അയാളുടെ ശരീരം മുന്നിലേക്കും ആത്മാവ് ഏറെ പിന്നിലേക്കും സഞ്ചരിച്ചു. അവസാനമായി അയാൾക്കൊരു കത്തുവന്ന ദിവസം അയാൾ ഓർക്കുന്നു. അതു മറ്റാരുടെയും ആയിരുന്നില്ല നമ്മുടെ കഥാനായകന്റെ പ്രാണസഖിയുടെ തന്നെയായിരുന്നു. ആഹാ! പ്രണയമോ അതും ഇങ്ങനെയൊരു മനുഷ്യന് ഉള്ള കാര്യമാണെന്ന് ആരു വിശ്വസിക്കും. പക്ഷേ സത്യമാണ്. ഇന്നത്തെ പരുക്കനായ ദിവാകരൻ എന്ന മനുഷ്യന് ഇപ്പുറം ഒരാൾ ഉണ്ടായിരുന്നു ചിരിക്കാൻ അറിയാവുന്ന സ്നേഹിക്കാൻ അറിയാവുന്ന ഏവരുടെയും ആരാധനാപാത്രമാവുന്ന ഒരു യഥാർത്ഥ

കഥാനായകൻ. എന്നാൽ അയാൾ ഇന്നില്ല. ജീവിതത്തിലെ കയ്പേറിയ ഏതോ അധ്യായത്തിൽ വെച്ച് അങ്ങനെ ഒരു കഥാനായകൻ മരണപ്പെട്ടു. പകരം ഇന്ന് നാം കാണുന്ന പ്രതിനായക പരിവേഷമുള്ള ദിവാകരൻ ജന്മമെടുത്തു. അതൊക്കെ അവിടെ നിക്കട്ടെ, ദിവാകരന്റെ പ്രായസഖിയുടെ കത്തിലേക്ക് തിരികെ എത്താം. മുപ്പതുകൊല്ലം മുമ്പെയെത്തിയ കത്തിൽ കാര്യമായി ഒന്നും ഉണ്ടായിരുന്നില്ല. ഇത്രമാത്രമായിരുന്നു അതിലെ ഉള്ളടക്കം. 'പ്രിയമുള്ള ദിവാകരേട്ടന് സുനിതയെഴുതുന്ന കത്ത്. അടുത്ത മാസം അഞ്ചാംതീയതി എന്റെ വിവാഹമാണ്. എനിക്ക് വേറെ വഴിയില്ല. എന്നോട് ക്ഷമിക്കുക.

എന്ന്,
സ്നേഹപൂർവ്വം
സുനിത

ചുരുങ്ങിയ വാക്കുകൾ കൊണ്ട് ഹൃദയം തവിടുപൊടിയാക്കിയ ഒരു കത്ത്. എന്നാൽ ഇപ്പോഴത്തെ വിഷയം പഴയ പ്രണയസഖി സുനിതയോ സുനിതയുടെ കത്തോ അല്ല മുപ്പതുവർഷങ്ങൾക്കിപ്പുറം തന്റെ പേരിൽ പ്രേഷകൻ ഇല്ലാതെ വന്ന ഈ കത്താണ്. വീണ്ടും ദിവാകരന്റെ ചിന്തകൾ എവിടേക്കൊക്കെയോ തെന്നി നീങ്ങി നാട്ടിലെ പ്രമാണിയുടെ വീട്ടിലെ കാര്യസ്ഥനായിരുന്ന ദിവാകരന്റെ അച്ഛൻ, അഞ്ചു മക്കളിൽ മൂന്നാമനായിരുന്നു ദിവാകരൻ. പഠിത്തത്തിലും പാട്ടിലുമെല്ലാം ബഹുകേമൻ. പഠിച്ചിരുന്ന കാലത്ത് സ്കൂളിലും കോളേജിലുമൊക്കെ ഏവർക്കും പ്രിയപ്പെട്ട ദിവാകരൻ ബിരുദപഠനത്തിനായി കോളേജിൽ ചേർന്ന കാലത്താണ് സുനിത എന്ന പെൺകുട്ടിയുമായി അടുപ്പത്തിലാകുന്നത്. അതിസുന്ദരിയും പഠിത്തത്തിലും നൃത്തത്തിലുമെല്ലാം മിടുക്കിയുമായിരുന്ന സുനിതയ്ക്ക് കോളേജിൽ കുറച്ചൊന്നുമായിരുന്നില്ല ആരാധകർ. പക്ഷേ സുനിതയുടെ ഹൃദയത്തിൽ ഇടംപിടിച്ചത് ദിവാകരനായിരുന്നു. കോളേജിലെ ക്ലാസ് മുറികളും മരത്തണലുകളുമെല്ലാം ദിവാകരന്റെയും സുനിതയുടെ അനശ്വര പ്രണയത്തിന് സാക്ഷ്യംവഹിച്ചു. മൂന്നാംവർഷം കോളേജിൽ പഠിക്കുമ്പോഴാണ്നേരത്തെ എഴുതിയ പോസ്റ്റാഫീസ് പരീക്ഷയുടെ ഫലമറിയുന്നത്. ജോലിക്കായി യോഗ്യത നേടിയതറിഞ്ഞ് ആദ്യം സന്തോഷവും പിന്നീട് ഏറെ വിഷമവും തോന്നിയെങ്കിലും ജീവിതം ഒരു കരയ്ക്ക് ഇഴഞ്ഞ് എത്തിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി ട്രെയിനിങ്ങിനായി മദ്രാസിലേക്ക് വണ്ടികേറി. പ്രണയസഖിയോട് കാത്തിരിക്കണമെന്ന പറഞ്ഞു. മാതാപിതാക്കളോടും സഹോദരങ്ങളോടും കണ്ണീരേരാടെ യാത്രപറഞ്ഞു. മദ്രാസിലെ ആറ് മാസത്തെ ട്രെയിനിങ്ങിനിടയിൽ അച്ഛന്റെയും സുനിതയുടെയുമൊക്കെയായി നാല് അഞ്ചു കത്തുകൾ വന്നിട്ടുണ്ട്. ശേഷം നാട്ടിലെത്തി അവസാന സെമസ്റ്റർ പരീക്ഷ എഴുതി ആദ്യ പോസ്റ്റിങ്ങ് കാസർകോട് പോസ്റ്റാഫീസിൽ ആണെന്നാണ് ഓർമ. അതിനിടയിൽ അച്ഛനും അമ്മയും ചെറിയ ഇടവേളകളിലായി മരണപ്പെട്ടു. അവരുടെ അഭാവം വല്ലാത്തൊരു അനാഥത്വം ഉളവാക്കി. അതുകൊണ്ട് അധികനാൾ നാട്ടിൽ നിന്നില്ല. ജോലിസ്ഥലത്തേക്ക് തിരികെ പോയി. ആ സമയത്താണ് തനിക്ക് കത്തയച്ചിരുന്ന ശേഷിച്ച ആളുടെ അവസാന കത്ത് എത്തുന്നത് അത് ആ അനാഥത്വത്തിന്റെ ആക്കം വല്ലാതെ വർദ്ധിപ്പിച്ചു. നാല് സഹോദരങ്ങളും നല്ല നിലയിൽ എത്തിയതോടെ ആരും തമ്മിൽ ബന്ധപ്പെടാതെയുമായി. അങ്ങനെ ആ വലിയ ലോകത്തിൽ ദിവാകരൻ എന്ന യുവാവ് അനാഥനായി. അയാളുടെ പാട്ടുകളുടെ ഈണവും താളവും നഷ്ടമായി. മുഖത്തെ പുഞ്ചിരി അപ്രതീക്ഷിതമായി. ഒറ്റപ്പെടലിന്റെ കാഠിന്യം എത്രമാത്രമാണെന്ന് അയാൾ അനുഭവിച്ചു. ആ ഒറ്റപ്പെടലിൽ നിന്നും ദിവാകരനെ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരുന്നത് അവളാണ് രേഖ. ദിവാകരന്റെ ഭാര്യ. ഇരുപത്തിയൊമ്പതാം വയസ്സിൽ, സഹപ്രവർത്തകർ ചിലർ ഏറെ നിർബന്ധിച്ചപ്പോഴാണ് തന്റെ വിവാഹത്തിന് തയ്യാറായത് എന്ന് ദിവാകരൻ ഓർക്കുന്നു. അങ്ങനെ മുപ്പതുവർഷങ്ങൾക്ക് മുമ്പ് ഒരു ജൂലൈ മാസത്തിൽ സ്കൂൾ ടീച്ചർ കൂടിയായിരുന്ന രേഖ ദിവാകരന്റെ സഹധർമ്മിണിയായി. ഇരുളടഞ്ഞ ദിവാകരന്റെ ജീവിതത്തിൽ ഒരു പൊൻപ്രകാശമായി രേഖ മാറി. എല്ലാം മാറിമറിഞ്ഞു. മാഞ്ഞ ചിരികൾ പൊട്ടിച്ചിരികളായി. അനാഥനിൽ നിന്നും കുടുംബനാഥനായി. ചെറിയ ചെറിയ ഇണക്കങ്ങളും പിണക്കങ്ങളുമായി ജീവിതമവർ ആഘോഷമാക്കി. ഇരട്ട മധുരവുമായി മകനും പിറന്നു. അവന് രാഹുൽ എന്ന പേരു നൽകി. അച്ഛനും അമ്മയും മത്സരിച്ച് സ്നേഹിച്ചു. അവനുവേണ്ടതെല്ലാം നൽകി. മകൻ അച്ഛനെക്കാൾ മിടുക്കനായി വളർന്നു. പഠിത്തത്തിലും പാട്ടിലുമെല്ലാം അച്ഛനേക്കാൾ മികവുപുലർത്തി. എന്നാൽ ആ സന്തോഷങ്ങൾക്കും ദിവാകരന്റെ ജീവിതത്തിൽ ദൈർഘ്യമുണ്ടായിരുന്നില്ല. പത്താംതരത്തിലെ മകന്റെ പരീക്ഷ കഴിഞ്ഞ് മൂന്നുപേർ കൂടി പോയ അവരുടെ ഉല്ലാസയാത്രയായിരുന്നു മൂവരും ഒന്നിച്ചുള്ള അവസാനത്തെ യാത്ര. തിരികെ വരും വഴി ഉണ്ടായ കാർ അപകടത്തിൽ അച്ഛനും മകനും മാത്രം ജീവനോടെ ശേഷിച്ചു. രേഖ മരണമടഞ്ഞു.

ദിവാകരൻ പെട്ടെന്ന് നടത്തം നിർത്തി ഓർമകളിൽ പോലും വലിയൊരു ശൂന്യത. ഉള്ളുപൊട്ടിക്കരയാൻ തൊണ്ട ശ്രമിക്കുന്നുണ്ട്. എന്നാൽ ദിവാകരൻ അതിനെ അവിടെ തന്നെ തടഞ്ഞുനിർത്തി നടത്തം തുടർന്നു. 'ആഹാ സാർ ഇത് എങ്ങോട്ടാ, ഇന്ന് പാർട്ടി ഒന്നും ഇല്ലേ സാറേ?' വരാന്തയുടെ അറ്റത്ത് സിഗരറ്റും വലിച്ചുകൊണ്ടു നിന്ന വിനോദ് എന്ന ചെറുപ്പക്കാരൻ ചോദിച്ചു. ചോദ്യംകേട്ട ഭാഗത്തേക്ക് ഒന്ന് നോക്കുകപോലും ചെയ്യാതെ അയാൾ വരാന്തയുടെ അറ്റത്തെത്ത പടിക്കെട്ടുകൾ ഇറങ്ങി പോസ്റ്റാഫീസിന് പിന്നിലെ പറമ്പിലേക്ക് നടന്നു. വീണ്ടും ഓർമകളുടെ കാർമേഘങ്ങൾ മന

സ്സിൽ പെയ്തിറങ്ങാൻ തുടങ്ങി. കാർ അപകടത്തിന് ശേഷം അയാൾ ഒരു ആഴ്ചക്കാലത്തോളം അബോധാവസ്ഥയിലായിരുന്നു. അവസാനമായി ഒരു കൂടിക്കാഴ്ചയ്ക്ക് പോലും കാത്തുനിൽക്കാതെ രേഖ തന്റെ പ്രിയപ്പെട്ട ഭർത്താവിനെയും മകനെയും വിട്ട് എന്നന്നേക്കുമായി യാത്രയായി. ജീവിതത്തിലെ സന്തോഷത്തിന്റെ ദിനങ്ങൾ അസ്തമിച്ചെന്ന് തോന്നിയിട്ടും തുടർന്ന് ജീവിക്കാൻ ധൈര്യം നൽകിയത് മകനായിരുന്നു. രാഹുലിന് അന്ന് പതിനഞ്ചുവയസ്സുമാത്രമാണ് പ്രായം. രണ്ടാമതൊരു വിവാഹം ചെയ്യാൻ സഹപ്രവർത്തകർ പലരും നിർദ്ദേശിച്ചു. എന്നാൽ വന്നുകയറുന്നവൾ എന്റെ രേഖയെപ്പോലെ രാഹുലിനെ നോക്കുമോ എന്ന ചോദ്യത്തിന്റെ മുന്നിൽ അവരെല്ലാം നിശബ്ദരായി. തന്റെ ശേഷിച്ച ജീവിതം രാഹുലിന് മാത്രമായി നൽകാൻ അയാൾ തീരുമാനിച്ചു. 'അമ്മ ഉണ്ടായിരുന്നെങ്കിൽ' എന്ന ചോദ്യം പോലും അവന്റെ ഉള്ളിൽ തോന്നരുത് എന്ന ആഗ്രഹം ദിവാകരനുണ്ടായിരുന്നു. അതിനയാൾ പ്രത്യേകം ശ്രദ്ധിച്ചു. പത്താംതരം മുഴുവൻ എ പ്ലസ്സോടെ പാസ്സായ രാഹുലിന് അവൻ ആഗ്രഹിച്ച സയൻസ് വിഷയത്തിൽ തന്നെ പ്രവേശനം ലഭിച്ചു. സഹായത്തിനൊരാളെ പോലും നിർത്താതെ മകന്റെ എല്ലാ കാര്യങ്ങളും അച്ഛൻ തന്നെ നോക്കി. അവനുവേണ്ടതെല്ലാം ചെയ്തു നൽകി അവനെ സ്കൂളിലയച്ച ശേഷം മാത്രം ദിവാകരൻ പോസ്റ്റാഫീസിലേക്ക് പോകും. മകനുവേണ്ടി മാത്രം അയാൾ വീണ്ടും ചിരിച്ചു. ജീവിതത്തിൽ നല്ല ദിനങ്ങൾ നഷ്ടമായിട്ടില്ല എന്നയാൾ വിശ്വസിച്ചു. അങ്ങനെ രണ്ടുവർഷങ്ങൾ കടന്നുപോയി. പ്ലസ് ടുവിന് ശേഷം എഞ്ചിനീയർ ആകണം എന്ന ആഗ്രഹം രാഹുൽ പറഞ്ഞപ്പോൾ ഹൃദയം പൊട്ടുന്ന വേദനയോടെ ആണെങ്കിലും രാഹുലിനെ അവന്റെ ആവശ്യപ്രകാരം തിരുവനന്തപുരത്തെ ഒരു വലിയ എഞ്ചിനീയറിങ്ങ് കോളേജിൽ ചേർത്തു. അങ്ങനെ രാഹുൽ ഹോസ്റ്റലിലേക്ക് മാറി. ആ വലിയ



വീട്ടിൽ വീണ്ടും അയാൾ ഒറ്റയ്ക്കായി. രാഹുൽ എന്നും രാവിലെയും വൈകിട്ടും അച്ഛനെ വിളിക്കും. അവധി കിട്ടുമ്പോഴെല്ലാം അച്ഛന്റെ അടുക്കലേക്ക് ഓടിയെത്തും. മകന്റെ വരവിനായി അവന് ഇഷ്ടപ്പെട്ടതെല്ലാം ഒരുക്കിവെച്ച് ആ അച്ഛൻ കാത്തിരിക്കും. തന്റെ ഏകമകനെ പിരിഞ്ഞിരിക്കുന്നതിൽ അതിയായ വിഷമം ഉണ്ടെങ്കിലും അവൻ അവന്റെ ആഗ്രഹം പോലെ ഒരു എഞ്ചിനീയർ ആയി തിരികെ വരുന്നതോർത്ത് ആ പാവം അച്ഛൻ എല്ലാം സഹിച്ചു. അങ്ങനെ ഒരു ഞായറാഴ്ച വൈകിട്ട് രാഹുലിനെ തിരികെ ഹോസ്റ്റലിലേക്ക് വണ്ടി കയറ്റിവിട്ടു. പോകാൻ രാഹുലിനും അവനെ പറഞ്ഞയക്കാൻ അച്ഛനും തീരെ താൽപര്യമില്ലായിരുന്നു എങ്കിലും അവധി എടുത്താൽ കോളേജിൽ പ്രശ്നമാകുമെന്ന് പറഞ്ഞ് രാഹുൽ ബസ് കയറി. പതിവുപോലെ തന്നെ തിങ്കളാഴ്ച രാവിലെ രാഹുൽ വിളിച്ചു. കോളേജിൽ പോകുകയാണെന്നും ഇന്ന് ലാബ് ആണെന്നും പറഞ്ഞു. നേരം വൈകിയതിനാൽ ദിവാകരനും അധികമൊന്നും പറയാൻ നിന്നില്ല. ശരി മോനേ എന്നു പറഞ്ഞ് കട്ട് ചെയ്തു. എന്നാൽ വൈകുന്നേരം വിളിക്കേണ്ട നേരമായിട്ടും രാഹുലിന്റെ ഫോൺകോൾ വന്നില്ല. അതുകൊണ്ട് ദിവാകരൻ അങ്ങോട്ട് വിളിച്ചു. എന്നാൽ അങ്ങേതലക്കൽ നിന്നും മറുപടി ഉണ്ടായില്ല. ഫോൺ റൂമിൽ വെച്ച ശേഷം രാഹുൽ മൈതാനത്ത് കളിക്കാൻ പോയിട്ടുണ്ടാകും എന്നയാൾ ചിന്തിച്ചു. സമയം ഏഴുമണിയായിട്ടും കോൾ വന്നില്ല. വീണ്ടും അങ്ങോട്ട് വിളിച്ചു. ഇത്തവണയും ആരും ഫോൺ എടുത്തില്ല. ഏകദേശം എട്ടുമണിയോടെ ദിവാകരന് ഒരു ഫോൺകോൾ വരുന്നു. 'ഹലോ, രാഹുലിന്റെ അച്ഛൻ അല്ലേ, എത്രയും വേഗം നിങ്ങൾ മെഡിക്കൽ കോളേജിൽ എത്തണം. രാഹുലിന് സുഖമില്ല'. അത് രാഹുലിന്റെ ഹോസ്റ്റൽ വാർഡന്റെ കോൾ ആയിരുന്നു. ഇത്രമാത്രം പറഞ്ഞ് അയാൾ കോൾ കട്ട് ചെയ്ത് വീണ്ടും വിളിച്ചിട്ട് മറുപടി ഉണ്ടായില്ല.

അയാൾക്ക് കണ്ണിൽ ഇരുട്ടുകയറും പോലെ തോന്നി. ശരീരം തളരുന്നതുപോലെ കയ്യിലിരുന്ന ഫോൺ താഴെ വീണു. വേഗം അയാൾ ഭിത്തിയിൽ കൈപിടിച്ച് ഒരു കസേരയിൽ ഇരുന്നു. സമയം ഒട്ടും കളയാനില്ല എന്നോർത്ത അയാൾ വേഗം ഫോൺ എടുത്ത് സുഹൃത്തിനെ വിളിച്ചു. അയാൾ കാറുമായി വന്നു. രണ്ടുപേരും തിരുവനന്തപുരത്തേക്ക് പുറപ്പെട്ടു. യാത്രാമദ്ധ്യേ ദിവാകരന് ഒരു കോൾ കൂടി വന്നു. അത് ഹോസ്റ്റൽ വാർഡന്റേത് ആയിരുന്നു. 'രാഹുലിന് കുഴപ്പമില്ല' എന്ന് പറയാൻ ആകണേ അയാൾ വിളിക്കുന്നത് എന്ന് ദിവാകരൻ മനസ്സിൽ പ്രാർത്ഥിച്ചു. ഫോൺ എടുത്ത ഉടനെ അയാൾ പറഞ്ഞു. 'നിങ്ങളുടെ മകൻ രാഹുൽ മരിച്ചു, നിങ്ങൾ എത്രയും വേഗം എത്തണം'. തന്റെ ഏക പ്രതീക്ഷയായ മകൻ മരിച്ചുവെന്ന് എത്ര ലാഘവത്തോടെയാണ് അയാൾ പറഞ്ഞത്. ഇത് കേട്ട ദിവാകരന്റെ ഹൃദയമിടിപ്പ് നിന്നതുപോലെ അയാൾക്ക് തോന്നി. ദേഹമാസകലം മരവിച്ചു. 'എന്താ എന്തുപറ്റി' എന്ന് കൂടെയുണ്ടായിരുന്ന സുഹൃത്ത് ചോദിക്കുന്നുണ്ടായിരുന്നു. എങ്കിലും അയാളോട് നാവുയർത്തി എന്തെങ്കിലുമൊന്ന് പറയാൻ ദിവാകരന് കഴിയുമായിരുന്നില്ല. അങ്ങനെ അവർ മെഡിക്കൽ കോളേജിലെത്തി അവിടെ രാഹുലിന്റെ വാർഡനും മറ്റു ചിലരുമുണ്ടായിരുന്നു. രാഹുലിന് സുഖമില്ലായിരുന്നുവെന്നും അവൻ കുഴഞ്ഞുവീണതാണെന്നും പറഞ്ഞു. 'എന്റെ മകൻ എവിടെ' എന്നുമാത്രം ആ അച്ഛൻ അവരോട് ചോദിച്ചു. അവർ അവരെ മോർച്ചറിയുടെ സമീപത്തേക്ക് കൊണ്ടുപോയി. വെള്ളപുതച്ച രാഹുലിന്റെ ശരീരം കാട്ടിക്കൊടുത്ത ഞായറാഴ്ച വൈകുന്നേരം വണ്ടികയറ്റി അയച്ച ഇന്ന് രാവിലെ കൂടി തന്നോട് സംസാരിച്ച മകനാണ് ചേതനയറ്റ് കിടക്കുന്നത് എന്ന് അയാൾക്ക് വിശ്വസിക്കാൻ സാധിച്ചിട്ടില്ല. ദിവാകരനെയും സുഹൃത്തിനെയും മോർച്ചറിക്ക് സമീപം എത്തിച്ച ഉടനെ തന്നെ ആ വാർഡനും മറ്റുള്ളവരും അവിടെനിന്ന് കടന്നുകളഞ്ഞു.

ദിവാകരൻ എപ്പോഴും ചെയ്യും പോലെ മകന്റെ മുടിയിഴകളിലൂടെ വിരലുകൾ ഓടിച്ചു. അവൻ എപ്പോഴും ഉറങ്ങുംപോലെ മയങ്ങുന്നതാണെന്നേ തോന്നൂ. 'മോനേ' എന്നയാൾ അലറിക്കരഞ്ഞു. വീണ്ടും ജീവിതത്തിലും ഓർമകളിലും ശൂന്യത നിറഞ്ഞു. അപ്പോഴേക്കും ദിവാകരൻ പറമ്പിലെ നെല്ലി മരത്തിന്റെ ചോട്ടിൽ എത്തിയിരുന്നു. ഓഫീസിൽ അയാൾ ആകെ സംസാരിക്കാറുള്ളത് ആ പറമ്പിലെ മരങ്ങളോടാണ്. അവയ്ക്ക് വെള്ളവും വളവും നൽകുന്നത് ദിവാകരൻ ആയതുകൊണ്ടാകണം. അയാളോട് തിരിച്ചും അവ സംസാരിക്കുന്നത് പോലെ തോന്നാറുണ്ട്. അന്ന് ആശുപത്രിയിൽ നിന്ന് നടപടികൾ പൂർത്തിയാക്കി ശരീരം വിട്ടുകിട്ടിയപ്പോഴേക്കും നേരം വെളുത്തിരുന്നു. നേരം വെളുത്തയുടനെ രാഹുലിന്റെ മൂന്ന് കൂട്ടുകാർ ആശുപത്രിയിലെത്തി മൃതദേഹം കണ്ട് പൊട്ടിക്കരഞ്ഞുകൊണ്ട് ആ സത്യം ദിവാകരനോട് പറഞ്ഞു. രാഹുലിന് ഒരു വയ്യായ്കയും ഉണ്ടായിരുന്നില്ല. അവൻ ഹോസ്റ്റൽ മുറിയിലെ ഫാനിൽ തൂങ്ങിമരിച്ചതാണച്ഛാ. ഇവർ എല്ലാവരും കൂടി നമ്മളോട് കള്ളം പറയുകയാണ്. ഇതുകേട്ട ദിവാകരന് അത് അവിശ്വസനീയമായി തോന്നി. അവന്റെ അച്ഛനെ ഒറ്റക്കാക്കി എങ്ങനെയാണ് അവന് പോകാൻ സാധിക്കുക. എന്നാൽ അതായിരുന്നു സത്യം. ലാബിൽ എന്തോ കുറ്റം ചെയ്തു എന്ന് ചൂണ്ടിക്കാട്ടി രാഹുലിനെ ലാബ് അസിസ്റ്റന്റ് വിളിച്ചുകൊണ്ടുപോയി. തിരികെ വന്ന രാഹുൽ ആകെ അസ്വസ്ഥനായിരുന്നു. അവൻ ആരോടും സംസാരിച്ചില്ല. അവിടെ എന്താണ് സംഭവിച്ചത് എന്ന് ആരോടും പറഞ്ഞതുമില്ല. പിന്നെ അവർ കണ്ടത് രാഹുലിന്റെ ജീവനില്ലാത്ത ശരീരമാണ്. രാഹുലിന്റെ ശവസംസ്കാര ചടങ്ങുകൾ നടന്ന ദിവസം അതുകണ്ടുനിന്ന ആരും മറന്നിട്ടുണ്ടാവില്ല. രാഹുലിന്റെ ശരീരത്തിനരികിൽ രേഖയുടെ ഒരു ഫോട്ടോയുമായി ഇരിക്കുന്ന ദിവാകരൻ കരയുന്നുണ്ടായിരുന്നില്ല. എന്നാൽ രേഖയെയും രാഹുലിനെയും മാറിമാറി നോക്കി എന്തൊക്കെയോ പിറുപിറുത്തുകൊണ്ടിരിക്കുന്നു. ഇടയ്ക്കിടെ രാഹുലിന്റെ തലമുടികളിലൂടെ വിരലുകളോടിച്ചു. നെറ്റിയിൽ ചുംബനങ്ങൾ നൽകി. അങ്ങനെ രേഖ മരിച്ച് നാലാംവർഷം ദിവാകരന് തന്റെ മകനെയും നഷ്ടമായി. അവിടെയായിരുന്നു ദിവാകരൻ എന്ന തികച്ചും വ്യത്യസ്തനായ പരുക്കനായ മനുഷ്യന്റെ ജനനം. തന്റെ മകന് നീതി ലഭിക്കാൻ ഏറെക്കാലം നീണ്ട നിയമപോരാട്ടം നടത്തിയെങ്കിലും ആ പാവം അച്ഛൻ പരാജയപ്പെട്ടു. ഇന്ന് പത്ത് വർഷങ്ങൾക്കിപ്പുറം അയാൾ മദർ തെരേസ ചാരിറ്റബിൾ ട്രസ്റ്റിന് കീഴിലുള്ള അനാഥാലയത്തിലെ നിരവധി കുട്ടികളുടെ അച്ഛനാണ്. തന്റെ സമ്പാദ്യം മുഴുവൻ ആ മനുഷ്യൻ ആ കുട്ടികൾക്കായി ചെലവഴിക്കുന്നു. ഇന്ന് അയാൾ ചിരിക്കാറില്ല. ആരോടും സംസാരിക്കാറില്ല. സുഹൃത്തുക്കൾ ആരും തന്നെയില്ല. തികച്ചും ഒറ്റപ്പെട്ട ജീവിതം.

നെല്ലിമരച്ചോട്ടിൽ വെച്ച് ദിവാകരൻ പോക്കറ്റിൽ നിന്നും ആ കത്ത് പുറത്തെടുത്ത് നോക്കി. അതെ അതൊരു കത്തു തന്നെയാണ്. 'കത്തുകളെല്ലാം പുരാവസ്തുക്കളായി നോക്കിക്കാണുന്ന ഇക്കാലത്ത് ആരാ കത്ത് എഴുതുന്നത്. ദിവാകരൻ പറയുന്നത് ശരിയാണല്ലോ എന്നുള്ള രീതിയിൽ ആ നെല്ലിമരം ഇലകൾ അനക്കി. അയാൾ ആ കത്ത് തുറന്നു. അതിൽ ചുരുക്കം ചില വരികൾ മാത്രം.

"ഇന്ന് ഔദ്യോഗിക ജീവിതത്തിൽ നിന്നു വിരമിക്കുന്ന അച്ഛന് എന്റെ ആശംസകൾ...

എന്ന്
രാഹുൽ"

അതുവായിച്ച ഉടനെ അയാളുടെ ചുണ്ടിൽ ചെറുപുഞ്ചിരി വിടർന്നു. എവിടെയോ ഇരുന്ന് രാഹുൽ തന്നെ എഴുതിയതാണെന്ന് അയാൾ അയാളെത്തന്നെ വിശ്വസിപ്പിച്ചു. അയാളെ സന്തോഷിപ്പിക്കാനെന്നോണം ചെറുകാറ്റിൽ ആ നെല്ലിമരവും ഇലകൾ പൊഴിച്ചു.

**അഖിൽ രാജ് ആർ**
എം എസ് സി സുവോളജി, എസ് ഡി കോളജ് ആലപ്പുഴ

കഥ -വിദ്യാർത്ഥി വിഭാഗം
(മൂന്നാം സ്ഥാനം )

# ഒരു രാത്രിസ്വപ്നം

മനുഷ്യൻ എല്ലാ ഉറക്കത്തിലും കിനാവുകാണുന്നുണ്ടത്രേ. ചിലതു സ്വസ്ഥമായി. ചിലതൊക്കെ ഉമ്മാക്കികാട്ടലാണ്. ചില സ്വപ്നങ്ങളൊക്കെ ഇഞ്ചിതിന്ന കുരങ്ങിനെപ്പോലാ....

ചിലതൊക്കെയൊരുള്ളംകലങ്ങലാ...

ആ കിനാവിന്റെ കടുംപിടുത്തമൊക്കെ ആരറിയുന്നു. അങ്ങനെയൊരു ദിവസം, പകലിന്റെ ഭാരങ്ങളൊക്കെയഴിച്ചുവെച്ച്, മുറിയിലെ ഫ്ളൂറസെന്റ് ബൾബുകളോട് യാത്രപറഞ്ഞ് കട്ടിലിന്മേൽ കിടന്ന പുതപ്പെടുത്ത് തലവഴിമൂടി ഞാൻ കിടന്നു.

ചുറ്റും ഒച്ചയനക്കങ്ങളൊന്നുമില്ല.... നിശ്ശബ്ദത.

പകലിന്റെ പിടിമുറുക്കങ്ങളൊക്കെയഴിച്ച് രക്തക്കുഴലുകളും നാഡീഞരമ്പുകളും വിശ്രമമായി.

'ശാന്തം'

ഉറക്കം ശരീരത്തെ കീഴ്പെടുത്തിയിരിക്കുന്നു.

അധികം വൈകാതെ കിനാവ് തേരിലേറി.

തലച്ചോറിലാണോ, പിടയ്ക്കുന്ന ഹൃദയത്തിലാണോ, അതോ കണ്ണിനുള്ളിലിരുന്നാണോ സ്വപ്നം കാട്ടല്. ആരറിയുന്നു. ഉറക്കത്തിലായോണ്ട് എനിക്കങ്ങട്ട് ചോദിക്കാനും കഴിഞ്ഞില്ലെന്നതാണ് വാസ്തവം.

നട്ടുച്ച. കണ്ടിട്ടും, കണ്ടില്ലെന്ന നാട്യത്തില് നടന്നുനീങ്ങുന്ന കുറേ മനുഷ്യർ. അവർക്കിടയിലൂടെ ഞാൻ പതിയെ നടന്നുനീങ്ങി. ആരും ആരെയും ശ്രദ്ധിക്കുന്നില്ല.

കുറച്ചുനേരം വിശ്രമിക്കാം. നടന്നു കുഴഞ്ഞിരിക്കുന്നു. സൂര്യരശ്മികളുടെ തീക്ഷ്ണതയോട് മത്സരിക്കാൻ കഴിയാത്തവിധം ശരീരം തളർന്നിരിക്കുന്നു. കുറച്ചുനേരം അവിടെയുള്ള കാവൽകേന്ദ്രത്തിന്റെ കമ്പിയിൽ ചാരിയിരുന്നു. ഓരോരുത്തരെയായി മാറിമാറി നോക്കി. എന്റെ കാഴ്ചയ്ക്കുമപ്പുറമായിരുന്നു അപരിചിതരുടെ വേഗത. ചുറ്റുമുള്ളതിനെ ഒരു നോട്ടം കൊണ്ട് പോലും കീഴ്പെടുത്താതെ അവർ അവർക്കുവേണ്ടി മാത്രം നടന്നുനീങ്ങി.

ഇനിയിപ്പോ, ജീവിതത്തിലൊരു തിക്കും തിരക്കുമില്ലാതിരിക്കുന്നത് ഞാൻ മാത്രമായിരിക്കണം. അതാകും എന്റെ കാലുകൾക്ക് മാത്രം അവരുടേത് പോലെ വേഗതയില്ലാത്തത്!

അല്ല, ഇന്നത്തെ സ്വപ്നത്തിലെ നായകൻ ഞാനാണോ?

ഒരു നായകനാകാനൊക്കെയായോ ഞാൻ

ഈ എന്നെപ്പറ്റി, ഞാൻ തന്നെ ഓർക്കപ്പെടുന്ന അസുലഭ നിമിഷം.

അതെന്തേ, എന്നെപ്പറ്റിയോർക്കുവാൻ ഞാൻ മറന്നുവോ?

അല്ലെങ്കിലും, നമ്മൾ നമ്മളെപ്പറ്റിയെന്തിനോർക്കണം... വേണോ?

അപ്പോ ഈ അണ്ണാനും, മരംകൊത്തിയും, വാലാട്ടിക്കിളിയുമൊക്കെ അവരെപ്പറ്റി ഓർക്കാറുണ്ടോ?

അച്ചാരം ചെയ്ത വഴിയിലൂടെയാണോ നടക്കാ?

ഈ കണക്കുകൂട്ടലുകളൊക്കെയപ്പോ തെറ്റിയാലോ? ത്രിശങ്കു സ്വർഗ്ഗംപോലാകില്ലേ...?

ഈ മനുഷ്യരെല്ലാരും അപ്പോ ഇങ്ങനെയാ ജീവിക്കാ. ആരോടാ ഇപ്പോ ചോയ്ക്കാ.

മനുഷ്യൻമാരൊക്കെ ഓട്ടത്തിലാ....

കാലുകൾക്ക് ശരവേഗത. അവർക്കൊക്കെ അവരുടേതായ തിരക്കുകൾ അവരവരുടെ സ്വകാര്യത. അവിടെ എന്റെ ചോദ്യത്തിന് പ്രസക്തിയുണ്ടോ? എനിക്കുണ്ടോ?

പെട്ടെന്ന് ചിന്തകളെയെല്ലാം കീറിമുറിച്ചുകൊണ്ട് ഒരു ശബ്ദം എന്നെ തേടിയെത്തി. വേവലാതികളൊന്നുമില്ലാതെ, എന്നാൽ അല്പം ആകാംക്ഷയിൽ ഞാൻ തിരിഞ്ഞുനോക്കി. ഒരു മനുഷ്യൻ തന്നെ വിളിച്ചിരിക്കുന്നു. എന്തിനായിരിക്കാം, അപ്രതീക്ഷിതമായ തിളക്കത്തിൽ എന്റെ കണ്ണുകൾ ആ വ്യക്തിയിലേക്ക് തിരിഞ്ഞു.



സാറേ...

വിളി കുറച്ചുകൂടി സൗമ്യമായി തോന്നി.

പത്തിരുപത് വയസ്സ് പ്രായം തോന്നും. കാലുകൾക്ക് കരുത്തില്ല. കയ്യിലും മുഖത്തും അങ്ങുമിങ്ങുമായി ചൊറിപ്പാടുകൾ. ചേറുപുരണ്ട വസ്ത്രങ്ങൾ. ആ ദയനീയമുഖം എന്നെ കീഴ്പെടുത്തിയിരിക്കുന്നു. ഞാൻ അസ്വസ്ഥനാണ്.

എന്നാലും അസ്വസ്ഥതയുടെ ഭാവവ്യത്യാസമൊന്നുമേയില്ലാതെ ഞാൻ അയാളെത്തന്നെ നോക്കി.

വിശക്കുന്നു സാറേ...

അഞ്ച് ദിവസമായി വല്ലതും കഴിച്ചിട്ട്, മേലാ... വയ്യാതായിരിക്കുന്നു.

എന്തെങ്കിലും തരണേ സാറേ...

എന്തുചെയ്യണമെന്നറിയാതെ അയാളെത്തന്നെ നോക്കിനിന്നു. കയ്യിൽ മുപ്പതുരൂപ. തിരികെ പോകാൻ ആകെ ഇത്രയേ ഉള്ളൂ. ഈ മുപ്പത് രൂപയ്ക്ക് അൻപത് കിലോമീറ്ററിന്റെ വിലയുണ്ട്. 'വേണ്ട', അത് നൽകാതിരിക്കുന്നതാണുചിതം. പിന്നെന്തുചെയ്യും.

ബാഗിനുള്ളിലെ പൊതിച്ചോറിൽ കൈകൾ തട്ടി.

വേണ്ട

പ്രഭാതത്തിൽ ഒന്നും കഴിച്ചില്ല.

ഈ ക്ഷീണം ഉച്ചയാകുമ്പോൾ എന്നെ തളർത്തും.

അതും കൈയ്യിൽ വെക്കുന്നതാണുചിതം.

ഒന്നും മിണ്ടാതെ എണീറ്റുപോകാം. അതാണ് നല്ലത്.

അല്ലെങ്കിലും ഞാനെന്തിന് ചെയ്യണം. വെറുതെയല്ല, ഈ മനുഷ്യരുടെ കാലുകൾക്ക് ശരവേഗത.

ചുറ്റും നോക്കിയാൽ ഉത്തരം നൽകാൻ കഴിയാത്തവിധം നിരവധി ചോദ്യങ്ങളുണ്ടാകും. ഇതിനൊക്കെയാർക്കാ നേരം. പെട്ടെന്ന് തന്നെ ലക്ഷ്യത്തെ മുന്നിൽകണ്ട്, ഞാൻ നടന്നുനീങ്ങി. അയാൾ അപ്പോഴും പ്രതീക്ഷയോടെ എന്നെ നോക്കുന്നുണ്ടായിരുന്നു.

പെട്ടെന്ന് അലാറത്തിലെ മണികൾ ഓരോന്നായി ചിലച്ചു. കണ്ണുകൾ തിരുമ്മി പ്രഭാതസൂര്യനേ നോക്കി എഴുന്നേറ്റു. ആപ്പീസിൽ പോണം. വൈകരുത്. വേഗം തന്നെ റെഡിയായി.

ഉച്ചയ്ക്കത്തേക്കുള്ള ഭക്ഷണം പാത്രത്തിൽ തയ്യാറായിരിക്കുന്നു. അതെടുത്ത് ബാഗിൽ വെച്ചു. കൈകൾ ഭക്ഷണത്തിലൊട്ടിയിരിക്കുന്ന പോലെ. ഇതെനിക്കുള്ളതല്ലാ എന്നാരോ മന്ത്രിക്കുന്നപോലെ. രാത്രി സ്വപ്നത്തിന്റെ പിടിമുറുക്കത്തിൽ ഞാൻ അസ്വസ്ഥനായിരിക്കുന്നു. ചോദ്യങ്ങളോരോന്നുയർന്നുവന്ന് എന്നെ ദയനീയതയിൽ നോക്കുന്നു. അയാളെപ്പോലെ ആ ചോദ്യങ്ങളിലൊക്കെ തളർന്ന കാലിന്റെ കരച്ചിൽ.

വാക്കുകളിലങ്ങിങ്ങായി ചൊറിപ്പാടുകൾ.

ഒരു നിമിഷം എന്തുചെയ്യണമെന്നറിയാതെ അങ്ങനെ നിന്നു. സ്വപ്നമാണെങ്കിലും ചെയ്ത തെറ്റിൽ ഞാൻ പശ്ചാത്തപിക്കുന്നു. ഒന്നും നോക്കിയില്ല. അധികമായൊരു മുപ്പതുരൂപയും പൊതിച്ചോറും കയ്യിലെടുത്ത് ഞാൻ യാത്രതിരിച്ചു. ഇതിന്റെ അവകാശിയെത്തേടി. പിന്നീടൊരിക്കലും അത് തെറ്റിച്ചിട്ടുമില്ല.

ചില സ്വപ്നങ്ങളൊക്കെയങ്ങനാ, നമ്മൾപോലുമറിയാതെ, ചിലതൊക്കെ നമുക്കുവേണ്ടി, നമ്മുടെ തിരുത്തലുകൾക്ക് വേണ്ടി. അവയിലൊക്കെ നമ്മുടെ സ്വഗതം പറച്ചിലുകൾ കാണും. നമുക്ക് നമ്മോടുള്ള ചോദ്യങ്ങൾ കാണും. അതിനുള്ള ഉത്തരങ്ങൾ കാണും. തിരിച്ചറിവിന്റെ പാഠങ്ങൾ കാണും.

**ബിബിൻ ആന്റണി**
അസിസ്റ്റന്റ് പ്രൊഫസർ, സെന്റ്.ജോസഫ്സ് കോളജ്, ദേവഗിരി

**കവിത - അദ്ധ്യാപക വിഭാഗം**
**(ഒന്നാം സ്ഥാനം)**

# ഊമ്പിയപ്പാ വരാല് പോയി



"വിധിയായി വിധിയായി
ഒട്ടുവിലെ വിധിയായി
മണവാളൻ മേഘത്തിൻ
രഥമേറി വരവായി എന്ന്
വലിയെടുക്കുന്ന ഇടവേളയിലപ്പാപ്പൻ
ചുണ്ടറിയാതെ പാടിക്കൊണ്ടിരുന്നു.

"ഇതെന്നാ കാണാനിരിക്കുവാ അപ്പാ,
ചാറ്റലും കൊണ്ടീ ബാൽക്കെണീലെന്ന്"
നൈറ്റ് ഷിഫ്റ്റ് കഴിഞ്ഞുവന്ന മരുമോള്
കുലുക്കി കുലുക്കി ചോദിച്ചിട്ടു കുളിക്കാൻ പോയി.

അപ്പാപ്പനപ്പോൾ
ചൊമന്ന കണ്ണുരുട്ടി
വലിച്ച കഞ്ചാവിന്റെ പുകച്ചുരുളിൽ
ആന-മയിൽ-ഒട്ടക രൂപങ്ങൾ
തെറുത്തുവിട്ടു.

ഏലമ്മച്ചി മീൻവറ്റിച്ചതിന്റെ ഓർമയിൽ നിന്നും
പുളിയെടുത്തു കളഞ്ഞപ്പാപ്പൻ തലകുടഞ്ഞു.
കരനെല്ലുംകണ്ടത്തിൽ ഉറവയിട്ടതിൽ നിന്നും
വാളയെ വെട്ടിപ്പിടിക്കുന്നൊരു പഴയകാല ചിത്രത്തീ
ന്നപ്പം
അപ്പാപ്പന്റെ ഉടലാകെ
കുളിരുകോരി.
മീനച്ചിലാറിന്റെ കരക്കിരുന്നപ്പാപ്പൻ
അകലെ മലബാറെന്ന
തേനും പാലുമൊഴുകുന്ന കാനാൻ ദേശം കണ്ടു.
കൺനിറഞ്ഞൊരു മഴവില്ലും.

പൊക പടരവേ
കണ്ണടച്ചപ്പാപ്പൻ കടലേറിവരുന്നൊരു തോണികണ്ടു.
"പത്രോസേ, വലത്തോട്ടറിയെടാ വല,-യെന്റെ
വകതിരിവില്ലാത്തോനേ"എന്ന്
ഗുരു പറയേണ കേട്ടപ്പോ
പോകയൊക്കെ വകഞ്ഞോണ്ട്
കരിങ്കല്ല് കീറിയിട്ടേക്കണ മുറ്റത്തൂടെ
പെരുവണ്ണാമൂഴി ഡാമിന്റെ ഷട്ടറും പൊക്കി
പുഴപാഞ്ഞുവരുന്നതപ്പാപ്പൻ
പകൽപോലെ കണ്ടു.
വഞ്ചിപോലെ വളഞ്ഞും
വാക്കത്തിപോലെ വീശീയും
വരാല് ചാടുന്നത് റൂഹാനെ അറിഞ്ഞു.
കുടിയേറ്റകാലത്തെ കരുത്തിലപ്പാപ്പൻ
കുതികാലിൽ വളഞ്ഞു.

"പള്ളികണ്ട് കബറ് കണ്ട്
തച്ചുടച്ച വാളുകണ്ട്
നീട്ടിച്ചവിട്ടി ചാടി കുറുകി
കാറ്റിലിളവൻ മറിയുന്നേന്ന്"
നീട്ടിപ്പാടി
തലേക്കെട്ടഴിച്ച്
കുറുമുണ്ട് അരേലോട്ട് ചുറ്റി
എറമ്പടീന്നൊരു ആരുവാക്കത്തി
വലിച്ചെടുത്തെന്ന വിചാരത്തിൽ
മുറ്റത്തേക്കൊരു മുങ്ങാകുഴിയിട്ടു.

പെട്ടെന്ന് ഭൂമിയിരുണ്ടു,
ആകാശം തുറക്കപ്പെട്ടു,
"എന്റെ പള്ളിന്നൊരു" നീട്ടിയ നിലവിളിയുണ്ടായി.
കിട്ടി കിട്ടി കൊണ്ടുവാ കൊണ്ടുവാ എന്ന്
ഒറ്റേം പെട്ടേം അടിക്കാൻ കപ്യാരോട്
പറയേണ്ടായോ എന്ന്
പള്ളിമണി തിടുക്കപ്പെട്ടു.

അപ്പാപ്പനപ്പോൾ തപ്പുകളാലും
കിന്നരങ്ങളാലും ആനയിക്കപ്പെട്ട്
വാനമേഘങ്ങളിൽ ആഗതരായ
മാലാഖമാരുടെ ചിറകിൽ
ഭൂമിയിലേക്കിറങ്ങുകയായിരുന്നു.
ഭൂമി തൊട്ട നേരം "അമ്മച്ചി" എന്നൊരു
വിളിയുണ്ടായി.

പിന്നെല്ലാരും കൂടി പെറുക്കിയെടുക്കുമ്പോളപ്പാപ്പൻ
ചുണ്ടേന്ന് ചുരുട്ട് തെറിച്ചുപോയേന്റെ കലിപ്പിൽ
ചുറ്റുമുള്ളോരേ നീട്ടി പ്രാകി-
"ഏലമ്മേടീ, ഞാനെത്തീടീന്ന്" നീട്ടി നിലവിളിച്ചു.

അപ്പാപ്പനെ കൂട്ടാൻ ഏലമ്മാമ്മ പറഞ്ഞുവിട്ട മാലാഖ
മങ്ങിയൊരന്തി വെളിച്ചത്തിൽ
ചെന്തീയുമായി വരുന്നകണ്ടപ്പോൾ
"ഊമ്പിയപ്പാ വരാലുപോയി,
ഊമ്പിയപ്പാ വരാലുപോയി"ന്ന്
ലുത്തീനിയാക്കുത്തരം പോലെ
ഉരുവിട്ടോണ്ടിരുന്ന അപ്പാപ്പൻ
ഒടുക്കം,
"തെറ്റുത്തതൊക്കെ തീർന്നോടാ മൈ***"
എന്ന ചോദ്യത്തിൽ
അല്പം തീ ചോദിച്ച്
തീപോലെ ചുവന്നുപോയ കണ്ണടച്ച്
നിത്യസമ്മാനത്തിനായി യാത്രയായി.

ലീവെടുത്തുവന്നോരും
ലീവെടുക്കാൻ നിന്നോരും
അപ്പാപ്പന്റെ ഒസ്യത്തിൽ പേരുകാണാഞ്ഞ്
"ഊമ്പിയപ്പാ വരാലുപോയി,
ഊമ്പിയപ്പാ വരാലുപോയി"ന്ന്
ഒപ്പീസിന് ഒപ്പം പാടി.

"അവറാച്ചൻ (94)
കുണ്ടുപറമ്പിൽ.
ഞാൻ നല്ലവണ്ണം ഓടി
എന്റെ ഓട്ടം പൂർത്തിയാക്കി" എന്ന്
മരിച്ചറിയിക്കൽ കാർഡിൽ കണ്ടപ്പോൾ
"മൈ**ണെന്ന്"
നാട്ടുകാരുടെ ചുണ്ട് കോടി.



**പത്മനാഭൻ കാവുമ്പായി**
അസിസ്റ്റന്റ് പ്രൊഫസർ, പയ്യന്നൂർ കോളജ് പയ്യന്നൂർ

# ഇമോജി കിങ്ഡൺ അഥവാ ഒരു രാജ്യം

**കവിത - അദ്ധ്യാപക വിഭാഗം (രണ്ടാം സ്ഥാനം)**

ബാലമാസികയിലെ
'ഇരട്ടകൾ ആരെല്ലാം "
എന്ന പേജിലെന്നോണം
ആദ്യം നോക്കി നിന്നു.

പതിയെ
തെളിഞ്ഞു തുടങ്ങി

ആത്മഹത്യയ്ക്ക്
അംഗഭംഗത്തിന്
അന്ത്യരംഗത്തിന്
മുറിച്ചു വെച്ച പോലെ
വ്യസനത്തിന്റെ
അളവു കട്ടികൾ.

കണ്ണീരുറവ മുതൽ
മുല്ലപ്പെരിയാർവരെ
ചിരിയുടെ പൊട്ടാസ് മുതൽ
പാറമടപ്പടക്കം വരെ.

വഴിപോലുമറിയാതെ
വരുന്നു, പോകുന്നു.
മുഴക്കത്തിന്റെ നിശ്ശബ്ദത.

പുട്ടുകുറ്റിയുടേതുപോലെ
ആവി പൊങ്ങുന്ന
തലകൾ ഒരരികിൽ
മടുപ്പിന്റെ
മടക്കുഗോവണി നീർത്തുന്നു.

ചതുരത്തിൽ അരിഞ്ഞ മഴ
മൂന്നായി മുറിച്ച തുള്ളിമഞ്ഞ്
നുള്ളിവച്ച മേഘം
തീവേരുള്ള മിന്നൽ



പിന്നെ പിന്നെ..
വെടിക്കോപ്പുകൾ
പടക്കോപ്പുകൾ
വിമാനങ്ങൾ
വിമാനവേധകൾ

മുഴുനീളൻ മനുഷ്യർ
വരിയായി
നിരയായി

ഓടുന്നവർ
ചാടുന്നവർ
വ്യായാമം ചെയ്യുന്നവർ

വടിയേന്തിയവർ
കൊടിയേന്തിയവർ
മുടിയേന്തിയവർ

തൊപ്പി വച്ചവർ
തോക്കെടുത്തവർ
തോറ്റു കൊടുക്കാത്തവർ
ഒരേ നിറം
ഒരേ നീളം
ഒരേ വീതി
ഒരേ ഭാവം

ചുറ്റും നോക്കുമ്പോൾ
മൗനം മാത്രം ഭാഷയായ
ഒരു രാജ്യം

ആ രാജ്യത്തെ
പട്ടാളപരേഡിൽ
സല്യൂട്ട് സ്വീകരിക്കുന്ന
ഭരണാധികാരിയെപ്പോലെ
ഞാനും.

**Saritha M**
Assistant Professor, S.D. College, Alappuzha

**കവിത - അദ്ധ്യാപക വിഭാഗം**
**(മൂന്നാം സ്ഥാനം)**




I know the art of dying..
And being reborn from the ashes.
Have practised it for eons..
Close to perfection!
Time demands more..
How adept shall I get at it now?
To perform with more precision, poise.
The effort shouldn't show, nay..!
I am the Master.
Straining would be disgrace indeed!
Must look like a magician's trick..
Or the manoeuvre of an acrobat!
How fast shall I be?
I don't have the leisure of millenia,
Not any more!
How fast then?
As a stream?
That gives in to the blazing sun, and
gurgles to life the next season?
Too long!
As the moon?
That wanes and waxes
in the perennial drama of the universe?
Well..
In a blink, a flash, a jiffy?
Perhaps..
But I need to relish my art..
Every bit of it..
Have known it only too well.
The heat, the blaze
The flames that eat my feathers..
Eat me..!
The cold of death..
Birth from the ashes..
The rekindling flame..
Warmth and moisture, spurting life..
It is my sway!
How long shall I go on?
Weeks, months, years, eons?
Eternally? I wonder..
But then, there is no complaining..
It is mine after all.. the art
My title to the annals of time..
The purpose.. the essence of my being..

# AKPCTA State Committee 2024-25

## Office Bearers

**A Nisanth**
**President**
Associate Professor,
Dept of Statistics, Payyanur College
Payyanur
9447690687
anisanth@gmail.com

**Dr. Shajitha S**
**Vice-President**
Assistant Professor
Department of Islamic History
TKM college of Arts and Science
Karicode,Kollam-5
+919746805470
shajitha1971@gmail.com

**Dr. T.R Manoj**
**Vice-President**
Associate Professor
Department of History
MSM College Kayamkulam
+918281176535
t.manoj.tr@gmail.com

**Dr.K. Bijukumar**
**General Secretary**
Professor in Physical Education
MG College,Thiruvananthapuram
+919447014956
bijumadhavam@gmail.com

**Dr.Gopalakrishnan MB**
**Secretary** (Calicut University)
Assistant Professor
Department of Commerce Mar
Thoma College Chungathara
+919446657498
gopal.mb69@gmail.com

**Prof. Dr. Thomas Monoth**
**Secretary** (Kannur University),
Mary Matha College
Mananthavady
Mail id: tmonoth@yahoo.com
9400759752

**Dr. Soju S**
**Secretary** (Kerala University)
Assistant Professor
Sree Narayana College,
Sivagiri, Varkala
+919567763830
sojumanu2002@yahoo.co.in

**Prof. Dr. Arun A.U**
**Secretary**
Professor
Department of Zoology
St. Peter's College, Kolanchery,
Ernakulam
+919447167535
drarunkurup@gmail.com

**Dr. Pradeep Kumar K.**
**Treasurer**
Assistant Professor
Department of English
Sri Vyasa NSS College,
Wadankkanchery, Thrissur
+919447185537
pradeepkorapath@gmail.com

## Nominated Members

**Dr. C Padmanabhan**
Associate Professor of English
PRNSS College, Mattannur
padmanabhan.chandroth@gmail. com
9567135779
Former General secretary

**Dr.B.Hari**
Professor
Department of Zoology
Sree Narayana College, Kollam
PIN 691001
9400343648
hariprashobh@gmail.com

**Shilujas M.**
Assistant Professor
Department of Sociology
Farook College
Kozhikode, Kerala
91 80757 31039

**Dr. Lathakumary P.C**,
Associate professor &HOD,.
Dept. Of sanskrit, St. Thomas
College, Kozhenchery,
9495682313
lakupc@gmail.com

**Dr. Sreeja S**
Assistant Professor
Department of Physics
Al Ameen College, Edathala
+91 94976 81059
sreeja82nishanth@gmail.com

**Dr.C.M. Shanavas**
Assistant Professor
Ansar Arabic College Valavannur
drshanavasuniv@gmail.com
9142159589

## District Secretaries

**Thiruvananthapuram**
**Dr Sumesh G S**
Assistant Professor,
VTM NSS College
Dhanuvachapuram
Thiruvananthapuram

**Kollam**
**Dr Pramod N Narayanan**
Assistant Professor
Department of History
NSS College Nilamel, Kollam
+919447441841
pramodnarayan07@gmail.com

**Pathanamthitta**
**Raison Sam Raju**
Assistant Professor
Department of Commerce
Marthoma College, Tiruvalla
+919567855967
raisonsamraju@marthomacollege.org

**Kottayam - Idukki**
**Dr. Vinu T P**
Assistant Professor
NSS Hindu College
Changanacherry, Kottayam Dist.
+919446742695
drvinutp@gmail.com

**Alappuzha**
**Dr. Farook S**
Assistant Professor
MSM College Kayamkulam
Alappuzha
+919895244420
drfarookms@gmail.com

**Ernakulam**
**Prof . (Dr.) Jacob Abraham**
Professor, Department of
Electronics, B P C College
Piravom PO Eranakulam dist
+919447105370
tjacobabra@gmail.com

**Thrissur**
**Dr. Soni John. T**
Associate Professor
Christ College Irnjalakkuda
+919447252740
sonijohn2002@yahoo.com

**Palakkad**
**Rajesh R**
Associate Professor
N S S College Palappuram.PO
Ottapalam +919744056237
rajeshkadapra@gmail.com

**Malappuram**
**Dr. Santhosh Kumar Vallikkat**
Assistant Professor
NSS College Manjeri
+919447353421
svallikkad@gmail.com

**Wayanad**
**Dr. Joby N G**
Assistant Professor, Dept. Of Physics, St. Mary's College
+918301057428
jobyng22@gmail.com

**Kozhikode**
**Anil Varma**
Assistant Professor
Zamorins Guruvayoorappan college
GA college, P.O Kozhikode 14.
+919496954823
avrzgc@gmail.com

**Kannur - Kasaragod**
**Shanoj M P**
Associate Professor
Department of Malayalam
Sree Narayana College,
Thottada, Kannur
+917907787510
mpshanoj@gmail.com

## Convenors of Sub Committees

**Academic Committee**
**Sumesh A S**
Associate Professor, MES College
Nedumkandam, Idukki-685553
+919744168522
drassumesh@gmail.com

**Women's Committee**
**Asha Prabhakaran**
Assistant Professor, Dept of English
MG College, Trivandrum
+919446374171
ashabalagopal2014@gmail.com

**Cultural Forum**
**Sona P**
Assistant Professor
Payyanur college, Edat Post, Kannur
+919446123349
sonapnrc@gmail.com

**Service Cell**
**Dr Sushama Raj R V**
Assistant Professor
Botany VTM NSS College
Dhanuvachapuram Tvpm - 695503
+919847232143
drsushamarajrv@gmail.com

**IT Cell**
**Dr Anil Kumar K M**
Assistant Professor
MSM College Kayamkulam
+919895084712
anilkochi@gmail.com

**Kerala Private College Teacher Cheif Editor**
**Dr Renuka N**
Assistant Professor
Department of Malayalam
NSS College, Cherthala,
KR Puram P.O-688541
+919746527501
renu9renu@gmail.com

## Syndicate Members Nominated to the Working Committee

**M G University**
**Harikrishnan P**
Associate Professor
Department of Computer Science
NSS College, Rajakumari
+919447440334
harinssc@gmail.com

**Kannur University**
**Pramod Vellachal**
Associate Professor
Department of English
M.G College, Iritty, Kannur
+919447384054
pvellachal@gmail.com

**Technological University**
**Sanjeev Gopalakrishnan**
Associate Professor
Department of Economics
NSS College of Engineering,
Palakkad
+919447791946
sanjeevgkrishnan74@gmail.com

## Representatives of Technological and Health Universities

**Representative, APJ Abdul Kalam Technological University**
**Dr. Vinodkumar Jacob**
Professor, Electronics and Communication Engineering,
MA College of Engineering,
Kothamangalam
+919846121223
vinu966@gmail.com

**Representative, Kerala University of Health Sciences**
**Dr Jeena N J**
Professor, V P S V Ayurveda College,
Kottakkal, Malappuram
+919495974927
drjeenanj@gmail.com

## District Presidents

**Thiruvananthapuram**
**Dr. Sajesh Sasidharan**
Assistant Professor, SN College, Varkala
Ph: 9495601663

**Dr.Santhoshkumar K.G.**
**Associate Professor**
Department of Architecture
TKM College of Engineering
Kollam-691005
Ph.9446805403
santhoshkumar@tkmce.ac.in

**Alappuzha**
**Sri. Vinod Jacob**
Assistant Professor, SN College Cherthala
Ph: 9605761717

**Pathanamthitta**
**Dr.Lathakumary PC**
Associate Professor & HOD,.
Dept. Of sanskrit
St. Thomas college, Kozhenchery,
Ph:+919495682313

**Kottayam**
**Dr. Wilson C Thomas**
Assistant Professor
Kuriakose Gregorios College,
Pampady
Ph: 9387725026

**Ernakulam**
**Dr Seeja K R**
Assistant Professor in General Education
SNM Training College,
Moothakunnam
Ph:9847519235

**Thrissur**
**Dr. Asha S Kutty**
Asst Professor
M D College, Pazhanji
Ph: +91 97466 43173

**Palakkad**
**Dr.Liji K T**
Assistant professor
Mercy College Palakkad
Ph:97455 82567

**Malappuram**
**Nameer M**
Assistant Professor
Malabar College of Advanced Studies, Vengara
Ph:9447419685

**Kozhikode**
**Jithesh C P**
Aassistant professor
SN College, Chelannur
Ph:+919447100357

**Wayanad**
**Dr. Norbert Thomas**
Associate Professor
WMO Arts and Science College, Muttil
9447640770

**Kannur- Kasargod**
**Prof (Dr.)Ismail Olayikkara**
Principal
Sir Syed College,
Taliparamba, Kannur Dt.
Phone: 9447196116

## Elected Members - State Committee

**Dr. Dhanya PS**
Assistant Professor
E.M.E.A College of arts and science, Kondotty
Ph:9645160418
dhanyarasheed@mail.com
**Dr.Pramod P**
Asistant Professor
Sree Kerala varma college, Thrissur
+91 98460 12510
pramodpottammal@gmail.com
**Dr. Sadeep K**
Sate committee member
Assistant Professor
Department of Physical Education
VTB College, Sreekrishnapuram
Ph: 9745273882
**Sanoopkumar PV**
Assistant Professor
Dept of Travel & Tourism Mgt, Pazhassiraja College, Pulpally
Wayanad
Ph: 9605781206
sanoopknambiar@gmail.com
**Dr. Anaz CA**
Assistant Professor
Department of History
Farook college (Autonomous)
Kozhikode
Ph: 9495539708
Email: caanaz@gmail.com
**Dr. Mahesh SK**
Assistant Professor
Department of Physics
NSS College Pandalam
Ph : +919400892171
drskmahesh@gmail.com
**Dr. Antony Kuriakose**
Vice Principal &
Associate Professor in Economics,
St. Michaels College, Cherthala
Ph :94470 29754
antonypolayil@gmail.com
**Dr. Asha Radhakrishnan**
Assistant Professor
Research Department Of Chemistry and Polymer Chemistry
KSMDB College, Sasthamcotta
Ph : 85471 14105
ashagopan2009@gmail.com
**Dr.S. Manoj**
Assistant Professor
Department of English
Fathima Matha National College, Kollam
Ph:77365 43257, 79078 48169
**Vivek Jacob Abraham**
Assistant Professor
Department of Political Science
Catholicate College Pathanamthitta
vivekjacob99@gmail.com
Ph: +919400301448
**Krishnakumar MV**
Assistant Professor
Department of History
Newman College
Thodupuzha
Ph: 9995552731
krishnatripunithura@gmail.com
**Preethi K N**
Assistant Professor
Dept.of Economics
SVR NSS College, Vazhoor
preethikn.kutty@gmail.com
Ph: 9446311240
**Dr. Baby Pushpalatha**
Associate professor
Keyi Sahib Training College,
Taliparamba
pushpalathababy@gmail.com
Ph: 9544491109
**Reghunath P**
Assistant Professor of Physical Education, St Pius X College Rajapuram
raghu4u2004@gmail.com
Ph: 9846441717
**Madhu K**
Assistant professor
Department of Physics
UC College, Aluva
madhu@ucollege.edu.in
Ph: 9633222290
**Dr. Anoop V**
Assistant Professor
Department of Malayalam
Sree Sankara Vidyapeetom College, Valayanchirangara
anoopvellani@gmail.com
Ph: 9447830249
**Dr.Geetha S**
Assistant Professor
HHMSPBNSS College for Women, Neeramankara,
Thiruvananthapuram
geethahareesh2003@gmail.com
Ph: +91 94956 39948

## The Syndicate Members of All the Affiliating Universities in Kerala

**Kannur University**
**Dr. Rakhi Raghavan**
Associate Professor
Department of English
PRNSS College, Mattanur, Kannur
Ph: 9496452272
rakhirag@gmail.com

**Dr. Ashraf TP**
Principal, Keyi Sahib Training College
Taliparamba, Kannur
Ph: 9447470755
ateepee@gmail.com

**Mahatma Gandhi University**
**Dr. Biju Thomas**
Associate Professor
Basalius College, Kottayam
Ph: 9447214457
bijuthomas@basalius.ac.in

**Prof.(Dr) Sudhakaran KM**
Principal, Sree Sankara Vidhyapeedam College, Valayanchirangara
Perumbavoor, Ernakulam District
Sudhakaran1971@yahoo.com
Ph: 9961007187

**Dr. R. Anitha**
Principal, Devaswom Board College, Thalayolaparambu
ranithaajith@yahoo.co.in
Ph: 9447038016

**Calicut University**
**Dr. Mohamed Salim**
Principal, Farook Training College
Kozhikode
Ph: 9496363353
Email: drsalimt@gmail.com
















AKPCTA


OZEL
GRILLS
സംസ്ഥാന
സമ്മേളനം


എ കെ പി സി ടി എ






എ കെ പി സി ടി എ


യാത്രയയപ്പ് സമ്മേളനം
ഉദ്ഘാടനം: എ.കെ. ബാലൻ


എ കെ പി സി ടി എ


എ കെ പി സി ടി എ



## എ കെ പി സി ടി എ ഭാരവാഹികൾ







എ. നിശാന്ത് (പ്രസിഡന്റ്), ഡോ. കെ. ബിജുകുമാർ (ജനറൽ സെക്രട്ടറി), ഡോ. കെ. പ്രദീപ്കുമാർ (ട്രഷറർ), ഡോ. ഷാജിത എസ്. (വൈസ് പ്രസിഡന്റ്), ഡോ. ടി.ആർ. മനോജ് (വൈസ് പ്രസിഡന്റ്)

## സംസ്ഥാന സെക്രട്ടറിമാർ






ഡോ. ഗോപാലകൃഷ്ണൻ എം.ബി. (കോഴിക്കോട് മേഖല), ഡോ. തോമസ് മോണോത്ത് (കണ്ണൂർ മേഖല), ഡോ.എ.യു.അരുൺ (മഹാത്മാഗാന്ധി സർവകലാശാല) ഡോ.സോജു എസ് (കേരള സർവകലാശാല)

## വർക്കിംഗ് കമ്മിറ്റി നോമിനേഷൻ








ഡോ. സി. പത്മനാഭൻ (മുൻ ജനറൽ സെക്രട്ടറി), ഡോ. ബി. ഹരി, ഡോ. ലതാകുമാരി പി.സി., ഡോ. ശ്രീജ എസ്., ഡോ. ഷിലുജാസ് എം., ഡോ. സി.എം. ഷാനവാസ്





പ്രമോദ് വെള്ളച്ചാൽ, ഹരികൃഷ്ണൻ പി., സഞ്ജീവ് ജി.

**സിണ്ടിക്കേറ്റ് അംഗങ്ങൾ**




ഡോ. വിനോദ് കുമാർ ജേക്കബ്ബ്, ഡോ. ജീന എൻ.ജെ

**സാങ്കേതിക – ആരോഗ്യ സർവകലാശാല പ്രതിനിധികൾ**

## വർക്കിംഗ് കമ്മിറ്റി നോമിനേഷൻ (സബ്കമ്മിറ്റി കൺവീനർമാർ)








ഡോ.എൻ. രേണുക (ജേർണൽ) ആശ പ്രഭാകരൻ (വനിതാ കമ്മിറ്റി),
ഡോ.എ.എസ്. സുമേഷ് (അക്കാദമിക് കമ്മിറ്റി),
ഡോ.സുഷമാ രാജ് ആർ.വി (സർവീസ് സെൽ)

ഡോ.അനിൽകുമാർ കെ.എം
(ഐടി സെൽ), സോന പി.
(സാംസ്കാരിക വേദി)

## ജില്ലാ സെക്രട്ടറിമാർ














ഡോ. ജി.എസ്. സുമേഷ് (തിരുവനന്തപുരം), ഡോ. പ്രമോദ് എൻ. (കൊല്ലം), ഡോ. ഫറൂഖ് എസ്. (ആലപ്പുഴ), റെയ്സൺ സാം രാജു (പത്തനംതിട്ട), ഡോ. വിനു ടി.പി. (കോട്ടയം-ഇടുക്കി), പ്രൊഫ. (ഡോ.) ജേക്കബ് എബ്രഹാം (എറണാകുളം), ഡോ. സോണി ജോൺ ടി. (തൃശ്ശൂർ), രാജേഷ് ആർ. (പാലക്കാട്), ഡോ. സന്തോഷ് കുമാർ വള്ളിക്കാട് (മലപ്പുറം), ഡോ. ജോബി എൻ.ജി. (വയനാട്), അനിൽവർമ്മ (കോഴിക്കോട്), ഡോ. ഷനോജ് എം.പി. (കണ്ണൂർ-കാസർകോട്),






AKPCTA




ആർ. ആർ. സി അനുസ്മരണ പ്രഭാഷണം
ഉദ്ഘാടനം: വീണ ജോർജ്ജ്
പ്രഭാഷണം: ശബ്നം ഹാഷ്മി
AKPCTA














എ കെ പി സി ടി എ


എ കെ പി സി ടി എ




AKPCTA
AKPCTA


എ കെ പി സി ടി എ


എ കെ പി സി ടി എ








സംസ്ഥാന
66-ാം സമ്മേളനം
മത നിരപേക്ഷ ജനാധിപത്യം
ഫെഡറലിസം
വൈജ്ഞാനിക സമൂഹം
66 AKPCTA
സംസ്ഥാന
സമ്മേളനം


66-ാം സമ്മേളനം
09
ശനി
ഉദ്ഘാടനം
ANGEL
ANGEL


MARK
വാഹന പുക
പരിശോധന




ANGEL


AKPCTA
09


AKPCTA
09


AKPCTA
AKPCTA
66




AKPCTA
AKPCTA 66 -ാം സംസ്ഥാന സമ്മേളനം
2024, മാർച്ച് - 8,9,10 തിരുവല്ല.


MARK NRI SERVICES
വാഹന പുക പരിശോധന


AKPCTA










സെമിനാർ


സെമിനാർ


സുവർണ്ണ ജൂബിലി ഹാൾ
AKPCTA
സെമിനാർ




എ കെ പി സി ടി എ
സംസ്ഥാന
സമ്മേളനം
OZEL
GRILLS


സെമിനാർ


എ കെ പി സി ടി എ
ANGEL


AKPCTA

**വിനീത് പി.വി.**
ഗസ്റ്റ് ലക്ചറർ, ബജ മോഡൽ കോളജ് ഓഫ്
ആർട്സ് ആന്റ് സയൻസ് മുള്ളേരിയ കാസറഗോഡ്

**കഥ - അദ്ധ്യാപക വിഭാഗം (ഒന്നാം സ്ഥാനം)**

# സ്മൃതി

തായലിന്റെ അർത്ഥം എന്തെന്ന് ഒരു ദിവസം നന്ദൻ ചോദിച്ചു. മുളയുടെ പാക മാകാത്ത ഇളം തണ്ടുകളാണ് തായലെന്ന് അവളുടെ ഉത്തരം. വി ചിത്രവും സുന്ദരവുമായ പേര്. പേരു കൊണ്ട് ദുർബലയാണവൾ. പാക മാകാത്ത മുളംതണ്ടുപോലെ. മണി പ്പൂരിൽ നിന്നും സർവ്വകലാശാല യിലെത്തിയ ആദ്യ സംഘത്തിൽ അവൾ ഉണ്ടായിരുന്നു. വലിയ കയ്യ ടിയോടെ അവരെ സദസ്സ് സ്വീക രിച്ചു. സെമിനാർ ഹാളിൽ നടന്ന പരിപാടിയിൽ അവളുടെ നാടിനെ പ്രതിനിധീകരിച്ച് തായൽ സംസാ രിച്ചു. മംഗോളിയൻ ഛായ, കുഴി ഞ്ഞ കണ്ണുകൾ, വിടർന്ന പുരികം, നീളം കുറഞ്ഞ മൂക്ക്, ഇസ്തിരി യിട്ടതുപോലുള്ള മുടിയിഴകൾ. ഇവയൊക്കെ സസൂക്ഷ്മം നന്ദൻ നിരീക്ഷിച്ചു. പലായനത്തിന്റെ മുറിവുകൾ തായലിൽ കാണാനേ ഇല്ല. എല്ലാം ശരിയാകുമെന്ന പ്രതീ ക്ഷയാണവൾക്ക്. പേരിൽ മാത്രം ദുർബലയെങ്കിലും ഉൾക്കരുത്തുള്ള പെൺകുട്ടി. ലൈബ്രറി, കാന്റീൻ, സ്റ്റുഡന്റ് അമിനിറ്റി സെന്റർ, പുറ ത്തെ ഇരിപ്പിടങ്ങൾ, കാൽടെക്സി ലെ മിൽമ ബൂത്ത്, കോക്ക്ടയിൽ കോർണർ എന്നുവേണ്ട തായലി ന്റെ സാന്നിധ്യമുള്ള എല്ലായിടത്തും നന്ദൻ അവളെ തിരയുന്നു. തായ ലിന്റെ കാര്യത്തിൽ എന്തിനാണ് തനിക്കിത്ര താല്പര്യമെന്ന് നന്ദൻ ആലോചിച്ചില്ല. അതിലെന്തെങ്കി ലും അസ്വാഭാവികതയുണ്ടെന്നും നന്ദൻ കരുതിയില്ല.

നന്ദന് അവളോട് പ്രണയമാണെ ന്ന് ആർക്കും തോന്നാനിടയില്ല. സുജയ്ക്ക് പോലും. വീണു കിടക്കുന്ന ഏതൊരു മനുഷ്യനോടും മറ്റൊ രുവന് തോന്നുന്ന ദീനാനുകമ്പ, കഥാന്ത്യത്തിൽ ഉപഗുപ്തന് വാസ വദത്തയോട് തോന്നിയതുപോലെ. പക്ഷേ തായലിന് ആരുടെയും സഹതാപം ആവശ്യമുണ്ടായി രുന്നില്ല. തായൽ സദാസമയം ലൈബ്രറിയിലിരുന്ന് പുസ്തകങ്ങൾ വായിക്കുന്നു. ഒരു വിനോദസഞ്ചാ രിയായി കേരളത്തിൽ വന്നതല്ല താനെന്ന ബോധ്യം അവൾക്കുണ്ട്. പതുക്കെ മലയാളത്തിലെ ചില വാക്കുകൾ തായൽ സംസാരിച്ചു തുടങ്ങി. താവക്കരയിൽ ബസ്സി റങ്ങുന്നതിനിടയിൽ കണ്ടക്ടർ ദേഷ്യത്തോടെ 'ബേം കീയറ' എന്ന് പറയുമ്പോൾ ആദ്യമവൾ ക്ക് മനസ്സിലായില്ല. അത്യധികം ആശ്ചര്യത്തോടെ ഓരോ പദപ്ര യോഗങ്ങളെയും തായൽ നിരീക്ഷി ച്ചു. സുജയിൽ നിന്നും വലിയ താല്പ ര്യത്തോടെ തായൽ ചിലതൊക്കെ മനസിലാക്കി. പിന്നെപ്പിന്നെ ഇത്തരം സംഭാഷണങ്ങളെ നാലോ അഞ്ചോ വയസ്സുള്ള ഒരു കുട്ടി അക്ഷരം പഠിക്കുന്ന മട്ടിൽ തായൽ മണിപ്പൂരിയിൽ എഴുതാൻ തുടങ്ങി. മലയാളമെഴുത്ത് മഹാകഠിനമെന്ന് തായൽ.

'നന്ദാ ഇപ്പോൾ ഒരു പൊടിച്ചായ കുടിച്ചാൽ നന്നാവും അല്ലേ' എന്ന് ഒരു വൈകുന്നേരം തായൽ ചോ ദിച്ചപ്പോൾ നന്ദൻ അത്ഭുതപ്പെട്ടു. ചോദ്യത്തിന് പിറകിൽ സുജയെ ന്നുറപ്പ്. പൊടിച്ചായയോടുള്ള നന്ദ ന്റെ പ്രേമം സുജ പറഞ്ഞല്ലാതെ എങ്ങനെ തായൽ അറിയും.

സുജയോളം ഉയരമില്ല തായലിന്. അത്ര തടിയുമില്ല. നല്ല മിനുസം തോന്നിക്കുന്ന കവിളും വൃത്തിയുള്ള കാലുകളും. ചിലപ്പോൾ തൊട്ടുനോ ക്കാൻ തോന്നിപ്പോകും. കൺമഷി കലർന്ന കണ്ണുകൾ തിരുമ്മിക്കൊ ണ്ട് സുജ അന്ന് ചോദിച്ചു. തിക ഞ്ഞ ലാഘവത്തോടെ.

'നിനക്ക് എന്താണ് തായലിനോട് തോന്നുന്നത്? പ്രണയം? സഹ താപം? ഇനി മറ്റെന്തെങ്കിലും?' നന്ദൻ ഒന്നും പറഞ്ഞില്ല. 'സുജേ നീയെനിക്ക് ശ്വാസമാണെങ്കിൽ തായലെനിക്ക് ജീവജലമെന്ന്' പറയാൻ നന്ദന് തോന്നി. പറ

ഞ്ഞില്ല.

ഒരു ദിവസം തായൽ കയ്യിലൊരു പുസ്തകവുമായി നന്ദനെ കാണാൻ വന്നു. മാധവിക്കുട്ടിയുടെ പുസ്തകം. സമ്മർ ഇൻ കൽക്കട്ട. പുറംചട്ടയിലെ മഞ്ഞസൂര്യനെ കണ്ടപ്പോഴേക്കും നന്ദനത് മനസിലായി. നന്ദൻ വലിയൊരു വായനക്കാരൻ അല്ലെങ്കിലും പുസ്തകങ്ങളോട് അടുപ്പമുണ്ട്.

ഇ എം എസ് സ്മാരക വായനശാലയുടെ രണ്ടാംനിലയിലെ പഴഞ്ചൻ ഗ്രന്ഥപ്പുരയുടെ താക്കോൽ മൂന്നുവർഷത്തോളം നന്ദന്റെ കയ്യിലായിരുന്നു. പുസ്തകോത്സവങ്ങളിൽ പങ്കെടുത്ത് ആവശ്യമുള്ളവ നോക്കി വാങ്ങാനുള്ള ചുമതലയും വായനശാലാ സെക്രട്ടറി നാണുവേട്ടൻ നേരത്തെതന്നെ നന്ദനെ ഏൽപ്പിച്ചിരുന്നു. പുസ്തകങ്ങളുടെ തലക്കെട്ട് കേട്ടാൽ എഴുത്തുകാരന്റെ പേര് നന്ദൻ പറയും. ചിലപ്പോളൊക്കെ പിശക് സംഭവിക്കുമെങ്കിലും ഗ്രന്ഥശാലയിലെ മൂവായിരത്തോളം പുസ്തകങ്ങളുടെ കവർ ചിത്രങ്ങൾ നന്ദന്റെ മനസ്സിൽ പതിഞ്ഞു.

തായൽ മാധവിക്കുട്ടിയുടെ കവിതകൾ നേരത്തെതന്നെ വായിച്ചിട്ടുണ്ട്. മലയാളികളുടെ ഇംഗ്ലീഷ് നല്ലതാണെന്ന് തായൽ പറയുന്നു. നന്ദന് അങ്ങനെ തോന്നിയില്ല. കഴിഞ്ഞ ഒക്ടോബറിൽ പോണ്ടിച്ചേരി സർവകലാശാലയിൽ പേപ്പർ അവതരണത്തിന് പോയപ്പോൾ തന്റെ ഇംഗ്ലീഷ് കേട്ട് അവിടെയുള്ളവർ ചിരിച്ചത് നന്ദൻ ഓർത്തു. അല്ലെങ്കിലും നന്ദനൊരു സന്ദേഹിയാണ്.

ആവശ്യത്തിനും അല്ലാത്തതിനുമൊക്കെ നന്ദൻ നിസംഗനാകും. എല്ലാവരും തന്നെ മാത്രം ശ്രദ്ധിക്കുന്നതായും നന്ദന് തോന്നും. തിരക്കുള്ള ബസിൽനിന്ന് ഇറങ്ങുമ്പോൾ, ഏതെങ്കിലുമൊരു കല്യാണവീട്ടിൽ ഒറ്റക്ക് കയറിച്ചെല്ലുമ്പോൾ, റേഷൻപീടികയിൽ പോകുമ്പോൾ, എല്ലാവരുടെയും കണ്ണുകൾ നന്ദനിലേക്ക് മാത്രം പതിയുന്നതായി അവന് തോന്നും. അപകർഷതാബോധത്തിന്റെ ഒരു മരമാണ് നന്ദനെന്ന് സുജ പറയുന്നത് വെറുതെയല്ല.

സർവകലാശാലയിൽ തെരഞ്ഞെടുപ്പ് നടക്കുകയാണ്. വൈകി ചേർന്നതിനാൽ വോട്ടർ പട്ടികയിൽ തായലിന്റെയും കൂട്ടുകാരുടെയും പേരില്ല. നന്ദൻ വോട്ടു ചെയ്യുന്നതുവരെ തായൽ കാത്തുനിന്നു. അന്ന് വൈകുന്നേരം ബസ് സ്റ്റാൻഡിലെ ഒഴിഞ്ഞ സ്റ്റീൽ കസേരകൾ നന്ദന്റെയും തായലിന്റെയും ചൂടറിഞ്ഞു. ഇടവഴിയിലൂടെ പയ്യാമ്പലത്തേക്ക് നടക്കുന്നതിനിടയിൽ മണിപ്പൂരിൽ അവൾക്ക് എന്താണ് നഷ്ടമായതെന്ന് നന്ദൻ ചോദിച്ചു. ലോകാക്ക് തടാകത്തിലെ മുഴുവൻ വെള്ളവും മഴയായി പെയ്ത് തായലിന്റെ കണ്ണുനനയ്ക്കുമെന്നും ഇക്കാര്യം സംസാരിക്കുമ്പോൾ അവളുടെ കണ്ഠം ഇടറുമെന്നും നന്ദൻ കരുതി. രണ്ടും ഉണ്ടായില്ല. തായൽ ചിരിച്ചു. പ്രിയപ്പെട്ട വസ്ത്രങ്ങൾ, പുസ്തകങ്ങൾ, അനിയത്തി വരച്ച കുറെയേറെ നല്ല ചിത്രങ്ങൾ, കുറേ സർട്ടിഫിക്കറ്റുകൾ, കണ്ണുപോലും തുറന്നിട്ടില്ലാത്ത മൂന്ന് പൂച്ചക്കുട്ടികൾ അങ്ങനെ എന്തെല്ലാമോ നഷ്ടപ്പെട്ടു. കലാപസമയത്ത് അച്ഛനും അമ്മയും അനിയത്തിയും ഇംഫാലിലായിരുന്നു. ഇപ്പോഴും അവിടെ തന്നെ. പട്ടാളത്തിൽ ജോലി ചെയ്യുന്ന അമ്മാവന്റെ വീട്ടിൽ. സുരക്ഷിതർ. അമ്മാവൻ ആരുടെ പക്ഷത്താണെന്ന് തായലിന് ഇതുവരെ അറിയില്ല. തായൽ ഇംഗ്ലീഷിൽ സംസാരിച്ചതിന്റെ ചുരുക്കം ഇതാണ്.

എന്തായാലും വീട് നഷ്ടപ്പെട്ടതിന്റെ സങ്കടം മാത്രമേ അവൾക്കുള്ളൂവെന്ന് നന്ദന് തോന്നി. സാരമില്ല. 'എവിടെയും എനിക്കൊരു വീടുണ്ട്' എന്ന് ഒ എൻ വി എഴുതിയത് നന്ദന് ഓർമ്മ വന്നു. തായലിന്റെ വീട് എന്റെ വീട് തന്നെ. ഈയുള്ളവന്റെ വീട് ഇനി തായലിന്റേതും.

കോമളവിലാസം ഹോട്ടലിലിരുന്ന് പാവ് ബാജിയും ചൂട് പാലും ആസ്വദിച്ച് കഴിക്കുന്ന തായലിന് ഒരു കേസരി കൂടി നന്ദൻ ഓർഡർ ചെയ്തു. കൈതച്ചക്കയുടെ നേർത്ത ചുവയുള്ളത്. അവൾക്കത് ഇഷ്ടമാണ്. നന്ദൻ ഒരു ചായ മാത്രം കുടിച്ചു. നന്ദന്റെ കയ്യിൽ അധികം പണമില്ലെന്നതാണ് കാര്യം. ഫെലോഷിപ്പ് ഇത്തവണയും വൈകി .ഈ ആഴ്ച എന്തായാലും വീട്ടിൽ പോകണം. വെറും കയ്യോടെ എങ്ങനെ പോകും. എന്തെങ്കിലും പലഹാരവും വാങ്ങണം. ചേച്ചിയുടെ മക്കൾ വീട്ടിലുണ്ട്. പിന്നെ കുറച്ച് മീൻ അല്ലെങ്കിൽ കോഴിയിറച്ചി. ആരോട് കടം ചോദിക്കും. കയ്യിൽ പണമില്ലാത്തവനാണ് താനെന്ന് തായലിനോട് സമ്മതിക്കാൻ നന്ദന്റെ ആത്മാഭിമാനം സമ്മതിച്ചില്ല.

മാർക്കറ്റിലൂടെ അവർ വെറുതെ നടന്നു. ബിരിയാണിയുടെ മണം. കായ വറുക്കുന്നതിന്റെ മണം. ഇടയ്ക്ക് കടൽ കാറ്റിന്റെ ഉപ്പുചുവ. തീവണ്ടിയുടെ ഒച്ച. തായലിനപ്പോൾ ഇമാ മാർക്കറ്റ് ഓർമ വന്നു. സ്ത്രീകൾ മാത്രം ജോലി ചെയ്യുന്ന കൗതുകകരമായ ഒരു മണിപ്പൂരി മാർക്കറ്റാണ് ഇമ.

നന്ദനെ കണ്ടപ്പോൾ അശോകേട്ടൻ അടുത്ത് വന്നു. ചുമട്ടുതൊഴിലാളി. നന്ദനും അശോകേട്ടനും ഒരേ പ്രത്യയശാസ്ത്രത്തിൽ വിശ്വസിക്കുന്നു. തായലിനെ നന്ദൻ പരിചയപ്പെടുത്തി. ചായ വാങ്ങി തരാൻ തുനിഞ്ഞ അശോകേട്ടനോട് വേണ്ടെന്ന് സ്നേഹപൂർവ്വം തായലിന്റെ മറുപടി. അശോകേട്ടൻ വിട്ടില്ല. തൊട്ടടുത്ത പഴക്കടയിൽ നിന്നും പാകമായ കുറെ പേരക്കകൾ വാങ്ങി തായലിനു നേരെ നീട്ടി. തായലിന്റെ കണ്ണിൽ നേരിയ നനവ് നന്ദൻ കണ്ടു.

തിരിച്ച് സർവകലാശാലയിലേക്ക് നടക്കുമ്പോൾ പേരക്ക കടിച്ചുകൊണ്ട് തായൽ ബസിന്റെ ബോർഡുകൾ വായിക്കുന്നു 'കണ്ണൂർ എച് ക്യൂ ആ.. ആ.. ആസ്പത്രി എന്ന വാക്ക് നന്ദൻ അവൾക്ക് പറഞ്ഞുകൊടുത്തു. തായൽ ആദ്യമായി മലയാളത്തിൽ എഴുതിയ വാക്കുകളിലൊന്നാണ് കണ്ണൂർ. ഹൃദയം കൊണ്ടാവണം അവളത് എഴുതിയത്. അവൾക്ക് ഈ നാട് ഇഷ്ടമാകുന്നുണ്ട്. നാട്ടുകാരെയും. ഭയമില്ലാതെ തായൽ ഇവിടെയുള്ള മനുഷ്യരോട് സംസാരിക്കുന്നു. ആനന്ദകരമായ കാഴ്ച. പ്രതീക്ഷ നൽകുന്ന കാഴ്ച.

നന്ദനപ്പോൾ സുജയെക്കുറിച്ചാണ് ആലോചിച്ചത്. സുജ ഈയിടെയായി നന്ദനെ ശ്രദ്ധിക്കാറേയില്ല.

തന്റെ കയ്യിലുള്ള ഒരേയൊരു ആട്ടിൻകുട്ടിയെ നിരുപാധികം അലയാൻ അനുവദിക്കുന്ന ഒരു ഇടയബാലികയായി നന്ദൻ സുജയെ സങ്കൽപ്പിച്ചു. ആവുവോളം പുല്ലുതിന്ന് വയറുനിറച്ച് അവസാനം വഴി തെറ്റാതെ കുണുങ്ങി കുണുങ്ങി തന്റെ ആട്ടിൻകുട്ടി തിരിച്ചുവരുമെന്ന പ്രതീക്ഷ അവൾക്കുണ്ടായിരിക്കാം.

കലാപം അതിന്റെ മൂർധന്യത്തിൽ എത്തിയ ദിവസം തായൽ ഓർത്തു. സാലൻ ഗാം അഥവാ സർവ്വസ്വാതന്ത്ര്യത്തിന്റെ ഭൂമി നിർമ്മിക്കാൻ തന്റെ പൂർവികർ ആയുധം കയ്യിലെടുത്തു.

തലമുറകളായി പേറിവരുന്ന ഭയം തന്റെ കണ്ണുകളെയും ബാധിച്ചിരുന്നു. എന്നാൽ ഇത്ര വേഗത്തിൽ ഒരു ചുഴലിക്കാറ്റ് എന്നതുപോലെ അത് വ്യാപിക്കുമെന്ന് ആരും കരുതിയില്ലെന്നും തായൽ ഓർത്തു. ആർക്കും അവരെ ആവശ്യമില്ല. ആരും അവർക്ക് ഒപ്പം നിൽക്കുന്നില്ല. ഭരണകൂടവും ശത്രുപക്ഷത്ത്. ഈ വഴക്ക് എന്നുതീരും.

അരംബൈ തെംഗാർ, മെയ്ത്തെ ലീവുൺ തുടങ്ങിയ സായുധ സംഘടനകളെ ഭയന്ന് കട്ടിലിനടിയിലും വിറകുപുരയിലും അയൽവീട്ടിലെ ദയ എന്ന പെൺകുട്ടിയോടൊപ്പം തായൽ ജീവിച്ച രാത്രികളും പകലുകളും . ഇന്ത്യയുടെ ഭൂപടത്തിൽ മുന്തിരിക്കുല പോലെ തൂങ്ങിയാടുന്ന മണിപ്പൂർ, നൂറ്റാണ്ടുകളുടെ പോരാട്ടവീര്യം സിരകളിലൊഴുകുന്ന ആയിരക്കണക്കിന് മണിപ്പൂരി പെൺകുട്ടികളിൽ ഒരുവളായ് തായൽ. മൈലുകൾ താണ്ടി സമുദ്രം കടന്ന് നദികളെ പിന്നിട്ട് നന്ദന്റെ മുന്നിൽ നിൽക്കുന്നു. നശ്വരമായ ഈ ജീവിതം ചില നേരങ്ങളിലെങ്കിലും ഈ വിധം സാർത്ഥകം.

നല്ല മഴയുള്ള ഒരു ദിവസം പോലീസ് മൈതാനിയിലൂടെ നടക്കുകയാണ് നന്ദനും തായലും. സുജ ഒപ്പമുണ്ട്. ഒരു കുടയിൽ നന്ദനും സുജയും. തായൽ ഒറ്റക്ക്.

'അഥവാ നിങ്ങളുടെ കല്യാണം വീട്ടുകാർ നടത്തി തന്നില്ലെങ്കിൽ



എന്ത് ചെയ്യുമെന്ന്'' തായൽ. നന്ദനപ്പോൾ സുജയുടെ കൈകൾ ഒന്നുകൂടി ചേർത്ത് പിടിച്ചു. അവളുടെ മുടി നന്നായി നനഞ്ഞിരിക്കുന്നു. കുടയ്ക്ക് കീഴെ രണ്ടുപേർക്കുള്ള സ്ഥലമില്ല. സമുദായങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾ തായലിന്റെ നാട്ടിലുള്ള വിധം ഭീകരമായി ഇവിടെയില്ല. ഒരു ശീതയുദ്ധം കണക്കെ കാലങ്ങളായി ഇവിടെയത് നിലനിൽക്കുന്നുണ്ടെന്ന് സുജ അവളോട് പറഞ്ഞിട്ടുണ്ട്. പുറമെ ചോര പൊടിയുന്നില്ലെങ്കിലും അകമേ അത് തീവ്രമായി സംഭവിക്കുന്നുണ്ടെന്ന് തായലിന് നന്നായി മനസ്സിലായിക്കാണും. നന്ദന്റെ അപകർഷതാബോധങ്ങളുടെയും അന്യതാബോധത്തിന്റെയും ഉറവിടം അവന്റെ ജാതി തന്നെയെന്ന് തായൽ അറിഞ്ഞിരിക്കുന്നു. ആരും സമ്മതിച്ചില്ലെങ്കിൽ സുജയെ തട്ടിക്കൊണ്ടുവരാനുള്ള കരുത്ത് തനിക്കുണ്ടെന്നും അതിനുള്ള ആയുധങ്ങൾ എന്നേ രാകിമിനുക്കിയിട്ടുണ്ടെന്നും നന്ദൻ.



തായൽ ചിരിക്കുമെന്ന് നന്ദൻ കരുതി. തെക്കീബസാറിലെ കോഫീ ഹൗസിൽ അവരുടെ നടത്തം അവസാനിച്ചു. അതുവരെ ആരും ഒന്നും മിണ്ടിയില്ല. തായലിനു സങ്കടമായി. വേണ്ടാത്ത ഒരു ചോദ്യം വെറുതെ ചോദിച്ചതിന്റെ കുറ്റബോധവും.

അന്ന് രാത്രി കിടക്കുമ്പോൾ തായൽ ചോദിച്ച അതേ ചോദ്യം നന്ദൻ സ്വയം ചോദിച്ചു. എന്ത് ചെയ്യും. നാല് മാസം മുന്നേ നെഞ്ചുവേദന വന്ന് ക്ലാസ്സ് മുറിയിൽ തളർന്നു വീണ ഗോപിമാഷെയും കൊണ്ട് ജില്ലാ ആശുപത്രിയിലേക്ക് പോവുകയായിരുന്നു നന്ദൻ. ഫോൺ പലപ്പോഴായി റിങ് ചെയ്യുന്നുണ്ട്. പരിചയമില്ലാത്ത നമ്പരാണ്. തിരക്കൊഴിഞ്ഞപ്പോൾ തിരിച്ചു വിളിച്ചു.

മറുവശത്ത് സുജയുടെ അച്ഛൻ.

'നന്ദൻ അല്ലേ?'

അതേ എന്ന് മൂളി.

'വലിയ തിരക്കുള്ള ആളാണ് നീയെന്ന് സുജ പറഞ്ഞിരുന്നു.

തെറ്റിയില്ല

പരുഷസ്വരം.

'ഞാൻ ആശുപത്രിയിൽ ആയിരുന്നു.

ഒരത്യാവശ്യ കാര്യമുണ്ടായി.

എന്താണ് കാര്യമെന്ന് അയാൾ തിരക്കിയില്ല. നേരിട്ട് കാര്യത്തിലേക്ക്.

"തുറന്ന് പറയാം. ഞങ്ങൾക്കിത് താല്പര്യമില്ല. ജാതി തന്നെയാണ് വിഷയമെന്ന് കരുതിക്കോളൂ. ഇനി ഈ കാര്യം സുജ എന്നോട് പറയരുത്. അത് നന്ദന്റെ കൂടി ഉത്തരവാദിത്തം ആണ്. അപ്പൊ ശരി.

ഫോൺ കട്ട് ആവാൻ പോവുകയാണെന്ന് നന്ദന് തോന്നി.

"നന്ദാ, ഞങ്ങളുടെ കുടുംബത്തിൽ ഒരു രമേശനുണ്ട്. വകയിൽ ഒരമ്മാവന്റെ മകൻ. കാലിന് ചെറിയ സ്വാധീനക്കുറവുണ്ട്. ബുദ്ധിയും അത്ര തെളിഞ്ഞിട്ടില്ല. ലോട്ടറി വില്പനയാണ് തൊഴിൽ.

അൻപത് രൂപ കൊടുത്ത് ഒരാൾ നാൽപ്പതിന്റെ ടിക്കറ്റ് എടുത്താൽ പത്താണോ ഇരുപതാണോ തിരിച്ചുകൊടുക്കേണ്ടത് എന്നറിയാത്ത ഒരു പൊട്ടൻ. വയസ് നാൽപതായി കാണും. പെണ്ണ് കെട്ടിയിട്ടില്ല. ഞാൻ പറഞ്ഞുവന്നത് സുജയെ അവന് കൊടുക്കേണ്ടി വന്നാലും നിനക്ക് തരില്ല എന്നാണ്. "

ഫോൺ കട്ടായി. കുറേ നേരത്തേക്ക് വല്ലാത്തൊരു കനം നന്ദന്റെ തലച്ചോറിനെ ബാധിച്ചു. എത്രയോ വർഷങ്ങൾക്ക് ശേഷം താൻ കരയുകയാണെന്ന് നന്ദനന്ന് തിരിച്ചറിഞ്ഞു. ഒരു പുഴുവിന്റെ വില പോലും തനിക്കില്ല. ആത്മഹത്യയെക്കുറിച്ച് പോലും നന്ദൻ ആ നിമിഷം ആലോചിച്ചു. തന്റെ മുറിയിലെ പുസ്തകങ്ങളുടെ ഭാവി, നാളെ പത്രങ്ങളിലെ ചരമകോളത്തിൽ വരാനിടയുള്ള തന്റെ ചിത്രം, താനില്ലാത്ത ലോകത്തിന് സംഭവിക്കുന്ന ചെറുതും വലുതുമായ കാര്യങ്ങൾ തുടങ്ങി ആത്മഹത്യ ചെയ്യാനുറച്ചവർ എന്തെല്ലാമാണ് ആലോചിക്കുന്നത്. വേണ്ട. അതുകൊണ്ടെന്ത് പ്രയോജനം. മരിക്കരുത്. അന്ന് രാത്രി നന്ദൻ അച്ഛന്റെ പഴയ ബാർബർ ഷോപ്പ് സ്വപ്നം കണ്ടു. അച്ഛന്റെ കയ്യിലെ കത്രിക സംസാരിക്കുന്നത്. വേഗത്തിലുള്ള വിരലനക്കത്തിൽ പേനുകൾ പേടിച്ച് ഓടുന്നത്. കവിളിലെ ഷേവിങ് ക്രീം ഇതുവരെ രൂപീകരിച്ചിട്ടില്ലാത്ത ഒരു ദേശത്തിന്റെ ഭൂപടം വരയ്ക്കുന്നത്. അച്ഛന്റെ കലാചേതനയിൽ കൃതാവുകൾ ഹെയർ പിൻ വളവുകളായി പരിണമിക്കുന്നത്. ആ കാളരാത്രിയെ നന്ദന്റെ സ്വപ്നം ക്ഷണനേരംകൊണ്ട് അപഹരിച്ചു.

പരിചിതമല്ലാത്ത നമ്പരിൽ നിന്നുമുള്ള ഫോൺ വിളികളെ നന്ദന് ഭയമായി. ഇനിയാരൊക്കെ വിളിക്കും സുജയുടെ അമ്മ, ഏട്ടൻ, അമ്മാവന്മാർ. പേടി ഒരജ്ഞാത സുഹൃത്തായി നന്ദനെ പിന്തുടർന്നു. നന്ദന് അതിനെ കാണാനായില്ലെങ്കിലും അത് അവന്റെ കൂടെത്തന്നെ നടന്നു. ഒരു ബാധ പോലെ. മറ്റൊരുദിവസം ക്യാന്റീനിൽ ചായ കുടിച്ചുകൊണ്ടിരിക്കുകയാണ് നന്ദൻ. ഒരു ഇംഗ്ലീഷ് ജേർണലിലേക്ക് അയക്കാൻ തയ്യാറാക്കിയ ലേഖനം തിരുത്തുന്നു.

അടുത്ത സീറ്റിൽ ഒരാൾ വന്നിരുന്നു. സുജയുടെ ഏട്ടൻ. നേരിട്ട് കണ്ടിട്ടില്ലെങ്കിലും അവളുടെ ഫോണിന്റെ ഗാലറിയിൽ ചിരിച്ചുനിൽക്കുന്ന ഏട്ടനെ പലപ്പോഴും കണ്ടിട്ടുണ്ട്. ഇപ്പോൾ അയാൾ ചിരിക്കുന്നില്ല. തന്നെ അന്വേഷിച്ച് ഇവിടെ എത്തിയിരിക്കുന്നു. ഒരു സംഘർഷത്തിനുള്ള എല്ലാ സാധ്യതയും നന്ദൻ മുന്നിൽ കണ്ടു. 'സുജ വാശിയിലാണ്. നിങ്ങളെ അല്ലാതെ മറ്റാരെയും വിവാഹം കഴിക്കില്ലെന്ന്. ഉപവാസം, നിരാഹാരം തുടങ്ങിയ സമരമാർഗങ്ങൾ സുജ തുടങ്ങിക്കഴിഞ്ഞു. നന്ദൻ അറിഞ്ഞു കാണും അല്ലേ?"

സത്യമായും താനറിഞ്ഞില്ലെന്ന് പറയാനാണ് നന്ദന് തോന്നിയത്.

"സുജയുടെ പിടിവാശി ചിലപ്പോൾ അച്ഛൻ സമ്മതിച്ചേക്കാം. നിങ്ങൾ തമ്മിലുള്ള വിവാഹവും നടന്നേക്കാം. പക്ഷെ ഒരേ തീൻമേശയിലിരുന്ന് നിങ്ങൾക്കൊപ്പം ഭക്ഷണം കഴിക്കാൻ എനിക്ക് കഴിയില്ല. അർഹതയില്ലാതെ ഞങ്ങളുടെ വീട്ടിലെ കസേരയിലിരിക്കുന്ന നിങ്ങൾക്ക് ഭക്ഷണം വിളമ്പികൊടുക്കേണ്ടിവന്നതിന്റെ ദുഃഖം മരിക്കുന്നത് വരെ എന്റെ അമ്മയ്ക്കും ഉണ്ടാകും. സ്വതവേ ദുർബലയാണവർ. നന്ദൻ വിദ്യാഭ്യാസമുള്ളവനല്ലേ, എന്നെക്കാളും. നന്ദൻ പിന്മാറിയാൽ സുജയും ഇത് മതിയാക്കും. നന്നായി ആലോചിക്കു.

അയാൾ എഴുന്നേറ്റ് പോകുന്നത് നന്ദൻ നോക്കിനിന്നു. കയ്യിലുള്ള പേന വലിച്ചെറിയാൻ നന്ദന് തോന്നി. രോഗാതുരനായ മരംവെട്ടുകാരന്റെ മഴപോലെയത് ഉപയോഗശൂന്യമായിരിക്കുന്നു. അയാളോട് തിരിച്ചൊന്നും പറയാൻ കഴിയാഞ്ഞതിലല്ല നന്ദന്റെ വ്യസനം. ഈ വിഷജീവികൾക്കൊപ്പം ജീവിക്കുന്ന സുജയെ ഓർത്ത്. അവളെയോർത്ത് മാത്രം.

നന്ദൻ കുറേനാൾ സുജയെ കണ്ടില്ല. പരസ്പരം ഫോൺ വിളികൾ പോലും ഉണ്ടായില്ല. ആഴ്ചകൾ കഴിഞ്ഞു. ഒരു ദിവസം ലൈബ്രറിക്ക് മുന്നിൽ സുജ. അച്ഛൻ വിളിച്ചതും ഏട്ടൻ കണ്ടകാര്യവും സുജ അറിഞ്ഞു. "സുജേ, നീ അടുത്തുവരുമ്പോൾ നെഞ്ചിൽ സൂചി കയറുന്നത് പോലെ എനിക്ക് തോന്നുന്നു.

ഭയത്താൽ ഹൃദയത്തിന്റെ താളം തെറ്റുന്നു.

എന്നെ നിത്യരോഗിയാക്കുന്ന നിന്നെ ഞാനെന്തിന് സ്നേഹിക്കണം?"

അവൾ കരഞ്ഞുകൊണ്ട് എന്തൊക്കെയോ പറഞ്ഞു. അച്ഛനെക്കുറിച്ച്. അമ്മയെക്കുറിച്ച്.

അവളുടെ വീട്ടുകാർ എങ്ങനെയാണ് ഈ കാര്യം അറിഞ്ഞത്. അറിയില്ല. എന്നായാലും അറിയണം. നേരത്തെ അറിഞ്ഞത് അത്രയും നന്ന്. കഴിഞ്ഞ നാലുവർഷമായി സുജ കൂടെയുണ്ട്.

ഒരു ട്രെയിൻ യാത്രക്കിടയിൽ ആളൊഴിഞ്ഞ കമ്പാർട്ട്മെന്റിൽ വച്ച് യാദൃശ്ചികമായി പരിചയപ്പെട്ട പെൺകുട്ടിയാണ് സുജ. കുപ്പിവെള്ളം വിൽക്കുന്ന ആ മനുഷ്യനെ ഇനിയും കാത്തിരിക്കുന്നതിൽ അർത്ഥമില്ലെന്ന് വിചാരിച്ച് ഒരു മടിയും തോന്നാതെ അടുത്തിരിക്കുന്ന സുജയോട് ഒരു കവിൾ വെള്ളം ചോദിച്ചതാണ് നന്ദൻ. തൊണ്ട നനയ്ക്കാൻ. സുജ നന്ദന് നേരെ ഫ്ലാസ്ക് നീട്ടി. ഇളം ചൂട് വെള്ളം. നന്ദന്റെ ഉള്ളാകെ നനഞ്ഞു. ഒരേ കോളേജിൽ വ്യത്യസ്ത കാലങ്ങളിൽ പഠിച്ച രണ്ട് സാഹിത്യവിദ്യാർഥികളുടെ അപ്രതീക്ഷിത റീയൂണിയൻ. അവർ കുറെയധികം സംസാരിച്ചു. കവിതകളെകുറിച്ച്.

ജീവിതത്തെകുറിച്ച്. തലശ്ശേരിയിൽ ഇറങ്ങി ബസ് സ്റ്റാന്റിലേക്ക് ഒന്നിച്ച് നടന്നതും ചൂട് നിലക്കടല പങ്കിട്ടതും പാറപ്രത്തേക്ക് സുജ ബസ് കയറിയതുമെല്ലാം എത്ര വേഗത്തിൽ കഴിഞ്ഞു. ഭൂമി ഉരുളുകയല്ല. തീ പിടിച്ചത് പോലെ നെട്ടോട്ടം ഓടുകയാണ്. ആ സുജയെയാണ് നന്ദന് നഷ്ടമാകാൻ പോകുന്നത്. അവളുടെ വീട്ടുകാർ നിമിത്തം. തന്റെ ഭയം നിമിത്തം. അവളുടെ അച്ഛൻ തീർച്ചയായും

ഒരാളെ സുജയ്ക്ക് വേണ്ടി കണ്ടെത്തും. വിളിച്ചില്ലെങ്കിലും അവിടെ പോകണം. കല്യാണത്തലേന്ന് വിരുന്നുകാർക്ക് ചോറ് വിളമ്പുന്ന നാട്ടുകാരിൽ ഒരാളായി നന്ദൻ സ്വയം ഭാവന ചെയ്തു. ചില സമരങ്ങൾ ഇങ്ങനൊക്കെയേ അവസാനിക്കൂ.

സുജയെ നന്ദൻ അവഗണിച്ചു. പരമാവധി അകന്ന് നിൽക്കാൻ ശ്രമിച്ചു. പക്ഷെ ഒന്നും സംഭവിച്ചില്ല. പഴയതിനേക്കാൾ തീവ്രമായി സുജ നന്ദനെ പിന്നെയും സ്നേഹിച്ചുവെന്നല്ലാതെ മറ്റൊന്നും ഉണ്ടായില്ല. പക്ഷെ നന്ദൻ അസ്വസ്ഥനായിരുന്നു. ഇതെവിടെ അവസാനിക്കും എന്നോർത്ത്. പൂക്കില്ലെന്നുറപ്പുള്ള ഒരു ചെടിയുടെ ചുവട്ടിൽ വെറുതെ വെള്ളമൊഴിക്കുന്നതോർത്ത്.

കഥകളൊക്കെയും തായലിനോട് പറയണമെന്നുണ്ട് നന്ദന്. ഒരുപക്ഷെ നാട്ടിലേക്ക് മൂന്നോ നാലോ വർഷം കഴിഞ്ഞ് തിരിച്ചു പോകാനിരിക്കുന്ന തായലിനോട് എന്തിനിതൊക്കെ പറയണം എന്നാണ് നന്ദൻ ചിന്തിച്ചത്. ആരാണ് തായൽ? കൂട്ടം തെറ്റിയ ഒരുവൾ. ഓടി രക്ഷപെട്ടവൾ. ഒരു കാര്യത്തിൽ മാത്രം അവർക്ക് സാമ്യതയുണ്ട്. രണ്ടുപേരും പാർശ്വവൽകൃതർ. ഏതുനിമിഷവും സമൂഹം ഭ്രഷ്ട് കൽപ്പിക്കാനിരിക്കുന്നവർ. ചിറകില്ലെങ്കിലും പറക്കുമെന്നുറച്ചവർ. കയർ പൊട്ടിച്ചോടാൻ പശുക്കൾ തുനിയുന്നതുപോലെ ബന്ധനത്തിൽ നിന്ന് മോചിതരാവാൻ മുന്നോട്ടായുന്ന രണ്ടുപേർ.

മാസങ്ങൾ കഴിഞ്ഞ് ഒരു ദിവസം തായൽ നന്ദന്റെ ഹോസ്റ്റൽ മുറിയിൽ കയറിച്ചെന്നു. നേരത്തെ ഒരു സൂചനപോലും നൽകാതെ. സംഗതി ഇതാണ്. തായലിന് മണിപ്പൂരിൽ നിന്നും വിളി വന്നിരിക്കുന്നു. അവിടമിപ്പോൾ ശാന്തമാണ്. പുറത്ത് വെടിയൊച്ചകൾ കേൾക്കുന്നില്ല. അന്തരീക്ഷത്തിൽ പുകമണമില്ല. കുഞ്ഞുങ്ങൾ അല്ലാതെ മുതിർന്നവർ ആരുമിപ്പോൾ കരയാറില്ല. സ്കൂളും കോളേജുമെല്ലാം തുറന്നു. മാതായ് ഗാർഡനിൽ പഴയത് പോലെ പൂക്കൾ വിരിഞ്ഞുതുടങ്ങി. അച്ഛനും കൂട്ടുകാരും ചേർന്ന് വീട് നന്നാക്കുന്നു. ആരൊക്കെയോ ഇപ്പോൾ സഹായത്തിന് എത്തിയിരിക്കുന്നു.

'നിനക്ക് കോഴ്സ് പൂർത്തിയാക്കണ്ടേ തായൽ?

മറുപടിയില്ല.

'നിന്റെ കൂട്ടുകാരും തിരിച്ചുപോകുന്നുണ്ടോ?' അതിനും ഉത്തരമില്ല.

'ഞാൻ ഇവിടെ ഇരുന്നോട്ടെ നന്ദൻ?

തായലിന്റെ കണ്ണുകളാണ് അപ്പോൾ സംസാരിച്ചത്. നന്ദൻ പരിഭ്രമിച്ചു. കട്ടിലിന്റെ ഒരു മൂലയിൽ തായൽ ഇരുന്നു.

"നന്ദൻ ഭയപ്പെടേണ്ട. പുറത്തെ വരാന്തയിൽ സുജ ഇരിപ്പുണ്ട്. നാളെ വൈകുന്നേരം കോഴിക്കോട്ടുനിന്ന് എനിക്ക് വിമാനം കയറണം.

തൊട്ടടുത്ത സീറ്റിൽ സുജയുമുണ്ടാകും. ഗോപിമാഷിന്റെ വകയാണ് ടിക്കറ്റ്. ആറരയ്ക്ക് പറന്നാൽ പിറ്റേന്ന് പത്തരയോടെ ഞങ്ങൾക്ക് നാട്ടിലെത്താം.

നന്ദൻ ജനാലയിലൂടെ പുറത്തേക്ക് നോക്കി. കസേരയിൽ സുജ. പൊടിയും ചപ്പുചവറും നിറഞ്ഞ നിലം വൃത്തിയാക്കുന്ന ഒരു ചൂലെന്ന പോലെ സുജയുടെ നീണ്ടമുടി കാറ്റിൽ അനങ്ങുന്നു.

തായൽ പറഞ്ഞു.

"ശത്രുക്കളെ ആയുധം കൊണ്ട് മുറിവേൽപ്പിക്കുകയെന്നതാണ് ഞങ്ങളുടെ പ്രമാണം. ഉപയോഗിച്ച ആയുധം ദൃശ്യമാണ്. അതിൽ പുരണ്ട രക്തക്കറ പരസ്യവും.

നന്ദൻ പുറത്തേക്ക് നടന്നു. സുജ ആരെയോ ഫോൺ ചെയ്യുകയാണ്. തായലും പുറത്തിറങ്ങി.

"അവിടെ ഒന്നും ശാശ്വതമല്ല നന്ദൻ. ഉദയവും അസ്തമയവും എന്നതുപോലെയാണ് അവിടെയുള്ളവർക്ക് സ്നേഹവും പകയും. ഉള്ളിൽ വിഷം പേറി പരസ്പരം അവിശ്വാസത്തോടെ ജീവിക്കുന്ന സുജയുടെ ബന്ധുക്കളെപ്പോലുള്ള മനുഷ്യരേക്കാൾ അവർ എത്ര ഭേദമാണ്. നേരെ വാ നേരെ പോ എന്ന വിധമാണ് അവർക്ക്. ഒരർത്ഥത്തിൽ അതല്ലേ നല്ലത്?"

നന്ദന് തായൽ പറഞ്ഞത് അപ്പാടെ അംഗീകരിക്കാൻ കഴിഞ്ഞില്ല. എല്ലായിടത്തും ദുഷ്ടന്മാരുണ്ട്. അവരുടെ കാലവും ദേശവും മാറുന്നുണ്ട്. അതിന് വകഭേദങ്ങളില്ല. ദുഷ്ടത എന്നും ദുഷ്ടത തന്നെ.

നന്ദനപ്പോൾ തന്റെ വംശത്തെ ഓർത്തു.

നൂറ്റാണ്ടുകൾക്കപ്പുറം തന്റെ പിതാമഹന്മാർ മുറിച്ചുതള്ളിയ മുടിനാരുകളെ ഓർത്തു. പ്രകാശവേഗതയിൽ ചലിക്കുന്ന അച്ഛന്റെ കൈകളെയും കുറ്റിരോമങ്ങൾ വീണ് ചൊറിഞ്ഞുപൊട്ടിയ കാലുകളെയും ഓർത്തു. ഹോസ്റ്റലിൽ നിന്നും ഇറങ്ങുന്നതിനിടയിൽ തായൽ നന്ദനെ ഗാഢമായി പുണരുന്നത് സുജ നോക്കിനിന്നു.

നന്ദൻ എത്ര മനുഷ്യരാലാണ് സ്നേഹിക്കപ്പെടുന്നതെന്ന് സുജയപ്പോൾ ചിന്തിച്ചു. തോൾ സഞ്ചിയിൽ നിന്നും ലിന്തോയ് ചാനു എഴുതിയ മണിപ്പൂരി ചെറുകഥകളുടെ പുസ്തകം തായൽ നന്ദന് നേരെ നീട്ടി.

'നന്ദൻ എന്നാണ് എന്റെ ഗ്രാമത്തിലേക്ക് വരുന്നത്. അവിടെ കൈതച്ചക്കകൾ പഴുത്തുതുടങ്ങിയിരിക്കും. സ്വാദുള്ള കൈതച്ചക്കകൾക്ക് പ്രസിദ്ധമാണ് മണിപ്പൂർ.

കഴിഞ്ഞ വർഷം മണ്ണിനടിയിൽ താഴ്ത്തിയ വൈൻ കുപ്പികളും പുറത്തെടുക്കാൻ തയ്യാറായിക്കാണും. നന്ദൻ തീർച്ചയായും വരണം. ഞങ്ങൾ കാത്തിരിക്കും.

നന്ദനോടൊപ്പമായിരിക്കും സുജ നാട്ടിലേക്ക് തിരിച്ചുവരിക.

തായലിന്റെ വാക്കുകൾ കേട്ടുനിൽക്കാനുള്ള കരുത്ത് അയാൾക്കുണ്ടായില്ല. കരച്ചിൽ വന്നെങ്കിലും അയാൾ തൂണിലേക്ക് ചാരി.

തായൽ സമ്മാനിച്ച പുസ്തകത്താളുകളിലെ മണിപ്പൂരിലിപികളിൽ വിരലുകൾ തൊട്ടപ്പോൾ തലയ്ക്കുമുകളിലൂടെ ഒരു വിമാനം പറക്കുന്നതിന്റെ മൂളൽ നന്ദനറിഞ്ഞു.

**സരിതാമോൾ കെ.പി.**
ശ്രീശബരീശ കോളേജ്, മുണ്ടക്കയം

കഥ - അദ്ധ്യാപക വിഭാഗം
(രണ്ടാം സ്ഥാനം)

# ബാബേൽ ഫിഷ്

മാഷിന് ഇന്ന നേരത്തെ പോകണം. എന്നിട്ടും കുറേ നേരം വരാന്തയിൽ വെറുതെ നിന്നു .നവംബറിന്റെ അവസാനമാണ്. കാലമിനി തണുത്തു തുടങ്ങും. ഇരുട്ടു മാഞ്ഞിട്ടില്ല കിളിയൊച്ചകൾക്കു നേരമായില്ല. സാധാരണ ഈ നിൽപ്പുണ്ടാകാറില്ല. കാലത്തുണ്ടാക്കേണ്ട ഭക്ഷണം വരെ തീർച്ചപ്പെടുത്തിയാണ് ഉറങ്ങാൻ പോകാറ് .എന്നിട്ടും കാരണമറിയാത്ത ഒരു അലസത ചുറ്റിവരിഞ്ഞു നിന്നു. പിന്നിലെ വരാന്തയിലാണെന്റെ നിൽപ്പ്. ചുറ്റും കാണാൻ പ്രത്യേകിച്ച് കാഴ്ചകളൊന്നുമില്ല. ഞാനും മാഷും ഞങ്ങൾക്ക് രണ്ടുപേർക്കും കിട്ടിയ കുടുംബ വിഹിതത്തിന്റെ ഒരു ഭാഗവും ചേർന്നാൽ ഞങ്ങളുടെ എട്ടു സെന്റ് പുരയിടവും ചുറ്റ വരാന്തയുള്ള, അഞ്ചുവർഷം പഴക്കമുള്ള, മഞ്ഞിന്റെ നിറമുള്ള ഒറ്റ നില വീടുമായി. കാഞ്ഞിരപ്പള്ളിയിൽ വീട് വയ്ക്കുമ്പോൾ ഒരു ഉദ്ദേശമേ ഉണ്ടായിരുന്നുള്ളൂ. എനിക്കു മുണ്ടക്കയത്തിനും മാഷിന് കോട്ടയത്തിനും പോകാൻ കഴിയണം

അവധിയെടുത്താലോ? ഇനി മിച്ചം എത്ര ലീവുണ്ടാകുമെന്ന് മനസ്സിൽ കൂട്ടി നോക്കിയപ്പോൾ ആ ചിന്ത മാറ്റിവയ്ക്കപ്പെടേണ്ടതാണെന്ന് മനസിലായി. ജോയ് മോന്റെ ജോയ് മോൻ ഞങ്ങളുടെ മകനാണ് രണ്ടു പനിക്കാലം അപഹരിച്ച ലീവുകളും മാഷിന്റെ വീട്ടിലെ ചില അത്യാവശ്യങ്ങൾക്കും പിന്നെ എന്റെ സ്വന്തം നിലയിലെ ചില മടികൾക്കും എടുത്തതെല്ലാം കൂടി പന്ത്രണ്ടെണ്ണം കവിയും. ഇനി നിന്നാൽ മാഷ്, ജോയ് മോൻ, ഞാൻ എല്ലാം വീട്ടിലിരിക്കേണ്ടിവരും.

അലസതയുടെ പുതപ്പ് കുടഞ്ഞൊന്നു തിരിഞ്ഞ നേരത്താണ് ഞാൻ അയാളെ ആദ്യമായി കണ്ടെത്തിയത്. പ്രത്യേകിച്ച് പുറം കാഴ്ചകളൊന്നുമില്ലാത്ത എന്റെ കുഞ്ഞു വീടിനെയും വരാന്തയെയും കുള്ളനാക്കി ഉയർന്നുനിൽക്കുന്ന നീല നിറമുള്ള 14 നില ഫ്ലാറ്റിന്റെ രണ്ടാം നിലയിൽ ഞാൻ അയാളെ കണ്ടു. കണ്ടെത്തിയെന്ന് പറഞ്ഞത് ഫ്ലാറ്റിൽ അവിടെയിവിടെ താമസക്കാരായി വരുന്നതേയുള്ളൂ; ആരെയും കാണാനില്ല. വല്ലപ്പോഴും രാത്രികളിൽ പകൽ മറന്നുവെച്ച് ചൂലോ പാത്രമോ എടുക്കാൻ പുറത്തിറങ്ങുമ്പോഴും മറ്റു ചില ജനാലകളിൽ വെളിച്ചം കാണാം. ആദ്യമായാണ് ഒരാളെ കാണുന്നത്. അയാൾ ബാൽക്കണിയിൽ നിന്ന് കയ്യിലിരുന്ന വെളിച്ചത്തിലേക്ക് നോക്കി. മൊബൈലോ ലൈറ്റോ. ഞാൻ ചുറ്റും നോക്കി. ഇരുട്ട്, ഞാൻ, അയാൾ, എനിക്ക് ആ കണ്ടെത്തലിൽ അതിയായ സന്തോഷം തോന്നി. എത്രനാൾ കൊണ്ടാണ് ഞാൻ വെളിച്ചമുള്ള ജനാലകളൊന്നിന്റെ ഉടമസ്ഥനെ കണ്ടെത്തിയത്. അടുക്കളയിലേക്ക് കയറുമ്പോൾ എനിക്ക് അയാളെ ഒന്നു നോക്കണമെന്ന് കൂടിയുണ്ടായിരുന്നില്ല. എന്റെ കണ്ടെത്തലിന്റെ ഗർവ് അത്രമേലായിരുന്നു.

ജോയ് മോനും മാഷും ഉറക്കം ഉണർന്നു വന്നപോഴും ഞാനാ രഹസ്യ കണ്ടെത്തലിന്റെ സന്തോഷത്തിലായിരുന്നു രാവിലെ അധികം സംസാരിക്കാറില്ല. ജോയ് മോൻ അത്രയും പോലുമില്ല. കട്ടിക്കണ്ണട വെച്ച് ആ ചെറിയ സാധനം ഒരു കാലത്ത് എന്നെ 'വിശ്വനാഥൻ ആനന്ദിന്റെ അമ്മ' എന്ന പേര് കേൾപ്പിക്കുമോ എന്ന് ഞാൻ ഭയന്ന വിധം ചെസ്സ് കളിയിൽ മുഴുകിയിരുന്നു. അതിപ്പോൾ പൂർണ്ണമായി ഉപേക്ഷിച്ചെങ്കിലും ജോയ് മോൻ എപ്പോഴും ഒരു ചെസ്സ് ബോർഡിന്റെ മുൻപിലെന്ന പോലെ ആലോചനയിൽ ആണ്. അപ്പനെ കൂട്ട് ഒരു ബുദ്ധിജീവി ലൈൻ.

മാഷ് പത്രം വായിച്ചു, ഭക്ഷണം കഴിച്ചു, യൂണിവേഴ്സിറ്റിയിലേക്ക് പോകാൻ ഒരുങ്ങി. ജോയി

മോനെയും ആ കൂടെ കൊണ്ടു പോകും. ഗേറ്റിൽ നിന്നും രണ്ട് ചുവട് വെച്ചാൽ ബസ് സ്റ്റോപ്പായി. ബോഗൻ വില്ല പടർന്ന ഗേറ്റ് പൂട്ടി ബസ് സ്റ്റോപ്പിലെത്തി. കോളജി ലും എല്ലാം

പതിവുപോലെയായിരുന്നെങ്കി ലും എനിക്ക് അകാരണമായ സന്തോഷമുണ്ടായിരുന്നു എന്ന തി രിച്ചറിഞ്ഞത് വൈകുന്നേരമാണ്. പിൻ വരാന്തയിൽ നിന്ന് അന്നു രണ്ടാം തവണ ഞാൻ അയാളെ വീണ്ടും കണ്ടു. കണ്ട നിമിഷം ന രഞ്ഞു പൊന്തിയ സന്തോഷം ആ ദിവസം മുഴുവൻ എന്റെ ഉള്ളിൽ കിടന്നു വീർപ്പുമുട്ടുകയും പലതവണ ചിരിയായും മൂളിപ്പാട്ടായും പുറത്തു വരികയും സഹപ്രവർത്തകർ ശ്ര ദ്ധിക്കുകയും ചെയ്തു ഒന്നായിരുന്നു എന്ന് ഞാൻ തിരിച്ചറിഞ്ഞു. ആ ഓർമ്മയിലാകണം ചിരിച്ചുകൊണ്ട് ഞാൻ അയാളെ നോക്കി നിന്നു. പണ്ട് ഹോസ്റ്റൽ വരാന്തയിൽ നി ന്നാൽ കാണുന്ന ഫ്ലാറ്റിൽ ആളെ കണ്ടെത്താൻ കഷ്ടപ്പെട്ടു പരാജയ പ്പെട്ടുക്ഷീണമാണ് ഞാനിപ്പോൾ തീർത്തത്.

പിന്നീട് പല വെളുപ്പാൻ കാല ങ്ങളിലും വൈകുന്നേരങ്ങളിലും ശനിയാഴ്ച പകലുകളിലും ഞാൻ അയാളെ കാണുകയും അയാളുടെ ചിതറി തെറിച്ച നോട്ടങ്ങൾ എന്റെ അടുത്ത് എത്താതെ വീണടയുക യും ചെയ്തു. എൻറ മുറ്റത്തെ നീലിച്ച ഹൈഡ്രാഞ്ചിയകൾക്കും വെളുത്ത പീസ് ലില്ലികൾക്കും ഇടയിൽ നിന്ന് ഞാൻ അയാളെ നോക്കി. പിൻ വരാന്തയിലെ ഒരിക്കലും ഉപയോഗിക്കാത്ത ചൂരൽ കസേ രകളിലിരുന്നും വെളുത്ത വേലി പലകകളിൽ ചാരി നിന്നും ഞാന യാളെ നോക്കി . എന്നാൽ അയാ ളുടെ നോട്ടങ്ങളൊന്നും എന്റെ മുറ്റ ത്തേക്ക് വീണില്ല എന്ന് മാത്രമല്ല ഞാനവിടെ അദൃശ്യയായി തുടർന്നു കൊണ്ടിരിക്കുകയും ചെയ്തു.

അയാളെന്നെ കാണാത്തതായി രുന്നു എന്റെ സന്തോഷം. അയാ ളെന്റെ കണ്ടെത്തലാണ്. എന്റെ രഹസ്യം!!

ജോയി മോനാണത് തകർത്തത്.

ഒരു വൈകുന്നേരം പതിവില്ലാത്ത വിധം അലറി വിളിച്ചു അവൻ അയാളുടെ നോട്ടത്തെ എന്റെ നേരെ തിരിച്ചുവിട്ടു. അവൻ ചെടി ക്കിടയിൽ ഒരു ചേരയെ കണ്ടതാ യിരുന്നു കാര്യം. അടുക്കളയിൽ നിന്നും ഞാൻ ഓടി വരുന്നതും അവനെ ചേർത്തുപിടിച്ച് പാമ്പി ഴഞ്ഞ് പോകുന്നതും അയാൾ നോക്കി നിൽക്കുന്നതും ഒക്കെ കണ്ടുകാണണം. ഡിസംബർ തുട ങ്ങിയെങ്കിലും പതിവില്ലാത്ത ചാ റ്റൽ മഴയുണ്ടായിരുന്നു അപ്പോൾ. ഒന്നു രണ്ടു തുള്ളി തലയിൽ വീണ പ്പോൾ മുഖമുയർത്തി നോക്കിയത് അയാളെ. കള്ളത്തരം കണ്ടുപിടിച്ച വിധം ഞാൻ പൊള്ളി. തിടുക്ക പ്പെട്ട് മോനേയും വലിച്ചുകൊണ്ട് അകത്തേക്ക് കയറി പോയത് അതുകൊണ്ടാണ്.

അന്ന് രാത്രിയും പിറ്റേന്ന് പകലും അസാധാരണമാം വിധം മഴപെയ്തു. വൈകുന്നേരം കോളേജിൽ നിന്നും എത്തിയപ്പോഴും മഴ തോർന്നിട്ടില്ല. ജോയി മോൻ നേരത്തെ എത്തി വരാന്തയിൽ കാത്തു നിന്നു. ഗേറ്റ് ചാരി, നടപ്പാത കടന്ന് വീടെത്തി യപ്പോൾ കണ്ടു, രണ്ടാം നിലയിൽ മഴയുടെ മൂടലിലും അയാളവിടെ നിൽപ്പുണ്ടായിരുന്നു. എന്റെ നോട്ടം വീണതും എനിക്ക് തീർച്ച യാണ്.അയാൾക്കും പൊള്ളിയിട്ടു ണ്ടാവണം. ഞെട്ടി പിന്നോട്ടു മാറി, വാതിൽ കടന്നു ഇരുട്ടിൽ മറഞ്ഞു. ഞാൻ ജോയ് മോനെ നോക്കി. അവൻ എന്നെ തന്നെ നോക്കി നിൽക്കുകയാണ്..

രാത്രി മുഴുവൻ, പുറത്തു മരം പെ യ്യുന്നതും കേട്ട് ഞാൻ കിടന്നു. അടുത്ത പകൽ അവധി ദിവസ മാണ് എന്നിട്ടും നാലുമണിക്ക് അടുക്കളയിലേക്ക് ചെന്നു. ജനാല തുറന്നപ്പോൾ തണുത്ത കാറ്റ്..... പു റത്തുനിലാവുണ്ട്. വരാന്തയിലേക്കു ള്ള കതക് തുറന്നിറങ്ങി. പിൻവശ ത്തെ ഇത്തിരി സ്ഥലത്ത് ചേമ്പിൻ തൈകൾ നട്ടിട്ടുണ്ട്. ചേമ്പിലക ളിലെ വെള്ളിവെളിച്ചവും നിഴലും സുന്ദരമാണെങ്കിലും ഒരു ചെറിയ പേടി തോന്നി. അതാ വീണ്ടും ഞാനയാളെ കാണുന്നു. എന്നെ കാത്തിരുന്ന വണ്ണം, ബാൽക്കണി

യുടെ റെയിലുകളിൽ കൈ താങ്ങി, ഞാൻ അയാളെ ആദ്യമായി കണ്ട അതേ വെളിച്ചത്തിൽ. ഒരു വ്യ ത്യാസമുണ്ട് ഇത്തവണ അയാളെ ന്നെയും കണ്ടു. വളരെക്കാലം കണ്ടു പരിചയിച്ച രണ്ടുപേരെ പോലെ ഞങ്ങൾ പരസ്പരം നോക്കി ചിരിച്ച ത് ഏത് നിമിഷത്തിലാണ്?

അയാളുടെ സ്ഫടിക കണ്ണുകൾ ആ നേരം ചെറുതാവുകയും കട്ടിമീശയ്ക്ക് താഴെ തെളിഞ്ഞ പല്ലുകൾ വെള്ളി നിറമുള്ള പ്രകാശം പൊഴിക്കുകയും ചെയ്തുവെന്നത് തീർച്ചയാണ് . ഞാ നോ,ഞാനെങ്ങനെയായിരുന്നു?

'മോനെവിടെ?'
'ഉറക്കം. '
അയാൾ എന്നോട് ചോദിക്കുന്നു
'ഉറങ്ങുന്നില്ലേ ?'
'ഉറക്കം കഴിഞ്ഞു.
ഇനി?
ബാബേൽ ഫിഷ് സച്ച തോമസ് മാതൃഭൂമി വാരികയിൽ എഴുതി ക്കൊണ്ടിരുന്ന ഒരു പംക്തിയാണ തെന്ന് എനിക്കറിയാം. ഇംഗ്ലീഷ് മലയാള കോളേജ് അധ്യാപക ദമ്പതികൾ എന്ന നിലയിലും എനിക്കെന്നോ കൈമോശം വന്നതും യൂണിവേഴ്സിറ്റി മലയാളം വകുപ്പ് മേധാവി എന്ന നിലയിൽ മാഷിന്നും തുടർന്ന് വരുന്നതുമായ വായനക്കാലത്തെ ഓർമിപ്പിക്കുന്ന, വീടിനുള്ളിലെ അനേകം ചിഹ്നങ്ങ ളിലൊന്നാണ് മാതൃഭൂമി. അടുക്കി വെയ്ക്കുന്ന കൂട്ടത്തിലെപ്പോഴോ മറി ഞ്ഞുപോയ താളിൽ കണ്ടതാണ് ഈ വാക്ക് . ബാബേൽ ഫിഷ് !ചോദ്യം ആവർത്തിക്കപ്പെടുന്നു.

'ഇനിയെന്താണ്?'
'ഒന്നുമില്ല'
ഒന്നുമില്ലെന്നോ? പാചകം?'
'നാളെ അവധിയാണ് '
നിലാവിന്റെ പാൽനിറം വെ ള്ളത്തിൽ വാക്കിന്റെ സ്വർണ മീനുകൾ നീന്തി,മുങ്ങി നിവർന്നു, മാനം മുട്ടെ ഉയർന്നു ചാടി പിന്നെ പതിയെ ചത്തു വീണു.ഞങ്ങൾ തിരിഞ്ഞു നടന്നു. അടുപ്പ് കത്തിച്ചു ,കാപ്പിക്ക് വെള്ളം വെച്ചു. പിന്നെ...

ചത്തു മലർക്കും മുമ്പ് ദൂരങ്ങൾ കുറുകെ നീങ്ങിയ സ്വർണ്ണ മത്സ്യ ങ്ങളെ കുറിച്ചോർത്തു, അവയെ

ജനിപ്പിച്ച സ്ഫടിക്കണ്ണുകളെയോർത്തു .വർഷങ്ങൾക്ക്

മുമ്പ് ഒരു പത്താം ക്ലാസുകാരി കൂടിയ ഓണാഘോഷത്തെയോർത്തു. ചെമ്പൻ മുടി പാറിയ വിടവിലൂടെ അന്നു കണ്ട ചെറിയ കണ്ണുകളിൽ നിന്നും നീന്തിയെത്തിയ സ്വർണ്ണ മീനുകളെ ഓർത്തു .ഇന്നും പ്രണയത്തിന്റെ കൊള്ളിമീൻ കൊത്തിയ നിമിഷങ്ങളെ മുറുകെപ്പിടിച്ച കള്ളഗൃഹാതുരത്വത്തിന്റെ കഥയും പറഞ്ഞ് നാട്ടിലെ ഓണാഘോഷത്തിൽ പങ്കെടുക്കുന്ന എന്റെ വ്യഗ്രതയെക്കുറിച്ചോർത്തു.

മാഷ് എണീറ്റ് വരുന്നുണ്ട്. കോഫിയും കൂടെയുണ്ട്. കോഫി ഞങ്ങളുടെ ഷീറ്റ്സു പട്ടിക്കുട്ടിയാണ് അവനെ പകൽ വീടിനുള്ളിൽ വീടിനുള്ളിൽ അടച്ചിട്ടാണ് ഞങ്ങൾ പോകാറ്.

'നീ എന്താ ഇന്ന് രാവിലെ ? '
ഉറക്കം വന്നില്ല
മാഷ് ഒരർത്ഥവുമില്ലാതെ എന്നെ നോക്കി തിരിഞ്ഞു നടന്നു. എന്നിട്ട് പറഞ്ഞു
'പോയി കിടക്കുപെണ്ണേ, രാവിലെ ഓരോ വട്ട് '
'കാപ്പി വേണോ"
'ആം'
ഞാൻ ജനാലയിൽ കൂടി പുറത്തേക്ക് നോക്കി തിരികെ വന്നോ? എന്തിന്? കണ്ടതുപോലെ. മാഷിന് കാപ്പി ചില്ലു ഗ്ലാസിൽ പകർന്നു വെച്ചിട്ട് പുറത്തിറങ്ങി വീണ്ടും. ഇത്തവണ കൂടെ കോഫിയും ഉണ്ടായിരുന്നു. അയാൾ! കയ്യിൽ കാപ്പിക്കപ്പ് .

'എന്താണ് പേര്?'
'കോഫി'
തല പുറകിലേയ്ക്ക് മറിച്ച് ചിരിച്ചു.
'ഓക്കെ. നിങ്ങൾ പോകുമ്പോൾ കോഫിയെ ആര് നോക്കും ?'
'ആരുമില്ല'
പകൽ ഒരു ദിവസം എന്നെ ഏൽപ്പിക്കൂ. '
ഞാൻ ചിരിച്ചു.മാഷിന് കാപ്പി കൊടുക്കണം. ഞാൻ പോയി .

പിന്നെയുള്ള പകലുകളിൽ, സന്ധ്യകളിൽ, പ്രഭാതങ്ങളിൽ, രാത്രികളിൽ ഒരായിരം സ്വർണ്ണ മത്സ്യങ്ങൾ വായുവിൽ കുറുകെ നീന്തി. ചിലത് കണ്ണീര് വീണു മഴ നനഞ്ഞു. ചിലത് ചിരി വീണു തിളങ്ങി വെളിച്ചം വിതറി. ചിലതു വിഷാദത്തിന്റെ കുങ്കുമം പുരണ്ടു ഇരുണ്ടു പോയി. ചിലതു വിരഹത്തിന്റെ നീലിച്ച നിറം വീണു കട്ടപിടിച്ചു. എങ്കിലും അവ തളർച്ചയില്ലാതെ രണ്ടു തീരങ്ങൾക്കു നടുവിൽ നീന്തി, തീരമെത്താൻ മത്സരിച്ചു, ചില ചില നേരം തീരങ്ങളിൽ വിശ്രമിച്ചു.

വീണ്ടുമൊരിക്കൽ കോഫിയെ കുറിച്ച് ചോദിച്ചു.
'ഞാനിന്ന് പകലവനെ കൂട്ടട്ടെ'
'ഉം'
എനിക്ക് എതിർക്കാൻ തോന്നിയില്ല.
'എങ്ങനെ? '
'അവനെ ഉള്ളിലാക്കി വീട് പൂട്ടുകയാണ് ചെയ്യുക. താക്കോൽ മുൻവരാന്തയുടെ നാലാമത്തെ പടിയുടെ ചുവട്ടിൽ നിൽക്കുന്ന പിങ്ക് ഹൈഡ്രാഞ്ചിയയുടെ ഇലകൾക്കുള്ളിൽ വെയ്ക്കാം. തുറന്നവനെ കൂട്ടിക്കൊള്ളൂ.

'ഉം. നന്ദി'

കോളേജിലേക്ക് പോകുമ്പോൾ അയാൾ അവിടെ നിന്നു എന്നെ നോക്കി ചിരിച്ചു.ഞാനും.

കോളേജിൽ ഇരുന്ന് ഞാൻ പലതവണ ഓർത്തു, കോഫിയെ കൂട്ടി കാണുമോ? തിടുക്കപ്പെട്ടാണ് തിരികെയെത്തിയത്. താക്കോൽ ഭദ്രമായി ഹൈഡ്രാഞ്ചിയയുടെ ഇലകൾക്കിടയിലുണ്ടായിരുന്നു.

വീട് തുറന്നു, കോഫിയെ വിളിച്ചു. അവൻ ഉള്ളിൽ എവിടെ നിന്നോ ഓടി വന്നു. അവന്റെ കണ്ണിലേക്ക് വീണ ചെമ്പൻ രോമങ്ങൾ, കുട്ടികളുടേതെന്ന പോലെ ഉയർത്തി കെട്ടി വച്ചിരുന്നു. അയാളായിരിക്കണം. ജോയി മോൻ എത്താൻ താമസിച്ചു. വസ്ത്രം മാറി കോഫിയെ ഉയർത്തിയെടുത്ത മാത്രയിൽ അവൻ പറഞ്ഞു –

'അമ്മാ, കോഫിക്ക് ഒരു പുതിയ മണം. '

ഞാനെന്തേ അത് ശ്രദ്ധിക്കാതിരുന്നത്? ജോയി മോൻ വീണ്ടും വീണ്ടും കോഫിയുടെ ഗന്ധം വലിച്ചെടുത്തു.

'ഇതെന്തിന്റെ മണമാണ് അമ്മേ .?'

അവനറിയില്ല. പക്ഷേ എനിക്കറിയാം അയാൾ വളർത്തുന്ന കാട്ടുപൂക്കളുടെ പരുക്കൻ മണമാണ് കോഫിയെ പൊതിഞ്ഞു നിൽക്കുന്നത്. അയാൾ അവനെ ഒരുപാടോമനിച്ചിരിക്കണം കോഫിയുടെ കണ്ണിലെ തിളക്കം സ്നേഹിക്കപ്പെട്ടവന്റെ സന്തോഷമാണ്. ജോയി മോൻ ചോദ്യം ആവർത്തിക്കുന്നു, ഞാൻ കൈ മലർത്തുന്നു .കോഫി സന്തോഷവാനാണ്. അയാൾ എങ്ങനെയാകും അവന്റെ സന്തോഷത്തെ കണ്ടെത്തിയത്? ഒരുപാട് ഓമന പേരുകൾ വിളിച്ചിട്ടുണ്ടാവണം, ഇഷ്ടപ്പെട്ട ട്രീറ്റുകൾ കൊടുത്തിട്ടുണ്ടാകണം, മടിയിലിരുത്തി അവന്റെ ചെമ്പൻ രോമങ്ങളെ തഴുകി ഇക്കിളി പ്പെടുത്തിയിട്ടുണ്ടാവണം .എനിക്കും സന്തോഷമായി. എന്റെ രഹസ്യം എന്നെ സന്തോഷിപ്പിക്കുന്നു. ജോയി മോൻ, മാഷെത്തിയപ്പോൾ കോഫിയുടെ അസാധാരണ മണത്തെക്കുറിച്ച് പറഞ്ഞു,മാഷും ഉത്തരം തേടി കോഫിയോടും എന്നോടും ജോയി മോന്റെ സംശയം ആവർത്തിച്ചു.

കോഫി എന്റെ കണ്ണിൽ നോക്കി, എന്നിട്ട് തിരിഞ്ഞു അവന്റെ ബെഡിൽ കയറി കിടന്നു. ഞാനടുക്കളയിലേക്ക് ചെന്നു. വേലിക്കെട്ടുകൾക്ക് പിന്നിൽ സൂര്യൻ മറയുന്നു .ഫ്ലാറ്റിലേക്ക് നോക്കി അയാളുടെ ജനാലയിൽ മെഴുകുതിരി കത്തുന്ന പോലെ എന്തോ ഒരു ചെറിയ വെളിച്ചം മാത്രം . ആളെ കാണുന്നില്ല. ഇനിയെപ്പോൾ കാണും ?ഞാൻ നിരാശപ്പെട്ട് ജനൽ പാളികൾ ചാരി.

വീടിനുള്ളിൽ എല്ലാം പതിവുപോലെ ചലിച്ചു തുടങ്ങി. ജോയ് മോൻ പഠിക്കാൻ ഇരുന്നു, മാഷ് ടിവി ഓൺ ചെയ്തു. ഞാൻ......... ഞാൻ എന്ത് ചെയ്യുകയാണ് ?കോഫിയെ കൊണ്ടുപോയ കഥ പറയാൻ എന്തേ അയാൾ വന്നില്ല? വൈകുന്നേരം ഞാൻ ചോദിക്കുമെന്നറിയില്ലേ? അടുക്കളയിലെ

ബ്രേക്ക് ഫാസ്റ്റ് ടേബിളിന്റെ വെള്ള പ്രതലത്തിൽ ഞാനയാ

ളുടെ പേര് എഴുതി മായ്ച്ചു. ഇരു പ്പുറയ്ക്കാതെ ജനാലകൾ തുറന്നു. വെളിച്ചമുണ്ട് അയാളുമുണ്ട് ഫോൺ ചെയ്യുകയാണെന്ന് തോന്നുന്നു. ഞാൻ നോക്കി നിന്നു എന്നെ കണ്ടാലോ? ഇല്ല; അയാളെന്നെ കണ്ടില്ല കോഫിയുമായി ചിലവിട്ട പകലിനെക്കുറിച്ച് പറയാതെ അയാൾക്കെങ്ങനെ ഉറങ്ങാൻ പോകാൻ കഴിഞ്ഞു എന്നോർത്ത് ഒരുപാട് നേരം ഞാൻ ഇരുന്നു.

എന്റെആലോചനകൾ കാടുകയറി തുടങ്ങിയതും വഴികാണാതലഞ്ഞ തും ഒക്കെ മാഷിന്റെയും ജോസ്മോ ന്റെയും മുൻപിലായിരുന്നതുകൊ ണ്ട് രണ്ട് കട്ടിക്കണ്ണടകൾക്കു പി ന്നിലെ നാല് കണ്ണുകൾ പരസ്പരം ഇടഞ്ഞു, ചോദ്യങ്ങൾ കൈ മാറി, ഒരുപിടി വാരി എന്റെ നേർക്കെറി ഞ്ഞു .ഒന്നുമില്ലെന്ന് പറഞ്ഞൊഴി ഞ്ഞു ചിരിച്ചു. അന്ന് രാത്രി ഞാനും കോഫിയും ഭക്ഷണം കഴിച്ചില്ല.

കിടക്കയിൽ എനിക്കു മാഷിനെ നിരാശപ്പെടുത്തേണ്ടി വന്നു .കോഫി കൊണ്ടുവന്ന കാട്ടുപൂമണം ഞങ്ങളുടെ മുറിയിലും പതുങ്ങിക്കിട ന്നതുകൊണ്ട് ഓരോ സെക്കന്റിലും ഞാനയാളെയോർത്തു. മാഷെ ന്റെ മനസ്സിനെ വായിച്ചുവെന്നു തോന്നി. കിടക്കയിൽ എന്നിലേയ്ക്ക് നീട്ടിയ കൈകൾ പിൻവലിച്ച് മാഷ് കറങ്ങുന്ന ഫാനിനെ നോക്കി പതുക്കെ കണ്ണുകൾ അട ച്ചു, ഉറങ്ങി.

ഞാൻ സ്വർണ്ണ മീനുകളുടെ തടാ കത്തെ ആ രാത്രി സ്വപ്നം കണ്ടു. നീല നിറമുള്ള വെള്ളത്തിൽ ഞാൻ നീന്തിത്തുടിക്കുന്നു. എന്റെ പുറകെ, എനിക്ക് ചുറ്റും അനുസ രണയുള്ള താറാവിൻ കൂട്ടങ്ങളെ പോലെ മീനുകൾ. തണുത്തുറഞ്ഞു, മഞ്ഞുമൂടിയ വിശാലതകളിൽ തടാകം മാത്രം. ഏകാന്തതയിലും എന്റെ ചിരി ഞാൻ വ്യക്തമായി കണ്ടു .ഞാൻ വീണ്ടും വീണ്ടും നീന്തി.

അലാറം കേട്ടാണ് ഉണർന്നത് .പിൻ വരാന്തയിൽ ഭയമേതുമില്ലാ തെ ഇറങ്ങുമ്പോൾ അയാളായിരു ന്നു ലക്ഷ്യം. പീസ് ലില്ലികളുടെ ധവളിമ തിളങ്ങി. ബാൽക്കണി യിൽ അയാളുണ്ടായിരുന്നു. പരിഭ വമേതുമില്ലാതെ എനിക്കെങ്ങനെ ചിരിക്കാനായി ? എനിക്കറിയാം, അയാളെ വീണ്ടും കണ്ടെത്തിയതി ന്റെ ആശ്വാസമായിരുന്നു എനി ക്ക്. അന്നത്തെ പകലിനെക്കുറിച്ച്, വരാനിരിക്കുന്ന പകലുകളെക്കുറി ച്ച്, ദിനാന്തങ്ങളെക്കുറിച്ച് ദിനസ രികളെക്കുറിച്ച് , നമ്മുടെ തുടക്കങ്ങ ളെക്കുറിച്ച്, നമ്മുടെ ഒടുക്കങ്ങളെ കു റിച്ച് ,എന്റെ തേനേ,എന്റെ പാലേ, നമ്മൾ എന്തൊക്കെയെല്ലാം സംസാരിച്ചു ! സ്വർണ്ണ മീനുകൾ എന്റെ നെറ്റിക്കരികിലെ വെളുത്ത തുടങ്ങിയ മുടികളെ തൊട്ടു. എന്റെ ചുവപ്പ് രാശി പടർന്ന നഖങ്ങളെ, തടിച്ച ചുണ്ടുകളെ, പിന്നെയെവി ടെയൊക്കെ, എവിടെയൊക്കെയോ തൊട്ടറിഞ്ഞു ചുറ്റിപ്പടർന്നു. ഞാനാ ഓണാഘോഷത്തിലെ ചെമ്പൻ മുടി കണ്ണുകളെ തൊടാനാഞ്ഞു. വിളറിയ വെളുപ്പ് നിറത്തെ കൈക ളിൽ കോരിക്കുടിച്ചു.

വരാന്തയിലിരുന്ന ഇരുമ്പ് കമ്പി യിൽ ഒരു കൈകൊണ്ടു മുറുകെ പിടിച്ചു കൊണ്ട് അയാളുടെ ചുംബനത്തിന്റെ മീൻകൊത്തു പെരുക്കങ്ങളെ ഏറ്റുവാങ്ങി .എന്റെ കാലിടറി.......

മാഷ് ആശുപത്രിയിലാണ്. ഇരു മ്പ് വടികൊണ്ട് അദ്ദേഹത്തെ ഒരു കൊച്ചു വെളുപ്പാൻ കാലത്ത് അടിക്കാൻ മാത്രം ക്രൂരയല്ല ഞാൻ. എനിക്കുമയാൾക്കുമിടയിലേക്ക് മാഷ് വന്നപ്പോൾ ഒരു ഞെട്ടലിൽ കാലിടറി വീണു പോകാതിരി ക്കാൻ ഞാൻ ആ ഇരുമ്പുകമ്പി മുറുകെ പിടിച്ചിരുന്നു. പക്ഷേ അയാൾ...

മാഷ് രക്തത്തിൽ കുളിച്ചു കിടക്കു ന്നത് കണ്ട് ജോയ് മോനാണ് ബഹളം കൂട്ടി പുറത്തേക്കോടി അയൽക്കാരെ വിളിച്ചുകൂട്ടിയത് . ഇവൻ എപ്പോൾ ഉണർന്നു വന്നു? അവനിതിനിടയ്ക്ക് എന്നെ നോക്കി എന്തൊക്കെയോ വിളിച്ചു പറ യുന്നതും ഞാൻ അവ്യക്തമായി കണ്ടിരുന്നു. കുറ്റബോധത്തിന്റെ കൊടുമുടിയിൽ ഒന്നുമല്ലായിരുന്നു ഞാൻ. എന്റെ രഹസ്യം കണ്ടെ ത്തിയതിന്റെ നിരാശയും അരിശ വും അതിനുമൊക്കെ എത്ര ഉയര ത്തിലായിരുന്നു !

എന്റെ രഹസ്യത്തോടൊപ്പം ഇല്ലാതായത് ഞാൻ കണ്ടെത്തിയ സന്തോഷം കൂടിയാണ്. എന്നെ പ്പോലെ തന്നെ ആ രഹസ്യവും സന്തോഷവും സൂക്ഷിക്കാനാണ് അയാൾ മാഷെ ആക്രമിച്ചത് എന്നെനിക്കുറപ്പാണ്. അയാൾക്ക് അങ്ങനെ ചിന്തിക്കാനേ കഴിയൂ. ഞാൻ മാഷോട് അയാളെക്കുറിച്ച് തുറന്നു പറയാൻ തീരുമാനിച്ചിട്ടുണ്ട് .അതിന് ഇന്നു ജോയ് മോനോ ടൊപ്പം ഞാനും ആശുപത്രിയിൽ പോകുന്നുണ്ടെന്ന് തീർച്ചപ്പെടുത്തി.

പരിക്ക് സാരമുള്ളതല്ല. മാഷ് മുറിയിൽ നടക്കുന്നുണ്ട്. മാഷിന്റെ ഒന്നു രണ്ടു കൂട്ടുകാരും ജോയി മോനും ഞാനും. കുറെ നേരം കഴി ഞ്ഞപ്പോൾ ഞങ്ങൾ മൂന്നുപേരും മാത്രമായി മാഷ് കട്ടിലിലിരിക്കു കയാണ്. ജോയ് മോൻ വരാന്ത യിലേയ്ക്കിറങ്ങാൻ തയ്യാറെടുക്കുന്നു. ഞാൻ സത്യമായും നടന്നതൊക്കെ ഇപ്പോൾ പറയും.

'നീ എന്തിനാണ് എന്നെ അടിച്ചു വീഴ്ത്തിയത്?'

'ങേ'

'ആ നീ, ഞാൻ ആണെന്ന് മനസ്സി ലായിട്ടും നീ എന്തിനാ അങ്ങനെ ചെയ്തത്. 'ഞാനല്ല.

'അല്ല .അമ്മയാ. ഞാനും കോഫിയും അച്ഛനും കൂടെയാ അങ്ങോട്ട് വന്നത്. അമ്മ ഉറക്കെ സംസാരിക്കുന്നുണ്ടായിരുന്നു. പിന്നെ മറിഞ്ഞു വീഴാൻ തുടങ്ങി യപ്പോളാ അച്ഛൻ ഓടി വന്നത്, അച്ഛൻ വിളിച്ചപ്പോൾ അമ്മ അടി ച്ചു.

ഇതൊക്കെ പറയുന്നത് വാതിൽ ക്കൽ നിന്ന് ജോയി മോനാണ്. അപ്പോൾ അയാൾ എവിടെ പോയി? മാഷും ജോസ്മോനും അയാളെ കണ്ടില്ലേ? പക്ഷേ ഞാൻ മാഷോട് അയാളെ കുറിച്ച് എല്ലാം പറയും എല്ലാം......

**ഹരീഷ് ശക്തിധരൻ**
അസിസ്റ്റന്റ് പ്രൊഫസർ, എൻഎസ്എസ് കോളജ് പന്തളം

**കഥ - അദ്ധ്യാപക വിഭാഗം (മൂന്നാം സ്ഥാനം)**

# ക്രൈം നമ്പർ 138 / 2024

എ.എസ്.ഐ നളിനാക്ഷൻ ജോസിന്റെ അടിവയറ്റിൽ ആഞ്ഞ് ചവിട്ടിയതും "അമ്മോ..." എന്ന് പിളർന്നു പോയ അവന്റെ വായ ഒരു പൊലീസുകാരൻ പൊത്തിപ്പിടിച്ചു. ചെവിമടക്കിൽ പെൻസിൽപോലെ കൂർപ്പിച്ചുവച്ചിരുന്ന ഈർക്കിലെടുത്ത് ജോസിന്റെ പെരുവിരലിലെ നഖത്തിൽ അയാളത് കുത്തിയിറക്കി. മരണത്തിന്റെ തൊട്ടുമുമ്പിലത്തെ പിടച്ചിൽ പോലെ ജോസൊന്നു പിടഞ്ഞു. അവന്റെ വായ പൊത്തിപ്പിടിച്ച പൊലീസുകാരൻ പോലും ആ നിമിഷത്തിൽ കണ്ണുകളടച്ചുകളഞ്ഞു. "മതി സാറേ, ഈ നാറിയെങ്ങാൻ തീർന്നാപ്പണിയാ

പൊലീസുകാരിലൊരുവൻ പറഞ്ഞു. എ.എസ്.ഐ നളിനാക്ഷൻ ഈർക്കിൽ വലിച്ചൂരിയതും നഖം പിളർന്ന് കറുത്തുചുവന്ന രക്തം താഴോട്ടൊഴുകി. ജോസിന്റെ കണ്ണുകളടഞ്ഞുപോയി. കാതുകളിൽ ഒരു ബസ് ഞെരങ്ങിയുണർന്നു. അവനപ്പോൾ തിട്ടൂരെ സ്റ്റാന്റിൽ നിന്ന് രാത്രി പതിനൊന്നിനെടുത്ത കെ.എസ്.ആർ.ടി.സി ബസിലായിരുന്നു.

## 2

ടിക്കറ്റുകൊടുത്ത് തീർത്തിട്ട് സീറ്റിൽ വന്നിരുന്ന കണ്ടക്ടറുടെ അടുത്തേക്ക് ഇരിക്കപ്പൊറുതിയില്ലാതെ പോയി ജോസ് ചോദിച്ചു.

"സാറെ ഇതെത്ര മണിക്ക് കോട്ടയത്തെത്തും ? '

"നാലേകാലിന്

വായിൽക്കിടന്ന ഇഞ്ചിമിഠായി ചവച്ചിറക്കിക്കൊണ്ട് കണ്ടക്ടർ പറഞ്ഞു. "ഒരാറുമണിയെങ്കിലും കഴിയും

തിരികെവന്ന് മേരിസ്റ്റെല്ലയ്ക്കടുത്തിരുന്നിട്ട് ജോസ് ഉറപ്പിച്ചു പറഞ്ഞു. കണ്ടക്ടറിനും മേരിസ്റ്റെല്ലയ്ക്കുമിടയിലുള്ള മൂന്ന് ചുവട് നടത്തത്തിനിടയിൽ ബസ്സല്ലേ..തമസിച്ചേയെത്തൂ എന്ന് അയാൾ ഉറപ്പിച്ചിരുന്നു. മേരിസ്റ്റെല്ല ഒന്നും മിണ്ടാതെ പുറത്തേക്ക് നോക്കിയിരുന്നു. ഒരു കൊടും വളവ് തിരിഞ്ഞൊന്നു കുലുങ്ങി ബസ് താഴ്ച്ചയിലേക്കിറങ്ങിയപ്പോൾ മേരിസ്റ്റെല്ല പറഞ്ഞു "കൊച്ചിന് തണുക്കണ്ണുണ്ടാകും, നയോമീടപ്പൻ ഇതൊന്ന് താത്തീട്

മൂന്ന് പേർക്ക് ഇരിക്കാവുന്ന സീറ്റിന്റെ ഇങ്ങേയറ്റത്തിരിക്കുകയായിരുന്ന ജോസെഴുന്നേറ്റു മുന്നോട്ടു ചാഞ്ഞുകൊണ്ട് ഷട്ടറിന്റെ ക്ലിപ്പുകളിളക്കി താഴ്ത്തി വച്ചു.

"എനിക്കറ്റത്തിരുന്നാ മതിയപ്പാ'ന്ന് പറഞ്ഞ് ഓടിക്കേറി സീറ്റിന്റെ അറ്റത്തിരുന്ന നയോമിയുടെ ഉറക്കം കണ്ട് ജോസ് ചിരിച്ചു.

"നോക്ക് അവളീലോകത്തൊന്നുമല്ല

അവളോ നിങ്ങളോ " മേരിസ്റ്റെല്ലയ്ക്ക് ദേഷ്യം വന്നു.

വീട്ടിൽ നിന്നിറങ്ങിയപ്പോൾ മുതൽ മേരിസ്റ്റെല്ല മുള്ളും മുനയും വച്ചു സംസാരിക്കാൻ തുടങ്ങിയതാണ്. ജോസാന്നും കാര്യമാക്കിയില്ല. എട്ടുമണിക്ക് പ്രാർത്ഥിച്ച് കഞ്ഞി വെളമ്പിക്കൊണ്ടിരുന്നപ്പോൾ അവസാന നിമിഷമെങ്കിലും ജോസിന്റെ മനസ്സ് മാറുമെന്ന് കരുതി " നമുക്ക് പോണോ നയോമീടപ്പാ"ന്ന് മേരിസ്റ്റെല്ല ചോദിച്ചതാണ്.

"നീ വേണോങ്കി വന്നാമതി തിട്ടൂരേക്കുള്ള ബിനുവിന്റെ ജീപ്പ് വന്നാ ഞങ്ങള് പോവും അയാൾ വറുത്ത

വറ്റൽമുളക് കടിച്ചുകൊണ്ടുറപ്പിച്ചു പറഞ്ഞു. ചെരട്ടക്കരികൊണ്ട് തേച്ചുമടക്കിയ ഉണികൾക്കൊപ്പം സയൻസിന്റെ ബുക്കും കൂടി സ്കൂൾ ബാഗിൽ എടുത്ത് വയ്ക്കുന്ന നയോമിയെക്കണ്ട്

"എന്നാത്തിനാടി പൊസ്തോം കൂടി ചുമക്കുന്നെ, നാളെത്തന്നെയിങ്ങ് പോരുമല്ലോ"ന്ന് മേരിസ്റ്റെല്ല ചോദിച്ചപ്പോൾ "എനിക്ക് മറ്റന്നാൾ സ്കൂളില് ക്ലാസ് പരീക്ഷക്കൊണ്ടമ്മച്ചീന്ന് നയോമി കള്ളം പറഞ്ഞു. ബസിലിരുന്ന് ബുക്ക് വായിക്കാൻ നയോമിക്ക് വലിയ ഇഷ്ടമായിരുന്നു. കള്ളം പറയുമ്പോഴൊക്കെ നയോമിയുടെ കണ്ണുകൾ മണ്ണിലേക്ക് കുനിയുന്നത് ഇന്നെന്തോ മേരിസ്റ്റെല്ല ശ്രദ്ധിച്ചില്ല. പള്ളി സ്കൂളിൽ നിന്ന് ടൂർ പോയപ്പോഴാണ് ബസിലിരുന്ന് വായിക്കുന്നതിന്റെ രസം നയോമി ആദ്യമായറിഞ്ഞത്. മരങ്ങളും ഇലകളുമൊക്കെ പിന്നിലോട്ടോടിപോകുന്നതിന്റെ രസത്തിൽ അവൾ ഈസോപ്പിന്റെ കഥകൾ വായിക്കുന്നത് കണ്ട് സിസ്റ്റർ സാലി പേടിപ്പിച്ചു

"നിന്റെ കണ്ണുപോകും കുട്ടി

നയോമി ചിരിച്ചു. കൂട്ടത്തിലുള്ള മറ്റുകുട്ടികൾ പുറം കാഴ്ച്ചയിൽ ബഹളം വയ്ക്കുകയും ചില ക്രിസ്തീയ പാട്ടുകൾ പാടുകയും ചെയ്തപ്പോഴൊക്കെ നയോമി ഈസോപ്പു കഥകളിലലിഞ്ഞിരുന്നു. ബൈബിൾ ക്വിസ് മത്സരത്തിൽ ഹൈസ്കൂളിൽ ഒന്നാമതെത്തിയതിന് സ്റ്റീഫനച്ചൻ സമ്മാനിച്ച ബുക്കായിരുന്നു അത്.

"കിട്ടുന്നെന്നും വായിക്കണം. പുസ്തകങ്ങളെക്കാൾ വലിയ ചങ്ങാതിമാരില്ല

സ്റ്റീഫനച്ചൻ തോളിൽ പിടിച്ച് കുലുക്കിക്കൊണ്ട് പറഞ്ഞത് പള്ളിക്കുർബാന കഴിഞ്ഞ നേരത്തായതുകൊണ്ട് കേൾക്കാൻ ഒരുപാടാളുണ്ടായിരുന്നു.

തിരിച്ച് വീട്ടിലേക്ക് നടക്കുന്ന നേരത്ത് "അരക്കിലോ ബീഫും കൂടി വാങ്ങീട്ടു പോകാമല്ലേ നയോമിടാപ്പാ'ന്ന് അപ്പനോട് അമ്മച്ചി അങ്ങോട്ടു പറയുന്നത് കേട്ടപ്പോഴാണ് താൻ നേടിയ നേട്ടം ചെറുതല്ലാന്ന് നയോമിക്ക് തോന്നിയത്. ജോസ് ചിരിച്ചതേയുള്ളു. അഥവാ നയോമി തോറ്റു പോയാലും ജോസ് ചിരിക്കുകയെയുള്ളു.

"നെന്റെപനങ്ങനാ..ജയിക്കണോന്നുള്ള വാശിയൊണ്ടാരുന്നേ നമ്മളിപ്പോഴും വാടകവീട്ടിക്കെടക്കുമായിരുന്നോ"ന്ന് ആ ചിരി കാണുമ്പോഴൊക്കെ മേരിസ്റ്റെല്ല ദേഷ്യപ്പെടും.

"പത്ത് മിനിട്ടൊതുക്കും വേണേല് ചായ കുടിക്കാമെന്ന് കണ്ടക്ടർ തോളിൽത്തട്ടിപ്പറഞ്ഞപ്പോഴാണ് ജോസുണർന്നതും താൻ കുറേ നേരമായി മയങ്ങിയിരിക്കുകയായിരുന്നെന്ന് അവന് തോന്നിയതും. മേരിസ്റ്റെല്ലയും നയോമിയും നല്ല ഉറക്കത്തിലായിരുന്നു. പാതിരാത്ത് വിളിച്ച് ചായവേണോന്ന് ചോദിച്ച് അവളുടെ മുഖം കറുപ്പിക്കണ്ടാന്ന് കരുതി മൂത്രമൊഴിക്കാനായി ജോസിറങ്ങി. പാതിരാത്തും വഴിയോരത്തുണർന്നിരിക്കുന്ന ഹോട്ടലിലേക്ക് യാത്രക്കാർ വന്നു നിറഞ്ഞുകൊണ്ടിരുന്നു. കൂട്ടത്തിൽ പലരും സിഗരറ്റു വലിക്കുന്നത് കണ്ടപ്പോൾ ഒരു ഗോൾഡ് ഫിൽറ്റർ വാങ്ങി വലിക്കാനുള്ള ആഗ്രഹം അയാൾക്ക് നിയന്ത്രിക്കാനായില്ല. കരിമ്പുക ഉള്ളിലേക്ക് വലിച്ചുകേറ്റുമ്പോൾ നയോമി പിന്നിൽ വന്നു നില്പ്പുണ്ടോയെന്ന് ജോസ് പേടിയോടെ തിരിഞ്ഞു നോക്കി. ഇനിമേൽ ബീഡി വലിക്കുല്ലാന്ന് ബൈബിളിൽ തൊട്ടു സത്യം ചെയ്തതോർത്തപ്പോൾ ചൂണ്ടുവിരൽ പോള്ളി. തിരികെ വന്നിരിക്കുമ്പോൾ നയോമിയുടെ തോളത്തൂടെ ഇട്ടിരുന്ന കൈ പിൻവലിച്ച് മേരിസ്റ്റെല്ല ദേഷ്യപ്പെട്ടു

"അപ്പോ അവനോന്റെ സൊഖത്തിന് കൊച്ചിന് കൊടുത്ത വാക്ക് തെറ്റിക്കണേ കൊഴപ്പമൊന്നുമില്ല അല്ലേ

ജോസ് ഒന്നും മിണ്ടാപോയില്ല. കണ്ണുകൾ ഇറുകെയടച്ച് ഉറങ്ങുമട്ടിലിരുന്നതേയുള്ളു. ഇടയ്ക്ക് പെയ്ത ചാറ്റൽമഴയിൽ ഉണർന്ന നയോമി വീടെന്നുകരുതി മേരിസ്റ്റെല്ലയെ പൂണ്ടടക്കം പിടിച്ചു "ചാച്ചൻ ടാപ്പിങ്ങിന് പോയോ അമ്മച്ചീ'ന്ന് ചോദിച്ചു. മേരിസെല്ല ഒന്നു മൂളുകമാത്രം ചെയ്തു. ജോസിന്റെ കൂർക്കംവലി കേട്ടപ്പോൾ അവൾക്ക് പാവം തോന്നി. വെളുപ്പിന് രണ്ടുമണിക്കേ ജോസ് ടാപ്പിങ്ങിന് പോകും. നയോമിയെ പള്ളി സ്കൂളിലേക്ക് ഒരുക്കിവിട്ടതിന് ശേഷം മേരിയെല്ല പാലെടുക്കാൻ ചെല്ലുമ്പോഴേക്കും പത്തെഴുന്നൂറ്റമ്പത് മരമെങ്കിലും ജോസ് വെട്ടിയിട്ടുണ്ടാകും. ടാപ്പിങ്ങ് കഴിഞ്ഞാ വാർക്കപ്പണിക്ക് കയ്യാളായും തേങ്ങയിടാനുമൊക്കെ ജോസ് പോകുമായിരുന്നു. എത്രയൊക്കെ അധ്വാനിച്ചിട്ടും തങ്ങൾക്ക് സ്വന്തമായിട്ടൊരു കൂരയില്ലാത്തതിന്റെ ദുഖം മേരിസ്റ്റെല്ലയെ അലട്ടുമ്പോഴൊക്കെ അവളോർത്ത് ആശ്വസിക്കുന്നത് സെബാസ്റ്റ്യനച്ചന്റെ ഉപദേശമാണ്.

"നിങ്ങള്ടെ അധ്വാനത്തിന് കർത്താവൊരു കൂലി വച്ചിട്ടുണ്ട്. നീ നോക്കിക്കോ മേരി അത് നയോമിയിലൂടാകും. അവൾക്ക് മിശിഖായുടെ അനുഗ്രഹമുണ്ട്. അവള്ടെ പഠിത്തം മുടക്കാതിരുന്നാ മതി

മേരിസ്റ്റെല്ല നയോമിയെ ഒന്നൂടെ ചേർന്നിരുന്നു. ആനന്ദത്താൽ നിറഞ്ഞ കണ്ണുകളെ അവൾ അമർത്തിത്തുടച്ചു.

"കോട്ടയം..കോട്ടയം എറങ്ങിക്കോ.."

കണ്ടക്ടറുടെ ഒച്ചകേട്ട് ജോസ് പിടഞ്ഞെഴുന്നേറ്റു പുറത്തേക്ക് നോക്കി. ബസ് സ്റ്റാന്റിലെത്തിയിരിക്കുന്നു. തീപ്പെട്ടിക്കൂടുകൾ പോലെ വെട്ടമില്ലാതെ പതുങ്ങിക്കിടക്കുന്ന ബസുകൾക്ക് മുകളിൽ ഇരുട്ട് കനംതൂങ്ങി നില്ക്കുന്നത് കണ്ട് ജോസ് എതിരെയിരുന്ന ആളിനോട് സമയമെത്രയായെന്ന് ചോദിച്ചു.

"നാലേമുക്കാല് 'അയാൾ പറഞ്ഞു.

"നയോമീടപ്പനല്ലേ പറഞ്ഞത് നേരം വെളുത്തിട്ടേ എത്തുള്ളൂന്ന്, ഇനിയിപ്പം എന്നാ ചെയ്യും

മേരിസ്റ്റെല്ല വേവലാതിപ്പെട്ടു.

"ഒന്നരരണ്ടുമണിക്കൂറല്ലേയൊള്ള് ആളും ബഹളോം നോക്കിയിരിക്കുമ്പോതന്നെ സമയം പോവൂല്ലേ..

വെളിക്കിരിക്കാനും പല്ലുതേച്ചുകുളിക്കാനുമൊക്കെ അപ്രത്ത് സൗകര്യമൊണ്ട്.

ജോസ് പറഞ്ഞു. മേരിസ്റ്റെല്ലയെ കെട്ടുന്നതിന് മുമ്പ് മാസത്തിലൊരിക്കൽ ജോസ് ഇതുപോലെ തിട്ടൂര്ന്ന് കെ.എസ്.ആർ.ടി.സി. കേറി വരുമായിരുന്നു. ചെലപ്പോൾ ഒറ്റയ്ക്ക് പലപ്പോഴും ലൂയിസുമൊത്ത്. അവൻ പള്ളിയിലെ കപ്പ്യാരയതിൽപ്പിന്നെ യാത്ര കുറഞ്ഞു. ഒറ്റക്കു കിട്ടുമ്പോഴൊക്കെ ലൂയിസിനോട് ജോസ് ആ രസങ്ങളെ പുതുക്കിയെടുക്കും

"ലൂയിയേ നെനക്കോർമ്മേണ്ടാ, നമ്മളന്ന് കേറിയ ആ നീലപെയിന്റടിച്ച ബാറ് ലൂയി ചുറ്റം തിരിഞ്ഞ് "ഒന്നു പതുക്കെപ്പറയെന്റെ ജോസേ"ന്ന് ചിരിക്കും. കള്ളും ഉച്ചപ്പടവുമൊക്കെ സാത്താന്റെ സത്കാരങ്ങളായിരുന്നു എന്ന തോന്നലുണ്ടാകാൻ ലൂയിക്ക് കപ്പ്യാരാകേണ്ടിവന്നു. ജോസാകട്ടെ തന്റെ ശരീരം സാത്താനും കർത്താവിനുമായി രണ്ടായി പകുത്ത് കൊടുത്തതേയുള്ളൂ. ബസ്സ്സ്റ്റാന്റിൽ നിന്ന് വാങ്ങിയ ചായ കുടിച്ചപ്പോൾ നയോമിക്ക് ഓക്കാനം വരികയും മേരിസ്റ്റെല്ല കൂട്ടിൽ അകിട് വീർത്ത് നില്ക്കുന്ന ആടുകളെപ്പറ്റി ഓർക്കുകയും ചെയ്തു.

നയോമിയുടെ കൈയും പിടിച്ച് മേരിസ്റ്റെല്ല സ്ത്രീകൾ എന്നെഴുതിയ ബാത്ത് റൂമിന്റെ വാതിൽ മറഞ്ഞു പോകുന്നത് നോക്കി കാവലായി ജോസ് നിന്നു. നയോമിയുടെ ഡയറിയിൽ ഇതൊക്കെ അവള് വിസ്തരിച്ചെഴുതി

പിള്ളേർക്ക് വായിച്ചു കൊടുക്കുന്നതോർത്തപ്പോൾ ജോസിന് ചിരിവന്നു. വർഷങ്ങളും മാസങ്ങളും ജീവിച്ചിരുന്നാലും ചില ദിവസങ്ങൾ മാത്രമേ മനുഷ്യരുടെ ഓർമ്മയിലുണ്ടാകൂ എന്നാലോചിച്ചപ്പോൾ കാറ്റ് മഞ്ഞുതുള്ളികളെ ജോസിന്റെ ശിരസ്സിൽ അടർത്തിയിട്ടു. ബസുകളുടെ മുഴക്കത്തെയും ആൾക്കാരുടെ കൃതികളെയും നോക്കി നോക്കി ഒട്ടും കൃതിയില്ലാതെ വെളിച്ചത്തിന്റെ നൂലുകൾ അവർക്കിടയിലേക്ക് ഇറങ്ങിവരാൻ തുടങ്ങി.

സ്റ്റാന്റീന്നിറങ്ങി ഒരോട്ടോ പിടിക്കാം. ജോസ് പറഞ്ഞു. നയോമിയുടെ മുഖം തെളിഞ്ഞു. അപ്പന്റെ തോളത്തുകിടക്കുന്ന സയൻസ് ബുക്കുള്ള ബാഗിലേക്ക് നോക്കി

"കൊറേ ദൂരോണ്ടാ അപ്പാ'ന്ന് അവൾ ചോദിച്ചു.

"നൂറേന്നെണ്ണുന്ന ദൂരം 'ജോസ് പറഞ്ഞു.

ജോസ് കൈകാണിച്ച് നിർത്തിയ ഓട്ടോയിലേക്ക് കയറുമ്പോൾ പലചരക്കുകടേലെ അനിച്ചേട്ടായിയെപ്പോലെന്ന് ഡ്രൈവറെ നോക്കി നയോമി അടക്കത്തിൽ മേരിസ്റ്റെല്ലയോട് പറഞ്ഞു. അതു ശരിയാണെന്ന് മേരിയെല്ലയ്ക്കും തോന്നി. എങ്ങോട്ടാ പോകേണ്ടതെന്ന് ജോസ് പറഞ്ഞതിൽപ്പിന്നെ ഓട്ടോഡ്രൈവറുടെ കണ്ണുകൾ വിശ്വാസം വരാത്തപോലെ തങ്ങളിൽ ചൂഴ്ന്നു തറയ്ക്കുന്നത് മേരിസ്റ്റെല്ലയറിയുന്നുണ്ടായിരുന്നു. മുന്നിലേക്ക് നോക്കുന്നതിനെക്കാൾ കൂടുതലും ഡ്രൈവർ കണ്ണാടിയിലൂടെ പിന്നിലിരിക്കുന്ന നയോമിയെ നോക്കിക്കൊണ്ടിരുന്നു. "എനിക്ക് തോന്നീതാ അനിച്ചേട്ടായിയെപ്പോലൊന്നുമല്ല

ഡവറിലേക്കും തന്നിലേക്കും ഒരുപോലെ നീണ്ട മേരിസ്റ്റെല്ലയുടെ കണ്ണുകളെ നോക്കി നയോമി പറഞ്ഞു. ജോസ് പുറത്തേക്ക് നോക്കിയിരുന്നു. ഭൂതകാലയാത്രകളുമായി ബന്ധപ്പെട്ടുകിടക്കുന്ന ഏതെങ്കിലുമൊന്നിനെ തിരഞ്ഞുപിടിക്കാനുള്ള വ്യഗ്രതയിൽ

"ഇവിടൊരു ബാറുണ്ടായിരുന്നില്ലേ'ന്ന് അയാൾ ഡ്രൈവറോട് ചോദിച്ചു.

"ഒണ്ടാരുന്ന്..ഇപ്പോ കൊറച്ച് മാറിയാ.."

ഇത്തവണ നയോമിയെ തിരിഞ്ഞുനോക്കിക്കൊണ്ടാണ് ഡവർ അത് പറഞ്ഞത്. നയോമി മുഖം കുനിച്ചുകളഞ്ഞു. അപ്പൻ പറഞ്ഞുപോലെ നൂറുവരെ എണ്ണാനുള്ള സമയം തീർന്നല്ലോയെന്ന്

ഉള്ള് തിടുക്കപ്പെട്ടു.

ഹോട്ടൽ ഗ്രീൻവുഡ് എന്ന ബോർഡിനു താഴെ വണ്ടി നിർത്തി ഡ്രൈവർ ചോദിച്ചു. " ഇവിടെ മതിയോ അതോ അകത്ത് വിടണോ

"വേണ്ട മതി ജോസ് പറഞ്ഞു.

അമ്പതു രൂപ കൂടിപ്പോയില്ലെന്ന് ഒരു നോട്ടംകൊണ്ട് ജോസ് ഡ്രൈവറോട് ചോദിച്ചു. നയോമിയുടെ മുഖത്തുനിന്ന് കണ്ണെടുക്കാതെ ഡ്രൈവർ വണ്ടി തിരിച്ചു. ഹോട്ടലിലെ റിസപ്ഷനിലേക്കുള്ള ഗ്ലാസ് ഡോർ തുറക്കേണ്ടത് അകത്തേക്കോ പുറത്തേക്കോ എന്നറിയാതെ ജോസ് ഒരു നിമിഷം പതറി. പുഷ് എന്ന് ഇംഗ്ലീഷിൽ എഴുതി വച്ചിരിക്കുന്നത് കണ്ട്

"അകത്തോട്ട് തള്ളിയാ മതിയപ്പാ'ന്ന് നയോമി പറഞ്ഞു.

ചില്ലുവാതിൽ കടന്ന് ഉള്ളിലേക്കു കയറുമ്പോൾ ഭൂമിയിൽ പാപം ചെയ്യാത്തവർക്കു വേണ്ടി തുറക്കപ്പെടുന്ന സ്വർഗ്ഗ കവാടത്തെപ്പറ്റിയുള്ള ബൈബിൾ ക്ലാസ്സ് ഓർത്ത് നയോമിയുടെ ഉള്ളം തളിർത്തു. റിസപ്ഷനിലിരുന്ന ചെറുപ്പക്കാരൻ മുഖമുയർത്തുമ്പോൾ നാട്ടിൽ ആരെപ്പോലാണ് അയാളുടെ മുഖമെന്ന് നയോമി ചിന്തിക്കാനേ പോയില്ല. ഓട്ടോഡ്രൈവറെപ്പോലെ റിസപ്ഷനിൽ നില്ക്കുകയായിരുന്ന ചെറുപ്പക്കാരനും കേട്ടത് ഉറപ്പിക്കാനായി വിശ്വാസം വരാതെ ഒന്നൂടെ ചോദിച്ചു. ജോസ് വീണ്ടും പറഞ്ഞുകേട്ടപ്പോൾ അവിടിരിക്ക് ഞാനിപ്പോ വരാന്നും പറഞ്ഞ് അയാൾ അപ്രത്യക്ഷനായി.

പള്ളിയുടെ പ്രയർഹാൾ കഴിഞ്ഞാൽ അത്രേം വലിപ്പമുള്ള ഒരു മുറി മേരിസ്റ്റെല്ലയും നയോമിയും ആദ്യമായിട്ട് കാണുകയായിരുന്നു. ഇങ്ങനെ ഒരു വീടുണ്ടായാൽ കൊതിതീരാതെ നോക്കിനോക്കി ഇരിക്കാനല്ലാതെ ഒരിക്കലും തനിക്ക് ഉറങ്ങാനാവില്ലെന്ന് നയോമി ആലോചിച്ചു. ഹാളിന്റെ ഒരറ്റത്ത് വച്ചിരുന്ന ഫിഷ് ടാങ്കിന്റെ ചില്ലുഗ്ലാസ്സിലേക്ക് ലൈറ്റ് വീണ് തിളങ്ങുന്നത് കണ്ട്

"എന്ത് രസമാണമ്മച്ചീ'ന്ന്

നയോമി കൊതിയോടെ പറഞ്ഞപ്പോഴായിരുന്നു റിസപ്ഷനിൽ നിന്ന ചെറുപ്പക്കാരനൊപ്പം തടിച്ച ഒരു മധ്യവയസ്കൻകൂടി ജോസിന്റെ അടുത്തേക്ക് വന്നതും എവിടുന്നാണെന്ന് ചോദിച്ചതും. "കരിപാമറ്റം ജോസ് പറഞ്ഞു.

"അതെവിടാ

"തീട്ടൂരന്ന് പത്ത് മുപ്പത് കിലോമീറ്ററ് വടക്കാ സാറേ"

"ഇവിടെ എന്തിനാ വന്നെ ചെറുപ്പക്കാരനിടയ്ക്കുകയറി. "വെറ്തെ" ജോസ് പറഞ്ഞു.

നയോമിയെയും മേരിസ്റ്റെല്ലയെയും ജോസിനെയും കൂടിച്ചേർത്ത് അവിശ്വാസത്തിന്റെ ഒരുനോട്ടം നോക്കി മധ്യവയസ്കൻ ഒന്നു മൂളി. പിന്നെ പെട്ടന്നെന്തോ ആലോചിച്ചപോലെ ഒരല്പം ധൃതിനടിച്ച് ഒരഞ്ചുമിനിട്ടെന്നും പറഞ്ഞ് അയാളും പോയി.

മേരിസ്റ്റെല്ലയും നയോമിയും വല്ലായ്മയോടെ ജോസിനെ നോക്കി. ഇതൊക്കെ ഹോട്ടലുകളിൽ പതിവാണെന്നൊരു ഭാവം മുഖത്ത് വരുത്തി അയാളിരുന്നു. ഹോട്ടലിന്റെ ചില്ലുവാതിലിന് പുറത്ത് ചെറുതായി മഴ ചാറാൻ തുടങ്ങിയപ്പോഴാണ് ഒരു പൊലീസ് ജീപ്പ് ഇരച്ചുവന്നു നിന്നത്. "അപ്പാ പൊലീസെന്ന് നയോമി പറഞ്ഞതും വാതിൽ തള്ളിത്തുറന്ന് മൂന്നുനാലു പൊലീസുകാർ ഉള്ളിലേക്ക് കയറിയതും ഒരുമിച്ചായിരുന്നു. റോഡിലൂടെ ഒരു ജീപ്പ് പാഞ്ഞുപോകുന്നത് കണ്ടാൽ തന്നെ മുണ്ടിന്റെ മടിക്കുത്തഴിക്കുന്ന ശീലമുള്ളതുകൊണ്ട് ജോസ് പിടഞ്ഞെഴുന്നേറ്റു. ജോസിനൊപ്പം എഴുന്നേറ്റ് നയോമിയും മേരിസ്റ്റെല്ലയും പേടിയോടെ പൊലീസിനെ നോക്കി. കൂട്ടത്തിലുണ്ടായിരുന്ന എ.എസ്.ഐയോട് മധ്യവയസ്കൻ എന്തോ പറഞ്ഞു. എ.എസ്.ഐ തിരിഞ്ഞ് ജോസിനെയും നയോമിയെയും നോക്കി. ആ നോട്ടത്തിൽ നിന്ന് കണ്ണെടുക്കാതെ തന്നെ അവരുടെ അടുത്തേക്ക് വന്ന് ജോസിനോട് "നെന്റെ പേരെന്താടാ" ന്ന് ചോദിച്ചു. "ജോസ്"

ജോസ് പറഞ്ഞു.

"നാട്ടിലെന്നാ പണിയെന്ന് ചോദിച്ചപ്പോൾ വിറയലോടെ ടാപ്പിങ്ങാ സാറേന്ന് പറഞ്ഞത് മേരിസ്റ്റെല്ലയായിരുന്നു.

"ടാപ്പിങ്ങിന്റെ എടേലൂടാണോടാ നാറി ഈ മറ്റേപ്പണിം" എന്ന എ.എസ്.ഐ ചോദ്യവും മുഖമടച്ചുള്ള അടിയും ഒരുമിച്ചായിരുന്നു. ഇപ്പോൾ ഓടി രക്ഷപ്പെട്ടുകളയും എന്ന ധാരണയിൽ രണ്ടു പൊലീസുകാർ വന്ന് ജോസിനെ പൂണ്ടടക്കം പിടിച്ചു. ജീപ്പിന്റെ പിൻസീറ്റിൽ കുത്തിനിറച്ചിരുത്തി കൊണ്ടുപോകുമ്പോഴും പൊലീസുകാരിൽ ഒരുത്തൻ ജോസിന്റെ തുടയിൽ അമർത്തിപ്പിടിച്ചിരുന്നു. മുൻസീറ്റിലിരിക്കുകയായിരുന്ന എ.എസ്.ഐ പലവട്ടം തിരിഞ്ഞ് നയോമിയെ നോക്കി ചുണ്ടുകടിക്കുന്നുണ്ടായിരുന്നു.

പേടിച്ച് വിറച്ച് വാക്കുകളില്ലാതായിപ്പോയ മേരിസ്റ്റെല്ലയും നയോമിയും ചേർന്ന് ചേർന്നിരുന്നു.

സീറ്റിന്റെ എതിർവശത്തിരിക്കുന്ന പൊലീസുകാരൻ അറിയാത്ത ഭാവത്തിൽ എന്നവണ്ണം ഇടയ്ക്കിടെ ഇടതു കാല് മുട്ടു കൊണ്ട് മേരി സ്റ്റെല്ലയുടെ തുടയിൽ തട്ടി. ജോസ് കുനിഞ്ഞിരിക്കുകായയിരുന്നു. അപ്പൻ കരയുകയാണെന്ന് നയോമിക്ക് തോന്നി. ജീപ്പിൽ വച്ച് എ.എസ്.ഐയോട് എത്ര വട്ടം അപ്പൻ കരഞ്ഞുപറയുന്നത് നയോമി കണ്ടതാണ്. അപ്പന്റെ ഇരിപ്പ് കാണാനാകാതെ നയോമി കണ്ണുകൾ ഇറുക്കിയടച്ചു. മുഖം പൊത്തിപ്പിടിച്ചിരുന്ന് ഈശോയെ ഈശോയേയെന്ന് മേരിസ്റ്റെല്ല അടക്കിപ്പിടിച്ച് കരയുന്നത് കേട്ട് "വാപൊത്തിയിരിയെടി യന്ന് മുട്ടുകൊണ്ട് തട്ടിയ പൊലീസുകാരൻ പറഞ്ഞു. നരകം ഒരു പൊലീസ് ജീപ്പിന്റെ പിൻസീറ്റിനോളം ചെറുതാണെന്ന പേടിയിൽ നയോമി അടക്കിപ്പിടിച്ച് കരഞ്ഞു.

പൊലീസ് സ്റ്റേഷനിൽ എത്തിയപ്പോൾ ജോസിനും മേരിസ്റ്റെല്ലയ്ക്കും ചെറിയൊരാശ്വാസം തോന്നിയത് വനിതാ പൊലീസുകാരെ കണ്ടതോടെയാണ്. ഒരുവശത്തേക്ക് ചരിഞ്ഞുപോയ ഒരു ബഞ്ചിൽ നയോമിയോടും മേരിസ്റ്റെല്ലയോടും ഇരിക്കാനാജ്ഞാപിച്ച് എ.എസ്.ഐ ജോസിനെയും കൊണ്ട് സി.ഐയുടെ മുറിയിലേക്കു കയറി. അയാളൊന്ന് അറ്റൻഷനായി. പിന്നെ യാതൊരു ശങ്കയുമില്ലാതെ പറയാൻ തുടങ്ങി.

"സർ, പെൺകുട്ടിക്ക് പത്ത് പന്ത്രണ്ട് വയസ്സേ കാണൂ. മോളാണെന്നാണിവൻ പറയുന്നത്. കൂടെയുള്ളത് തള്ളയും. പക്ഷെ സംഗതി വശക്കേട് തന്നെയാ. ചെലപ്പോൾ

കൊച്ചിനറിയത്തില്ലായിരിക്കും

എ.എസ്.ഐയുടെ സംഭാഷണത്തിനിടയിൽ കയറി "അയ്യോ സാറേ'ന്ന് ജോസ് നിലവിളിച്ചതും അയാൾ ജോസിന്റെ അടിവയറ്റിൽ മുട്ടുകാൽ കയറ്റിയതും ഒരുമിച്ചായിരുന്നു. അതുകണ്ടതും "നളിനാക്ഷൻ പൊക്കോ..ബാക്കി ഞാൻ ചോദിച്ചോളാമെന്ന് സി.ഐ പറഞ്ഞു. ജോസിനെ ഒന്ന് തറപ്പിച്ച് നോക്കി അയാളിറങ്ങിപ്പോയി. സി.ഐ എഴുന്നേറ്റു വന്ന് മേശമേൽ അരച്ചന്തിയിലിരുന്നു. പിന്നെ വളരെ ശാന്തമായി ചോദിക്കാൻ തുടങ്ങി.

"നീ എന്നാത്തിനാ ഹോട്ടൽ ഗ്രീൻ വുഡിൽ വന്ന് എ.സി.മുറി വേണോന്ന് ചോദിച്ചത് ? ആരാ നെന്നോട് അവിടെ മുറിയെടുക്കാൻ പറഞ്ഞത് ? ആ ഒറ്റപ്പേര് നീ പറഞ്ഞാ നെനക്ക് കൊച്ചിനേം കൊണ്ട് പോകാം.

ഒന്നിനുപിറകെ ഒന്നായി സി.ഐ. ചോദിച്ചുവെങ്കിലും ജീവിതത്തിൽ ആദ്യമായിട്ടായിരുന്നു ഒരു പൊലീസുകാരൻ ഇങ്ങനെ സൗമ്യമായി പെരുമാറുന്നതെന്നോർത്ത് ജോസ് സമാധാനിച്ചു. "വേളാങ്കണ്ണി മാതാവാണ് കൊച്ചങ്ങനൊരിഷ്ടം പറഞ്ഞപ്പോ കൊണ്ടുവന്നതാണേ, അല്ലാതാരും പറഞ്ഞിട്ടല്ല സാറേ

പറഞ്ഞു മുഴുമിപ്പിക്കുന്നതിന് മുമ്പ് താൻ ഭൂമിയിലാണോ ആകാശത്തിലാണോ എന്ന് തിരിച്ചറിയാനാവാതെ ജോസ് അന്തരീക്ഷത്തിൽ ഒരു നിമിഷം പിടഞ്ഞുനിന്നു. പിന്നെ മുഖവും ശരീരവും ഇടിച്ച് സി.ഐയുടെ

കാല്ലേലേക്ക് വീണു. ചവിട്ടാനായി സി.ഐ കാലുയർത്തി. അയാളുടെ കാലിലെ ബൂട്ടിലേക്കൊന്നു ജോസ് നോക്കിയുള്ളൂ. അവന്റെ കാതിൽ സെബാസ്റ്റ്യനച്ചൻ അപ്പ്..അപ്പെന്ന് ആർപ്പുവിളിക്കുന്ന ഒച്ച മുഴങ്ങാൻ തുടങ്ങി.

## 3

ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി പള്ളിയിൽ നടക്കുന്ന കായികമത്സരങ്ങൾക്ക് പേരു കൊടുത്തവരുടെ കൂട്ടത്തിൽ നയോമിയുമുണ്ടായിരുന്നു. ഓട്ടമത്സരത്തിന് വേറെ പെൺകുട്ടികളാരുമില്ലെന്നും ആൺപിള്ളേരുടെ കൂടെ ഓടേണ്ടി വരുമെന്നും അറിഞ്ഞപ്പോൾ "വേണ്ട എന്ന് മേരിസ്റ്റെല്ല പറഞ്ഞതാണ്. എന്നാൽ ജോസ് പ്രോത്സാഹിപ്പിച്ചു.

"തോറ്റലങ്ങും തോക്കും. നീ ഓടടീ"

അയാളവളെ ചേർത്തുപിടിച്ചു. സെക്കൻ സാറ്റർഡേയുടെ അന്ന് പള്ളിഗ്രൗണ്ടിൽ വച്ച് നടന്ന നൂറു മീറ്റർ ഓട്ടമത്സരം കാണാൻ മേരിസ്റ്റെല്ലയോട് പറയാതെ ജോസ് പോയിരുന്നു. നയോമിയെക്കാൾ പൊക്കവും വലിപ്പവുമുള്ള നാലഞ്ച് ആമ്പിള്ളേർക്കൊപ്പം അവൾ നില്ക്കുന്നതുകണ്ടപ്പോൾ അവളെ പ്രോത്സാഹിപ്പിക്കണ്ടായിരുന്നു എന്ന് ജോസിന് തോന്നി.

എന്നാൽ വൺ....ടൂ....ത്രി... സ്റ്റാർട്ടെന്ന് സ്റ്റീഫനച്ചൻ പറഞ്ഞതും കൊടുങ്കാറ്റുപോലെ നയോമി പറന്നു. കൂടെയുള്ള ആൺക്കുട്ടികളെക്കാൾ നാലഞ്ച് നിമിഷങ്ങൾക്ക് മുന്നേ അവളുടെ കാല്പാദങ്ങളിൽ ഫിനിഷിംഗ് പോയിന്റിലെ കുമ്മായം പറ്റി. സ്റ്റീഫനച്ചനും ലൂയിക്കപ്പ്യാരും കൂടി നയോമിയെ എടുത്തുയർത്തി തുള്ളിച്ചാടുന്നത് കണ്ടപ്പോൾ മേരിയെല്ല കൂടിയുണ്ടായിരുന്നെങ്കിലെന്ന് ജോസ് ആഗ്രഹിച്ചുപോയി. നയോമിയുടെ മിടുക്കിനെപ്പറ്റിയുയർന്ന അതിശയങ്ങൾക്ക് സാക്ഷിയായപ്പോഴാണ് ജയവും തോൽവിയും ഒരുപോലെയല്ലെന്ന് ജോസിന് തീർച്ചയുണ്ടായത്. തിരികെ വീട്ടിലേക്ക് നടക്കുമ്പോൾ "നിന്നെ അപ്പൻ തോളിലെടുത്തോണ്ട് നടക്കട്ടോ" ന്ന് ജോസ് ചോദിക്കുന്നത് കേട്ട് നയോമി ചിരിച്ചുപോയി.

"സത്യം പറയപ്പാ ഞാൻ തോറ്റു പോകുമെന്ന് അപ്പനും വിചാരിച്ചില്ലേ"

"മൂന്നുതരം"ജോസ് ചിരിച്ചു.

"പക്ഷെ എനിക്കറിയാരുന്ന് ഞാൻ ജയിക്കുന്ന് 'നയോമി പറഞ്ഞു. "അതെങ്ങനെ

"അതുഞാനാരോടും പറഞ്ഞിട്ടില്ലാത്ത ഒരു സംഭവമാ..അപ്പൻ അമ്മച്ചിയോട് പറയില്ലെങ്കിപ്പറയാം" നീ പറേടി..അപ്പനെ കൊന്നാലും പറയൂല്ല

ജോസിന് ആകാംക്ഷ അടക്കാനായില്ല. നയോമി ചിരിച്ചു.

" അപ്പാ..തോട്ടത്തിലെ എബ്രഹാം മുതലാളീടെ മതിലിനോട് ചേർന്ന് നില്ക്കണ പേരമരം അപ്പൻ കണ്ടിട്ടൊണ്ടാ

"എനിക്കറിയാട് നിങ്ങള് പിള്ളര് സെറ്റ് പേരക്ക പറിക്കുന്ന

"കറക്ട്. അതുതന്നെ. ആ മതിലിൽ കവളൻമടല് ചാരിവച്ച് കേറി നോക്കിയ ഒരു സംഭവം

കാണാന്ന് ക്ലാസിലെ റിനിയാ എന്നോട് പറഞ്ഞ

"എന്തുസംഭവം ജോസ് ഇടയ്ക്കു കയറി

ഏസി നയോമി പറഞ്ഞു.

"എന്ത് ഏസി" മനസ്സിലാകാതെ ജോസ് ചോദിച്ചു.

"എന്റെപ്പാ..ചൂടുകാലത്തും മഞ്ഞത്തിരിക്കുമ്പോലെ തോന്നണ സംഭവമില്ലേ..എ.സി. എയർ

കണ്ടീഷൻ

"ഓ ങ്ഹതാന്ന്"'ജോസ് ചിരിച്ചു.

"അല്ല ഏസി കണ്ടാൽ ഓടാമ്പറ്റോ ചിരി നിർത്തി ജോസ് സംശയിച്ചു.

"എസി കണ്ടാലോടാമ്പറ്റില്ല, പക്ഷേ അവിടത്തെ പട്ടി കണ്ടാലോടാമ്പറ്റും. അപ്പാ..എന്റെ തല മതിലിന്മേൽ കണ്ടതും പട്ടി ബൗന്നൊറ്റച്ചാട്ടം. ഞാനൊരൊറ്റ ഓട്ടമായിരുന്നു. തോടും കുഴീമൊന്നും ഞാങ്കണ്ടില്ലപ്പാ.. വീടിന്റെ അടുക്കളേക്കേറി വാതിലടച്ചേപ്പിന്ന് ശ്വാസം നേരേ വീണത്. പിന്നല്ലേ റിനി പറഞ്ഞത് ആ പട്ടിയെ എപ്പോഴും കെട്ടിയാ ഇട്ടിരിക്കുന്നേന്ന്. അച്ചൻ വിസിലടിച്ചപ്പോ കെട്ടിയിട്ട പട്ടിയെ തൊറന്നുവിടാനെന്ന് ഞാൻ വിചാരിച്ചതെയുള്ളൂ.. അപ്പൊഴേക്കും ഞാൻ ഫിനിഷിംഗ് പോയിന്റിലെത്തിപ്പോയ്

നയോമിയും ജോസും ചിരിച്ചു മറിഞ്ഞു. "നീയപ്പന്റെ പൊന്നല്ലേടി

ജോസ് അവളെ ചേർത്തുപിടിച്ചു.

"നെനക്ക് ഏസി കാണണോ, അതില് കെടക്കണോ..അപ്പൻ സാധിച്ചുതരും

ജോസ് പറഞ്ഞു.

"ചുമ്മാ പുളു പറയല്ലേ അപ്പാ.. ഞാൻ വാശിപിടിച്ച് കരയുമേ..

നയോമി ജോസിനെ എരികേറ്റി.

"ഈ ക്രിസ്തുമസ് കഴിഞ്ഞാ പുതുവർഷം. അതായത് ജനുവരിയില് നമുക്ക് കോട്ടയത്ത് പോണം. അവിടെ എന്തോരം ഏസി ഹോട്ടലുണ്ടെന്നറിയോ.

"അതിന് ഒരുപാട് കാശാവൂല്ലേ.

അപ്പൻ കാര്യമായിട്ടുതന്നെയാണ് പറയുന്നതെന്ന ഉറപ്പിൽ നയോമി ചോദിച്ചു.

"ടാപ്പിങ്ങിന്റെ മാസക്കണക്ക് തീർക്കുമ്പം അച്ചനോട് ഒരുമാസത്തെ കാശുംകൂടി മുൻകൂർ വാങ്ങാം. തല്ക്കാലം അമ്മച്ചിയറിയണ്ട

നയോമിക്ക് ജോസ് കൊടുത്ത ആ ഉറപ്പിൽ ചവിട്ടിയാണ് അവരന്ന് വീട്ടിലേക്കുള്ള തടിപ്പാലം കയറിയത്.

നെന്റെകൈയിലുള്ള പതിനായിരം രൂപ കൊച്ചിനെ കൂട്ടിക്കൊടുക്കാമെന്നേറ്റപ്പോൾ കിട്ടിയ അഡ്വാൻസല്ലേടാ'

സി.ഐ. ജോസിനെ ചുമരിനോടു ചേർത്ത് നിർത്തി മുരണ്ടു.

"കർത്താവാണ സെബാസ്റ്റ്യനച്ചൻ തന്നതാണേ"

സി.ഐ മേശമേലിരുന്ന ബെല്ലിൽ വിരലമർത്തി. ഒരു പൊലീസുകാരൻ പാഞ്ഞെത്തി.

“തീട്ടൂര് കരിപാമറ്റം. സെന്റ് ജ്യൂഡ് ചർച്ചിലെ ഫാദർ സെബാസ്റ്റ്യൻ.. അങ്ങേരെ ഫോണിക്കിട്ടുമോന്ന് നോക്ക്"

പൊലീസുകാരൻ പോയി. സി.ഐ. ഒറ്റശ്വാസത്തിൽ പറഞ്ഞതൊന്നും ക്യാമ്പിൽ നിന്ന് കുറച്ചുദിവസങ്ങൾക്ക് മുമ്പ് മാത്രം ജോയിൻ ചെയ്ത പൊലീസുകാരന് പൂർണ്ണമായിട്ടും മനസ്സിലായിരുന്നില്ല. വന്നപ്പോൾ തൊട്ട് കൊന്തയും പിടിച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്ന മേരിസ്റ്റെല്ലയോട്

“നിങ്ങടെ പള്ളീലെ സെബാസ്റ്റ്യനച്ചന്റെ ഫോൺ നമ്പർ കൈയിലുണ്ടോയെന്ന് ചോദിച്ചു. അറിയില്ലാന്ന് പേടിയോടെ മേരിസ്റ്റെല്ലയും നയോമിയും ഒരുമിച്ച് തലയാട്ടി. അപ്പനെവിടെ എന്ന് ചോദിച്ച് നയോമിയുടെ കണ്ണുനിറഞ്ഞു.

“സി.ഐ സാറിന്റെ മുറിയിലാണ് കൊഴപ്പമൊന്നുമില്ല പൊലീസുകാരൻ സമാധാനിപ്പിച്ചിട്ട് പള്ളിയുടെ അഡ്രസ്സ് എഴുതിവാങ്ങി. പൊലീസുകാരൻ പോയതും നയോമി പറഞ്ഞു. “അമ്മച്ചീ എനിക്ക് മൂത്രം മുട്ടണ്

“അപ്പൻ വരട്ടെ അമ്മച്ചിക്ക് ചോദിക്കാൻ പേടിയാ മക്കളേന്ന് മേരിസ്റ്റെല്ല കരയുമ്പോലെ പറഞ്ഞു. സ്റ്റേഷനിലെവിടയോ ലാൻഡ്ഫോണിന്റെ ബെല്ല് മുഴങ്ങുന്നത് കേട്ട് ജോസ് നടുങ്ങിപ്പോയി.

ഡിസംബർ മാസത്തെ പള്ളിവകറബ്ബറിന്റെ വെട്ടുകൂലി വാങ്ങുമ്പോൾ സെബാസ്റ്റ്യനച്ചനോട്

അറച്ചറച്ച് ജോസ് ഒരു മാസത്തെ വെട്ടുകൂലി അഡ്വാൻസായി ചോദിച്ചു.

“ അതെന്തിനാടാ ജോസേ”ന്ന് അച്ചൻ ചോദിച്ചപ്പോൾ

“കൊച്ചിനെ കോട്ടയത്തു കൊണ്ടുപോയി ഒന്ന് ഡോക്ടറെക്കാണിക്കാനാണച്ചോ എന്ന് പെട്ടന്ന് വായിൽ വന്നൊരു നുണ ജോസ് പറഞ്ഞു.

“അതിനവൾക്കെന്നതാടാ എന്ന് സെബാസ്റ്റ്യനച്ചൻ തിടുക്കപ്പെട്ടപ്പോഴാണ് ജോസ് ശരിക്കും കുരുങ്ങിയത്. എപ്പൊഴുമൊരു വയറുവേദന..ആഹാരോം വേണ്ട, കോട്ടയത്ത് നല്ലൊരു ഡോക്ടറുണ്ടെന്ന് ഷീറ്റുകൾ നടത്തുന്ന തോമാച്ചൻ പറഞ്ഞു

അച്ചനോട് ഒരു നിമിഷം കൊണ്ട് എത്ര കള്ളം പറയേണ്ടി വന്ന എന്നോർത്തപ്പോൾ ജോസിന്റെ ഉള്ളൊന്ന പിടച്ചതാണ്. നയോമിയുടെ ആഗ്രഹം സാധിച്ചുകൊടുക്കാൻ കോട്ടയത്തുപോയി എ.സി.മുറിയെടുക്കാനാണെന്ന് പറഞ്ഞാൽ അച്ചൻ ഒരിക്കലും കാശുതരത്തില്ല. പകരം “എന്റെ ജോസേ പിള്ളേര് ചെലപ്പോ ചന്ദ്രനിൽ പോണോന്ന പറയും നെക്കപറ്റുമോ..അപ്പോ എന്നാ ചെയ്യണം..അവരെ നിരാശപ്പെടുത്താതെ... നീ അങ്ങനെ ആഗ്രഹിക്കുകയും അതിന് വേണ്ടി പ്രയത്നിക്കുകേം ചെയ്താൽ കാർത്താവ് നടത്തിച്ചു തരുമെന്ന് പറയണം

അച്ചനങ്ങനെ പറയുമ്പോൾ “എന്റെച്ചോ അന്ന് അവള്ടെ മൊഖത്തെ സന്തോഷം കാണാൻ ഞാനുണ്ടായില്ലെങ്കിലോ, അല്ലേൽ വളരുമ്പോ അവൾക്ക് ആ ആഗ്രഹമങ്ങ് പോയാലോ” എന്നൊക്കെ തിരിച്ച് ചോദിക്കേണ്ടിവരും. അതിനേക്കാൾ നല്ലത് ആശുപത്രിക്കഥയാണെന്ന് ജോസ് സമാധാനിച്ചു.

## 5

ഹാഫ് ഡോർ തുറന്ന് സി.ഐ ഇറങ്ങിപ്പോയതും മിന്നലുപോലെ തിരികെ വന്നതും ഒരുമിച്ചായിരുന്നു. തന്റെമേൽ ഇപ്പോഴയാളുടെ കാല്പപതിയുമെന്നോർത്ത് വിറയലടക്കിപ്പിടിച്ച് ജോസ് നിന്നു. സി.ഐ ജോസിനെ മൈന്റുചെയ്യാതെ കസേരയിൽ വന്നിരുന്ന് പിന്നെയും ബെല്ലമർത്തി പ്രത്യക്ഷപ്പെടുത്തിയ പൊലീസുകാരനോട് പറഞ്ഞു.

“നളിനാക്ഷനോട് വരാമ്പറ..ആ തടം കൊച്ചിനേം കൂടി വിളിക്ക്. നിമിഷനേരം കൊണ്ട് എ.എസ്.ഐ.നളിനാക്ഷന്റെ പിന്നാലെ മേരിസ്റ്റെല്ലയും നയോമിയും കൂടി സി.ഐയുടെ മുറിയിലേക്ക് കയറി. മുറയിലേക്ക് കയറുന്നതിന് മുമ്പ് മയോമിയും മേരിസ്റ്റെല്ലയും ജോസിന്റെ തേഞ്ഞ് തീരാറായ ചെരുപ്പിന് സമീപം തങ്ങളുടെയും ചെരുപ്പ് അഴിച്ച് വയ്ക്കുന്നത് കണ്ട് ഒരു പൊലീസുകാരി അമർത്തിച്ചിരിച്ചു. നയോമിയും മേരിസ്റ്റെല്ലയും തന്നെക്കണ്ട് നോവാതിരിക്കാൻ തനിക്കൊന്നും പറ്റിയിട്ടില്ലായെന്ന മട്ടിൽ ജോസ് ഒന്നു നിവർന്നുനില്ക്കാൻ ശ്രമിച്ചു. സി.ഐക്ക് നഷ്ടപ്പെട്ട ശാന്തത തിരിച്ചുകിട്ടിയിരുന്നു. അയാൾ മേരിസ്റ്റെല്ലയോടും മയോമിയോടും മുന്നിലെ കസേരയിൽ ഇരിക്കാൻ പറഞ്ഞു. ജോസിനെ തിരിഞ്ഞു നോക്കിയും ഇരിക്കാതിരുന്നാൽ കുറ്റമാകില്ലേയെന്ന് പേടിച്ചും നയോമിയും മേരിസ്റ്റെല്ലയും അരച്ചന്തിയിലിരുന്നു. നയോമിയെ ചൂഴ്ന്ന് നോക്കാതെ മേരിസ്റ്റെല്ലയോട് സി.ഐ. സംസാരിക്കാനായി മുന്നോട്ടായുകയും ജോസിനെ പുറത്തിറക്കാൻ എ.എസ്.ഐയോട് ചൂണ്ടുവിരൽകൊണ്ട് പറയുകയും ചെയ്തു.

“ മോൾക്ക് എന്തെങ്കിലും അസുഖമുണ്ടോ ?"

സി.ഐ. മേരിസ്റ്റെല്ലയോടാണ് ചോദിച്ചത്.

“ഇല്ല ”മേരിസ്റ്റെല്ല പറഞ്ഞു.

“സെബാസ്റ്റ്യനച്ചനോട് ജോസ് അയ്യായിരം രൂപ കടം വാങ്ങിയത് മോള്ക്ക് എന്തോ അസുഖമുണ്ടെന്ന് പറഞ്ഞ് ഡോക്ടറെക്കാണിക്കാനാണ്

സി.ഐ. പറഞ്ഞു. മേരിസ്റ്റെല്ല ഒന്നും മിണ്ടിയില്ല.

“നിങ്ങളുടെ നാട്ടില് ഷീറ്റുകൾ നടത്തുന്ന തോമാച്ചനാണ് കോട്ടയത്തെ ഒരു ഡോക്ടറെക്കുറിച്ച് പറഞ്ഞതെന്നാ അടുത്ത കള്ളം. അതും അച്ചനോടാ പറഞ്ഞിരിക്കുന്നെ

മേരിസ്റ്റെല്ല മുഖം കുനിച്ചിരുന്നു.

“മോളങ്ങോട്ടാവശ്യപ്പെട്ടിട്ടാണോ അപ്പൻ ഏസി റൂമിക്കൊണ്ടുപോകാന്നു പറഞ്ഞെ ?

ഈ ചോദ്യത്തെ നിശബ്ദതകൊണ്ട് മറികടക്കാനാവില്ലെന്ന് സി.ഐയുടെ ചുവന്ന കണ്ണുകൾ കണ്ടപ്പോൾ നയോമിക്ക് തോന്നി.

"അത് ഓട്ടം ജയിച്ചപ്പോ..പട്ടിയോട്ടിച്ചപ്പോ...അവിടെ ഏസി

വാക്കുകൾ മുറിഞ്ഞ് നയോമി വിറച്ചു.

സി.ഐ ഒരു നിമിഷം എന്തോ ആലോചിച്ചു. മേശപ്പുറത്തിരുന്ന പേപ്പർ വെയ്റ്റ് അമർത്തിപ്പിടിച്ചുകൊണ്ട് പറഞ്ഞു.

"നിങ്ങള് നിരപരാധിയായിരിക്കാം. പക്ഷേ ജോസിന് ചെല ലക്ഷ്യങ്ങളുണ്ടായിരുന്നു. പറയുന്നതിൽ ബുദ്ധിമുട്ടുണ്ട് കുട്ടിയെ ആർക്കോ കൊടുക്കാനാ"

സി.ഐ. മുഴുമിപ്പിക്കുന്നതിന് മുമ്പ് മേരിസ്റ്റെല്ല അലറിക്കരഞ്ഞുപോയി.

"കരയല്ലമ്മേ..കരയല്ലമ്മേ'ന്ന് നയോമി കരഞ്ഞുകൊണ്ട് പറഞ്ഞു.

"തല്ക്കാലം നിങ്ങളെ ഒരു റെസ്ക്യൂ ഹോമിലേക്ക് വിടും. അയാളെ ഞങ്ങളൊന്നൂടി വിശദമായിട്ട് ചോദ്യം ചെയ്യട്ടെ"

പറഞ്ഞിട്ട് സി.ഐ ബെല്ലിൽ വിരലമർത്തി. മുമ്പിൽ പ്രത്യക്ഷപ്പെട്ട പൊലീസുകാരനു പിന്നാലെ കരച്ചിലടക്കിപ്പിടിച്ച് മേരിസ്റ്റെല്ലയും നയോമിയും ഇറങ്ങി. അപ്പനെവിടെയെന്ന് നയോമി ചുറ്റും നോക്കി. അപ്പൻ ലോക്കപ്പിന്റെ മുന്നിൽ തലയും താഴ്ത്തി നില്ക്കുന്നത് കണ്ടപ്പോൾ നയോമിയുടെ ഉള്ളു പൊട്ടിപ്പോയി. ജോസിനടുത്തേക്ക് ഓടിച്ചെല്ലാനാഗ്രഹിച്ച മേരിസ്റ്റെല്ലയോട് നേരേ നോക്കി നടക്കെന്ന് പൊലീസുകാരൻ ആജ്ഞാപിച്ചു. സി.ഐ.യുടെ മുറിയിൽ നിന്ന് ബെല്ലൊച്ച കേട്ടപ്പോൾ അത് തനിക്കുള്ള വിളിയാണെന്ന് എ.എസ്.ഐ നളിനാക്ഷന് മനസ്സിലായി. "നാട്ടില് കൊഴപ്പക്കാരനൊന്നുമല്ല, ഇവിടെയവന് വേറേ കണക്ഷനൊണ്ടാകും. റൂമെടുക്കാനേല് നാലേമുക്കാലിന് ബസ്റ്റാന്റിലെത്തിയ അവരെന്തിന് വെളുക്കുംവരെ അവിടെയിരുന്നു, ചിലപ്പോ നമ്മുടെ ഡൗഡ്സുമാകാം. എനിവേ പിഴിഞ്ഞിട്ടായാലും ഒള്ളതവനെക്കൊണ്ട് തുപ്പിക്കണം. പിന്നെ രാഷ്ട്രീയക്കാരോ വമ്പന്മാരോ ഉണ്ടെങ്കിൽ ചോരരുത്. നളിനാക്ഷന്റെ മുഖത്തെ ഉത്സാഹം കണ്ട് സി.ഐ പറഞ്ഞു. പെട്ടന്ന് വേണം. അച്ചനൊക്കെ അറിഞ്ഞ സ്ഥിതിക്ക് ആരെങ്കിലും എടപെട്ടൂരിക്കൊണ്ടുപൊയ്ക്കളയും.

എ.എസ്.ഐ നളിനാക്ഷൻ ഒന്നൂടൊന്ന് അറ്റൻഷനായി "സർ എന്ന് തെല്ലുറക്കെത്തന്നെ വിളിച്ചു. ചോരപറ്റിയ കൈകൾകൊണ്ട് ജോസ് അടിവയർ അമർത്തിപ്പിടിച്ച് വെള്ളമെന്ന് തോന്നുന്ന തരത്തിൽ എന്തോ പറഞ്ഞതും എ.എസ്.ഐ നളിനാക്ഷൻ ജോസിന്റെ ചെവിക്കുനേരെ കുനിഞ്ഞു. ആർക്കുവേണ്ടിയാ കൊച്ചിനെ കൊണ്ടുവന്നതെന്ന് പറ..അല്ലെങ്കി ഇനി ആറിഞ്ച് വലിപ്പത്തിലൊള്ള ആണിയാ നിന്റെ നഖത്തേൽ കോമ്പോണ"

അതുകേട്ടതും ജോസ് സർവ്വശക്തിയുമെടുത്ത് എ.എസ്.ഐ നളിനാക്ഷന്റെ മുഖത്ത് തുപ്പി. ഒരൊറ്റ നിമിഷത്തെ അറപ്പിനുശേഷം നളിനാക്ഷൻ അന്തരീക്ഷത്തിലേക്കൊന്നുയർന്ന് അതേ ഊക്കോടെ വലതുമുട്ടുകാൽ ജോസിന്റെ അടിവയറ്റിൽ താഴ്ത്തി. ഇത്തവണ ഒന്നു ഞെരളുകപോലും ചെയ്യാതെ ജോസ് ഇടത്തേക്ക് ചരിഞ്ഞു. അത് കണ്ട് ആന്തലോടെ "സാറേന്ന് വിളിച്ച പോലീസുകാരനോട് "കൊറച്ച് വെള്ളമെടുത്തിവന്റെ കാതിലൊഴിക്കെന്ന് പറഞ്ഞ് നളിനാക്ഷൻ വാഷ്ബേസിൽ പോയി സോപ്പിട്ട് മുഖം കഴുകി. കാത് നിറഞ്ഞ് വെള്ളം പുറത്തേക്കൊഴുകിയിട്ടും ജോസിന് പെടപ്പില്ലാതായി. ജോസിനുചുറ്റും പെട്ടന്ന് പൊലീസുകാരെല്ലാം കൂടി. "സാറേ ആള് തീർന്നുവെന്ന് മൂക്കിലും നാഡിയിലുമൊക്കെ തൊട്ടു നോക്കിയ ഒരു പൊലീസുകാരൻ പറഞ്ഞതും നളിനാക്ഷൻ ഒന്നു പകച്ചുകൊണ്ട് "ഡാ..ജോസേ.. ജോസെന്ന് ജോസിനെ കുലുക്കി വിളിച്ചു. " സി.ഐ. സാറ് പൊറത്തുപോയല്ലോ, എസ്.ഐയാണെങ്കിൽ ലീവിലും ഇനിയിപ്പോ എന്നാ ചെയ്യും"

ജോസിന്റെ വാ പൊത്തിപിടിച്ചുകൊണ്ടു നിന്നിരുന്ന പൊലീസുകാരന്റെ ഒച്ച പതറി.

"കുരുങ്ങിയാ എല്ലാരും കുരുങ്ങും നളിനാക്ഷൻ മയമില്ലാതെ പറഞ്ഞു.

"തള്ളേം കൊച്ചിനേം റെസ്ക്യൂ ഹോമിലേക്ക് വിട്ടത് നന്നായി. ചോരേം മൂത്രോക്കെ തൊടച്ചിട്ട് ഇവനെയെടുത്ത് കെട്ടിത്തൂക്ക്

പൊലീസ്റ്റേഷനിലെ മൂന്നാം നിലയിലെ ഇടിമുറിയിൽ ചാരി സിഗരറ്റുപുക ഉള്ളിലേക്ക് വലിച്ചു കേറ്റിക്കൊണ്ട് എ.എസ്.ഐ നളിനാക്ഷന്റെ മുഖത്തെ വിയർപ്പുതുടച്ചു.

## 6

റസ ഹോമിൽ വച്ച് സെബാസ്റ്റ്യനച്ചനെക്കണ്ടപ്പോൾ നയോമിയും മേരിസ്റ്റെല്ലയും വലിയ വായിലെ നിലവിളിച്ചു.

ജോസിന് അങ്ങനൊരു വിധി കെടന്നിട്ടുണ്ടാകും. കർത്താവിനെയും നെന്റെ പെങ്കൊച്ചിനെയും ഓർത്ത് നീ സമാധാനപ്പെടണം മേരീന്ന് അച്ചൻ ആശ്വസിപ്പിച്ചു.

സെബാസ്റ്റ്യനച്ചൻ ഏർപ്പാടാക്കിയ ആംബുലൻസിൽ കയറുമ്പോൾ കട്ടിയുള്ള വെള്ള കോട്ടൺ തുണി കൊണ്ട് ജോസിനെ മൂടിയിട്ടിരിക്കുകയായിരുന്നു. റോഡിൽ ചൂട് ഉരുകിയൊലിക്കുമ്പോഴും തങ്ങൾക്കുമാത്രം തണുക്കുന്നതിന്റെ രഹസ്യമറിയാതെ അപ്പാ അപ്പാണ് അർദ്ധ ബോധത്തിൽ വിളിച്ചു കരഞ്ഞ നാമിയെ മേരില്ല തന്റെ നെഞ്ചോടു ചേർത്തുപിടിക്കുകയും മൂടിയിട്ടിരിക്കുന്ന വെള്ളത്തുണിയുടെ ഏതറ്റത്താണ് ജോസിന്റെ മുഖമെന്നറിയാതെ വിറങ്ങലിച്ചു നോക്കുകയും ചെയ്തുകൊണ്ടിരുന്നു.

**പ്രമോദ് വെള്ളച്ചാൽ**
മഹാത്മാഗാന്ധി കോളജ്, ഇരിട്ടി

# FYUGP: തൊഴിലും മൂല്യബോധവും ഉൾച്ചേരുന്ന സമഗ്രബോധനം

വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി പിറവിയെടുക്കുകയും പിന്നീട് നാഷണൽ ക്രഡിറ്റ് ഫ്രെയിംവർക്കിന്റെ ഭാഗമായി പിച്ചവെക്കുകയും ചെയ്ത FYUGP കേരളത്തിലേക്ക് നയിക്കപ്പെട്ടത് മൂന്ന് കമ്മീഷനുകളുടെ സംഘാടനത്തിനും റിപ്പോർട്ടുകൾക്കും ശേഷമാണ്. ഫെഡറൽ തത്വങ്ങൾ പരമാവധി പാലിക്കുമ്പോൾ തന്നെ ഒരു സ്റ്റേറ്റ് റിവ്യൂ ഇക്കാര്യത്തിൽ വേണമെന്ന കേരള സർക്കാറിന്റെ ഉൾക്കാഴ്ചയിൽ നിന്നുമാണ് FYUGP ജൂലായ് മാസത്തിൽ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പാക്കാൻ വേണ്ടി പോകുന്നത്. പ്രൊഫ. ശ്യാം സി. മേനോൻ കമ്മീഷൻ റിപ്പോർട്ടിലെ നാലാമത്തെ അധ്യായമായ കരിക്കുലം പരിഷ്കാരങ്ങൾ (Curriculum Reforms) ആണ് കേരള ഹയർ എഡ്യുക്കേഷൻ കൗൺസിൽ കേരളത്തിൽ നടപ്പാക്കുന്ന FYUGPയുടെ ആധാരശിലയായി കണ്ടത്.

2023 ജൂലൈ മാസം 3-ാം തീയതി കേരള ഉന്നതവിദ്യാഭ്യാസമന്ത്രി ഡോ. ആർ. ബിന്ദു കണ്ണൂർ സർവകലാശാലയിൽ വന്ന് ചെറുശ്ശേരി ഓഡിറ്റോറിയത്തിൽ വെച്ച് നടത്തിയ അഭിസംബോധനയോടെയാണ് കണ്ണൂർ സർവകലാശാലയിൽ FYUGP എന്ന ആശയം ഔദ്യോഗികമായി ചർച്ചചെയ്യപ്പെട്ടത്. FYUGP സ്പെഷ്യൽ ഇംപ്ലിമെന്റേഷൻ ഓഫീസർമാരായ ഡോ. ഷഫീക്കും ഡോ. സുധീന്ദ്രനും പിന്നീട് പല തവണകളായി വന്ന് ക്ലാസ്സുകൾ കൈകാര്യം ചെയ്യുകയുണ്ടായി.

അന്നത്തെ വൈസ് ചാൻസലറായിരുന്ന ഡോ. ഗോപിനാഥ് രവീന്ദ്രന്റെ നേതൃത്വത്തിൽ പിന്നീട് പലതരം കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ തുടങ്ങി. FYUGP കോർ കമ്മിറ്റി, റെഗുലേഷൻ കമ്മിറ്റി, വർക്ക്ലോഡ് കമ്മിറ്റി, ഫൗണ്ടേഷൻ കോഴ്സ് കമ്മിറ്റി തുടങ്ങിയ പലവിധ കമ്മിറ്റികൾ പ്രവർത്തനം തുടങ്ങുകയും ചെയ്തു. അതിനിടയിൽ സെനറ്റ് ഇലക്ഷനുമായി ബന്ധപ്പെട്ട് FYUGP പ്രവർത്തനങ്ങൾ കുറച്ച് മന്ദഗതിയിലായി എന്നത് ശരിയാണെങ്കിലും ഡിസംബർ മാസത്തോടുകൂടി കൂടുതൽ സംഘടിതമായി നീങ്ങാൻ സാധിച്ചു. ഇതിന്റെ ഭാഗമായി പ്രിൻസിപ്പൽമാർ, മാനേജർമാർ, സൂപ്രണ്ടുമാർ അധ്യാപക പ്രതിനിധികൾ എന്നിവർക്കുള്ള ക്ലാസ്സുകൾ സംഘടിപ്പിച്ചു. കേരള ഹയർ എഡ്യുക്കേഷൻ കൗൺസിൽ തന്നെ രണ്ട് ദിവസത്തെ ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. അതിനുപുറമേ ജില്ലയിലെ (കണ്ണൂർ-കാസർകോട്) വിവിധ കോളേജുകളിലെ പ്രിൻസിപ്പൽമാർക്കും അധ്യാപകർക്കും കൂടി അവർ ക്ലാസ്സുകൾ നൽകുകയുണ്ടായി. ഓരോ കോളേജിലെയും നാല് സെഷനുകളിലായി FYUGP യുടെ ഉള്ളടക്കം പരിചയപ്പെടുത്തുന്ന പരിപാടിയും സംഘടിപ്പിച്ചു. 117 കോളേജുകളിലായി 60ഓളം പ്രോഗ്രാമുകൾക്ക് FYUGP കോഴ്സ് ബാസ്കറ്റുകൾ ഉണ്ടാക്കുക എന്നത് വലിയൊരു വെല്ലുവിളിയാണ്. കണ്ണൂർ സർവ്വകലാശാലയെ സംബന്ധിച്ചിടത്തോളം ബോർഡ് ഓഫ് സ്റ്റഡീസ് നിലവിലില്ലാത്ത അവസ്ഥയായിരുന്നു. അതുകൊണ്ട് തന്നെ ജനുവരി മാസം രണ്ട്



ദിവസങ്ങളിലായി ശില്പശാലകൾ സംഘടിപ്പിച്ചുകൊണ്ടാണ് സിലബസ് നിർമാണത്തിന് തുടക്കമിട്ടത്. അഡ്ഹോക്ക് കമ്മിറ്റികൾ നല്ല നിലയിൽ ഈ പ്രവർത്തനങ്ങളുമായി പോകുന്ന സമയത്താണ് പ്രൊഫ. ഗോപിനാഥ് രവീന്ദ്രനശേഷം വന്ന സീനിയർ പ്രൊഫസർ ബിജോയിനന്ദൻ ഗവർണറുടെ ഓഫീസുമായി ബന്ധപ്പെട്ട് ബോർഡ് ഓഫ് സ്റ്റഡീസ് ശരിയാക്കിയത്. (അതിനായി ലിസ്റ്റിൽ ചില തിരിമറികൾ നടന്ന എന്നത് ശരിതന്നെ). അഡ്ഹോക്ക് കമ്മിറ്റി പ്രവർത്തനങ്ങളെ താളംതെറ്റിച്ചുകൊണ്ടാണ് അനവസരത്തിൽ ബോർഡ് ഓഫ് സ്റ്റഡീസ് വന്നത് എന്നുവേണമെങ്കിൽ പറയാം. അതുകൊണ്ട് തന്നെ കാര്യങ്ങൾ വീണ്ടും ഒന്നിൽ നിന്ന് തുടങ്ങുന്നതുപോലെയായി. സിലബസ് പൂർത്തിയാക്കുവാൻ ഢോർഡ് അധ്യക്ഷന്മാർ വലിയ അധ്വാനമാണ് ഏറ്റെടുത്തത്.

ജൂൺമാസം അവസാനം കൂടുന്ന അക്കാദമിക് കൗൺസിലിൽ സിലബസ്സുകൾ അംഗീകാരത്തിന് സമർപ്പിക്കുന്നതിനായുള്ള പരിശോധനാ നടപടി നടന്നുവരികയാണ്. ഈയവസരത്തിൽ വൈസ് ചാൻസലർ ബിജോയിനന്ദന്റെ കാലാവധി അവസാനിക്കുകയും കുസാറ്റിലെ മറ്റൊരു പ്രൊഫസറായ ഡോ. സജു ചുമതലയേൽക്കുകയും ചെയ്തു. FYUGP പരിഷ്കരണ കാലയളവിൽ കണ്ണൂർ സർവ്വകലാശാലയിൽ മൂന്ന് വൈസ് ചാൻസലർമാരുടെ സാന്നിദ്ധ്യം ഉണ്ടായി എന്നത് ശ്രദ്ധേയമാണ്. കാഴ്ചപ്പാട്കൊണ്ടും ശൈലികൊണ്ടും വ്യത്യസ്തരായ മൂന്ന് വൈസ്ചാൻസലർമാരുടെ കൈകളിലൂടെയാണ് FYUGP പരിഷ്കാരങ്ങൾ അതിന്റെ പൂർണ്ണതയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നത്.

സർവകലാശാലാ തയ്യാറെടുപ്പുകൾ തുടർന്നുകൊണ്ടിരിക്കുമ്പോൾ തന്നെ കോളേജുകളിൽ FYUGP നടപ്പാക്കുന്നത് സംബന്ധിച്ച ഒട്ടനവധി കാര്യങ്ങൾ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. എല്ലാ കോളേജുകളിലെയും FYUGP കോ-ഓർഡിനേറ്റർമാർക്ക് ശില്പശാലകൾ സംഘടിപ്പിച്ച് ടൈംടേബിൾ അടക്കം എങ്ങിനെ ഉണ്ടാക്കണം എന്ന നിർദ്ദേശവും കൊടുത്തുകഴിഞ്ഞു. 117 കോളേജുകളിലായി 60ഓളം വ്യത്യസ്ത പ്രോഗ്രാമുകൾ കണ്ണൂർ സർവ്വകലാശാലയിലുണ്ട്. ഗവൺമെന്റിന്റെയും ഹയർ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെയും അറിയിപ്പിന്റെ അടിസ്ഥാനത്തിൽ ജൂലൈ മാസം ക്ലാസ് ആരംഭിക്കുമ്പോൾ അതൊരു ഗംഭീര ചടങ്ങായി നടത്തുവാനുള്ള നിർദ്ദേശവും സ്ഥാപനങ്ങൾക്ക് കൊടുത്തുകഴിഞ്ഞു.

സർവകലാശാലയിൽ ആറ് ഡിപ്പാർട്ട്മെന്റുകളിൽ FYUGP ഇന്റഗ്രേറ്റഡ് പ്രോഗ്രാമായി നടത്തുവാനുള്ള നടപടികളും പൂർത്തിയായിക്കഴിഞ്ഞു. സർവകലാശാലയുടെ പ്രവർത്തനങ്ങളും പ്രിൻസിപ്പൽമാരുടെ സംശയങ്ങളും വിലയിരുത്തി ഉന്നതവിദ്യാഭ്യാസവകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു മെയ് മാസം 31ന് കണ്ണൂർ സർവ്വകലാശാലയിൽ പ്രിൻസിപ്പൽമാരെ അഭിസംബോധന ചെയ്തിരുന്നു. ഇഷ്ടവിഷയങ്ങളുടെ കോമ്പിനേഷൻ തിരഞ്ഞെടുക്കുവാനും തൊഴിലും മൂല്യബോധവും പാഠ്യപദ്ധതിയുടെ ഭാഗമാക്കി വ്യത്യസ്ത പാത്ത്‌വേകളിലൂടെ വിവിധതരം ബിരുദങ്ങൾ നേടാൻ കുട്ടികൾക്ക് സ്വാതന്ത്ര്യവും അവസരവും കൊടുക്കുന്ന FYUGP പുതിയൊരു വിദ്യാഭ്യാസ സംസ്കാരത്തിലേക്ക് തലമുറകളെ നയിക്കും എന്ന് നമുക്ക് പ്രത്യാശിക്കാം. വൈസ് ചാൻസലർ ചെയർപേഴ്സനും സിണ്ടിക്കേറ്റ് അംഗം പ്രമോദ് വെള്ളച്ചാൽ കൺവീനറുമായി FYUGP കോർ കമ്മിറ്റിയാണ് കണ്ണൂർ സർവകലാശാലയിൽ FYUGP പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

**അർച്ചന പി.ജെ.**
ശ്രീനാരായണ കോളേജ്, കൊല്ലം

ഉപന്യാസം - അദ്ധ്യാപക വിഭാഗം (ഒന്നാം സ്ഥാനം)

# ബിരുദ പാഠ്യപദ്ധതി പുനഃസംഘാടനം - സാധ്യതകൾ, വെല്ലുവിളികൾ

രാജ്യത്തെ ഉന്നതവിദ്യാഭ്യാസ ഭൂപടം വികൃതമാകുന്നു എന്ന് പറഞ്ഞുകൊണ്ട് മാത്രമേ ബിരുദ പാഠ്യപദ്ധതി പുനഃസംഘാടനം, സാധ്യതകൾ വെല്ലുവിളികൾ എന്ന വിഷയത്തെ ആമുഖപ്പെടുത്താൻ സാധിക്കുകയുള്ളൂ. പുതിയ വിദ്യാഭ്യാസനയത്തിന്റെ സാധ്യതകൾ ഉന്നയിച്ചുകൊണ്ട് ഈ നയത്തിലൂടെ നാല് വർഷത്തെ ബിരുദ പാഠ്യപദ്ധതി ഇന്ത്യ ഒട്ടാകെ നടപ്പിലാക്കിക്കൊണ്ട് വരുന്ന കേന്ദ്രസർക്കാർ ഇന്ത്യ പോലെയുള്ള ബഹുസ്വരതയുള്ള രാജ്യത്തെ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും അവഗണിച്ചുകൊണ്ടാണ് പുതിയ വിദ്യാഭ്യാസനയം നടപ്പിലാക്കാൻ ശ്രമിക്കുന്നത്.

ഇന്ത്യ ഒരു ജനാധിപത്യ മതേതര റിപ്പബ്ലിക് രാജ്യം ആണെങ്കിലും ഇന്നും ഇന്ത്യയിൽ ജാതിവ്യവസ്ഥ നിലനിന്ന് പോകുകയാണ്.

പുതിയ വിദ്യാഭ്യാസനയത്തിൽ എൻട്രിയും എക്സിറ്റും ഓപ്ഷനുകളോടുകൂടിയാണ് നാലുവർഷ ബിരുദ പരിപാടികൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഉന്നതവിദ്യാഭ്യാസത്തിന് പ്രവേശനം നേടണമെന്നുണ്ടെങ്കിൽ പ്രവേശന പരീക്ഷ വേണമെന്നുള്ളത് പുതിയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി വന്ന മാറ്റങ്ങളാണ്. ഇത്തരത്തിൽ ബിരുദം നാലുവർഷം ആക്കുമ്പോൾ ഒന്നാം വർഷം പ്രവേശനം നേടി ആ വർഷം തന്നെ പഠനം പൂർത്തീകരിക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത പഠന സർട്ടിഫിക്കറ്റ് ലഭിക്കും എന്ന് ഉള്ളത് ഒരു ഗുണകരമായ കാര്യമാണ്. നിലവിൽ മൂന്നുവർഷത്തെ ബിരുദപഠനത്തിന് ശേഷം കോഴ്സ് അവസാനിപ്പിച്ച് വിദ്യാർത്ഥികൾ പോയാൽ അവർക്ക് ഒരു വർഷത്തെ ബിരുദപഠനത്തിലൂടെ യാതൊരു പ്രയോജനവും ലഭിക്കുന്നില്ല എന്ന് മാത്രമല്ല, വിദ്യാർത്ഥികൾക്ക് നിലവിലെ മൂന്ന് വർഷത്തെ ബിരുദ കോഴ്സ് പൂർത്തീകരിച്ച് വിജയം കരസ്ഥമാക്കിയാൽ മാത്രമേ ബിരുദസർട്ടിഫിക്കറ്റ് ലഭിക്കൂ എന്നുള്ള ന്യൂനത ഉള്ളതിനാൽ പുതിയ വിദ്യാഭ്യാസനയത്തിൽ എൻട്രി, എക്സിറ്റ് വിദ്യാർത്ഥികൾക്ക് ഏത് വർഷം വേണമെങ്കിലും എക്സിറ്റിലൂടെ പഠനം അവസാനിപ്പിച്ച് സർട്ടിഫിക്കറ്റ് നേടിക്കൊണ്ട് പോകാനും, അവർക്ക് ഇഷ്ടമുള്ള വിഷയം തെരഞ്ഞെടുത്ത് മറ്റ് നാലു വർഷത്തെ ബിരുദ പ്രോഗ്രാമിന് ചേരുകയോ അല്ലെങ്കിൽ ഒന്നാം വർഷം ലഭിക്കുന്ന തൊഴിലധിഷ്ഠിത സർട്ടിഫിക്കറ്റ് വാങ്ങിക്കൊണ്ട് പഠനം അവസാനിപ്പിച്ച് ആ വർഷം ഇഷ്ടമുള്ള തൊഴിലിലേക്ക് കടക്കാനോ ഒക്കെ സാധിക്കുന്നതാണ്. ഇത്തരം വിസ്മരിപ്പിക്കുന്ന ഗുണങ്ങൾ ഏറെയുണ്ടെങ്കിലും ഇതിന്റെ പിന്നിൽ കേന്ദ്രസർക്കാർ ലക്ഷ്യംവെക്കുന്ന ചില പ്രത്യേക രാഷ്ട്രീയ വർഗീയ താല്പര്യവും നമ്മൾ നോക്കിക്കാണേണ്ടതുണ്ട്. നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന നാലുവർഷ ബിരുദ പരിപാടിയിൽഒന്നാംവർഷം പഠനം അവസാനിപ്പിച്ചാൽ തൊഴിലധിഷ്ഠിതപഠന സർട്ടിഫിക്കറ്റ് ലഭിക്കും. രണ്ടാം വർഷം കോഴ്സ് അവസാനിപ്പിച്ച് പോകുന്ന വിദ്യാർത്ഥിക്ക് ഡിപ്ലോമ സർട്ടിഫിക്കറ്റ് ലഭിക്കും. മൂന്നാം വർഷം പഠനം അവസാനിപ്പിക്കുകയാണെങ്കിൽ ബിരുദ സർട്ടിഫിക്കറ്റ് ലഭിക്കും. വിദ്യാർത്ഥി നാലാം വർഷം കോഴ്സ് പൂർത്തീകരിച്ചാൽ ഗവേഷണാധിഷ്ഠിത ബിരുദ സർട്ടിഫിക്കറ്റ് ലഭിക്കും.

പുതിയ വിദ്യാഭ്യാസ നയത്തിൽ സംസ്ഥാനങ്ങളുടെ അധികാര പരിധിയിൽ കേന്ദ്രം കടന്നുകയറുകയാണ് എന്ന വിമർശനം സംസ്ഥാന സർക്കാർ ഉന്നയിക്കുന്നുണ്ട്. പതിനെട്ട് വയസ്സുവരെ സാർവ്വത്രിക വിദ്യാഭ്യാസം ഉറപ്പാക്കുമെന്നാണ് പുതിയ വിദ്യാഭ്യാസനയം പറയുന്നത്. പത്ത്,

പ്ലസ് ടു എന്നിവയ്ക്ക് പകരം 5+3+3+4 എന്നീ ഘടകങ്ങളാകും പുതിയ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഉണ്ടാവുക. ആറാംക്ലാസ് മുതലുള്ള വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിതമായ സ്കില്ലുകളും നൽകുമെന്ന് പുതിയ വിദ്യാഭ്യാസ നയത്തിൽ പറയുന്നു. ഇതിന്റെ ഭാഗമായി തന്നെ സിലബസ്സുകളിൽ മാറ്റം വരുത്തി സ്കൂൾ കാലഘട്ടത്തിൽ തന്നെ വിവിധ തൊഴിലധിഷ്ഠിത പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒൻപത് വയസ്സുമുതലുള്ള വിദ്യാർത്ഥികൾക്ക് തൊഴിൽ വിദ്യാഭ്യാസം നൽകുന്നതോടെ ഇവരിൽ പലരും ഉന്നതവിദ്യാഭ്യാസമേഖലയിലേക്ക് എത്താതെ പോവുകയും ഒരു വരേണ്യ വിഭാഗത്തിന്റെ മാത്രമായി ഉന്നത വിദ്യാഭ്യാസമേഖല മാറുമെന്നതിലും യാതൊരു ആശ്ചര്യവും ഇല്ല.

ഇത് മൂലം ജാതിവ്യവസ്ഥ നിലനിൽക്കുന്ന ഇന്ത്യ പോലൊരു സമൂഹത്തിൽ വലിയ പ്രത്യാഘാതമാണ് സൃഷ്ടിക്കപ്പെടുന്നത്. തൊഴിലിടങ്ങളിൽ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് നൽകാനും പുതിയ വിദ്യാഭ്യാസ നയത്തിലൂടെ ലക്ഷ്യമിടുമ്പോൾ വലിയ ആശങ്കയോടെ തന്നെയാണ് ഇത്തരം മാറ്റങ്ങൾ നമുക്ക് നോക്കിക്കാണാൻ സാധിക്കുന്നത്. കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെട്ട മേഖലയായ വിദ്യാഭ്യാസത്തെ സംസ്ഥാനങ്ങളുടെ അധികാരപരിധിയിൽ നിന്നും മാറ്റി പൂർണ്ണമായും കേന്ദ്രീകൃതമാക്കുകയാണ് കേന്ദ്രസർക്കാർ ചെയ്യുന്നത്. രാജീവ്ഗാന്ധി സർക്കാർ അവതരിപ്പിച്ച കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം എന്ന പേര് എടുത്തുകളഞ്ഞതും, ഇത് വിദ്യാഭ്യാസമന്ത്രാലയം എന്നാക്കിയതും പുതിയ വിദ്യാഭ്യാസനയത്തിൽ കൊണ്ടുവന്ന മാറ്റമാണ്. 2018 ഡിസംബർ മാസമായിരുന്നു മുൻ ഐഎസ്ആർഒ മേധാവി കൂടിയായിരുന്ന കെ കസ്തൂരിരംഗന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസനയത്തിന്റെ ആദ്യ കരട് രേഖ സമർപ്പിക്കുന്നത്.

നാഷണൽ എഡ്യുക്കേഷൻ പോളിസി (NEP) എന്ന വിളിപ്പേരിൽ അറിയപ്പെടുന്ന പുതിയ വിദ്യാഭ്യാസ നയത്തിലൂടെ നിരവധി മാറ്റങ്ങളാണ് വിദ്യാഭ്യാസമേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. എം.ഫിൽ കോഴ്സുകൾ എടുത്തുകളയുകയും സ്വയംഭരണാവകാശം കോളേജുകൾക്ക് നൽകുകയും ചെയ്യുമ്പോൾ സർവ്വകലാശാലകളുടെ പ്രസക്തി നഷ്ടമാകുമെന്നും സർവ്വകലാശാലകളെ മികവുറ്റ ഗവേഷണ കേന്ദ്രങ്ങളാക്കാനുള്ള പദ്ധതികളൊന്നും പുതിയ വിദ്യാഭ്യാസ നയത്തിൽ പ്രതിപാദിക്കുന്നില്ല എന്നതും വസ്തുത തന്നെയാണ്. അധ്യാപകരിലെ ഗവേഷണ താല്പര്യത്തെ നാഷണൽ റിസർച്ച് ഫൗണ്ടേഷൻ വഴി നടപ്പാക്കാനുള്ള തീരുമാനമാണ് പുതിയ വിദ്യാഭ്യാസ നയത്തിലുള്ളത്. അധ്യാപകരുടെ ഗവേഷണ താല്പര്യങ്ങൾക്ക് കേന്ദ്ര സർക്കാരും യു.ജി.സി.യും നടപ്പാക്കിക്കൊണ്ടിരിക്കുന്ന എഫ്.ഐ.പി.യും എഫ്.ഡി.പി.യും പോലെയുള്ള ഫെല്ലോഷിപ്പ് പ്രോഗ്രാമുകളെപ്പറ്റി വ്യക്തമായ ഒരു നിർദ്ദേശവും പുതിയ നയത്തിൽ കാണാൻ സാധിക്കുന്നില്ല. ബിരുദ പഠനത്തിൽ ഒരു വർഷം കൂടുതൽ നൽകി നാലുവർഷ ബിരുദ പഠനത്തിലൂടെ സിലബസ് എന്ന ചട്ടക്കൂടിന് പുറത്തേക്കുള്ള താല്പര്യങ്ങൾ കണ്ടെത്താനും അതിൽ പരിചയിക്കാനും വിദ്യാർത്ഥികളെ പ്രാപ്തരാക്കും എന്നാണ് കസ്തൂരിരംഗൻ പറയുന്നത്.

അഫിലിയേഷൻ സംവിധാനത്തെ ഇല്ലാതാക്കുന്നതും വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം നൽകുന്നതും പിന്നോക്കം നിൽക്കുന്ന ഗ്രാമങ്ങളിലെയും പ്രദേശങ്ങളിലേയും കോളേജുകളെ വലിയ രീതിയിൽ ബാധിക്കും. ഇതുകൂടാതെ പൊതു-സ്വകാര്യ സ്ഥാപനങ്ങളെ ഒരേ അളവുകോൽ ഉപയോഗിച്ചാണ് ഈ നയത്തിൽ വിലയിരുത്തുന്നത്. ഇത് കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ അതിപ്രസരം വിദ്യാഭ്യാസമേഖലയിൽ ഉണ്ടാക്കുന്നതിന് ഇടയാക്കുമെന്നും നിരീക്ഷണങ്ങളുണ്ട്. വിദ്യാഭ്യാസത്തിന്റെ സ്വകാര്യവത്കരണം പ്രോത്സാഹിപ്പിക്കുന്നതും വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിൽ നിന്നും മാറി പൂർണ്ണമായും വിപണിയുടെ ആവശ്യങ്ങൾക്കനുസരിച്ച് മാറ്റുന്നതുമാണ് പുതിയ വിദ്യാഭ്യാസനയമെന്നതാണ് ഉയരുന്ന മറ്റൊരു പ്രധാന വിമർശനം. ഒന്നാംക്ലാസ് മുതൽ അഞ്ചാംക്ലാസ് വരെ ഇനി ഇംഗ്ലീഷ് മീഡിയം ഒഴിവാക്കി കുട്ടികൾക്ക് മാതൃഭാഷയിൽ പഠിക്കാം എന്ന് പുതിയ വിദ്യാഭ്യാസനയം നിർദ്ദേശിക്കുന്നു. മാതൃഭാഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന ഈ തീരുമാനം പലരും അംഗീകരിക്കുന്നുണ്ട്. അതേസമയം അന്തർദ്ദേശീയ ഭാഷ എന്ന തലത്തിൽ ഇംഗ്ലീഷ് അവഗണിക്കപ്പെടാൻ കഴിയാത്ത വിധം പ്രാധാന്യം ഉണ്ടെന്നും ഇത് മറച്ചുകൊണ്ട് ഇന്ത്യയ്ക്ക് മുന്നേറാൻ സാധിക്കില്ല എന്ന മറ്റൊരു വാദവും ഉയരുന്നുണ്ട്. നേരത്തെ തന്നെ വിദ്യാഭ്യാസനയത്തിന്റെ കരട്രേഖ അവതരിപ്പിച്ച സമയത്ത് വലിയ രീതിയിൽ എതിർപ്പുകൾ ഉയർന്നത് ഹിന്ദി നിർബന്ധഭാഷയാക്കുന്നതുമായി ബന്ധപ്പെട്ടായിരുന്നു. എന്നാൽ ഇപ്പോൾ അവതരിപ്പിച്ച വിദ്യാഭ്യാസ നയത്തിൽ നിന്ന് ഹിന്ദി നിർബന്ധ പഠനവിഷയമാക്കുക എന്ന തീരുമാനം നീക്കം ചെയ്തിട്ടുണ്ട്. ത്രിഭാഷ ഫോർമുലയ്ക്കാണ് നിലവിൽ ഈ നയത്തിൽ ഊന്നൽ നൽകിയിരിക്കുന്നത്.

സംസ്കൃതം തിരഞ്ഞെടുത്ത് പഠിക്കാൻ താല്പര്യമുള്ളവർക്ക് അത് ചെയ്യാം. ഇതിന് പുറമേ മറ്റ് ക്ലാസ്സിക്കൽ ഭാഷകളും ആവശ്യമെങ്കിൽ വിദ്യാർത്ഥികൾക്ക് തെരഞ്ഞെടുത്ത് പഠിക്കാം.

കേരളം ഉന്നയിച്ച നിരവധി ആശങ്കകളെ കേന്ദ്രം അവതരിപ്പിച്ച ദേശീയ വിദ്യാഭ്യാസ നയത്തിൽ നിന്ന് അവഗണിച്ചുവെന്നും നിരവധി തവണ സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പുതിയ വിദ്യാഭ്യാസനയത്തിൽ കായികം, യോഗ, ചിത്രകല, മരപ്പണി, സംഗീതം, നൃത്തം എന്നിവയെ പഠനത്തിന്റെ ഭാഗമാക്കുകയും മെഡിക്കൽ, നിയമ വിദ്യാഭ്യാസമേഖലകൾ ഒഴികെ മുഴുവൻ വിദ്യാഭ്യാസവും ഹയർ എഡ്യുക്കേഷൻ കമ്മീഷന് പരിധിയിൽ വരുന്ന രീതിയിലുള്ള മാറ്റങ്ങളാണ് നിലവിലുള്ളത്.

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കൾ 21 എ യിൽ പറയുന്നതനുസരിച്ച് 6 മുതൽ 14 വയസ്സുവരെയുള്ള രാജ്യത്തെ കുട്ടികൾക്ക് സൗജന്യവും

സാർവ്വത്രികവുമായ വിദ്യാഭ്യാസം ഒരുക്കിക്കൊടുക്കണമെന്നാണ്.

പുതിയ വിദ്യാഭ്യാസനയത്തിൽ 3 വയസ്സ് മുതൽ 18 വയസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ സാർവ്വത്രിക വിദ്യാഭ്യാസം ഒരുക്കിക്കൊടുക്കേണ്ടത് സർക്കാരിന്റെ കടമയായാണ് കാണുന്നത്. ആറാം ക്ലാസ് മുതലുള്ള കുട്ടികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നതിലൂടെ ബാഗ്‌ലെസ് ട്രെയിനിങ്ങും ഇന്റേൺഷിപ്പ് അടങ്ങുന്ന വിദ്യാഭ്യാസരീതി നടപ്പിലാക്കാൻ ആണ് സർക്കാർ നോക്കുന്നത്. ബോർഡ് എക്സാമുകൾക്ക് പ്രാധാന്യം കുറയുകയും ഓരോ വർഷവും രണ്ട് പരീക്ഷകൾ നടത്താനുമാണ് ഇപ്പോൾ സർക്കാർ തീരുമാനിക്കുന്നത്. വിദ്യാഭ്യാസത്തിനായി ജി.ഡി.പി.യുടെ 3 ശതമാനം മാത്രമാണ് നീക്കിവെക്കുന്നത്. ഇത് ഏകദേശം 6 ലക്ഷം കോടി രൂപയാണ്. എന്നാൽ പുതിയ വിദ്യാഭ്യാസനയം വരുന്നതിലൂടെ ഇത് ഇനി മുതൽ ജി.ഡി.പി.യുടെ 6 ശതമാനം മാത്രമാണ് നീക്കിവെക്കാൻ ഉദ്ദേശിക്കുന്നത്. ഇത് ഏകദേശം 12 ലക്ഷം കോടി രൂപയാണ്.

പ്രതിവർഷം രാജ്യത്ത് നിന്ന് ഏഴരലക്ഷം വിദ്യാർത്ഥികളാണ് വിദേശത്തേക്ക് പഠനത്തിനും ഒപ്പം ജോലിക്കുമായി പോകുന്നത്. ഇത് പരിഹരിക്കാനായി ഇന്ത്യയിലേക്ക് നൂറ് പ്രമുഖ വിദേശ യൂണിവേഴ്സിറ്റികളുടെ ക്യാമ്പസ് കൊണ്ടുവരാനായി കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നുണ്ട്. മെഡിക്കൽ, നിയമം എന്നീ ഉന്നത വിദ്യാഭ്യാസമേഖല ഒഴികെ രാജ്യത്തെ എല്ലാ ഉന്നതവിദ്യാഭ്യാസവും ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ ഓഫ് ഇന്ത്യ എന്ന ഒരു ഉന്നത അതോറിറ്റിയുടെ കീഴിലാകും വരിക. ഇനി വരുന്ന പതിനഞ്ച് വർഷത്തോടെ അഫിലിയേഷൻ പൂർണ്ണമായും ഇല്ലാതാവുകയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്വയംഭരണത്തിലേക്ക് പോവുകയും ചെയ്യും.

സ്കൂൾ അധ്യാപകരാകാനുള്ള കുറഞ്ഞ യോഗ്യത നാലുവർഷത്തെ ബി.എഡ് പ്രോഗ്രാം ആക്കാനും സർക്കാർ ആലോചിക്കുന്നുണ്ട്.

രാജ്യത്തെ വിദ്യാഭ്യാസ നയങ്ങൾ പരിശോധിക്കുമ്പോൾ 1968ൽ ഇന്ദിരാഗാന്ധി നടപ്പാക്കിയ നയവും 1986ൽ രാജീവ്ഗാന്ധി നടപ്പാക്കിയ വിദ്യാഭ്യാസനയവും 1992ൽ നരസിംഹറാവു പ്രധാനമന്ത്രിയായിരുന്ന സമയത്ത് നിലവിൽ വന്ന കെ കസ്തൂരി രംഗൻ കമ്മിറ്റിയും 2020ൽ നിലവിൽ വന്ന പുതിയ വിദ്യാഭ്യാസ നയവും നമ്മൾ നോക്കേണ്ടതാണ്. പുതിയ വിദ്യാഭ്യാസനയം സൂക്ഷ്മമായി നിരീക്ഷിക്കുകയാണെങ്കിൽ സംസ്ഥാനങ്ങളുടെ അധികാരപരിധിയിൽ കേന്ദ്രം കടന്നുകയറുകയാണ് എന്ന് മനസ്സിലാക്കാൻ സാധിക്കും. പാർലമെന്റിൽ ചർച്ചചെയ്യാതെ വിദ്യാഭ്യാസനയവുമായി ബന്ധപ്പെട്ട പോളിസി രൂപീകരിക്കുന്നതിൽ സംസ്ഥാന സർക്കാരുകളുടെ ഭാഗം കേട്ടിട്ടില്ലെന്ന് വിമർശനം നിലനിൽക്കെത്തന്നെ ക്യാബിനറ്റ് കൂടി പുതിയ വിദ്യാഭ്യാസ നയം 2020ൽ രാജ്യത്ത് കേന്ദ്രസർക്കാർ കൊണ്ടുവന്നത്.

ഒരു പ്രത്യേക വർഗീയ രാഷ്ട്രീയ താല്പര്യത്തിന് വേണ്ടി കേന്ദ്രസർക്കാർ കൂട്ടുനിന്നുകൊണ്ട് അത് വിഭാഗീയത വളർത്തുന്ന പ്രവണതയാണ് പുതിയ വിദ്യാഭ്യാസനയ രൂപീകരണത്തിലൂടെ നമുക്ക് കാണാൻ സാധിക്കുന്നത്. ഇതിന്റെ ഏറ്റവും വലിയ ഉദാഹരണങ്ങളാണ് കേരളത്തിലെ സർവ്വകലാശാലകളിലെ ചാൻസലർ, വൈസ് ചാൻസലർ തുടങ്ങി സെനറ്റ് അംഗങ്ങളുടെ വരെയുള്ള നിയമനങ്ങൾ. ഇത് വലിയ പ്രത്യാഘാതങ്ങളാണ് ഉണ്ടാക്കാൻ പോകുന്നത്. ഇപ്പോൾ നിലവിൽ കാലിക്കറ്റ്, കേരള സർവ്വകലാശാലകളിൽ സർവ്വകലാശാല നൽകിയ പട്ടിക വെട്ടിമാറ്റി ഇഷ്ടക്കാരെ സെനറ്റിലേക്ക് നാമനിർദ്ദേശം ചെയ്യുകയാണ് ഗവർണർ ചെയ്യുന്നത്. കാലിക്കറ്റ് സർവ്വകലാശാലയിൽ പതിനെട്ട് പേരിൽ സർവ്വകലാശാല നൽകിയ പട്ടികയിൽ നിന്ന് രണ്ടുപേരെ മാത്രമാണ് ഗവർണർ അംഗീകരിച്ചത് ബാക്കിയുള്ള പതിനാറുപേരെയും സ്വന്തം നിലയിൽ നിശ്ചയിക്കുകയും ജനാധിപത്യപരമായ ഒരു സംവിധാനത്തെ തകർക്കുന്ന കാഴ്ചയാണ് അരങ്ങേറിയത്. ഇത് ഇന്ത്യ പോലെയുള്ള ജനാധിപത്യരാജ്യത്തിന്റെ ഭരണഘടനയെ അവഹേളിക്കുന്ന പ്രവർത്തനത്തിലോട്ടാണ് വിരൽ ചൂണ്ടുന്നത്. അതുപോലെതന്നെ ഇന്ത്യയിലെ എൻ.സി.ഇ.ആർ.ടി. പാഠപുസ്തകങ്ങളിൽ നിന്നും ജനാധിപത്യം നേരിടുന്ന വെല്ലുവിളികളും ഗാന്ധിവധവും ഡാർവിന്റെ പരിണാമ സിദ്ധാന്തങ്ങളും പോലെ ചരിത്രവും ശാസ്ത്രവും വെട്ടിമാറ്റി കുട്ടികൾ ചരിത്രബോധവും ശാസ്ത്രബോധവും ഇല്ലാതെ വളരേണ്ടിവരും എന്നതാണ് ഇപ്പോഴത്തെ അവസ്ഥ. ഇത്തരം വിഭാഗീയത വളർത്തുന്ന നിലപാടുകളെ ചെറുക്കുന്നതിനായി തന്നെ കർണ്ണാടകയിലെ സിദ്ധരാമയ്യ സർക്കാർ അധികാരം ഏറ്റെടുത്തതിന് ശേഷം പാഠപുസ്തകങ്ങളിൽ വലിയ മാറ്റങ്ങളാണ് കൊണ്ടുവന്നത്. മിത്തുകൾ കൊണ്ടുവന്ന് ശാസ്ത്രപഠനത്തിന്റെ ഗൗരവം കുറയ്ക്കരുതെന്ന് ഉദ്ദേശിച്ച് കേരള നിയമസഭ സ്പീക്കർ എ.എൻ. ഷംസീർ പറഞ്ഞ പ്രസ്താവന വളച്ചൊടിച്ച് കേരളത്തിൽ വലിയ വിമർശനങ്ങളും സമരങ്ങളുമായി സാമുദായിക സംഘടനകൾ രംഗത്തിറങ്ങുന്ന കാഴ്ച നമ്മൾ കണ്ടതാണ്. ശാസ്ത്രത്തിനെ മിത്തുകൾ കൊണ്ട് പകരം വെയ്ക്കരുത് എന്ന് പറയുന്നത് പ്രശ്നമാണോ? എന്ന് ചോദിക്കുമ്പോൾ ആ ചോദ്യത്തിന് നിലവിൽ പ്രസക്തി ഏറുകയാണ്. ശാസ്ത്രത്തിന് പകരം മിത്തുകൾ തിരുകി കയറ്റി പാഠപുസ്തകത്തിൽ വയ്ക്കരുത് എന്നാണ് അതിൽ ലക്ഷ്യം വെക്കുന്നത്. ഇപ്പോൾ പാഠപുസ്തകങ്ങളിൽ ശാസ്ത്രവും ഐതിഹ്യവും നമ്മിൽ കൂട്ടിക്കുഴയ്ക്കാൻ ശ്രമം നടക്കുന്നുണ്ട് എന്നും പറയേണ്ടിവരും. പുഷ്പകവിമാനവും ഗണപതിയും ഒക്കെ ശാസ്ത്രത്തെ പകരം വെക്കുമ്പോൾ തെല്ല് ആശങ്ക ഉയർത്തി കുട്ടികൾക്ക്ഉദാഹരിക്കേണ്ടിവരുമോ എന്നതാണ് ഇപ്പോൾ നിലവിലുള്ള സ്ഥിതി.

സ്കൂൾ വിദ്യാഭ്യാസം പൂർത്തിയായി ഉന്നതവിദ്യാഭ്യാസം നേടാനായി എത്തുന്ന കുട്ടികൾക്ക് ശാസ്ത്രത്തിന്റെ നിയമങ്ങളും തത്വങ്ങളും പൂർണ്ണമായി അംഗീകരിക്കാനാവാത്ത സ്ഥിതിയിലേക്കാണ് നിലവിൽ നമ്മുടെ രാജ്യം എത്തിക്കൊണ്ടിരിക്കുന്നത്.

നിലവിലെ ഉന്നതവിദ്യാഭ്യാസരംഗത്ത് സ്വകാര്യസർവ്വകലാശാലകളെ കേരളത്തിൽ സർക്കാർ ക്ഷണിക്കുന്നുണ്ടെങ്കിലും പൂർണ്ണമായും ഇത് സർക്കാർ നിയന്ത്രണത്തിലാകും പ്രവർത്തിക്കുന്നത്. കേരളത്തിലെ എൺപത് ശതമാനം വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്വകാര്യ എയ്ഡഡ് മേഖലകളിലാണ് ഉള്ളത്. ഇവ മികച്ച നിലവാരമാണ് പുലർത്തുന്നത്. ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്താൻ ലക്ഷ്യമിട്ടാണ് സ്വകാര്യ സർവ്വകലാശാലകൾ എന്ന ആശയം കേരള സർക്കാർ മുന്നോട്ട് വെക്കുന്നത്.

കേരളത്തിൽ ആദ്യമായി നാലു വർഷ ബിരുദ പ്രോഗ്രാമിന്റെ നിയമാവലിക്ക് അംഗീകാരം നൽകിയിരിക്കുകയാണ് കാലിക്കറ്റ് സർവ്വകലാശാല. അക്കാദമിക് കൗൺസിൽ യോഗത്തിൽ ഫോർ ഇയർ അണ്ടർ ഗ്രാജ്വേറ്റ് പ്രോഗ്രാംസ് (സി.യു.എഫ്.വൈ.യു.ജി.പി.) റഗുലേഷൻസ് 2024 അവതരിപ്പിച്ചത് ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിലും തൊഴിൽ ലഭ്യതയിലും വിപ്ലവകരമായ മാറ്റം സൃഷ്ടിക്കുന്നതാണ്. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച് സർവകലാശാലകൾ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതി. 2024 അധ്യയനവർഷം മുതൽ കാലിക്കറ്റിന് കീഴിൽ അഫിലിയേറ്റഡ് കോളേജുകൾ, വിദൂരവിദ്യാഭ്യാസം വഴിയുള്ള ബിരുദ കോഴ്സുകൾ ചെയ്യുന്നവർ എന്നിവർക്കെല്ലാം പുതിയ നിയമാവലി ബാധകമാക്കിയാണ് കോഴ്സുകൾ നടത്തുന്നതെന്നും സർവ്വകലാശാല പ്രഖ്യാപിച്ചുകഴിഞ്ഞു. ഇന്റഗ്രേറ്റഡ് ബിരുദ പാഠ്യപദ്ധതി രൂപവത്കരണത്തിനായി അധ്യാപകർക്ക് പരിശീലന ക്ലാസ്സുകളും ശില്പശാലകളും എല്ലാം നേരത്തേ തന്നെ കാലിക്കറ്റിൽ നടത്തിയിരുന്നു. ഗവേഷണ നിയമാവലിക്കും 2023ലെ ഭേദഗതികൾക്കും യോഗം നേരത്തേ തന്നെ അംഗീകാരം നൽകിയിരുന്നു. സ്വാശ്രയ കോളേജുകൾക്കും പഠന വകുപ്പുകൾക്കും കൂടി ഗവേഷണകേന്ദ്രം അനുവദിക്കാനും സർവ്വകലാശാല തീരുമാനിക്കുകയുണ്ടായി. നിബന്ധനകളോടെ എമിററ്റ്സ് പ്രൊഫസർമാരെയും



ഗവേഷണ മാർഗദർശികളാക്കുന്നതും സർക്കാർ എയ്ഡഡ് കോളേജുകളിലെ ലൈബ്രേറിയന്മാർക്ക് പാർട്ട് ടൈം പി.എച്ച്.ഡി. പ്രവേശനത്തിന് അനുമതി നൽകുന്നതുമാണ് പുതിയ നിയമാവലിയിലൂടെ സർവകലാശാല ലക്ഷ്യമിടുന്നത്. കേരളത്തിലെ ഹയർ എഡ്യുക്കേഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പഠനം നടത്തി സമർപ്പിച്ച ശ്യാം ബി. മേനോൻ റിപ്പോർട്ടും അതിൽ സൂചിപ്പിച്ചിരിക്കുന്ന ഉന്നതവിദ്യാഭ്യാസമേഖലയിൽ വന്ന മാറ്റങ്ങളും വെല്ലുവിളികളും പരിഹാരമാർഗങ്ങളും പരാമർശിക്കുന്നുണ്ടെങ്കിലും അമൃത പോലെയുള്ള സ്വകാര്യ സർവ്വകലാശാലയ്ക്ക് കല്പിത സർവ്വകലാശാലാ പദവി നൽകുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോഴും നിലവിലെ സ്ഥിതിയിൽ ആശങ്കാജനകമായ ഒന്നുതന്നെയാണ്.

ഉന്നതവിദ്യാഭ്യാസ മേഖലയിലെ കാര്യങ്ങൾ നടപ്പാക്കാനായി, പരിഷ്കരണങ്ങൾ വരുത്തുന്നതിനായി ശ്യാം ബി. മേനോൻ കമ്മിറ്റിയെ കൊണ്ടുവരികയും വേണ്ട ഗൗരവതതിൽ വിദ്യാർത്ഥികൾക്കായി എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ടുവരാൻ സാധിക്കുന്നതെന്ന് കേരള സർക്കാർ കൃത്യമായി വിശലകനം ചെയ്തിട്ടുണ്ട്.

ഉന്നതവിദ്യാഭ്യാസമേഖല കേരളത്തിൽ മികവിന്റെ കേന്ദ്രങ്ങളായി മാറുന്നതിനുള്ള പ്രവർത്തനങ്ങൾ സജീവമായി ഉന്നതവിദ്യാഭ്യാസ വകുപ്പ് ചെയ്തുവരികയാണ്. തൊഴിൽ, പഠനം എന്നിവയ്ക്കായി കേരളത്തിന് പുറത്തേക്കുള്ള ഒഴുക്ക് തടയിടാനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുകയാണ് ഉന്നതവിദ്യാഭ്യാസ വകുപ്പ്. ബിരുദ-ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ കൂടുതൽ കോഴ്സുകൾ അനുവദിച്ചും കൂടുതൽ തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ അനുവദിച്ചു കൊണ്ടും മുന്നോട്ട് പോവുകയാണ്. പഠനത്തോടൊപ്പം ജോലി എന്ന ആശയം മുൻനിർത്തി വ്യക്തമായ ലക്ഷ്യങ്ങളോടെ മുന്നൊരുക്കങ്ങൾ അടുത്ത അധ്യയന വർഷത്തേക്ക് നടത്തിവരികയാണ്.

ഗവേഷണമേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകിക്കൊണ്ട് ഉന്നതവിദ്യാഭ്യാസരംഗത്ത് കൂടുതൽ യുവഗവേഷകരെ പ്രോത്സാഹിപ്പിക്കുകയാണ് പുതിയ പദ്ധതിയിൽ ചൂണ്ടിക്കാട്ടാൻ പറ്റിയ ഒന്ന്. അധ്യാപകരിൽ ഗവേഷണ താല്പര്യം പ്രോത്സാഹിപ്പിക്കുകയും അതിന് അവസരമൊരുക്കുകയും ചെയ്താൽ കൂടുതൽ പേരെ ഗവേഷണമേഖലയിലേക്ക് എത്തിക്കാൻ സാധിക്കുമെന്നാണ് ഉന്നതവിദ്യാഭ്യാസ വകുപ്പ് കരുതുന്നത്. ഗവേഷണാടിസ്ഥാന ബിരുദ പ്രോഗ്രാമുകളിലൂടെ കേരളത്തിന് രാജ്യത്തിലെ തന്നെ മികച്ച ഗവേഷകരെ സംഭാവന ചെയ്യാൻ സാധിക്കുമെന്ന് ഉറപ്പാണ്. പുതിയ ബിരുദ പാഠ്യപദ്ധതിയിലൂടെ പുതിയ സാധ്യതകൾ കണ്ടെത്താനും വെല്ലുവിളികളെ അതിജീവിക്കാനും കേരളത്തിന് കഴിയും എന്നത് നിശ്ചയം തന്നെയാണ്. പുതിയ പ്രതീക്ഷകളെ ഉന്നതവിദ്യാഭ്യാസത്തിലൂടെ നമുക്ക് സ്വപ്നം കാണാം. സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ കേരളത്തിന് സാധിക്കും. രാജ്യത്തെ മാതൃകാ സംസ്ഥാനമായി കേരളം മാറും.

**Dr. Sona A**
Associate Professor, SAS SNDP Yogam College Konni

ഉപന്യാസം - അദ്ധ്യാപക വിഭാഗം (രണ്ടാം സ്ഥാനം)

# Restructuring the Degree Syllabus: Possibilities and Challenges

The restructuring of a degree syllabus, particularly transitioning from a three-year undergraduate program to a four-year model, presents a landscape marked by possibilities and challenges. The shift towards a four-year UG program introduces a degree of ambiguity that requires careful consideration. It becomes imperative to disseminate information to outgoing school students, enlightening them about the program's nuances and the flexibility it offers.

In the proposed four-year UG program, students embark on a journey of exploration by entering a discipline-specific component A in the first year. This novel approach enables them to shift to discipline-specific components B or C if their interests evolve. The curriculum emphasizes a multi-disciplinary approach, featuring foundation components comprising ability enhancement courses, skill enhancement courses, value addition courses, and multi-disciplinary courses. These components contribute to the academic bank of credits, allowing students to earn additional credits through online courses.

For those inclined towards research, the option of pursuing an honors program with a research focus in the fourth year is available. The syllabus is meticulously crafted, taking into consideration the revised Bloom's Taxonomy, ensuring that outcomes are systematically evaluated at each level of assessment. Both formative and summative assessments play integral roles in gauging students' progress and understanding.

A student-centric approach is a hallmark of this restructuring, promoting flexibility and choice. Students are encouraged to undertake summer internships, engage in collaborations, participate in field-based learning, and visit industries. Partnerships with other educational institutions and industries further enrich students' experiences and enable the cultivation of inborn skills.

While these possibilities paint an optimistic picture, the implementation of such a transformative initiative is not without its challenges. Attendance concerns may arise as students might attend classes selectively, potentially impacting the continuity of their learning. Shifting sessions within a class, particularly in larger groups, may lead to irregular attendance and pose a challenge to maintaining a consistent learning environment.

Resource constraints present another hurdle, encompassing issues such as the availability of textbooks, the integration of new technologies, faculty training, and workload concerns. Financial constraints further exacerbate the challenges, demanding creative solutions to ensure the successful execution of the envisioned program.

In conclusion, the restructuring of a degree syllabus into a four-year UG program holds immense potential, offering students a diversified and enriching educational experience. However, the path towards implementation requires careful navigation through challenges related to attendance, resources, and financial constraints. It demands a collaborative effort from educators, administrators, and students to realize the full scope of the program's possibilities while effectively addressing the challenges that may arise.

**ഡോ. ലിബിൻ കുര്യാക്കോസ്**
മേഖലാ അക്കാദമിക്ക് കൺവീനർ, AKPCTA

# ബിരുദം ഓണേഴ്സ് ആവുമ്പോൾ

2024 ജൂലൈ ഒന്നാം തീയതി മുതൽ കേരളത്തിലെ നാല് സർവകലാശാലകളിലും ഒരേ അക്കാദമിക് കലണ്ടറിനെ അടിസ്ഥാനമാക്കി ഓണേഴ്സ് പ്രോഗ്രാമുകൾ ആരംഭിക്കുകയാണ്. ഓണേഴ്സ് ആവശ്യമില്ലാത്ത വിദ്യാർത്ഥികൾക്ക് മൂന്നാം വർഷം 133 ക്രെഡിറ്റുകൾ നേടിക്കൊണ്ട് നിലവിലുള്ള രീതിയിൽ തന്നെ ബിരുദം നേടാം എന്നത് ആണ് ഈ ഘടനയുടെ പ്രത്യേകത. നിലവിലുള്ള ബിരുദ പ്രോഗ്രാമുകളിൽ വിദ്യാർത്ഥിക്ക് വിഷയങ്ങൾ തിരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം ലഭ്യമായിരുന്നില്ല. എന്നാൽ ഇവിടെ പൂർണ്ണമായും വിദ്യാർത്ഥികളുടെ ചോയിസിനനുസരിച്ചുള്ള വിഷയങ്ങൾ തിരഞ്ഞെടുത്തു പഠിക്കുന്നതിനുള്ള അവസരമാണ് അവർക്ക് ലഭിക്കുന്നത്. വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ആദ്യമായാണ് അഭിരുചിക്ക് അനുസരിച്ചുള്ള പഠനം സാധ്യമാകുന്നത് എന്നത് തന്നെയാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഗവേഷണ മേഖലയിലും വലിയ മാറ്റങ്ങൾ ഇതിലൂടെ ഉണ്ടാക്കാൻ സാധിക്കും എന്നാണ് പ്രതീക്ഷ. ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് ബിരുദാനന്തര ബിരുദം ഇല്ലാതെ തന്നെ നേരിട്ട് ഗവേഷണം നടത്തുന്നതിനുള്ള സൗകര്യമാണ് ഇതിലൂടെ ലഭിക്കുന്നത്. ഇത് ഗവേഷണ മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകും എന്നാണ് വിലയിരുത്തുന്നത്.

സ്കിൽ എൻഹാൻസ്മെൻറ്, എബിലിറ്റി എൻഹാൻസ്മെൻറ്, വാല്യൂ അഡീഷൻ തുടങ്ങി വിവിധ തരം കോഴ്സുകൾ വ്യത്യസ്ത പഠന മേഖലകളിൽ നിന്നായി തിരഞ്ഞെടുക്കാനും മുഖ്യ പഠന വിഷയത്തോടൊപ്പം പഠിക്കാനും ഉള്ള അവസരം വിദ്യാർത്ഥിക്ക് ലഭിക്കുന്നു. അതോടൊപ്പം എല്ലാ വിഷയങ്ങൾക്കും ഇന്റേൺഷിപ്പ് പ്രോജക്ട് തുടങ്ങിയവ നിർബന്ധമാവുകയും ചെയ്യുന്നു. കൂടാതെ തിരഞ്ഞെടുത്ത പഠന മേഖലയ്ക്ക് പുറത്തുനിന്നും മൾട്ടി ഡിസിപ്ലിനറി എന്ന നിലയിൽ വിഷയങ്ങൾ പഠിക്കാനുള്ള അവസരവും വിദ്യാർത്ഥിക്ക് ലഭിക്കുകയാണ്. ഇത്തരത്തിൽ ഉള്ളടക്കത്തിലും ഘടനയിലും വലിയ മാറ്റമാണ് നാലുവർഷ പ്രോഗ്രാമുകൾ കൊണ്ടുവരുന്നത്.

ഉള്ളടക്കത്തിലും ഘടനയിലും ഉള്ള മാറ്റം ഒരേ സമയം വേണ്ടിവരുന്ന ഘട്ടത്തിൽ വലിയ തോതിലുള്ള വെല്ലുവിളികളാണ് സർവകലാശാല നേരിടേണ്ടി വരിക. അധ്യാപക കേന്ദ്രീകൃതമായ ഒരു വിദ്യാഭ്യാസ ക്രമത്തിൽ നിന്നും വിദ്യാർത്ഥി കേന്ദ്രീകൃതമായ ഒരു വിദ്യാഭ്യാസ ക്രമത്തിലേക്കുള്ള മാറ്റം തീർച്ചയായും വെല്ലുവിളികൾ നിറഞ്ഞതാണ്. മികച്ച അക്കാദമിക അന്തരീക്ഷവും അനുബന്ധ സൗകര്യങ്ങളും ഒരുക്കിക്കൊണ്ടു മാത്രമേ അന്താരാഷ്ട്ര വിദ്യാഭ്യാസ ഭൂപടത്തിൽ നമ്മുടെ സ്ഥാനം അടയാളപ്പെടുത്താൻ നമുക്ക് സാധിക്കൂ. അതിനാൽ തന്നെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ളവരുടെ കാര്യത്തിൽ സ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധ വയ്ക്കേണ്ടതുണ്ട്.

ദേശീയ വിദ്യാഭ്യാസ നയം മുന്നോ

ട്ടേയ്ക്ക് വെക്കുന്ന ക്രെഡിറ്റ് ഘടനയിൽ നിന്നും വലിയ വ്യത്യാസമാണ് കേരളം മുന്നോട്ട് വയ്ക്കുന്ന മാതൃകയ്ക്ക് ഉള്ളത്. വിദ്യാർത്ഥികൾക്ക് കോഴ്സുകളും പ്രോഗ്രാമും സ്ഥാപനങ്ങളും അഭിരുചിക്കനുസരിച്ച് മാറുന്നതിനും ഇഷ്ടമുള്ള പഠന മേഖലയിൽ നിന്നും ക്രെഡിറ്റുകൾ സമ്പാദിക്കുന്നതിനും സാധിക്കത്തക്ക വിധത്തിലാണ് കേരളം ഈ ബദൽ മാതൃക തയ്യാറാക്കിയിട്ടുള്ളത്. അതോടൊപ്പം അക്കാഡമിക് ബാങ്ക് ഓഫ് ക്രെഡിറ്റ് സംവിധാനവും കൂടി വരുന്നതോടെ വിദ്യാഭ്യാസം പൂർണമായും വിദ്യാർത്ഥിയുടെ ചോയ്സ് ആയി മാറുകയാണ്. ശ്യാം ബി മേനോൻ കമ്മീഷൻ റിപ്പോർട്ട് വിഭാവനം ചെയ്യുന്ന ക്യാപ് സ്റ്റോൺ കോഴ്സുകൾ കേരള മോഡലിന്റെ പ്രത്യേകതയാണ്. മൾട്ടി ഡിസിപ്ലിനറി കോഴ്സുകളുടെ ഭാഗമായി കേരളത്തിൻറെ വികസന മാതൃകകൾ ഉൾപ്പെടെ വിദ്യാർഥികൾക്ക് പഠിക്കുന്നതിനുള്ള അവസരം നൽകുകയാണ്. വിവിധ രംഗങ്ങളിൽ കേരളം മുന്നോട്ടു വച്ചിട്ടുള്ള ബദൽ മാതൃകകൾ രാജ്യത്തിന് മുതൽക്കൂട്ട് ആയ ചരിത്രം നമുക്ക് അറിവുള്ളതാണ്. പുതിയ വിദ്യാഭ്യാസ ക്രമവും ഇത്തരത്തിൽ ഒന്നാവും എന്നാണ് പ്രതീക്ഷിക്കുന്നത്.

MGU-UGP എന്ന പേരിലാണ് മഹാത്മാ ഗാന്ധി സർവകലാശാല ഓണേഴ്സ് പ്രോഗ്രാമുകൾ അറിയപ്പെടുക. 2023 നവംബർ മാസത്തിൽ തന്നെ വിവിധ കോളേജുകളിൽ ഒരു മാസം നീണ്ടു നിന്ന സിലബസ് വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുകയും 2024 മാർച്ച് ഒന്നാം തീയതിയിൽ എല്ലാ പഠന ബോർഡുകളും സിലബസ് സർവകലാശാലയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. കോളേജ് തല അക്കാദമിക്ക് കോർഡിനേറ്റർമ്മാർ, പ്രിൻസിപ്പൽമാർ, ഓരോ കോളേജിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 5 പേർക്ക് വീതം 1200 പേർക്ക് ഇതിനകം തന്നെ പരിശീലനം നൽകുകയും ചെയ്തു. കൂടാതെ മുഖാമുഖം എന്ന പേരിൽ പ്ലസ് ടു വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉള്ള പരിശീലന പരിപാടികൾ എല്ലാ കോളേജുകളിലും നടന്നു വരുന്നു. പരിശീലനം ലഭിച്ച മാസ്റ്റർ ടെയിനർമാരുടെ സേവനം ഇതിനായി ഉപയോഗിക്കുന്നു.

വിവിധ സ്ഥാപനങ്ങളുമായി ചേർന്ന് ഇന്റേൺഷിപ്, പ്രോജക്ട് തുടങ്ങിയവ ആവിഷ്കരിക്കുക എന്നതാണ് മഹാത്മാ ഗാന്ധി സർവകലാശാല ലക്ഷ്യം വയ്ക്കുന്നത്. ബിസിനസ് ഇന്നവേഷൻ ആൻഡ് ഇൻക്യുബേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഇൻഡസ്ട്രി-അക്കാദമിക് ലിംഗേജ് സാധ്യമാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയാണ് സർവകലാശാല. കോളേജ് ഡെവലപ്മെൻറ് കൗൺസിൽ, കേരള നോളജ് ഇക്കോണമി മിഷൻ എന്നിവയുടെ സഹകരണത്തോടെ ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഇതിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വിദ്യാർഥികളിൽ സംരംഭകത്വം പരിശീലിപ്പിക്കുന്നതിനും ഉള്ള ഇടങ്ങളായി ക്യാമ്പസുകൾ മാറും എന്നാണ് പ്രതീക്ഷ.

ഇതിനു പുറമേ കോളേജുകളുടെ ആഭിമുഖ്യത്തിൽ നിരന്തരം പരിശീലന പരിപാടികൾ നടന്നു വരികയാണ്. എല്ലാ കോളേജുകളിലും അഡ്മിഷൻ ഹെൽപ് ഡെസ്ക്കുകൾ സ്ഥാപിച്ചു കൊണ്ട് ആണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. AKPCTA അക്കാദമിക്ക് കമ്മിറ്റിയും മേഖലാ കമ്മിറ്റിയും സംയുക്തമായി ഓൺലൈൻ സംശയ നിവാരണ സെഷനുകൾ സംഘടിപ്പിച്ചു കഴിഞ്ഞു. ഒപ്പം സ്വാശ്രയ സ്ഥാപനങ്ങളിലെ അധ്യാപകർക്ക് ഉള്ള പരിശീലന പരിപാടികളും സംഘടന മുൻകൈ എടുത്ത് നടത്തുക ഉണ്ടായി.





കാലിക്കറ്റ് സർവ്വകലാശാല സിൻഡിക്കേറ്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ട എ കെ പി സി ടി എ സംസ്ഥാന ട്രഷറർ ഡോ. കെ. പ്രദീപ്കുമാറിനും സംസ്ഥാന സർവ്വീസ് സെൽ ചെയർമാൻ പ്രൊഫ. (ഡോ.) ടി. മുഹമ്മദ് സലീമിനും അഭിവാദ്യങ്ങൾ



# എ.കെ.പി.സി.ടി.എ 66-ാം സംസ്ഥാന സമ്മേളനം

**2024 മാർച്ച് 8,9,10 ശ്രീഭദ്ര ഓഡിറ്റോറിയം, തിരുവല്ല, പത്തനംതിട്ട**

## റിപ്പോർട്ട്

### എ കെ പി സി ടി എ സംസ്ഥാന സമ്മേളനം പോസ്റ്റർ റിലീസ്

എ.കെ.പി.സി.ടി.എ 66-ാം സംസ്ഥാന സമ്മേളനത്തോട് അനുബന്ധിച്ചുള്ള പോസ്റ്റർ പ്രകാശനം 2024 ജനവരി 18-ന് തിരുവല്ല മുനിസിപ്പൽ സ്റ്റേഡിയത്തിൽ വച്ച് നടന്നു.

സി.ഐ.ടി.യു സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. പി.ബി.ഹർഷകുമാർ ചടങ്ങ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചുള്ള പോസ്റ്റർ അദ്ദേഹത്തിൽ നിന്ന് എം.ജി സർവ്വകലാശാല മുൻ സിൻഡിക്കേറ്റ് അംഗം ശ്രീ. വി.എസ്.പ്രവീൺ കുമാറും എൻ.ജി.ഒ യൂണിയൻ സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം സി.എ സുരേഷ്കുമാറും ചേർന്ന് ഏറ്റുവാങ്ങി. ജില്ലാ പ്രസിഡന്റ് ഡോ.പി.സി.ലതാകുമാരി അദ്ധ്യക്ഷത വഹിച്ചു.

കേരള പിന്നോക്ക വികസന കോർപ്പറേഷൻ ഡയറക്ടർ ബോർഡ് അംഗം ശ്രീ.ടി.ഡി. ബൈജു മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന കമ്മറ്റി അംഗങ്ങളായ വിവേക് ജേക്കബ് ഏബ്രഹാം, ഡോ.എസ്.കെ.മഹേഷ്, ജില്ലാ ട്രഷറാർ ഡോ.ഇന്ദു.സി.നായർ, ഡോ. രഞ്ജിത്ത് കൃഷ്ണ, ഡോ.എസ്.ജ്യോത്സന, സെനറ്റ് അംഗം എം.എസ്.ഉണ്ണി എന്നിവർ സംസാരിച്ചു. ചടങ്ങിൽ 35 അംഗങ്ങൾ പങ്കെടുത്തു. ജില്ലാ സെക്രട്ടറി റെയ്സൺ സാം രാജു സ്വാഗതവും ഫെബി ജോർജ്ജ് മത്തായി കുറിച്ചിയത്ത് നന്ദിയും പറഞ്ഞു.

### എ.കെ.പി.സി.ടി.എ സംസ്ഥാന സമ്മേളനം സ്വാഗതസംഘം രൂപീകരണം

എ.കെ.പി.സി.ടി.എ അറുപത്തിയാറാം സംസ്ഥാന സമ്മേളനത്തിന്റെ സ്വാഗത സംഘം രൂപീകരണ യോഗം 2024 ജനവരി 27-ന് തിരുവല്ല ഗവ.എംപ്ലോയീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ഹാളിൽ വച്ച് നടന്നു.

സി.പി.ഐ.എം പത്തനംതിട്ട ജില്ല സെക്രട്ടറി സഖാവ് കെ.പി. ഉദയഭാനു ഉദ്ഘാടനം നിർവഹിച്ചു. സംസ്ഥാന പ്രസിഡന്റ് ഡോ.കെ.ബിജുകുമാർ അധ്യക്ഷത വഹിച്ചു. തിരുവല്ല എം.എൽ.എ ഡോ.മാത്യു.ടി.തോമസ് മുഖ്യ പ്രഭാഷണം നടത്തി.

തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ അംഗം അഡ്വ. കെ.യു.അനന്തഗോപൻ സി.ഐ.ടി.യു സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ.പി.ബി.ഹർഷകുമാർ, സി.പി. ഐ(എം) സംസ്ഥാന കമ്മറ്റി അംഗം ശ്രീ.രാജു ഏബ്രഹാം, സി.പി.ഐ(എം) ജില്ലാ സെക്രട്ടറിയേറ്റ് അംഗം അഡ്വ. ആർ. സനൽകുമാർ, സി.പി.ഐ(എം) ഏരിയ സെക്രട്ടറി ശ്രീ. ഫ്രാൻസിസ്.വി.ആന്റണി, എൻ.ജി.ഒ യൂണിയൻ സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം ശ്രീ. സി.വി.സുരേഷ്കുമാർ, കെ.എസ്.ടി.എ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മറ്റി അംഗം ശ്രീമതി. സി. ബിന്ദു, ലൈബ്രറി കൗൺസിൽ സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം പ്രൊഫ. ടി.കെ.ജി നായർ, എഫ്.എസ്.ഇ.ടി.ഒ ജില്ലാ സെക്രട്ടറി ശ്രീ. ജി. അനീഷ്കുമാർ, ഡി.വൈ.എഫ്.ഐ ജില്ലാ സെക്രട്ടറി ശ്രീ.ബി.നിസാം, എസ്.എഫ്.ഐ സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം അഡ്വ.അമൽ ഏബ്രഹാം, എ.കെ.ജി.സി.ടി. ജില്ലാ പ്രസിഡന്റ് ശ്രീമതി എം. ഹയറുനിസ്സ, കെ.ജി.ഒ.എ ജില്ലാ സെക്രട്ടറി ശ്രീ.എം.കെ. സതീഷ്, കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് യൂണിയൻ സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ.രാജേഷ് ചന്ദ്രൻ, കെ.എസ്.ആർ.ടി.എ. വൈസ് പ്രസിഡന്റ് ശ്രീ.കെ.ശ്രീ

കുമാർ, കെ.ജി.എൻ.എ സംസ്ഥാന എക്സിക്യൂട്ടീവ് അംഗം ശ്രീമതി. കെ.ജി.ഗീതാമണി, കെ.എൻ.ടി.ഒ സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ.സജി തോമസ്, പി.എസ്.സി എംപ്ലോയീസ് യൂണിയൻ ജില്ലാ പ്രസിഡന്റ് ശ്രീ.റോണി വർഗ്ഗീസ്, പു ക സ ജില്ല സെക്രട്ടറി അഡ്വ. സുധീഷ് വെൺപാല, പ്രവാസി കാര്യസംഘം ജില്ലാ സെക്രട്ടറി അഡ്വ. പ്രമോദ് ഇടത്തിട്ട എന്നിവർഅഭിവാദ്യങ്ങൾ അർപ്പിച്ച് സംസാരിച്ചു. ചടങ്ങിൽ 120 അംഗങ്ങൾ പങ്കെടുത്തു.

ജില്ലാ സെക്രട്ടറി ശ്രീ.റെയ്സൺ സാം രാജു സ്വാഗതസംഘം പാനൽ അവതരിപ്പിച്ചു.

എ.കെ.പി.സി.ടി.എ ജനറൽ സെക്രട്ടറി ഡോ.സി.പത്മനാഭൻ സ്വാഗതവും ജില്ലാ പ്രസിഡന്റ് ഡോ.പി.സി.ലതാകുമാരി നന്ദിയും പറഞ്ഞു.

**ഭാരവാഹികൾ:**

രക്ഷാധികാരികൾ
ശ്രീ.കെ.പി.ഉദയഭാനു
ശ്രീമതി. വീണ ജോർജ്ജ്
അഡ്വ.മാത്യു.ടി.തോമസ്
ശ്രീ.ഓമല്ലൂർ ശങ്കരൻ
അഡ്വ. രാജു ഏബ്രഹാം
അഡ്വ. എം.അനന്തഗോപൻ
അഡ്വ. ആർ.സനൽ കുമാർ

ചെയർമാൻ:
ശ്രീ പി.ബി.ഹർഷകുമാർ
വൈസ് ചെയർമാൻമാർ
ശ്രീമതി.നിർമ്മലാ ദേവി
ശ്രീ.ഫ്രാൻസിസ്.വി.ആന്റണി
ശ്രീ. സി.വി. സുരേഷ്കുമാർ
ശ്രീമതി. സി.ബിന്ദു
പ്രൊഫ. ടി.കെ.ജി.നായർ
ശ്രീ.ബി.നിസാം
ശ്രീ.എം.കെ.സതീഷ്
അഡ്വ.അമൽ എബ്രഹാം
ശ്രീമതി. ഹയറുനിസ എം
ശ്രീമതി.കെ.ജി.ഗീതാമണി
ശ്രീ.രാജേഷ് ചന്ദ്രൻ
ശ്രീ.കെ.ശ്രീകുമാർ
ശ്രീ.സജി തോമസ്
ശ്രീ.റോണി വർഗ്ഗീസ്
ജനറൽ കൺവീനർ
പ്രൊഫ.ഡോ.എ.യു.അരുൺ
കമ്മറ്റി അംഗങ്ങൾ
പ്രൊഫ.ഡോ.പ്രതീപ്.പി.എസ്
ഡോ.പി.കെ.ശ്രീകുമാർ
പ്രൊഫ.ഡോ.പത്മകുമാരൻ നായർ
പ്രൊഫ.ഡോ.കിഷോർറാം
ഡോ.ഷീല.ടി.നായർ
ഗിരിജ നായർ
പ്രൊഫ.ഡോ.സുഷ.ഡി
ഡോ.സുനില തോമസ്

പത്തനംതിട്ട ജില്ലയിലെ എല്ലാ സംഘടനാംഗങ്ങളെയും സഹോദര സംഘടനാ പ്രതിനിധികളെയും ചെയർമാൻ വൈസ് ചെയർമാൻ, കൺവീനർ, ജോയിന്റ് കൺവീനർ, അംഗങ്ങൾ എന്നിങ്ങനെ ഉൾപ്പെടുത്തി 24 സബ് കമ്മറ്റികൾ രൂപീകരിച്ചു.

സബ് കമ്മറ്റികൾ– ചെയർമാൻ കൺവീനർ ക്രമത്തിൽ

1. ഫിനാൻസ്:
ശ്രീ.എം.കെ.സതീഷ്
ശ്രീ.റെയ്സൺ സാം രാജു
2. പ്രോഗ്രാം:
അഡ്വ.ടി.കെ.സുരേഷ്കുമാർ
ഡോ.ലതാകുമാരി പി.സി
3. സാഹിത്യ രചനാ മത്സരങ്ങൾ
അഡ്വ.സുദീഷ് വെൺപാല
ഡോ.ശ്രീലേഖ.എൽ
4. രജിസ്ട്രേഷൻ
അനീഷ്കുമാർ.എം.സി
ഡോ.ഇന്ദു.സി.നായർ
5. റിസപ്ഷൻ
അഡ്വ.ആർ.രവിപ്രസാദ്
ഡോ.രഞ്ജിത് കൃഷ്ണൻ
6. അക്കോമഡേഷൻ
അഡ്വ.പ്രമോദ് ഇളമൺ
ശ്രീ.ഫെബു ജോർജ്ജ് മത്തായി കുറിച്ചിയത്ത്
7. ഭക്ഷണം
അഡ്വ.ഫ്രാൻസിസ്.വി.ആന്റണി
മനേഷ് ജേക്കബ്
8. അനുബന്ധ പരിപാടികൾ
ശ്രീ.ഷിനിൽ ഏബ്രഹാം
ഡോ.ലീബൂസ് ജേക്കബ് ഏബ്രഹാം
9. പബ്ലിസിറ്റി
അഡ്വ.ആർ.മനു
ശ്രീ.പ്രവീൺകുമാർ.വി.എസ്
10. സ്റ്റേജ് ആന്റ് ഡെക്കറേഷൻ
ശ്രീ. കെ.ബാലചന്ദ്രൻ
ഡോ.ഒ.സി.പ്രമോദ്
11. മെഡിക്കൽ
ശ്രീ.രാജ രാജ വർമ്മ
ഡോ.ജിനു.പി.വൈ
12. എക്സിബിഷൻ
ശ്രീമതി.അഞ്ജു ലക്ഷ്മി
ഡോ.തോമസ്.കെ.അലക്സ്
13. പ്രകടനം
ശ്രീ. ബിനു കുമാർ
ശ്രീ.വിവേക് ജേക്കബ് ഏബ്രഹാം
14. മീഡിയ
ശ്രീ.ടി.എ.റെജി കുമാർ
ഡോ.മഹേഷ് എസ്.കെ
15. സോഷ്യൽ മീഡിയ
ശ്രീ.ഹരികൃഷ്ണൻ
ശ്രീ.ജിക്കു ജയിംസ്
16. ഡോക്യുമെന്റേഷൻ
ശ്രീ. വി.ബാലചന്ദ്രൻ
ശ്രീമതി. കൃഷ്ണകുമാരി.കെ
17. ഗതാഗതം
ശ്രീ.കെ.ബാലചന്ദ്രൻ
ശ്രീ. പ്രമോദ് തോമസ് ജോർജ്
18. ടെക്നിക്കൽ&ഐ.ടി
ശ്രീ.പ്രദീപ് കുമാർ
ശ്രീ.ലിജിൻ.പി.മാത്യു
19. സെമിനാർ
പ്രൊഫ.കെ.വി.സുരേന്ദ്രനാഥ്
വിവേക് ജേക്കബ് ഏബ്രഹാം
20. ഫെയർവെൽ
ശ്രീ.ജോർജ്ജ് വർഗ്ഗീസ്
ഡോ.റാണി ആർ നായർ
21. ഗ്രീൻ പ്രോട്ടോകോൾ
ശ്രീ.തോമസ് ഉഴവത്ത്
ഡോ.ജി.ജോയ്.പി.മാത്യു
22. വോളന്റിയർ
ശ്രീ.അമൽ.എസ്
ശ്രീ.ഉണ്ണി.എം.എസ്
23. കൾച്ചറൽ
ശ്രീമതി.സി.ബിന്ദു
ഡോ.ജോത്സന.എസ്
24. കായിക മത്സരങ്ങൾ
ശ്രീ.സി.എൻ.രാജേഷ്
ഡോ.സിന്ധു.ആർ.എസ്

**ചുവരെഴുത്ത് പ്രചാരണം**

എ.കെ.പി.സി.ടി.എ 66–ാംസംസ്ഥാന സമ്മേളനത്തോട് അനുബന്ധിച്ചുള്ള ചുവരെഴുത്ത് പ്രചാരണ പരിപാടി തിരുവല്ലയിൽ കേരള ബാങ്ക് ഡയറക്ടർ ബോർഡ് അംഗം ശ്രീമതി. നിർമ്മലാ ദേവി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ 30 അംഗങ്ങൾ പങ്കെടുത്തു.

ഡി.വൈ.എഫ്.ഐ തിരുവല്ലാ



ബ്ലോക്ക് സെക്രട്ടറി ശ്രീ.ഷിനിൽ ഏബ്രഹാമിന്റെ അദ്ധ്യക്ഷതയയിൽ കൂടിയ യോഗത്തിൽ എം.ജി. സർവ്വകലാശാല മുൻ സിൻഡിക്കേറ്റ് അംഗം ശ്രീ.വി.എസ് പ്രവീൺകുമാർ സ്വാഗതം ആശംസിച്ചു. യോഗത്തിൽ പങ്കെടുത്ത എല്ലാ അംഗങ്ങളും ചുവരെഴുത്തിൽ പങ്കാളികളായി. ജില്ലാ പ്രസിഡന്റ് ഡോ.പി.സി.ലതാ കുമാരി ചടങ്ങിന് നന്ദി പറഞ്ഞു.

### മുദ്രാവാക്യ പ്രകാശനം

എ.കെ.പി.സി.ടി.എ 66-ാം സംസ്ഥാന സമ്മേളനത്തിന്റെ മുദ്രാവാക്യം

മതനിരപേക്ഷ ജനാധിപത്യം
ഫെഡറലിസം
വൈജ്ഞാനിക സമൂഹം

2024 ഫെബ്രുവരി 7-ാം തീയതി പത്തനംതിട്ട ഇ.എം.എസ് മന്ദിരത്തിൽ വച്ച് നടന്ന ചടങ്ങിൽ മുൻ ധനകാര്യ വകുപ്പ് മന്ത്രി ശ്രീ. തോമസ് ഐസക് പ്രകാശനം ചെയ്തു. ജില്ലാ സെക്രട്ടറി റെയ്സൺ സാം രാജു സ്വാഗതം ആശംസിക്കുകയും. വിഷയാവതരണം നടത്തുകയും ചെയ്തു. സ്വാഗത സംഘം ചെയർമാൻ ശ്രീ.പി.ബി. ഹർഷകുമാർ അധ്യക്ഷത വഹിച്ചു.

തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് എ.പദ്മകുമാർ ജില്ലാ ട്രഷറാർ, ഡോ. ഇന്ദു. സി.നായർ, സംസ്ഥാന കമ്മിറ്റി അംഗം വിവേക് ജേക്കബ് ഏബ്രഹാം, ജില്ലാ അക്കാദമിക് കമ്മറ്റി കൺവീനർ ഡോ.റാണി .ആർ. നായർ, എം.ജി.സർവ്വകലാശാല മുൻ സിൻഡിക്കേററ് അംഗം, ശ്രീ.വി.എസ്.പ്രവീൺ കുമാർ, എം.ജി.സർവ്വകലാശാല സെനറ്റ് അംഗം ഡോ.ലിബുസ് ജേക്കബ് ഏബ്രഹാം മുൻ സെനറ്റ് അംഗം ശ്രീ. ഫെബു ജോർജ്ജ് മത്തായി കുറിച്ചിയത്ത്, ജില്ലാ കമ്മറ്റി, ജില്ലാ കൗൺസിൽ അംഗങ്ങൾ സംഘടനാംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.ചടങ്ങിൽ 28 അംഗങ്ങൾ പങ്കെടുത്തു. ചടങ്ങിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും ജില്ലാ പ്രസിഡന്റ് ഡോ.ലതാകുമാരി നന്ദി രേഖപ്പെടുത്തി.

### രജിസ്ട്രേഷൻ ഉദ്ഘാടനം

സംസ്ഥാന സമ്മേളനത്തിന്റെ ഓൺലൈൻ രജിസ്ട്രേഷൻ ഫെബ്രുവരി മാസം 14-ാം തീയതി ലൈബ്രറി കൗൺസിൽ സംസ്ഥാന എക്സിക്യൂട്ടീവ് അംഗം പ്രൊഫ. ടി.കെ.ജി നായർ ഉദ്ഘാടനം ചെയ്തു.

ആദ്യ രജിസ്ട്രേഷൻ എ.കെ.പി.സി.ടി.എ സംസ്ഥാന പ്രസിഡന്റ് ഡോ.കെ.ബിജു കുമാർ നിർവഹിച്ചു.

സംസ്ഥാന സമ്മേളനത്തിന്റെ രജിസ്ട്രേഷൻ കമ്മിറ്റി കൺവീനർ ഡോ.ഇന്ദു.സി.നായർ, ജില്ലാ പ്രസിഡന്റ് ഡോ.പി.സി.ലതാകുമാരി, വനിതാ കമ്മിറ്റി കൺവീനർ ഷൈനി.എസ്.ദാസ്, ജില്ലാ കമ്മറ്റി അംഗം ഫെബു ജോർജ് മത്തായി കുറിച്ചിയത്ത്. ഡോ .ആർ.എസ്.സിന്ധു, കേരള ബാങ്ക് ഡയറക്ടർ ബോർഡ് അംഗം ശ്രീമതി. നിർമ്മല ദേവി തുടങ്ങിയവർ സന്നിഹിതരായിരുന്നു. ചടങ്ങിൽ 15 അംഗങ്ങൾ പങ്കെടുത്തു. ജില്ലാ സെക്രട്ടറി റെയിസൺ സാം രാജു സ്വാഗതവും ഡോ.സുധീഷ് നന്ദിയും പറഞ്ഞു.

### ലോഗോ റിലീസ്

തിരുവല്ലയിൽ വച്ചു നടക്കുന്ന എ.കെ.പി.സി.ടി.എ 66-ാം സംസ്ഥാനത്തിന്റെ ലോഗോ 2024 ഫെബ്രുവരി മാസം 19-ാം തീയതി നോവലിസ്റ്റ് ബെന്യാമിൻ മീഡിയാ കമ്മറ്റി ചെയർമാൻ ശ്രീ. ടി.എ.റെജികുമാറിന് കൈമാറി പ്രകാശനം ചെയ്തു. എ.കെ.പി.സി.ടി.എ പത്തനംതിട്ട ജില്ലാ പ്രസിഡന്റ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

സംസ്ഥാന കമ്മിറ്റി അംഗങ്ങളായ വിവേക് ജേക്കബ് ഏബ്രഹാം, ഡോ.എസ്.കെ.മഹേഷ്, ജില്ലാ കൗൺസിൽ അംഗം വി.പി.

സജിനീഷ്, ജില്ലാ കമ്മറ്റി അംഗം ഡോ.റാണി.ആർ.നായർ, കേരള സർവ്വകലാശാല സെനറ്റ് അംഗം, ഡോ.എസ്.ജ്യോത്സന, ഡോ.അർ. എസ്.സിന്ധു, എൻ.ലക്ഷ്മി, ഡോ .എസ്.ശരവണകുമാർ അനുബന്ധ കമ്മിറ്റി ചെയർമാൻ ഷിനിൽ ഏബ്രഹാം തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ഏകദേശം 20ഓളം പേർ ചടങ്ങിന് എത്തിയിരുന്നു.

ജില്ലാ സെക്രട്ടറി റെയ്സൺ സാം രാജു സ്വാഗതവും, ഡോ.ജി ജോയ് നന്ദിയും പറഞ്ഞു. തൃശ്ശൂർ ജില്ലയിലെ കൊരട്ടി സ്വദേശി യായ ശ്രീ.ഇ.പി.അമറുദ്ദീൻ ആണ് ലോഗോ ഡിസൈൻ ചെയ്തത്

## ഓർമ്മകളുടെ തീരത്ത്

തിരുവല്ലയിൽ വച്ച് നടന്ന 66-ാം സംസ്ഥാന സമ്മേളനത്തിനോട് അനുബന്ധിച്ച് പത്തനംതിട്ട ജി ല്ലയിലെ മുൻകാല എ.കെ.പി.സി. ടി.എ പ്രവർത്തകരെ ആദരിക്കുന്ന ചടങ്ങ് 'ഓർമ്മകളുടെ തീരത്ത്' 2024 ഫെബ്രുവരി 21-ന് ആറൻമുള യിൽ വച്ച് നടന്നു.

സാന്ത്വം ജനറൽ സെക്രട്ടറി പ്രൊഫ. എ. പ്രതാപചന്ദ്രൻ നായർ ചടങ്ങ് ഉദ്ഘാടനം ചെയ്തു, സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ.ടി.ആർ.മനോജ് അദ്ധ്യക്ഷത വഹിച്ചു. എ.കെ.പി.സി.ടി.എ സംസ്ഥാന പ്രസിഡന്റ് ഡോ.കെ. ബിജു കുമാർ മുഖ്യപ്രഭാഷണം നടത്തി.

എ.കെ.പി.സി.ടി.എ മുൻ സം സ്ഥാന ട്രഷറാർ പ്രൊഫ. ടി.കെ. ജി നായർ അഭിവാദ്യങ്ങൾ അർ പ്പിച്ച് സംസാരിച്ചു. സംസ്ഥാന കമ്മിറ്റി സെക്രട്ടറി എ.നിശാന്തും സന്നിഹിതനായിരുന്നു. ചടങ്ങിൽ പങ്കെടുത്ത അദ്ധ്യാപകരെ ഷാൾ അണിയിച്ച് ആദരിച്ചു. മുൻകാല നേതാക്കൾ എല്ലാവരും തന്നെ ചടങ്ങിൽ എത്തിച്ചേരുകയും അവരുടെ ഓർമ്മകൾ പങ്കുവയ്ക്കു കയും ചെയ്തു. ജില്ലയിലെ വിവിധ കോളേജുകളിൽ നിന്നുള്ള 80ഓളം സംഘടനാംഗങ്ങൾ ചടങ്ങിനെ ത്തിയിരുന്നു.

ജില്ലാ സെക്രട്ടറി റെയിസൺ സാം രാജു ചടങ്ങിന് സ്വാഗതം ആശംസിച്ചു. ജില്ലാ പ്രസിഡന്റ് ഡോ.പി.സി ലതാകുമാരി നന്ദി രേഖപ്പെടുത്തി.

## ജനസദസ്സുകൾ

ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുന്ന കമ്പോളവൽക്കരണത്തിനും വർ ഗ്ഗീയ വൽക്കരണക്കിനും എതിരെ തിരുവല്ലയുടെ സമീപപ്രദേശങ്ങ ളിൽ ആറ് ജന സദസ്സുകൾ സം ഘടിപ്പിച്ചു.

22.2.24 മല്ലപ്പള്ളി - ഉദ്ഘാടനം

ഉദ്ഘാടനം- ശ്രീ.ബിനു വർഗ്ഗീസ് (സി.പി.ഐ(എം)ഏരിയ സെക്ര ട്ടറി) മുഖ്യപ്രഭാഷണം- വിവേക് ജേക്കബ് ഏബ്രഹാം (സംസ്ഥാന കമ്മിറ്റി അംഗം)

23.02.24 പുറമറ്റം

ഉദ്ഘാടനം- ശ്രീ.പി.സി.സുരേ ഷ്കുമാർ (സർവ്വീസ് സഹകരണ ബാങ്ക് ബോർഡ് മെമ്പർ, ഇരവി പേരൂർ) മുഖ്യ പ്രഭാഷണം: ഡോ. റാണി. ആർ. നായർ (ജില്ലാ കമ്മി റ്റി അംഗം)

24.02.2024: പൊടിയാടി

ഉദ്ഘാടനം. അഡ്വ.ഫ്രാൻസിസ്. വി. ആൻണി (സി ഐ ടി യു ദേശീയ കൗൺസിൽ അംഗം) മുഖ്യ പ്രഭാഷണം : ശ്രീ സഞ്ചീ വ് ജി. (സിൻഡിക്കേറ്റ് മെമ്പർ എ.പി.ജെ അബ്ദുൾ കാലാം ടെ ക്നിക്കൽ യൂണിവേഴ്സിറ്റി)

26.02.2024. കുറ്റൂർ

ഉദ്ഘാടനം : അഡ്വ. വി. ആർ.സു ദീഷ് (പുകസ ജില്ലാ സെക്രട്ടറി) മുഖ്യ പ്രഭാഷണം: ഡോ. രാജീവ്. എസ്.ആർ (എകെപി സിടി എ സംസ്ഥാന വർക്കിംഗ് കമ്മിറ്റി അംഗം)

26.02.2024 തിരുമൂലപുരം

ഉദ്ഘാടനം: ശ്രീ. സി.എൻ. രാജേഷ് (സ്പോർട്സ് കൗൺ സിൽ വൈസ് പ്രസിഡന്റ്, പത്ത നംതിട്ട) മുഖ്യ പ്രഭാഷണം: ഡോ. ലിബൂസ് ജേക്കബ് എബ്രഹാം (സെനറ്റ് അംഗം. എം ജി യൂണി വേഴ്സിറ്റി)

27.02.2024. തിരുവല്ല സമാപനം

ഉദ്ഘാടനം: ശ്രീ സുധീഷ് വെൺ പാല (സെക്രട്ടറി. പുകസ. പത്ത നംതിട്ട) മുഖ്യ പ്രഭാഷണം: ശ്രീമ തി. ആശ പ്രഭാകർ (സംസ്ഥാന വനിത കമ്മിറ്റി കൺവീനർ) വിവിധ സ്ഥലങ്ങളിൽ നടന്ന ജനസദസ്സുകൾക്ക് അധ്യക്ഷത വഹിച്ചത് ജില്ലാ പ്രസിഡന്റ് ഡോ പി. സി. ലതാകുമാരി ആയിരുന്നു. ജില്ലാ സെക്രട്ടറി റെയ്സൺ സാം രാജു സ്വാഗതം ആശംസിച്ചു.ചട ങ്ങിൽ 70 അംഗങ്ങൾ പങ്കെടുത്തു.

## സംഘാടക സമിതി ഓഫീസ് ഉദ്ഘാടനം

സംസ്ഥാന സമ്മേളനത്തോടനു ബന്ധിച്ചുള്ള സംഘാടക സമിതി ഓഫീസ്, തിരുവല്ല സെന്റ് ജോർജ് ബിൽഡിംഗിൽ ഫെബ്രുവ രി 28-ാം തീയതി തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡ ന്റ് അഡ്വ: കെ അനന്തഗോപൻ ഉദ്ഘാടനം ചെയ്തു.

ജില്ലാ പ്രസിഡന്റ് ഡോ. പി.സി. ലതാകുമാരി, സെക്രട്ടറി റെ യ്സൺ സാം രാജു. ജില്ലാക്കമ്മെറ്റി. ജില്ലാ കൗൺസിൽ സംസ്ഥാന കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.ചടങ്ങിൽ 15 അംഗങ്ങൾ പങ്കെടുത്തു.

## സെമിനാർ

എ കെ പി സി ടി എ 66-ാം സംസ്ഥാന സമ്മേളനത്തോടനു ബന്ധിച്ച് 'ഇന്ത്യൻ ഫെഡറലിസം പരിപ്രേക്ഷ്യം വെല്ലുവിളികൾ പ്രതിരോധം' എന്ന വിഷയത്തിൽ ഫെബ്രുവരി 28-ാം തീയതി തിരുവല്ല ഗവ:എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഓഡി റ്റോറിയത്തിൽ വച്ച് നടന്ന സെ മിനാർ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് അഡ്വ. കെ അനന്തഗോപൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ഡോ . പി. സി ലതാകുമാരി അദ്ധ്യക്ഷത വഹിച്ചു. അക്കാദമിക വിദഗ്ധൻ ഡോ. ബിജി എബ്രഹാം മുഖ്യ പ്രഭാഷണം നടത്തി സി. വി.സുരേ

ഷ് കുമാർ, പ്രൊ.പി.ജെ.ഫിലിപ്പ്, വിവേക് ജേക്കബ് എബ്രഹാം, ജിജോയ്.പി.മാത്യു തുടങ്ങി 50ഓളം അംഗങ്ങൾ സെമിനാറിൽ പങ്കെടുത്തു. ജില്ലാ സെക്രട്ടറി റെയ്സൺ സാം രാജു സ്വാഗതവും സംസ്ഥാന കമ്മറ്റി അംഗവും, സെമിനാർ കമ്മിറ്റി കൺവീനറുമായ വിവേക് ജേക്കബ് എബ്രഹാം നന്ദിയും പറഞ്ഞു.

### വിളംബര ജാഥ, തെരുവ് നാടകം

എ കെ പി സി ടി എ 66-ാം സംസ്ഥാന സമ്മേളനത്തിന് മുന്നോടിയായി പത്തനംതിട്ട ജില്ലയിലുടനീളം ഫ്രെബ്രുവരി 29-ന് വിളംബര കലാജാഥ പര്യടനം നടത്തി. തെരുവ് നാടകവും അവതരിപ്പിച്ചു. ജാഥാ ക്യാപ്റ്റൻ റെയ്സൺ സാം രാജു ( ജില്ലാ സെക്രട്ടറി) വൈസ് ക്യാപ്റ്റൻ- ഡോ.പി.സി.ലതാകുമാരി( ജില്ല പ്രസിഡന്റ് ) മാനേജർ- വിവേക് ജേക്കബ് എബ്രഹാം(സംസ്ഥാന കമ്മിറ്റി അംഗം) വിളംബര ജാഥയുടെ ഉദ്ഘാടനം റാന്നിയിൽ റാന്നി എം.എൽ.എ പ്രമോദ് നാരായണൻ നിർവഹിച്ചു. മുൻ റാന്നി എം.എൽ.എ രാജു എബ്രഹാം ജാഥ ഫ്ളാഗ് ഓഫ് ചെയ്തു.

തുടർന്ന് കോന്നി, പത്തനംതിട്ട, കോഴഞ്ചേരി, പന്തളം തുടങ്ങിയ സ്ഥലങ്ങളിൽ പര്യടനം നടത്തി പരുമലയിൽ സമാപിച്ചു. ഓരോ സ്ഥലങ്ങളിലും ജാഥയെ അഭിസംബോധന ചെയ്തു സംസാരിച്ചവർ

കോന്നി: ശ്രീ വി.എസ്.പ്രവീൺ കുമാർ, പത്തനംതിട്ട: ഡോ. പോൾ.വി.കാരന്താനം, കോഴഞ്ചേരി : സ.സജിത്.പി.ആനന്ദ്, പന്തളം: ഡോ.ജോജി അലക്സ്

പരുമലയിൽ ചേർന്ന സമാപന സമ്മേളനം കേരള കോ ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ് വൈസ് ചെയർ മാൻ ശ്രീ.ആർ സനൽ കുമാർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ.ടി.ആർ മനോജ്, സ.നൈജിൽ.കെ.ജോൺ, പ്രൊ. ലോപ്പസ്, അസ്വ.ആർ.സുരേഷ് കുമാർ, സിൻഡിക്കേറ്റ് അംഗം പി.ഹരികൃഷ്ണൻ തുടങ്ങി ഒട്ടനവധി സംഘടനാ നേതാക്കളും, പോഷക സംഘടനങ്ങളുടെ പ്രതിനിധികളും ഉൾപ്പെടെ 60ഓളം പേർ വിവിധ സ്ഥലങ്ങളിൽ ജാഥയ്ക്ക് നൽകിയ സ്വീകരങ്ങളിൽ പങ്കെടുത്ത് സംസാരിച്ചു.

### വെബിനാർ

സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് മാർച്ച് രണ്ടാം തീയതി വെബിനാർ സംഘടിപ്പിച്ചു. വിഷയം- മനുഷ്യനെന്ന മൃഗം. അക്കാദമിക് കമ്മിറ്റി കൺവീനർ ഡോ.റാണി. ആർ.നായർ അധ്യക്ഷയായി. ശാസ്ത്ര പ്രഭാഷകൻ ശ്രീ.വൈശാഖൻ തമ്പിയാണ് പ്രഭാഷണം നടത്തിയത് 110 ഓളം സംഘടനാംഗങ്ങൾ വെബിനാറിൽ പങ്കെടുത്തു. ചോദ്യോത്തരവേളയും സജീവമായിരുന്നു. സംസ്ഥാന കമ്മിറ്റി അംഗം വിവേക് ജേക്കബ് എബ്രഹാം സ്വാഗതം ആശംസിച്ചു. സംഘാടക സമിതിക്കുവേണ്ടി രഞ്ജിത് കൃഷ്ണ നന്ദി പറഞ്ഞു

### സാഹിത്യ രചനാ മത്സരം

66-ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി സാഹിത്യ രചനാ മത്സരങ്ങൾ സംഘടിപ്പിച്ചു ഇതിൽ വിജയികളായവർ:

കവിത (അധ്യാപകർ)

ഒന്നാം സ്ഥാനം: ബിബിൻ ആന്റണി (സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരി)

രണ്ടാം സ്ഥാനം: ഡോ. എം. വി. പത്മനാഭൻ (പയ്യന്നൂർ കോളേജ്)

മൂന്നാം സ്ഥാനം: സരിത എം (എസ് ഡി കോളേജ് ആലപ്പുഴ)

കഥ (അധ്യാപകർ)

ഒന്നാം സ്ഥാനം: വിനീത് പി. വി. (ബ്രജമോഡൽ കോളേജ്, കാസർ ഗോഡ്)

രണ്ടാം സ്ഥാനം: സരിതാ മോൾ. കെ.പി (ശ്രീ ശബരീശ കോളേജ് മുണ്ടക്കയം)

മൂന്നാം സ്ഥാനം: ഹരീഷ് ശക്തിധരൻ (എൻ എസ് എസ് കോളേജ്, പന്തളം)

ഉപന്യാസം (അധ്യാപകർ)

ഒന്നാം സ്ഥാനം: അർച്ചന പി. ജെ (എസ് എൻ കോളേജ്, കൊല്ലം)

രണ്ടാം സ്ഥാനം: ഡോ. സോന. എ (എസ് എ എസ് കോളേജ്, കോന്നി)

കഥ (വിദ്യാർത്ഥികൾ)

ഒന്നാം സ്ഥാനം: അമൽ സുദേവൻ എൻ (ദേവസ്വം ബോർഡ് പമ്പ കോളേജ്, പരുമല)

രണ്ടാം സ്ഥാനം: ആര്യ.എ (എസ് എ എസ് കോളേജ്, കോന്നി)

മൂന്നാം സ്ഥാനം: അഖിൽ രാജ്. ആർ (എസ് ഡി കോളേജ്, ആലപ്പുഴ)

കവിത (വിദ്യാർത്ഥികൾ)

ഒന്നാം സ്ഥാനം: ശ്രീനന്ദ ബി (സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരി)

രണ്ടാം സ്ഥാനം: മുഹമ്മദ് അനസ്. കെ.ടി (ദാറുൽ ഹുദാ ഇസ്ലാമിക് യൂണിവേഴ്സിറ്റി, മലപ്പുറം)

മൂന്നാം സ്ഥാനം: അമൽ സുദേവൻ. എസ് (ദേവസ്യ ബോർഡ് പമ്പ കോളേജ്, പരുമല)

ഉപന്യാസം ( വിദ്യാർത്ഥികൾ)

ഒന്നാം സ്ഥാനം: നന്ദന.എം (എൻ എ എസ് കോളേജ്, കാഞ്ഞങ്ങാട്)

രണ്ടാം സ്ഥാനം

അനുപ്രിയ.ടി.വി (ഗവ. കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ, തിരുവനന്തപുരം)

മൂന്നാം സ്ഥാനം: സുധീര.എസ് (ഗവ. കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ, തിരുവനന്തപുരം)

### അക്ഷരക്കൂട്ടം

തിരുവല്ലയിൽ വച്ച് നടക്കുന്ന 66-ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന ലൈബ്രറികളെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തിൽ അക്ഷരക്കൂട്ടം പദ്ധതി ആരംഭിച്ചു. ഇതിന്റെ ആഭിമുഖ്യത്തിൽ ശിശുക്ഷേമ സമിതിയുടെ

യും പത്തനംതിട്ട ജില്ലാ ലൈബ്രറി കൗൺസിലിന്റെയും സഹകരണത്തോടെ അടിച്ചിപ്പുഴ ആദിവാസി കോളനിയിൽ മാർച്ച് 6-ാം തീയതി അംബേദ്കർ ഗ്രന്ഥശാല ആന്റ് വായന ശാല സ്ഥാപിച്ചു.

ഗ്രന്ഥശാലയുടെ ഉദ്ഘാടനം സംസ്ഥാന ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറി ജി. എൽ അരുൺ ഗോപി നിർവ്വഹിച്ചു. സംസ്ഥാന ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് അംഗം പ്രൊഫ. ടി. കെ. ജി നായർ അധ്യക്ഷത വഹിച്ചു. എ. കെ പി സി ടി എ സംസ്ഥാന വൈസ് പ്രസിഡന്റ് മുഖ്യ പ്രഭാഷണം നടത്തി. ഗ്രന്ഥശാലയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ കൈമാറി. സംസ്ഥാന സമ്മേളനത്തിൽ പങ്കെടുക്കുന്ന പ്രതിനിധികളിൽ നിന്നും സമാഹരിക്കുന്ന പുസ്തകങ്ങൾ ജില്ലയിലെ ലൈബ്രറികൾക്ക് കൈമാറുവാനും തീരുമാനിച്ചു. ഗ്രാമപഞ്ചായത്ത് അംഗം പി. സി അനിയൻ, റോണി, കോമളം അനിരുദ്ധൻ, ജിക്ക ജയിംസ്, ഡോ ലതാകുമാരി, ലീല ഗംഗാധരൻ, എൻ പ്രകാശ് കുമാർ, ജെനിമോൾ, ഊരു മൂപ്പൻ രാഘവൻ, രാജപ്പൻ, തങ്കമണി തങ്കൻ, തുളസി തുടങ്ങി 25ഓളം അംഗങ്ങൾ ചടങ്ങിൽ പങ്കെടുത്തു.

ജില്ലാ സെക്രട്ടറി റെയ്സൺ സാം രാജുസ്വാഗതവും. സെനറ്റ് അംഗം ലിബൂസ് ജേക്കബ് എബ്രഹാം നന്ദിയും പറഞ്ഞു.

### പതാക ജാഥ

എ.കെ.പി.സി.ടി.എ 66-ാം സംസ്ഥാന സമ്മേളന നഗരിയിൽ ഉയർത്താനുള്ള പതാക മാർച്ച് മാസം 7 ന് അമ്പലപ്പുഴയിൽ നിന്നെത്തി. സംഘടനയുടെ സ്ഥാപക നേതാക്കളിലൊരാളായ ആർ രാമചന്ദ്രൻ നായരുടെ അമ്പലപ്പുഴയിലെ വീട്ടിൽ അദ്ദേഹത്തിന്റെ സഹധർമ്മിണി ബി ശാന്തകുമാരി അമ്മയിൽ നിന്നും സംസ്ഥാന പ്രസിഡന്റ് ഡോ. കെ ബിജുകുമാർ ഏറ്റുവാങ്ങി സമ്മേളന നഗരിയിലെത്തിച്ചു.

സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. സി. പത്മനാഭൻ അധ്യക്ഷനായി. ചടങ്ങിൽ പ്രൊഫ. ടി കെ ജി നായർ ആർ ആർ സി യെ അനുസ്മരിച്ചു. ചടങ്ങിൽ സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ എസ് സോജു, എ. നിശാന്ത്, പ്രിയ മാത്യൂസ്, ജിജോയ് പി മാത്യം, തുടങ്ങിയവർ ഉൾപ്പെടെ 18ഓളം അംഗങ്ങൾ പങ്കെടുത്തു. ജില്ലാ സെക്രട്ടറി റെയ്സൺ സാം രാജു സ്വാഗതവും ജില്ലാ പ്രസിഡന്റ് ഡോ പി. സി ലതാകുമാരി നന്ദിയും പറഞ്ഞു.

### കായിക മാമാങ്കം

സംസ്ഥാന സമ്മേളനത്തിന്റെ ആദ്യ ദിനമായ മാർച്ച് 8ാം തീയതി തിരുവല്ല എസ് സി എസ് ഹൈയർ സെക്കൻഡറി സ്കൂളിൽ കായിക മത്സരങ്ങൾ തുടക്കം കുറിച്ചു. ക്രിക്കറ്റ്, വടംവലി, ബാഡ്മിന്റൺ എന്നിവയായിരുന്നു മത്സരജനങ്ങൾ. സംസ്ഥാന പ്രസിഡന്റ് ഡോ. കെ. ബിജുകുമാർ മേള ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ഡോ. സി.പത്മനാഭൻ റെയ്സൺ സാം രാജുവിൽ നിന്ന് ദീപശിഖ ഏറ്റുവാങ്ങി. സി. ഐ. ടി യു സംസ്ഥാന വൈസ് പ്രസിഡന്റ് സ. പി. ബി. ഹർഷകുമാർ മുഖ്യാതിഥി ആയിരുന്നു. ജില്ലാ സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റ് സി എൻ രാജേഷ് ഡോ. എ. യു. അരുൺ, ഡോ.പി. സി ലതാകുമാരി തുടങ്ങി 100ഓളം സംഘടനാംഗങ്ങൾ മേളയിൽ പങ്കാളികളായി.

മത്സര വിജയികൾ
ക്രിക്കറ്റ്- ആലപ്പുഴ
വടംവലി- പത്തനംതിട്ട
ഓവറോൾ ചാമ്പ്യൻ- ആലപ്പുഴ
മേളക്ക് ജില്ലാ സെക്രട്ടറി റെയ്സൺ സാം രാജു സ്വാഗതവും സ്പോർട്സ് കമ്മിറ്റി കൺവീനർ ഡോ. ആർ എസ് സിന്ധു നന്ദിയും പറഞ്ഞു.

### സംസ്ഥാന സമ്മേളനം- സെഷനുകൾ- മാർച്ച് 8, 9. 10

### വനിതാ സമ്മേളനം

എ.കെ.പി.സി.ടി.എ 66-ാം സംസ്ഥാന സമ്മേളനത്തിന് അന്താരാഷ്ട്ര വനിതാ ദിനത്തിൽ തിരുവല്ലയിൽ തുടക്കമായി. ടൈറ്റസ് സെക്കൻസ് ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജിൽ മാർച്ച് 8-ന് നടന്ന വനിതാ സമ്മേളനം മഹിളാ അസോസിയേഷൻ അഖിലേന്ത്യാ പ്രസിഡന്റ് പി.കെ.ശ്രീമതി ടീച്ചർ ഉദ്ഘാടനം ചെയ്തു.

സ്ത്രീകൾക്കെതിരാണ് രാജ്യംഭരിക്കുന്ന സർക്കാരെന്നും മനുസ്മൃതിയാണ് അവരുടെ ഭരണഘടനയെന്നും, സ്ത്രീകൾക്ക് ഭരണാഘടന അനുശാസിക്കുന്ന അവകാശങ്ങൾ ഹനിക്കപെടുകയാണെന്നും. വൈജ്ഞാനിക നവകേരള സൃഷ്ടിയിൽ സ്ത്രീ ശാക്തീകരിക്കപ്പെട്ടമെന്നും ശ്രീമതി ടീച്ചർ ഉദ്ഘാടന പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. മഹിളാ അസോസിയേഷൻ സംസ്ഥാന സെക്രട്ടറി സി.എസ്. സുജാത, ജനറൽ സെക്രട്ടറി ഡോ.സി.പത്മനാഭൻ സംസ്ഥാന പ്രസിഡന്റ് ഡോ.കെ.ബിജുകുമാർ, കെ.എസ്.ടി.എ. സംസ്ഥാന എക്സിക്യൂട്ടീവ് അംഗം ബിന്ദു എന്നിവർ അർപ്പിച്ചു.

സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ.ഷാജിത എസ് അദ്ധ്യക്ഷയായിരുന്ന യോഗത്തിൽ സംസ്ഥാന വനിത കമ്മിറ്റി കൺവീനർ ആശ പ്രഭാകരൻ സ്വാഗതവും, പ്രവർത്തക സമിതി അംഗം സി.ശ്രീലത നന്ദിയും രേഖപ്പെടുത്തി. ചടങ്ങിൽ 150 അംഗങ്ങൾ പങ്കെടുത്തു.

### സ്വാഗത ഗാന പ്രകാശനം

66-ാം സംസ്ഥാന സമ്മേളനത്തിന്റെ ഉദ്ഘാടന ചടങ്ങിൽ ആലപിക്കാനുള്ള സ്വാഗത ഗാന സിഡി ശ്രീമതി ടീച്ചർ പ്രകാശനം ചെയ്തു. ജനറൽ സെക്രട്ടറി ഡോ.സി. പത്മനാഭൻ സിഡി ഏറ്റുവാങ്ങി.. കോഴഞ്ചേരി സെന്റ് തോമസ് കോളേജിലെ അധ്യാപകനായ ഫെബു ജോർജ് മത്തായി കുറിച്ചിയത്താണ് സ്വാഗത ഗാനം രചിച്ചത്. തിരുവല്ല മർത്തോമ കോളേജിലെ നിജിൻ.കെ.മാത്യു സംഗീതം നൽകി.ചടങ്ങിൽ 150 അംഗങ്ങൾ പങ്കെടുത്തു.

### പച്ചക്കറി സംഭരണം

സംസ്ഥാന സമ്മേളനത്തിന്റെ പാചകത്തിനാവശ്യമായ പച്ചക്കറികൾ, കാർഷികോൽപ്പന്നങ്ങൾ എന്നിവ തിരുവല്ല കർഷസംഘമാണ് നൽകിയത്. ഇവ കർഷക സംഘം പ്രസിഡന്റിൽ നിന്ന് ജനറൽ സെക്രട്ടറി ഡോ. സി.പത്മനാഭൻ ഏറ്റുവാങ്ങി.

## സംസ്ഥാന കൗൺസിൽ

സംസ്ഥാന സമ്മേളനത്തിന്റെ ആദ്യ ദിനമായ മാർച്ച് 8-ന് സംസ്ഥാന കൗൺസിൽ ചേർന്നു. എ.കെ.പി.സി.ടി.എ പ്രസിഡന്റ് ഡോ.കെ.ബിജുകുമാർ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ഡോ.സി പത്മനാഭൻ സ്വാഗതം ആശംസിച്ചു. ജനറൽ സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിക്കുകയും ചർച്ചകൾക്ക് മറുപടി പറയുകയും ചെയ്തു. സംസ്ഥാന ട്രഷറാർ പി.ഹരിദാസ് വരവ്- ചെലവ് കണക്ക് അവതരിപ്പിച്ചു.

## സമ്മേളന സപ്ലിമെന്റ്

മീഡിയ കമ്മറ്റി തയ്യാറാക്കിയ സംസ്ഥാന സമ്മേളന സപ്ലിമെന്റ് ദേശാഭിമാനി സീനിയർ റിപ്പോർട്ടർ ശ്രീ.റ്റി.എ.റെജികുമാർ, ജില്ലാ സെക്രട്ടറി റെയ്സൺ സാം രാജുവിന് നൽകി പ്രകാശനം ചെയ്തു.

## ഉദ്ഘാടന സമ്മേളനം

തിരുവല്ലയിൽ വച്ച് നടത്തിയ എ.കെ.പി.സി.ടി.എ 66-ാം സംസ്ഥാന സമ്മേളനത്തിന് മുന്നോടിയായി സംസ്ഥാന പ്രസിഡന്റ് ഡോ.കെ. ബിജുകുമാർ മാർച്ച് 9-ാം തീയതി രാവിലെ സമ്മേളന നഗറിൽ പതാക ഉയർത്തി. രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തി.

തുടർന്ന് ഉദ്ഘാടന സമ്മേളനം സ്വാഗതഗാനത്തോടെ ആരംഭിച്ചു. സംസ്കാരിക വേദി കൺവീനർ പി.സോന രക്തസാക്ഷി പ്രമേയവും കോളേജ് ടീച്ചർ എഡിറ്റർ ഡോ.എൻ.രേണുക അനുശോചന പ്രമേയവും അവതരിപ്പിച്ചു. സംസ്ഥാന പ്രസിഡന്റ് ഡോ കെ ബിജുകുമാർ അധ്യക്ഷത വഹിച്ചു. സമ്മേളനം ഉദ്ഘാടനം ചെയ്തത് സി.പി.എം പൊളിറ്റ് ബ്യൂറോ അംഗം സുഭാഷിണി അലി ആയിരുന്നു. കേന്ദ്ര സർക്കാർ പുതിയ വിദ്യാഭ്യാസനയം സംസ്ഥാനത്ത് അടിച്ചേർപ്പിക്കാൻ ഗവർണറെ ഉപയോഗിക്കുന്നതായി അവർ അഭിപ്രായപ്പെട്ടു. ശാസ്ത്രത്തിൽ അധിഷ്ഠിതമായ കരിക്കുലത്തെ മാറ്റിമറിക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. രാജ്യത്തെ സാമൂഹിക നീതിയും ലിംഗസമത്വവും ശാസ്ത്രീയ ചിന്താഗതിയും അട്ടിമറിക്കുന്നതാണ് ഇപ്പോൾ നടപ്പിലാക്കാൻ ശ്രമിക്കുന്ന നയങ്ങൾ എന്നാൽ കേന്ദ്ര വിദ്യാഭ്യാസനയം നടപ്പിക്കാൻ സംസ്ഥാന സർക്കാർ മുതിരുന്നില്ല എന്നത് സ്വാഗതാർഹമായ നടപടിയാണ് എന്ന് സുഭാഷിണി അലി പറഞ്ഞു.

സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തിയത് ബഹു.ഉന്നത വിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.ആർ.ബിന്ദു ആയിരുന്നു. കേന്ദ്ര സർക്കാർ ചരിത്ര വസ്തുതകൾ പലതും പാഠപുസ്തകങ്ങളിൽ നിന്ന് ബോധപൂർവ്വം മാറ്റുകയും കാലഹരണപ്പെട്ട ചിന്തകൾ ഉൾക്കൊള്ളിക്കാൻ ശ്രമിക്കുകയാണെന്നും മന്ത്രി പറഞ്ഞു. ആഗോള റാങ്കിങ്ങിൽ മത്സരിക്കാൻ കേരളത്തിലെ സർവ്വകലാശാലകൾ സജ്ജമാണെന്നും എന്നാൽ കേരളത്തിന്റെ വിദ്യാഭ്യാസ മേഖല മോശമാണെന്ന തെറ്റായ പ്രചാരണത്തിനെതിരെ അധ്യാപകർ പോരാടണമെന്നും അവർ പറഞ്ഞു.

ദേശാഭിമാനി ഡയറക്ടർ ബോർഡ് അംഗം സ.കെ.പി.ഉദയഭാനു മുഖ്യാതിഥി ആയിരുന്നു.

എൻ.ജി.ഒ യൂണിയൻ സംസ്ഥാന സെക്രട്ടറി എം.എ.അജിത് കുമാർ, കെ.എസ്.ടി.എ സംസ്ഥാന സെക്രട്ടറി എ.നജിബ്, കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവൺമെന്റ് എംപ്ലോയീസ് പ്രസിഡന്റ് പി.കെ.മുരളീധരൻ, എ.കെ.ജി.സി.ടി സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ.സന്തോഷ് വർഗീസ്, ഫ്യൂട്ട വൈസ് പ്രസിഡന്റ് ഡോ.പ്രേമ, കെ.എൻ.ടി.ഇ.ഒ സെക്രട്ടറി ഡോ.വൈ ഓസ്ബോ ഡോ.എസ്. സോജു എന്നിവർ അഭിവാദ്യങ്ങൾ അർപ്പിച്ചു. തുടർന്ന് മികച്ച കലാലയ യൂണിയനുള്ള അഭിമന്യു പുരസ്കാരം എറണാകുളം മഹാരാജാസ് കോളേജിന് മന്ത്രി ആർ.ബിന്ദു സമ്മാനിച്ചു.

എ.കെ.പി.സി.ടി.എ ഐടി സെൽ തയ്യാറാക്കിയ വെബ് പോർട്ടലിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. സാഹിത്യ മത്സരങ്ങളിലും കായിക മത്സരങ്ങളിലും വിജയിച്ചവർക്കുള്ള സമ്മാനവും മന്ത്രി വിതരണം ചെയ്തു. 920അംഗങ്ങൾ സമ്മേളനത്തിന് എത്തിയിരുന്നു.

സ്വാഗത സംഘം ചെയർമാൻ ശ്രീ.പി.ബി.ഹർഷകുമാർ സ്വാഗതം ആശംസിച്ചു. ജനറൽ സെക്രട്ടറി ഡോ.സി.പത്മനാഭൻ നന്ദി പറഞ്ഞു.

## യാത്രയയപ്പ് സമ്മേളനം

ഉച്ചയ്ക്കുശേഷമുള്ള യാത്രയയപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്തത് മുൻ മന്ത്രി എ.കെ.ബാലനായിരുന്നു. എ.കെ.പി.സി.ടി.എ സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ.ടി.ആർ.മനോജ് അധ്യക്ഷനായി

സാമൂഹ്യ നീതി ഉറപ്പാക്കി മെറിറ്റും സംവരണവും പാലിച്ച് വിദ്യാഭ്യാസ രംഗത്തെ സംരക്ഷിക്കാൻ അധ്യാപകരുടെ ഭാഗത്തു നിന്നും ശക്തമായ ഇടപെടലുകൾ നടത്തണമെന്ന് മന്ത്രി ഓർമ്മിപ്പിച്ചു. സർവീസിൽ നിന്നും റിട്ടയർ ചെയ്യുന്ന അധ്യാപകരെ ആദരിക്കുകയും അവർക്ക് ഉപഹാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു വിരമിച്ച അധ്യാപകർ അവരുടെ ഓർമ്മകൾ അയവിറക്കുകയും സംഘടനയുടെ ഭാവി പ്രവർത്തനങ്ങൾക്ക് സഹായ സഹരണങ്ങൾ വാഗ്ദാനം ചെയ്യുകയും ചെയ്തു.ചടങ്ങിൽ 700 സംഘടന അംഗങ്ങൾ പങ്കെടുത്തു.

സ്വാഗത സംഘം ജനറൽ കൺവീനർ ഡോ.എ.യു.അരുൺ സ്വാഗതവും ആശംസിക്കുകയും പ്രവർത്തക സമിതി അംഗം ജിഷ മേരി മാത്യു നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

## പ്രകടനം പൊതു സമ്മേളനം

വൈകിട്ട് 5 മണിയോടെ ശ്രീ ഭദ്രാ ഓഡിറ്റോറിയത്തിൽ നിന്നാരംഭിച്ച പ്രകടനത്തിൽ ഏകദേശം ആയിരത്തോളം പ്രതിനിധികൾ പങ്കെടുത്തു. തിരുവല്ലാ ടൗൺ ചുറ്റി സഹോദര സംഘടനകളുടെ അഭിവാദ്യങ്ങൾ സ്വീകരിച്ച് നഗര സഭാ ഓപ്പൺ സ്റ്റേജിൽ പ്രകടനം സമാപിച്ചു. തുടർന്നു നടന്ന പൊതു സമ്മേളനം മുൻ വിദ്യാഭ്യാ മന്ത്രി ശ്രീ.എം.എ ബേബി ഉദ്ഘാടനം ചെയ്തു.

സംസ്ഥാന പ്രസിഡന്റ് ഡോ.കെ. ബിജുകുമാർ അധ്യക്ഷനായി. സമ്മേളനാനന്തരം നാടകവും അവതരിപ്പിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.സി.പത്മനാഭൻ സ്വാഗതവും സെക്രട്ടറി ഡോ.എസ്.സോജു നന്ദിയും രേഖപ്പെടുത്തി.

## കലാ സന്ധ്യ

സംസ്ഥാന സമ്മേളനത്തോടെ നബന്ധിച്ചുള്ള കലാ സന്ധ്യ ശ്രീ ഭദ്രാ ആഡിറ്റോറിയത്തിൽ രാത്രി 9-ന് ആരംഭിച്ചു. കോഴഞ്ചേരി സെന്റ് തോമസ് കോളേജിലെ വിദ്യാർത്ഥകൾ അവതരിപ്പിച്ച നാടകം മാടൻ-മോക്ഷം ഏവരുടെയും പ്രശംസ പിടിച്ചു വാങ്ങി തുടർന്ന് മട്ടന്നൂർ എൻ എസ് കോളേജിലെ അധ്യാപിക ഡോ. സുമിതാ നായർ ശ്രീ.പ്രമോദ് വെള്ളച്ചാലിന്റെ വരികൾക്കൊപ്പം ചുവടുവച്ചു. കൂടാതെ ഒട്ടനവധി അദ്ധ്യാപകർ ഗാനം ആലപിച്ചു.

## പ്രതിനിധി സമ്മേളനം

സംസ്ഥാന സമ്മേളനത്തിന്റെ മൂന്നാം  ദിവസമായ 10-ാം തീയതി രാവിലെ മുൻ മന്ത്രി ഡോ.ടി. എസ്.തോമസ് ഐസക്ക് പ്രതിനിധികളെ അഭിവാദ്യം ചെയ്ത് സംസാരിച്ചു. തുടർന്ന് പ്രതിനിധി സമ്മേളനം ആരംഭിച്ചു. സംസ്ഥാന പ്രസിഡന്റ് ഡോ.കെ.ബിജുകുമാർ അധ്യക്ഷത വഹിച്ചു.

തുടർന്ന് ജില്ലാതല ചർച്ച നടന്നു. ചർച്ചകൾ സജീവമായിരുന്നു. ചർച്ചയിൽ ഉന്നയിച്ച ചോദ്യങ്ങൾക്ക് ജനറൽ സെക്രട്ടറി ഡോ.സി.പത്മനാഭൻ മറുപടി നൽകി.

സെക്രട്ടറി എ.നിസാന്ത് സ്വാഗതം പറഞ്ഞു.

## ആർ.ആർ.സി അനുസ്മരണ പ്രഭാഷണം

എ.കെ.പി.സി.ടി.എ സ്ഥാപക നേതാക്കളിൽ ഒരാളായ ആർ.രാമചന്ദ്രൻ  നായർ അനുസ്മരണ സമ്മേളനം ബഹു. ആരോഗ്യ-സാമൂഹികക്ഷേമ വകുപ്പ് മന്ത്രി ശ്രീമതി. വീണ ജോർജ്ജ് ഉദ്ഘാടനം ചെയ്തു. ഇന്ത്യയെ അസമത്വത്തിലേക്ക് നയിച്ച പത്ത് വർഷങ്ങളാണ് കടന്ന് പോയതെന്നും അപകടകരമായ അവസ്ഥയിലേക്കാണ് രാജ്യം നീങ്ങിക്കൊണ്ടിരി ക്കുന്നതെന്നും അവർ പറഞ്ഞു.  എ.കെ. പി.സി.ടി.എ  വൈസ് പ്രസിഡന്റ് ഡോ.എസ്. ഷാജിത അധ്യക്ഷത വഹിച്ചു.

രാജ്യം മുമ്പെങ്ങുമില്ലാത്ത വിധം ഇരുണ്ട കാലഘട്ടത്തിലൂടെയാണ് കടന്നു പോകുന്നതെന്ന് മനുഷ്യാവകാശ പ്രവർത്തക ശബ്നം ഹാഷ്മി പറഞ്ഞു.ആർ.ആർ.സി അനുസ്മരണ പ്രഭാഷണം നടത്തുകയായിരുന്നു അവർ. അധ്യാപകർ, കർഷകർ, സ്ത്രീകൾ സാധാരണ ജനങ്ങൾ എല്ലാവരും ഒന്നിച്ചു നിന്നുകൊണ്ട് പ്രവർത്തിക്കേണ്ട കാലമാണിതെന്നും ശബ്നം ഹാഷ്മി അഭിപ്രായപ്പെട്ടു.ചടങ്ങിൽ 500ഓളം അംഗങ്ങൾ പങ്കെടുത്തു.

## ബുക്ക് ഷെൽഫ്- പുസ്തകങ്ങൾ കൈമാറൽ

പത്തനംതിട്ട ജില്ലയിലെ ലൈബ്രറികൾക്ക് സമ്മേളന പ്രതിനിധികൾ നൽകുന്ന  പുസ്തകങ്ങളുടെ കൈമാറ്റം എ.കെ.പി.സി.ടി.എ മുൻ സംസ്ഥാന ട്രഷറാർ പ്രൊഫ. ടി.കെ.ജി.നായർ നിർവഹിച്ചു. എ.കെ.പി.സി.ടി.എ സെക്രട്ടറി ഡോ.കെ.പ്രദീപ് കുമാർ സ്വാഗതം ആശംസിച്ചു. സംസ്ഥാന ഐടി സെൽ കൺവീനർ ഡോ.കെ. എം.അനിൽ കുമാർ നന്ദി പറഞ്ഞു. പ്രമേയ കമ്മറ്റിക്കുവേണ്ടി അക്കാദമിക് കമ്മിറ്റി കൺവീനർ ഡോ.എ .എസ്.സുമേഷും സർവ്വീസ് സെൽ കൺവീനർ ഡോ.ആർ.വി.സുഷമ രാജും പ്രമേയങ്ങൾ അവതരിപ്പിച്ചു. സംസ്ഥാന ഭാരിവാഹികളെയും, സംസ്ഥാന കമ്മിറ്റി അംഗങ്ങളെയും റിട്ടേണിംഗ് ഓഫീസർ പി. ഹരിദാസ് പ്രഖ്യാപിച്ചു.

## സംസ്ഥാന ഭാരവാഹികൾ

**പ്രസിഡന്റ്**
എ. നിശാന്ത്
പയ്യന്നൂർ കോളേജ്, പയ്യന്നൂർ, കണ്ണൂർ

**വൈസ് പ്രസിഡന്റുമാർ**
ഡോ. എസ് ഷാജിത
(ടി.കെ.എം ആർട്സ് ആന്റ് സയൻസ് കോളേജ്, കൊല്ലം)
ഡോ. ടി. ആർ മനോജ്
(എം.എസ്.എം കോളേജ്, കായകുളം, ആലപ്പുഴ)

**ജനറൽ സെക്രട്ടറി**
ഡോ. കെ. ബിജുകുമാർ
(എം.ജി കോളേജ്, തിരുവനന്തപുരം)

സംസ്ഥാന സെക്രട്ടറിമാർ
ഡോ. എ.യു.അരുൺ
(സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി, എറന്നാകുളം)
ഡോ. സോജു. എസ്
(എസ്.എൻ.കോളേജ് വർക്കല, തിരുവനന്തപുരം)
ഡോ. ഗോപാലകൃഷ്ണൻ എം ബി
(മാർത്തോമ കോളേജ്, ചുങ്കത്തറ, മലപ്പുറം)
ഡോ. തോമസ് മോണത്ത്
(മേരി മാതാ കോളേജ്, മാനന്തവാടി, വയനാട്.)

**ട്രഷറർ**
ഡോ. കെ പ്രദീപ് കുമാർ
(ശ്രീവ്യാസ കോളേജ്, തൃശ്ശൂർ)

എ.കെ.പി.സി.ടി.എ സംസ്ഥാന സമ്മേളനത്തിന്റെ ഫിനാൻസ് കമ്മിറ്റി കൺവീനറും പത്തനംതിട്ട ജില്ലാ സെക്രട്ടറിയുമായ റെയ്സൺ സാം രാജു സ്വാഗത സംഘത്തിനുവേണ്ടി നന്ദി പറഞ്ഞു. പതാക താഴ്ത്തലോടെ തിരുവല്ലയിൽ വച്ചു നടന്ന എ.കെ.പി.സി. ടി.എ 66-ാം സംസ്ഥാന സമ്മേളനം വൈകീട്ട് അഞ്ച് മണിക്ക് സമാപിച്ചു.

# AKPCTA അറുപത്തിയാറാം സംസ്ഥാന സമ്മേളനം

# പ്രമേയങ്ങൾ

1. രാജ്യത്തിന്റെ മതനിരപേക്ഷത സംരക്ഷിക്കുന്നതിനും ഫെഡറലിസം ഉറപ്പാക്കുന്നതിനും നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന വൈജ്ഞാനികത തിരിച്ചുപിടിക്കുന്നതിനും വരുന്ന തിരഞ്ഞെടുപ്പിൽ പുരോഗമന ആശയങ്ങളെ പിന്തുണയ്ക്കുന്ന ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള ജാഗ്രത ഉണ്ടാകണമെന്ന് AKPCTA അറുപത്തിയാറാം സംസ്ഥാന സമ്മേളനം ആഹ്വാനം ചെയ്യുന്നു.

2. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഹിന്ദുത്വ അജണ്ട നടപ്പിലാക്കാനുള്ള കേന്ദ്രസർക്കാർ ശ്രമങ്ങൾക്കെതിരെ ജാഗ്രത പുലർത്തണമെന്നും വളർന്നുവരുന്ന മത വർഗീയവൽക്കരണ ശ്രമങ്ങൾ കേന്ദ്ര ഗവൺമെന്റ് അവസാനിപ്പിക്കണമെന്നും എകെപിസിടിഎ സംസ്ഥാന സമ്മേളനം ശക്തമായി ആവശ്യപ്പെടുന്നു.

3. ഉന്നത വിദ്യാഭ്യാസരംഗത്തിന്റെ മൂല്യശോഷണത്തിനും തകർച്ചയ്ക്കും കാരണമാകും വിധം സർവ്വകലാശാലകളെ കാവിവൽക്കരിച്ചുകൊണ്ട് ചാൻസിലർ കൂടിയായ ഗവർണർ നടത്തുന്ന അധികാര ദുർവിനിയോഗവും തെറ്റായ ഇടപെടലുകളും ഉടൻ അവസാനിപ്പിക്കണമെന്ന് ഈ സമ്മേളനം ആവശ്യപ്പെടുന്നു.

4. രാജ്യത്തെ ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായി സംസ്ഥാനങ്ങൾക്ക് മേൽ സാമ്പത്തിക ഉപരോധം ഏർപ്പെടുത്തുന്ന കേന്ദ്രസർക്കാർ നയങ്ങൾക്കെതിരെ ഈ സമ്മേളനം ശക്തമായി പ്രതിഷേധിക്കുന്നു.

5. സർക്കാരിന്റെയോ സർവകലാശാലയുടെയോ മുൻകൂർ അനുമതിയോ പരിശോധനയോ കൂടാതെ അപേക്ഷിക്കുന്ന എല്ലാവർക്കും സ്വയംഭരണ പദവി നൽകാനുള്ള യുജിസി തീരുമാനം പുനപരിശോധിക്കണമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തോട് ഈ സമ്മേളനം ശക്തമായി ആവശ്യപ്പെടുന്നു.

6. ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ ഉയർച്ചയ്ക്ക് വേണ്ടി പ്രതിജ്ഞാബദ്ധമായി പ്രവർത്തിക്കുന്നതോടൊപ്പം സംസ്ഥാനത്തെ കോളേജുകളിലെ അക്കാദമികവും ഭൗതികവുമായ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള ഇടപെടലുകൾ അടിയന്തരമായി ഉണ്ടാകണമെന്ന് ഈ സമ്മേളനം അധികാരികളോട് ആവശ്യപ്പെടുന്നു.

7. ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ പുരോഗതി മുൻനിർത്തിക്കൊണ്ട് മാറുന്ന കാലത്തിന് അനുയോജ്യമായ വിധം എഫ് വൈ യു ജി പി നടപ്പിലാക്കുന്ന ഈ സാഹചര്യത്തിൽ നിലവിലുള്ള അധ്യാപക തസ്തികകൾ നഷ്ടപ്പെടാത്ത വിധത്തിലും അധ്യാപകരുടെ പ്രവൃത്തിഭാരത്തെ വിപരീതമായി ബാധിക്കാത്ത വിധത്തിലും പുതിയ വർക്ക് ലോഡ് ഓർഡിനൻസ് പുറത്തിറക്കാനുള്ള നടപടികൾ ഉണ്ടാകണമെന്ന് ഈ സമ്മേളനം അധികാരികളോട് ആവശ്യപ്പെടുന്നു.

8. യുജിസി ഏഴാം ശമ്പളം കമ്മീഷനുമായി ബന്ധപ്പെട്ട കേരള സംസ്ഥാനത്തിന് ലഭിക്കേണ്ട 750 കോടി രൂപ നിഷേധിച്ച കേന്ദ്രസർക്കാർ നടപടിക്കെതിരെ AKPCTA അറുപത്തിയാറാം സംസ്ഥാന സമ്മേളനം ശക്തമായി പ്രതിഷേധിക്കുന്നു.

9. കോളേജ് അധ്യാപകരുടെ പ്രമോഷൻ പ്ലേസ്മെന്റിന് മുൻകാല സർവീസ് പരിഗണിക്കില്ല എന്ന കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ തീരുമാനം പുന പരിശോധിക്കണമെന്ന് ഈ സമ്മേളനം പ്രസ്തുത വകുപ്പിനോട് ആവശ്യപ്പെടുന്നു.

10. കേന്ദ്ര നിരക്കിൽ ശമ്പളം വാങ്ങുന്നവർ എന്ന നിലയിൽ കോളേജ് അധ്യാപകർക്ക് മാത്രമായി കോവിഡ് കാലത്ത് തടഞ്ഞുവെച്ച രണ്ട് ഗഡു ക്ഷാമബത്ത ഉൾപ്പെടെ 14 ശതമാനം ക്ഷാമബത്ത അനുവദിച്ച കേരള സർക്കാരിനെ ഈ സമ്മേളനം അനുമോദിക്കുന്നു.

11. നാലുവർഷ ബിരുദ പരിഷ്കരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ആവശ്യമായ അവബോധം പൊതുജനങ്ങൾക്കിടയിൽ ഉണ്ടാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ഈ സമ്മേളനം അധികാരികളോട് ആവശ്യപ്പെടുന്നു.

12. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സമയബന്ധിതമായി അർഹരായ വിദ്യാർഥികൾക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തണമെന്ന് ഈ സമ്മേളനം ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെടുന്നു.

13. കേരള സർവകലാശാല പുന:സംഘടിപ്പിച്ച പഠന ബോർഡുകളുടെ ചെയർമാൻ സ്ഥാനത്തുനിന്ന് എയ്ഡഡ് കോളജ് അധ്യാപകരെ പൂർണമായും ഒഴിവാക്കിയത് പുന പരിശോധിക്കണമെന്ന് എകെപിസിടിഎ സംസ്ഥാന സമ്മേളനം സർവകലാശാല വൈസ് ചാൻസിലറോട് ആവശ്യപ്പെടുന്നു.

14. കേരള യൂണിവേഴ്സിറ്റിയിൽ 2018 യു ജി സി റെഗുലേഷൻ, ഓപ്ഷൻ B പ്രകാരം പ്രമോഷൻ നേടിയ അധ്യാപകർക്ക് 2018 റഗുലേഷൻ 3-ാം അമെന്റ്മെൻറ് പ്രകാരമുള്ള RC, OC എന്നിവയുടെ ഇളവ് നേടിയിട്ടും, അതിൻ്റെ ആനുകൂല്യം ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട്. ഈ അപാകത പരിഹരിക്കാൻ വേണ്ടിയുള്ള നടപടികൾ എത്രയും പെട്ടന്ന് ഉണ്ടാകണമെന്ന് കേരള യൂണിവേഴ്സിറ്റിയോട് AKPCTA യുടെ അറുപത്തിയാറാം സംസ്ഥാന സമ്മേളനം ശക്തമായി ആവശ്യപ്പെടുന്നു.

15. മതിയായ കൂടിയാലോചനകൾ ഇല്ലാതെ കണ്ണൂർ സർവ്വകലാശാല പഠന ബോർഡുകൾ വൈസ് ചാൻസിലർ ഏകപക്ഷീയമായി പുന: സംഘടിപ്പിച്ചതു വഴി നിലവിൽ നടന്നു വരുന്ന FYUGP പ്രവർത്തനങ്ങൾ നിശ്ചലാവസ്ഥയിൽ ആയിരിക്കുകയാണ്. നേരത്തെ രൂപീകരിച്ച AD-HOC കമ്മിറ്റികളുടെയും ഓരോ വിഷയത്തിലെയും മുഴുവൻ അധ്യാപകരുടെയും ശില്പശാലകൾ നടത്തി ഈ പ്രക്രിയ പൂർത്തിയാക്കണമെന്ന് ഈ സമ്മേളനം കണ്ണൂർ സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

16. AICTE സ്കീമിൽ ഉൾപ്പെട്ട അധ്യാപകർക്ക് ശമ്പള പരിഷ്കരണ കുടിശ്ശിക യുജിസി സ്കീമിൽ പെടുന്ന അധ്യാപകർക്ക് നൽകിയ തീയതി മുതൽ നൽകാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമ്മേളനം ആവശ്യപ്പെടുന്നു.

17. കൗൺസിൽ ഓഫ് ആർക്കിടെക്ചർ സ്കീമിൽ ഉൾപ്പെടുന്ന അധ്യാപകർക്ക് കൗൺസിൽ ഓഫ് ആർക്കിടെക്ചർ നിഷ്കർഷിക്കുന്ന വിധം സിഎഎസ് നടപ്പിലാക്കണമെന്ന് സമ്മേളനം ആവശ്യപ്പെടുന്നു.

18. ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് ഭരണഘടന അനുശാസിക്കുന്ന രീതിയിൽ സംവരണം നടപ്പിലാക്കാൻ തീരുമാനിച്ച കേരള സർക്കാർ നടപടിയെ ഈ സമ്മേളനം അഭിനന്ദിക്കുന്നു.

19. സർക്കാർ കോളേജ് അധ്യാപകരുടെ പ്രൊഫസർ പ്രമോഷനുമായി ബന്ധപ്പെട്ട് കോളേജ് വിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ ഉത്തരവുകളുടെ ആനുകൂല്യം എയ്ഡഡ് കോളജ് അധ്യാപകർക്കും ലഭ്യമാകുന്ന തരത്തിൽ ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഈ സമ്മേളനം സർവകലാശാല അധികാരികളോട് ആവശ്യപ്പെടുന്നു

20. കേരളത്തിൻറെ പല ഭാഗങ്ങളിലും വന്യജീവി കൾ ജനവാസ മേഖലകളിൽ ഇറങ്ങുന്നത് മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിക്കുന്നതിനും മനുഷ്യജീവനും സ്വത്തിനും കൃഷിക്കും ഭീഷണി ഉയർത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ വനം വന്യജീവി നിയമത്തിൽ കേരളം മുന്നോട്ടുവെച്ച ഭേദഗതി അംഗീകരിക്കാത്ത കേന്ദ്രസർക്കാറിന്റെ നടപടിയെ AKPCTA അറുപത്തിയാറാം സംസ്ഥാന സമ്മേളനം ശക്തമായി അപലപിക്കുന്നു.

21. ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന നൂതന പദ്ധതികളെ ഈ സമ്മേളനം അഭിനന്ദിക്കുന്നു.

22. കേന്ദ്രസർക്കാറിന്റെ കർഷക വിരുദ്ധ നയങ്ങൾക്കെതിരെ രാജ്യമൊട്ടാകെ കർഷകർ നടത്തിവരുന്ന സമരത്തിന് ഈ സമ്മേളനം ഐക്യദാർഢ്യം രേഖപ്പെടുത്തുന്നു.

23. മണിപ്പൂരിലെ ക്രിസ്ത്യൻ മതന്യൂനപക്ഷ വിഭാഗത്തെ വംശീയ ഉന്മൂലനം നടത്തുന്ന സംഘപരിവാർ ആക്രമണത്തിനെതിരെ ശക്തമായ നടപടി സ്വീകരിക്കാത്ത കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിഷ്ക്രിയ സമീപനത്തെ സമ്മേളനം ശക്തമായി അപലപിക്കുന്നു.

24. ഇസ്രയേൽ പലസ്തീൻ വിഷയത്തിൽ പരമ്പരാഗതമായി ഇന്ത്യ പിന്തുടരുന്ന വിദേശ നയത്തിൽ നിന്ന് വ്യതിചലിച്ച് കൊണ്ട് സാമ്രാജ്യത്വ സയണിസ്റ്റ് അനുകൂല നിലപാടെടുക്കുന്ന കേന്ദ്രസർക്കാരിൻറെ വിദേശ നയ ചുവടുമാറ്റത്തെ ഈ സമ്മേളനം അപലപിക്കുന്നു.

25. രാജ്യത്തെ തിരഞ്ഞെടുപ്പ് പ്രക്രിയയെ പണസ്വാധീനത്തിൽ അട്ടിമറിക്കാൻ വഴിയൊരുക്കിയ കേന്ദ്രസർക്കാരിന്റെ ഇലക്ടറൽ ബോണ്ട് പദ്ധതി ഭരണഘടന വിരുദ്ധമാണെന്ന് കണ്ട് സുപ്രീംകോടതി റദ്ദാക്കുക ഉണ്ടായി. ഈ പദ്ധതിയുടെ നിയമ സാധുത ചോദ്യം ചെയ്തു കൊണ്ട് ഹർജി നൽകുകയും അനുകൂല വിധി സമ്പാദിക്കുകയും ചെയ്ത കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ മാർക്സിസ്റ്റിനെ ഈ സമ്മേളനം അഭിനന്ദിക്കുന്നു.

26. ഇന്ത്യയിലെ സ്വതന്ത്ര മാധ്യമ പ്രവർത്തനത്തെ അന്വേഷണ ഏജൻസികളെ ഉപയോഗിച്ച് UIPA അടക്കമുള്ള കരി നിയമങ്ങൾ ചുമത്തിയും എതിർക്കുന്ന കേന്ദ്രസർക്കാരിൻറെ നടപടികളെ ഈ സമ്മേളനം ശക്തമായി അപലപിക്കുന്നു.

## സംഘടനാ വാർത്തകൾ

# ബഹുസ്വരതയെ വീണ്ടെടുക്കാൻ സാംസ്കാരിക രാഷ്ട്രീയം ആയുധമാക്കണം - എം എ ബേബി

എ കെ പി സി ടി എ സാംസ്കാരികവേദിയുടെ 2024–25 വർഷത്തെ പ്രവർത്തനോദ്ഘാടനം മുൻ വിദ്യാഭ്യാസ-സാംസ്കാരിക വകുപ്പ് മന്ത്രി എം എ ബേബി 'സാംസ്കാരിക രാഷ്ട്രീയത്തിന് ഒരു ആമുഖം 'എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി നിർവ്വഹിച്ചു. സാംസ്കാരികദേശീയതയുടെ പ്രയോഗങ്ങളിലൂടെ വർഗീയ ശക്തികൾ ഇന്ത്യയുടെ ഭൂതകാലത്തെ അട്ടിമറിച്ച് ഇന്ത്യയുടെ ബഹുസ്വര സാംസ്കാരികതയെ തകർത്തു കളയുകയാണെന്ന് അദ്ദേഹം പറഞ്ഞു. ഇതിനെ തുറന്നു കാട്ടി ജനകീയ സാംസ്കാരിക പ്രവർത്തനങ്ങളെ സാംസ്കാരികരാഷ്ട്രീയ പ്രവർത്തനമായി വളർത്തിയെടുക്കാനാവണം. സാംസ്കാരിക മണ്ഡലം ഇന്ന് ഏറ്റവും വലിയ സമരസ്ഥലിയാണ്. സംസ്ഥാന പ്രസിഡന്റ് എ. നിശാന്ത് അധ്യക്ഷനായി. സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.ബിജുകുമാർ കെ ആമുഖഭാഷണം നടത്തി. സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ ഷാജിത എസ്, സംസ്ഥാന സെക്രട്ടറി ഡോ. ഗോപാലകൃഷ്ണൻ എം ബി എന്നിവർ സംസാരിച്ചു. കേരള പ്രൈവറ്റ് കോളേജ് ടീച്ചർ ജേർണൽ എഡിറ്റർ ഡോ. രേണുക എൻ ക്രോഡീകരണം നടത്തി. സാംസ്കാരികവേദി കൺവീനർ സോന പി സ്വാഗതവും, സാംസ്കാരിക വേദി അംഗം ഡോ സി എ അനസ് നന്ദിയും പറഞ്ഞു.

## പ്രതിഷേധങ്ങൾ, പ്രതിരോധങ്ങൾ


















# സംഘടനാ വാർത്തകൾ

## സംഘടനാ ശിൽപശാല

എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി ബ്രാഞ്ച് സെക്രട്ടറിമാർക്ക് സംഘടനാ ശിൽപശാല സംഘടിപ്പിച്ചു. ആദ്യ സെഷനിൽ ' ഉന്നത വിദ്യാഭ്യാസ രംഗം – സമകാലിക പ്രശ്നങ്ങൾ, സംഘടനാ ഉത്തരവാദിത്തങ്ങൾ' എന്ന വിഷയത്തിൽ മുൻ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ സി പത്മനാഭൻ ക്ലാസ്സെടുത്തു. പ്രസിഡന്റ് എ നിശാന്ത് അധ്യക്ഷത വഹിച്ചു. ട്രഷറർ ഡോ കെ പ്രദീപ് കുമാർ, വൈസ് പ്രസിഡന്റ് ഡോ ടി ആർ മനോജ് എന്നിവർ സംസാരിച്ചു. ജനറൽ സെക്രട്ടറി ഡോ ബിജുകുമാർ കെ സ്വാഗതവും, സംസ്ഥാന സെക്രട്ടറി ഡോ എ യു അരുൺ നന്ദിയും പറഞ്ഞു. രണ്ടാമത്തെ സെഷനിൽ 'ബ്രാഞ്ച് പ്രവർത്തനങ്ങൾ – സെക്രട്ടറിമാരുടെ ചുമതലകൾ, ഉത്തരവാദിത്തങ്ങൾ' എന്ന വിഷയത്തിൽ മുൻ സംസ്ഥാന പ്രസിഡന്റ് ഡോ ജോജി അലക്സ് ക്ലാസ്സെടുത്തു. വൈസ് പ്രസിഡന്റ് ഡോ ഷാജിത എസ് അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി ഡോ തോമസ് മോണോത്ത് സംസാരിച്ചു. സംസ്ഥാന സെക്രട്ടറിമാർ ഡോ സോജു എസ് സ്വാഗതവും, ഡോ എം ബി ഗോപാലകൃഷ്ണൻ നന്ദിയും പറഞ്ഞു.



എ.കെ പി സി. ടി. എ തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിന് സഹായകമാകുന്ന രീതിയിൽ അവർക്ക് ആവശ്യമായ പഠനോപകരണങ്ങൾ AKPCTA യുടെ ആഭിമുഖ്യത്തിൽ വിതരണം ചെയ്തു. മടത്തറകാണി സ്കൂളിൽ വച്ച് നടന്ന പരിപാടി ഡി. കെ മുരളി MLA പഠനോപകരണങ്ങൾ വിതരണം ചെയ്തു.സ്കൂളിന് വേണ്ടി ഹെഡ് മിസ്ട്രസ് ശ്രീ. ബിന്ദു. S ഉം വിദ്യാർഥികളും ചേർന്ന് പഠനോപകരണങ്ങൾ ഏറ്റുവാങ്ങി. AKPCTA യ്ക്ക് വേണ്ടി ജില്ലാ പ്രസിഡന്റ് ഡോ:സജേഷ് ശശിധരൻ, സെക്രട്ടറി ഡോ: സുമേഷ് ജി. എസ്സ്., ജില്ലാ കമ്മിറ്റി അംഗങ്ങളായ ഡോ: ജഹാംഗീർ ജെ. എസ്സ്., ഡോ: സജീർ. എസ്സ്., ഡോ: രാഹുൽ S എന്നിവർ പങ്കെടുത്തു. സ്കൂൾ അധ്യാപകൻ ശ്രീ. ലാലു എം. എസ്സ്. നന്ദി രേഖപ്പെടുത്തി.

## പ്രൊഫ എൽ ജി വർഗീസ് അനുസ്മരണം

എ കെ പി സി ടി എ മുൻ സംസ്ഥാന പ്രസിഡന്റ് പ്രൊഫ എൽ ജി വർഗീസിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നതിനായി എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി ഓൺലൈൻ ആയി അനുസ്മരണ യോഗം സംഘടിപ്പിച്ചു. എ കെ പി സി ടി എ മുൻ സംസ്ഥാന ട്രഷററും, വിരമിച്ച അധ്യാപകരുടെ കൂട്ടായ്മ സാന്ത്വത്തിന്റെ ജനറൽ സെക്രട്ടറിയും ആയ പ്രൊഫ. ടി കെ ഗോപാലകൃഷ്ണൻ നായർ ഉദ്ഘാടനം ചെയ്തു. എകെപിസിടിഎ പ്രസിഡന്റ് എ നിശാന്ത് അധ്യക്ഷത വഹിച്ചു. മുൻ ജനറൽ സെക്രട്ടറിമാർ പ്രൊഫ. കെ പി ദിവാകരൻ നായർ, ഡോ ആർ മോഹനകുമാർ, ഡോ കെ എൽ വിവേകാനന്ദൻ, ഡോ കെ ശ്രീവൽസൻ, മുൻ സംസ്ഥാന സെക്രട്ടറി ഡോ തോമസ് മാത്യു, എം ദിവാകരൻ നായർ, സംസ്ഥാന കമ്മിറ്റി അംഗം ഡോ കെ മധു, തിരുവനന്തപുരം ജില്ലാ സെക്രട്ടറി ഡോ സുമേഷ് ജി എസ് എന്നിവർ സംസാരിച്ചു. സംസ്ഥാന സെക്രട്ടറി ഡോ സോജു എസ് അനുശോചന പ്രമേയം അവതരിപ്പിച്ചു.

പ്രൊഫ എൽ ജി വർഗീസ് എഴതിയ എ കെ പി സി ടി എ സമര ചരിത്രമടങ്ങിയ ഓർമ്മക്കുറിപ്പുകൾ എ കെ പി സി ടി എ ജേർണൽ എഡിറ്റർ ഡോ രേണുക എൻ പരിചയപ്പെടുത്തി. എകെപിസിടിഎ ജനറൽ സെക്രട്ടറി ഡോ ബിജുകുമാർ കെ സ്വാഗതവും, എകെപിസിടിഎ സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ ഷാജിത എസ് നന്ദിയും പറഞ്ഞു. മുൻകാല നേതാക്കളും പ്രവർത്തകരും ഇപ്പോഴത്തെ സംഘടനാ നേതൃത്വവും പ്രവർത്തകരുമുൾപ്പെടെ 200 ലേറെ പേർ പങ്കെടുത്തു.

## സംഘടനാ വാർത്തകൾ

# ഡോ. കെ. ശശിധരൻ അനുസ്മരണം

എ കെ പി സി ടി എ മുൻ സംസ്ഥാന പ്രസിഡന്റ് ഡോ കെ ശശിധരന്റെ അകാല നിര്യാണത്തിൽ അനുശോചിക്കാനായി സംസ്ഥാന കമ്മിറ്റി സാന്ത്വം സംസ്ഥാന കമ്മിറ്റിയുമായി ചേർന്ന് 2024 മെയ് 6 ന് അനുസ്മരണ യോഗം സംഘടിപ്പിച്ചു. മുൻ സംസ്ഥാന ജനറൽ സെക്രട്ടറി പ്രൊഫ. വി. നാരായണൻ കുട്ടി ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് എ നിശാന്ത് അധ്യക്ഷത വഹിച്ചു. ഡോ ആർ ബി രാജലക്ഷ്മി, ഡോ വി രാജേന്ദ്രൻ നായർ, ഡോ കെ ശ്രീവൽസൻ, പ്രൊഫ കെ പി ദിവാകരൻ നായർ, ഡോ കെ വിജയധരൻ, പ്രൊഫ. എ ജി ഒലീന, പ്രൊഫ. എ പ്രതാപചന്ദ്രൻ നായർ, പ്രൊഫ. സരോജ, ഡോ എൻ എം സണ്ണി, ഡോ കെ പി സുകുമാരൻ നായർ, ഡോ കെ വാസുദേവൻ പിള്ള, ഡോ പി എസ് ഫിറോസ്, ഡോ കെ കെ ബാലചന്ദ്രൻ, ഡോ കെ പി വിനോദ്കുമാർ, പ്രൊഫ. പി ഹരിദാസ്, പ്രൊഫ. പി ഹംസ, ഡോ സി അബ്ദുൾ മജീദ്, ഡോ സുജേഷ് സി പി, പ്രൊഫ. തോമസ് ജോസഫ്, പ്രമോദ് വെള്ളച്ചാൽ, ഡോ അനിൽ വർമ്മ, ഡോ ജിതേഷ് സി പി എന്നിവർ സംസാരിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ ഷാജിത എസ് അനുശോചന പ്രമേയം അവതരിപ്പിച്ചു. സംസ്ഥാന സെക്രട്ടറി ഡോ ഗോപാലകൃഷ്ണൻ എം ബി സ്വാഗതവും വൈസ് പ്രസിഡന്റ് ഡോ ടി ആർ മനോജ് നന്ദിയും പറഞ്ഞു. മുൻകാല നേതാക്കളും പ്രവർത്തകരും ഇപ്പോഴത്തെ സംഘടനാ നേതൃത്വവും പ്രവർത്തകരുമുൾപ്പെടെ 300 ലേറെ പേർ പങ്കെടുത്തു.




AKPCTA കൊല്ലം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജില്ലയിലെ അരിപ്പ യു പി സ്കൂൾ കുട്ടികൾക്കുള്ള പഠന ഉപകരണങ്ങൾ ബഹുമാനപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ് ശ്രീ എം എസ് മുരളി അവർകൾക്ക് AKPCTA സംസ്ഥാന വൈസ് പ്രസിഡന്റ് Dr എസ് ഷാജിത കൈമാറുന്നു.



കൊല്ലം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്കൂൾ പ്രവേശനോത്സവത്തിന്റെ ഭാഗമായി കൊല്ലം ജില്ലയിലെ ചിതറ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെയും അരിപ്പ യുപി സ്കൂളിലെയും അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. എ കെ പി സി ടി എ സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. ഷാജിത എസ് നിന്നും ചിതറ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ എം എസ് മുരളി അവർകൾ പഠനോപകരണങ്ങൾ ഏറ്റുവാങ്ങി ചിതറ സ്കൂൾ പ്രിൻസിപ്പാളിനെയും അരിപ്പ U P സ്കൂൾ ഹെഡ്മിസ്ട്രസ് നെയും ഏൽപ്പിച്ചു. യോഗത്തിൽ എ കെ പി സി ടി എ കൊല്ലം ജില്ലാ സെക്രട്ടറി Dr പ്രമോദ് എൻ, ജില്ലാ പ്രസിഡന്റ് Dr സന്തോഷ് കുമാർ, ജില്ലാ ട്രഷർ Dr ഇന്ദുലാൽ, സംസ്ഥാന സമിതി അംഗം പ്രൊഫസർ ഹരി അധ്യാപകർ, വിദ്യാർത്ഥികൾ രക്ഷകർത്താക്കൾ തുടങ്ങി ഒട്ടേറെ പേർ സംബന്ധിച്ചു.

## സംഘടനാ വാർത്തകൾ

# ഐഫക്ടോ ദേശീയ എക്സിക്യൂട്ടീവ് യോഗം

കാൺപൂരിൽ വച്ചു നടന്ന ഐഫക്ടോ സമ്മേളനത്തിന് ശേഷം പാട്നയിൽ വച്ച് മാർച്ച് 17ന് നടന്ന ദേശീയ എക്സിക്യൂട്ടീവ് യോഗത്തിൽ എ കെ പി സി റ്റി എ യെ പ്രതിനിധീകരിച്ച് മുൻ ജനറൽ സെക്രട്ടറി ഡോ. സി.പത്മനാഭനും ജനറൽ സെക്രട്ടറി ഡോ. കെ.ബിജുകുമാറും പങ്കെടുത്തു. ദേശീയ വിദ്യാഭ്യാസനയം പിൻവലിക്കുക,ഉന്നതവിദ്യാഭ്യാസത്തിന് കൂടുതൽ ധനസഹായം ഉറപ്പാക്കുക, സർവ്വകലാശാലകൾക്കും അഫിലിയേറ്റഡ് കോളേജുകൾക്കുമുള്ള ഗ്രാന്റുകൾ പുനഃസ്ഥാപിക്കുക,യുജിസി ശമ്പള കുടിശ്ശിക നൽകുന്നതിന് കേന്ദ്രം ഉറപ്പുനൽകിയ 50% കേന്ദ്ര ഗ്രാന്റ് ഭൂരിഭാഗം സംസ്ഥാനങ്ങൾക്കും കിട്ടാത്ത സാഹചര്യത്തിൽ എത്രയും വേഗം വിതരണം ചെയ്യാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുക, അസോസിയേറ്റ് പ്രൊഫസർഷിപ്പിലേക്കുള്ള സ്ഥാനക്കയറ്റത്തിന് നിർബന്ധിത പിഎച്ച്ഡിയുടെ വ്യവസ്ഥ പിൻവലിക്കുക, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അക്കാദമിക - ഗവേഷണ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് FDP, റിസർച്ച് ഫെലോഷിപ്പുകൾ പുനഃസ്ഥാപിക്കുക,ആറാമത്തെ യുജിസി സ്കീമിലെന്നപോലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അധ്യാപകർക്ക് എംഫിൽ/പിഎച്ച്ഡി അഡ്വാൻസ് ഇൻക്രിമെന്റുകൾ ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക തുടങ്ങിയ ആവശ്യങ്ങളാണ് പൊതുവായി ചർച്ചയിൽ ഉയർന്നു വന്നത്.

ഇതിന് പുറമെ എ കെ പി സി റ്റി എ പ്രതിനിധികൾ താഴെ പറയുന്ന ആവശ്യങ്ങൾ മുന്നോട്ടു വച്ച് ചർച്ചയിൽ പങ്കെടുത്തു. യുജിസി തുടങ്ങി വച്ച ഗ്രേഡഡ് ഓട്ടോണമി സാമ്പത്തിക ഓട്ടോണമി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അടിച്ചേൽപ്പിക്കുന്ന പ്രക്രിയക്ക് തുടക്കം കുറിക്കുമെന്നും അത് സമൂഹത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നതിനാൽ അത് പിൻവലിക്കണമെന്ന് ആവശ്യപ്പെടണം.

ഇന്ത്യൻ സർവകലാശാലകളെ ഔന്നത്യത്തിലേക്കെത്തിക്കുകയും വിദേശ സർവകലാശാലകൾ കടന്നു വരുന്നത് തടയണമെന്നും ആവശ്യപ്പെടണം. സംസ്ഥാന സർവകലാശാലകൾക്ക് തനതായ പ്രവർത്തന സ്വാതന്ത്ര്യം നൽകണം. ഫെഡറൽ സംവിധാനമനുസരിച്ചു യുജിസി നിഷ്കർഷിക്കുന്ന റെഗുലേഷൻസ് എല്ലാം സംസ്ഥാന സർവകലാശാലകൾ അതേപടി അനുശാസിക്കേണ്ടതില്ല. ചാൻസലർമാരെ ഉപയോഗിച്ച് സംസ്ഥാന സർവകലാശാലകളിൽ കേന്ദ്രനയങ്ങൾ അടിച്ചേൽപ്പിക്കേണ്ടതില്ല.ഇതിനെതിരെ ശക്തമായ ചെറുത്തുനിൽപ്പ് ആവശ്യമാണ്. സംസ്ഥാന സർക്കാരുകൾക്ക് ചാൻസലർമരെ നിയമിക്കുന്നതിനുള്ള അധികാരം നൽകുക. കോത്താരി കമ്മീഷൻ റിപ്പോർട്ട് അനുശാസിക്കുന്നതനുസരിച്ചു ജിഡിപി യുടെ 6% വിദ്യാഭ്യാസത്തിന് നീക്കിവക്കുക. കേന്ദ്ര സർവകലാശാലകളിൽ ഒഴിഞ്ഞുകിടക്കുന്ന സംവരണ തസ്തികകൾ പൊതു തസ്തികകൾ ആയി പരിഗണിച്ച് നിയമനം നടത്താനുള്ള യുജിസി തീരുമാനത്തെ എതിർത്ത് എയ്ഫക്ടോ മറ്റ് പ്രതിപക്ഷ സംഘടനകളോടൊപ്പം ഡൽഹിയിൽ യുജിസി ഓഫീസിനു മുൻപിൽ പ്രതിഷേധിക്കുകയും നിവേദനം നൽകുകയും ചെയ്തു. രണ്ടു ദിവസത്തിനുള്ളിൽ തന്നെ പ്രസ്തുത ഉത്തരവ് പിൻവലിച്ചു.

ആറാം യു ജി സി ശമ്പള പരിഷ്കരണം നടപ്പിലാക്കിയ ഘട്ടത്തിൽ അതിലെ അധ്യാപക വിരുദ്ധമായ നിർദ്ദേശങ്ങൾക്കെതിരെ ഐഫക്ടോയുടെ നേതൃത്വത്തിൽ നാം വിവിധ സന്ദർഭങ്ങളിൽ പാർലമെന്റ്, യു ജി സി ഓഫീസ് ധർണാ സമരങ്ങൾ നടത്തിയിരുന്നു. ഇതേത്തുടർന്ന്, ഏഴാം യു ജി സി ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട റഗുലേഷൻ വിജ്ഞാപനം ചെയ്തപ്പോൾ എ പി ഐ സ്കോർ ഉൾപ്പെടെയുള്ള കഠിനമായ പല നിബന്ധനകളും പിൻവലിക്കുകയുണ്ടായി. പുതിയ റഗുലേഷൻ പ്രകാരം അസോസിയേറ്റ് പ്രൊഫസർഷിപ്പിന് പി എച്ച് ഡി നിർബന്ധമാക്കിയത് പിൻവലിക്കണമെന്ന് പിന്നീട് ഐഫക്ടോ നടത്തിയ സമരങ്ങളിലൂടെ ആവശ്യപ്പെടുകയുണ്ടായി.31.12.2024 വരെ 2010 റഗുലേഷൻസ് കൂടി ഉപയോഗപ്പെടുത്താൻ അവസരം നൽകുന്നത് ഇതുൾപ്പെടെ പല വിഷയത്തിലും അധ്യാപകർക്ക് ഒരു പരിധി വരെ പ്രയോജനമാകും.

# പ്രൊഫ പി. മമ്മദ് അനുസ്മരണം

എ കെ പി സി ടി എ മുൻ സംസ്ഥാന പ്രസിഡന്റ് പ്രൊഫ. പി മമ്മദിന്റെ അകാല നിര്യാണത്തിൽ അനുശോചിക്കാനായി സംസ്ഥാന കമ്മിറ്റി സാന്ത്വം സംസ്ഥാന കമ്മിറ്റിയുമായി ചേർന്ന് 2024 ഏപ്രിൽ 21 ന് അനുസ്മരണ യോഗം സംഘടിപ്പിച്ചു. മുൻ സംസ്ഥാന ജനറൽ സെക്രട്ടറി പ്രൊഫ. എ പ്രതാപചന്ദ്രൻ നായർ ഉദ്ഘാടനം ചെയ്തു. മുൻ സംസ്ഥാന ജനറൽ സെക്രട്ടറിയും ഐഫക്ടോ ദേശീയ നിർവ്വാഹക സമിതി അംഗവും ആയ ഡോ സി പത്മനാഭൻ അനുസ്മരണ പ്രഭാഷണം നടത്തി. പ്രസിഡന്റ് എ നിശാന്ത് അധ്യക്ഷത വഹിച്ചു. ഡോ വി രാജേന്ദ്രൻ നായർ, ഡോ ഗീത നായർ, ഡോ കെ ശ്രീവത്സൻ, പ്രൊഫ എ ജി ഒലീന, ഡോ പി എൻ ഹരികുമാർ, ഡോ കെ പി സുകുമാരൻ നായർ, പ്രൊഫ. ടി എ ഉഷാകുമാരി, ഡോ മുഹമ്മദ് സലിം ടി, ഡോ കെ കെ ബാലചന്ദ്രൻ, ഡോ കെ വാസുദേവൻ പിള്ള, ഡോ ഫാറൂഖ് എസ്, ഡോ എം ബി ഗോപാലകൃഷ്ണൻ, ഡോ സന്തോഷ് വള്ളിക്കാട്, ഡോ ബാബുരാജൻ എന്നിവർ സംസാരിച്ചു. സംസ്ഥാന സെക്രട്ടറി ഡോ സോജു എസ് അനുശോചന പ്രമേയം അവതരിപ്പിച്ചു. ജനറൽ സെക്രട്ടറി ഡോ കെ ബിജുകുമാർ കെ സ്വാഗതവും വൈസ് പ്രസിഡന്റ് ഡോ ഷാജിത എസ് നന്ദിയും പറഞ്ഞു. മുൻകാല നേതാക്കളും പ്രവർത്തകരും ഇപ്പോഴത്തെ സംഘടനാ നേതൃത്വവും പ്രവർത്തകരുമുൾപ്പെടെ 300 ലേറെ പേർ പങ്കെടുത്തു.

## സംഘടനാ വാർത്തകൾ

# നെറ്റ്, നീറ്റ് പരീക്ഷകളിലെ ക്രമക്കേട് - പ്രതിഷേധ കൂട്ടായ്മ

നെറ്റ്, നീറ്റ് പരീക്ഷകളിലെ ക്രമക്കേടുകൾ അന്വേഷിക്കണമെന്നും, നെറ്റ് പരീക്ഷയിലെ ചോദ്യങ്ങളിലെ കാവിവൽക്കരണം അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ട് കേരളത്തിലെ എല്ലാ എയ്ഡഡ് കോളേജുകളിലും എ കെ പി സി ടി എ പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു. വിശ്വാസ്യതയും സുതാര്യതയും തകർത്ത് ലക്ഷക്കണക്കിന് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ആശങ്കയിലാക്കിയ ഈ വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് ഉത്തരവാദപ്പെട്ടവർക്കെതിരെ മാതൃകാപരമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് വിവിധ കോളജുകളിൽ നടത്തിയ പ്രതിഷേധ കൂട്ടായ്മയിൽ അധ്യാപകരും ജീവനക്കാരും വിദ്യാർത്ഥികളും പങ്കെടുത്തു.

## സ്മരണാഞ്ജലി



കാലടി ശ്രീശങ്കര കോളജ് ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകനായിരുന്ന പ്രൊഫ.എസ്. രവീന്ദ്രൻ



തിരൂരങ്ങാടി പി എസ് എം ഒ കോളേജ് കൊമേഴ്സ് വിഭാഗം  അദ്ധ്യാപകനും എകെപിസിടിഎ മുൻ പ്രസിഡന്റുമായിരുന്ന പ്രൊഫ. പി മമ്മദ്. സിപിഐ (എം) തിരൂരങ്ങാടി ലോക്കൽ സെക്രട്ടറി, കാലിക്കറ്റ് യൂനിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു.



ചേളന്നൂർ എസ് എൻ കോളജിലെ അദ്ധ്യാപകനും എ കെ പി സി ടി എ മുൻ സംസ്ഥാന പ്രസിഡന്റും, വിരമിച്ച അധ്യാപകരുടെ സംഘടന 'സാന്ത്വ'ത്തിന്റെ നിലവിലെ സംസ്ഥാന വൈസ് പ്രസിഡന്റുമായ ഡോ കെ ശശിധരൻ



ദീർഘകാലം ചങ്ങനാശേരി എൻഎസ്എസ് ഹിന്ദു കോളജിൽ കോളജിൽ മലയാള വിഭാഗം അദ്ധ്യാപകനും പന്തളം എൻഎസ്എസ് കോളജ് റിട്ടയേർഡ് പ്രിൻസിപ്പലുമായ ഡോ. കെ. വിശ്വനാഥൻ നായർ.



പാലക്കാട് എൻഎസ്എസ് എഞ്ചിനിയറിംഗ് കോളേജ് അദ്ധ്യാപകൻ ശ്രീ ജയദീപ് എസ്



വിവിധ എസ് എൻ കോളേജുകളിൽ ഇംഗ്ലീഷ് അദ്ധ്യാപകനും എകെപിസിടിഎ മുൻ സംസ്ഥാന പ്രസിഡന്റുമായിരുന്ന പ്രൊഫ. എൽ.ജി വർഗ്ഗീസ്



വിവിധ എൻഎസ്എസ് കോളേജുകളിൽ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം അധ്യാപകനായിരുന്ന, എകെപിസിടിഎ, സാന്ത്വം എന്നീ സംഘടനകളുടെ സജീവ പ്രവർത്തകനായിരുന്ന പ്രൊഫ. കെ.ആർ. പ്രഭാകരൻ നായർ




## കനിവോടെ കൊല്ലുക സാമ്രാജ്യത്തെക്കുറിച്ച് എങ്ങനെയൊക്കെ ചിന്തിക്കാം അരുന്ധതി റോയ്

പരിഭാഷ: റ്റി.എ.രാജശേഖരൻ
ചിന്ത പബ്ലിഷേഴ്സ്
വില: 240

അക്ഷരങ്ങൾ കൊണ്ട് ദൃശ്യവിസ്മയങ്ങൾ സൃഷ്ടിച്ച ഗോഡ് ഓഫ് സ്മോൾ തിങ്സിനുശേഷം ഫിക്ഷന്റെ പാതയിൽ നിന്ന് വഴിമാറി നടന്ന അരുന്ധതി നടത്തിയ രാഷ്ട്രീയ സാമൂഹിക വിമർശനങ്ങൾ എല്ലാ അധികാര സ്വരൂപങ്ങൾക്കും നേരെ പാഞ്ഞ ചാട്ടുളികളായിരുന്നു. ആ വാക്കുകൾ പർവതങ്ങളെ പിളർക്കാൻ തക്ക ശേഷിയുള്ളതായിരുന്നു. ലോകസാമ്രാജ്യത്വവും വംശഹത്യയുടെ രാഷ്ട്രീയം കയ്യാളുന്ന സിയോണിസ്റ്റുകളും നിയോ ലിബറൽ നയങ്ങളുടെ വക്താക്കളായി മാറി സ്വന്തം ജനതയെ ചൂഷണം ചെയ്യുന്ന ഇന്ത്യൻ ബൂർഷ്വാസിയും സവർണരാഷ്ട്രീയത്തിന്റെ പ്രയോക്താക്കളും ഏറ്റവും ഒടുവിൽ വെറുപ്പിന്റെ വ്യാപാരികളായി മാറിയ മോദി ഭരണകൂടവുമെല്ലാം ആ വാക്കുകളുടെ കരുത്തറിഞ്ഞവരാണ്. പതിറ്റാണ്ടുകൾക്ക് മുന്നിലുള്ള സംഭവങ്ങൾ ഉയർത്തി അരുന്ധതിയെ വേട്ടയാടാൻ അവരിന്നു തുനിഞ്ഞിറങ്ങിയിരിക്കുന്നതും അതിനാലാണ്.

ലോകമറിയുന്ന ഒരെഴുത്തുകാരിയുടെ പുസ്തകം എന്ന നിലയിലല്ല, ഈ കാലഘട്ടത്തിന്റെ നൊമ്പരങ്ങളും പ്രാന്തവൽക്കരിക്കപ്പെട്ട ജനതകളുടെ നിശ്വാസങ്ങളും ഏറ്റുവാങ്ങിയ ഒരു എഴുത്തുകാരിയുടെ വാക്കുകൾ മലയാളത്തിലേക്ക് കൊണ്ടുവരുന്നു എന്നതാണ് ഈ പുസ്തകത്തിന്റെ അനന്യത.




## രീത്തയുടെ പാഠങ്ങൾ (ഓർമ്മക്കുറിപ്പുകൾ 1975-1985)

ബൃന്ദ കാരാട്ട്
പരിഭാഷ : ആർ. പാർവതിദേവി
ചിന്ത പബ്ലിഷേഴ്സ്
വില: 300 രൂപ

നാം അറിയാത്തൊരു ഡൽഹിയിലേക്കാണ് രീത്തയുടെ പാഠങ്ങൾ നമ്മെ കൊണ്ടുപോകുന്നത്. അതിശയിപ്പിക്കുന്ന കഥാപാത്രങ്ങൾ, അക്രമാസക്തമായ സംഭവങ്ങൾ, തുണിമിൽത്തൊഴിലാളികളുടെ പോരാട്ടങ്ങൾ മുതൽ അടിയന്തരാവസ്ഥക്കാലത്ത് ആട്ടിയോടിക്കപ്പെട്ട പാവപ്പെട്ട മനുഷ്യർ വരെ, 1980 കളുടെ ആദ്യപാദങ്ങളിലെ സ്ത്രീധന വിരുദ്ധ പോരാട്ടങ്ങൾ മുതൽ 1984 ലെ അതിക്രൂരമായ സിഖ് വിരുദ്ധ കലാപങ്ങൾ വരെ. ഒരു പെൺകുട്ടിയുടെ സ്ഥിരോത്സാഹത്തിന്റെയും ധീരതയുടെയും അത്ഭുതകരമായ പരിവർത്തനത്തിന്റെയും കഥ. വിപ്ലവകരമായ സഹവർത്തിത്വത്തിന്റെയും സാഹോദര്യത്തിന്റെയും പശ്ചാത്തലത്തിൽ വളർത്തിയെടുത്ത പോരാട്ടത്തിന്റെ കഥ. ഡൽഹിയിലെ വ്യവസായ മേഖലയിലെ തൊഴിലാളി വർഗ്ഗത്തെ തിരിച്ചറിഞ്ഞ് അവർക്കിടയിൽ പ്രവർത്തിച്ച, വരേണ്യതയുടെ മടിത്തട്ടിൽ പിറന്ന ഒരു യുവതിയുടെ സമരോത്സുകതയുടെ കഥ. നല്ലൊരു ലോകസൃഷ്ടിക്കായി പോരാടാനായി തൊഴിലാളികളെ എങ്ങനെ സംഘടിപ്പിക്കണം എന്ന പാഠം സ്വയം ഉൾക്കൊണ്ടതിന്റെ കഥ.

GOVERNMENT OF KERALA

**Abstract**

Payment of Dearness Allowance / Dearness Relief payable in respect of the Teaching staff / Pensioners / Family pensioners coming under UGC / AICTE / Medical Education Schemes – Revised Rates – Orders Issued.

FINANCE (PAY RESEARCH UNIT) DEPARTMENT

**G.O.(P)No.16/2024/FIN Dated,Thiruvananthapuram, 11-03-2024**

Read: 1. G.O.(P) No.151/2020/Fin dated 05.11.2020.
2. G.O.(P) No.25/2021/Fin dated 08.02.2021.
3. O.M.No.1/1/2020-E-II-(B) dated 20.07.2021 from the Department of Expenditure, Ministry of Finance, Government of India.
4. O.M.No.42/07/2021-P&PW (D) dated 22.07.2021 from the Department of Pension & Pensioners' Welfare, Ministry of Personnel, Public Grievances & Pensions, Government of India.
5. O.M.No.1/4/2021-E-II-(B) dated 25.10.2021 from the Department of Expenditure, Ministry of Finance, Government of India.
6. O.M.No.42/07/2021-P&PW (D) e-7330 dated 27.10.2021 from the Department of Pension & Pensioners' Welfare, Ministry of Personnel, Public Grievances & Pensions, Government of India.

**ORDER**

Government are pleased to order that the rates of Dearness Allowance payable in respect of the teaching staff coming under UGC / AICTE/Medical Education Schemes who have changed over to revised UGC / AICTE/ME scale from 01.01.2016 or thereafter will be enhanced from the existing rate of 17% to 31%.

2. The rates of Dearness Allowance payable in respect of the teaching staff coming under UGC / AICTE/Medical Education Schemes who are continuing in the 6th UGC / AICTE/ME scale from 01.01.2006 or thereafter will be enhanced from the existing rate of 164% to 196%.

3. The rates of Dearness Relief payable to UGC Pensioners / Family pensioners whose Pension / Family pension had been revised as per G.O. read 1st above will be enhanced from the existing rate of 17% to 31%.

4. The rates of Dearness Relief payable to UGC Pensioners / Family pensioners whose Pension / Family pension had not been revised as per G.O. read 1st above will be enhanced from the existing rate of 164% to 196%.

5. The enhanced Dearness Allowance and Dearness Relief shall be disbursed along with the salary and pension for the month of April 2024, i.e., salary disbursed in May and pension in April.

**(By order of the Governor)**
**PRATHEEP KUMAR B**
**ADDITIONAL SECRETARY**

To:

The Principal Accountant General (A&E), Kerala, Thiruvananthapuram
The Accountant General (Audit) I/II, Kerala, Thiruvananthapuram
The Accountant General (A&E), Andhra Pradesh, Hyderabad
The Accountant General (A&E), Arunachal Pradesh, Itanagar
The Accountant General (A&E), Assam, Dispur, Guwahati
The Accountant General (A&E), Bihar, Patna
The Accountant General (A&E), Chhattisgarh, Raipur
The Accountant General (A&E), Goa, Panaji
The Accountant General (A&E), Gujarat, Gandhi Nagar
The Accountant General (A&E), Haryana, Chandigarh
The Accountant General (A&E), Himachal Pradesh, Shimla
The Accountant General (A&E), Jammu & Kashmir and Ladakh, Srinagar
The Accountant General (A&E), Jharkhand, Ranchi
The Accountant General (A&E), Karnataka, Bangaluru
The Accountant General (A&E), Madhya Pradesh, Gwalior
The Accountant General (A&E), Maharashtra, Mumbai
The Accountant General (A&E), Manipur, Imphal
The Accountant General (A&E), Meghalaya, Shillong

GOVERNMENT OF KERALA

**Abstract**

Finance Department – Periodical Surrender of Earned leave for the Financial Year 2024-25– Orders issued.

---

**FINANCE (RULES-B) DEPARTMENT**

**G.O. (P) No. 23/2024/Fin** **Dated, Thiruvananthapuram, 16.03.2024**

---

Read: G. O. (P) No. 136/2022/Fin., dated 04/11/2022.

**ORDER**

In continuation of the economy measures adopted to tide over the financial constraints, periodical surrender of earned leave for the financial year 2024-25 by all categories of employees and teachers (in State/UGC/AICTE/NJPC scales) will be allowed to be credited in the Provident Fund account of the employees concerned, with effect from 01/04/2024 subject to the condition that the amount thus credited will be withdrawn after a lock in period of four years (01/04/2024 to 31/03/2028).

2. The periodical surrender of earned leave for the financial year 2024-25 in respect of those employees who do not have Provident Fund account including temporary employees and those under the Employees Provident Fund Scheme shall be paid in cash with effect from 01/04/2024.

3. This order will be applicable to the employees in Government departments, various Universities in Kerala, Local Self Government Institutions, Grant-in-Aid Institutions, Autonomous Bodies, Statutory Undertakings, Welfare Boards, Co-operative Institutions, Apex Societies, Public Sector Undertakings, Aided Educational Institutions, Constitutional Bodies drawing salary from the consolidated fund of the State and all other institutions constituted/controlled by the State Government as reiterated vide Government Order read above.

4. Last grade servants (including Office Attendants in Subordinate Services), Part-time Contingent Employees, Municipal Contingent employees, Office Attendants and Cooks in the personal staff of Hon'ble Chief Minister, Hon'ble Ministers, Hon'ble Leader of Opposition and Hon'ble Chief Whip will be exempted from the operation of this order.

5. This order will not affect admissible terminal surrender of earned leave.

6. The Chief Project Manager, SPARK will make modifications in the software for the purpose, if found necessary.

7. All Heads of Departments / Drawing and Disbursing Officers and Treasury Officers will ensure strict compliance of this order. Any laxity in this regard will be viewed seriously and pecuniary loss sustained to Government / Institutions on account of sanction of earned leave in contravention to the orders issued will be recovered with penal interest from the officers responsible as stipulated in para (ii) of the Government Order read above.

**By order of the Governor,**

**LAKSHMI RAGHUNATHAN**
**ADDITIONAL SECRETARY (FINANCE)**

To

The Principal Accountant General (A&E), Kerala, Thiruvananthapuram.
The Accountant General (Audit-II), Kerala, Thiruvananthapuram.
All Additional Chief Secretaries/Principal Secretaries/Secretaries/Special Secretaries/Additional Secretaries/Joint Secretaries/Deputy Secretaries/Under Secretaries to Government.
The Secretary to Hon'ble Governor, Raj Bhavan.
The Private Secretary to Hon'ble Speaker/Deputy Speaker of the Legislative Assembly.
The Private Secretaries to Hon'ble Chief Minister and Hon'ble Ministers.
The Private Secretary to Hon'ble Leader of Opposition.
The Additional Secretary to the Chief Secretary.
All Heads of Departments / Offices.
All Departments and Sections of the Secretariat including Law.
The Director of Treasuries, Thiruvananthapuram.
The Advocate General, Kerala, Ernakulam.
The Director, State Audit Department.
The Secretary, K.P.S.C., Thiruvananthapuram.
The Registrar, High Court of Kerala, Ernakulam.
The Registrars of all Universities in Kerala.
The Secretaries of all Commissions.
The Managing Directors / General Managers of all Government Companies / PSUs / Boards / Corporations
The Nodal Officer, www.finance.kerala.gov.in.
The Chief Project Manager, SPARK.
The Web and New Media, Information & Public Relations Department.
The Stock File/Office Copy (E-1491187, RULES-B1/12/2020-FIN).

**Forwarded / By Order**

**Accounts Officer**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ/എയ്ഡഡ് കോളേജുകളിലെ അതിഥി അധ്യാപക നിയമനം, യോഗ്യത,തെരഞ്ഞെടുപ്പ് രീതി, മറ്റ് വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച നവീകരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1355/2023/HEDN തീയതി,തിരുവനന്തപുരം, 09-09-2023

---

പരാമർശം:- 1. ഗസ്റ്റ് അധ്യാപക പ്രതിനിധികൾ സർക്കാരിൽ സമർപ്പിച്ച വിവിധ നിവേദനങ്ങൾ.

2. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 19.05.2023 തീയതിയിലെ ബി2/23675/2022/കൊ.വി.വ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ/എയ്ഡഡ് കോളേജുകളിലെ അതിഥി അധ്യാപക നിയമനം,യോഗ്യത,തെരഞ്ഞെടുപ്പ് രീതി, മറ്റ് വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച നവീകരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കും പ്രകാരം അംഗീകരിച്ചു ഉത്തരവാകുന്നു.

1.എല്ലാ വർഷവും അക്കാദമിക വർഷം ആരംഭിക്കുന്നതിന് തൊട്ടുമുമ്പുള്ള ഏപ്രിൽ, മെയ് മാസങ്ങളിൽ പത്ര പരസ്യം നൽകി അതിഥി അധ്യാപകരുടെ നിയമനത്തിനുള്ള നടപടി ക്രമങ്ങൾ ആരംഭിക്കേണ്ടതാണ്.

2.അതാത് മേഖല ഡെപ്യൂട്ടി ഡയറക്ടറേറ്റുകളിൽ അതിഥി അധ്യാപക പാനലിൽ പേര് രജിസ്റ്റർ ചെയ്ത അപേക്ഷകരെ നിയമനത്തിനായി പരിഗണിക്കാവുന്നതാണ്.

3.നിയമിക്കപ്പെടുന്ന അധ്യാപകർക്ക് നിലവിലെ യു.ജി.സി റെഗുലേഷൻ പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ ആയി നിയമനം നേടുന്നതിനുള്ള യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്.

4. 70 വയസ്സ് വരെയുള്ള വിരമിച്ച അധ്യാപകരെയും അതിഥി അധ്യാപക നിയമനത്തിനായി പരിഗണിക്കാവുന്നതാണ്.

5. ആദ്യവർഷ യു.ജി ക്ലാസ് ആരംഭിക്കുന്ന തീയതി, ആദ്യവർഷ പി.ജി ക്ലാസ് ആരംഭിക്കുന്ന തീയതി എന്നീ ഘട്ടങ്ങളിലെ വർക്ക് ലോഡ് സ്റ്റേറ്റ്മെന്റ് നിലവിലെ ഡിപ്പാർട്ട്മെന്റ് ടൈംടേബിൾ സഹിതം വകുപ്പ് അദ്ധ്യക്ഷന്മാർ പ്രിൻസിപ്പലിന് നൽകേണ്ടതും, പ്രിൻസിപ്പൽ അത് കോളേജ് മാസ്റ്റർ ടൈംടേബിളുമായി ഒത്തു നോക്കിയ ശേഷം അതിഥി അധ്യാപകരെ ആവശ്യമുള്ള വിഷയങ്ങളിൽ നിയമന നടപടികൾ ആരംഭിക്കാവുന്നതുമാണ്.

6. സ്ഥിര അധ്യാപകരുടെ ദീർഘകാല ശൂന്യവേതനാവധി മൂന്ന് മാസമോ അതിലധികമോ ആകുന്ന പക്ഷം പ്രസ്തുത ഒഴിവിലേയ്ക്ക് അതിഥി അധ്യാപകരെ നിയമിക്കാവുന്നതാണ്. എന്നാൽ പരിവർത്തിതാവധി/

ആർജിതാവധി എന്നിവയ്ക്ക് പകരമായി അതിഥി അധ്യാപകരെ നിയമിക്കാൻ പാടുള്ളതല്ല.

7. അതിഥി അധ്യാപക നിയമനത്തിനായുള്ള സെലക്ഷൻ കമ്മിറ്റിയിൽ ചുവടെ ചേർക്കുന്ന അംഗങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

i. പ്രിൻസിപ്പൽ/പ്രിൻസിപ്പൽ നാമനിർദ്ദേശം ചെയ്യുന്ന മുതിർന്ന അദ്ധ്യാപകൻ (കമ്മിറ്റി ചെയർമാൻ).
ii. വകുപ്പ് അദ്ധ്യക്ഷൻ/വകുപ്പ് അദ്ധ്യക്ഷന്റെ ചുമതല വഹിക്കുന്ന അധ്യാപകൻ.
iii. ബന്ധപ്പെട്ട വിഷയത്തിലെ രണ്ട് വിഷയ വിദഗ്ധർ (ഒരാൾ നിർബന്ധമായും കോളേജിന് പുറത്തുള്ള ആൾ ആയിരിക്കണം)
    i. SC/ST/Minority/Women/Differently Abled എന്നീ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ അഭിമുഖത്തിന് പങ്കെടുക്കുന്നുണ്ടെങ്കിൽ ടി വിഭാഗത്തിൽപ്പെട്ട ഒരു അധ്യാപക പ്രതിനിധി നിർബന്ധമായും സെലക്ഷൻ കമ്മിറ്റിയിൽ ഉണ്ടായിരിക്കേണ്ടതാണ്.

മിനിമം നാല് പേർ (പുറത്തു നിന്നുള്ള വിഷയ വിദഗ്ധർ ഉൾപ്പെടെ) ഹാജരായിട്ടുണ്ടെങ്കിൽ ക്വാറം പൂർത്തിയായതായി പരിഗണിക്കാവുന്നതാണ്.

8.അതിഥി അധ്യാപക നിയമനത്തിനായി റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ യുജിസി റെഗുലേഷൻ 2018 - ലെ APPENDIX II Table 3B പ്രകാരമുള്ള മാനദണ്ഡം കൃത്യമായി പാലിക്കേണ്ടതാണ്.പട്ടിക അനുബന്ധമായി ചേർക്കുന്നു.

9.അതാത് വകുപ്പുകളിലെ വർക്ക് ലോഡ് പ്രകാരം സ്ഥിരം അദ്ധ്യപകർക്ക് 16 മണിക്കൂർ വീതം വർക്ക് ലോഡ് അലോട്ട് ചെയ്തതിനു ശേഷമുള്ള വർക്ക് ലോഡിലേക്ക് മാത്രമേ അതിഥി അധ്യാപകരെ നിയമിക്കാൻ പാടുള്ളൂ. ഇതിനായി മിനിമം 5 മണിക്കൂർ എങ്കിലും വർക്ക് ലോഡ് ഉണ്ടായിരിക്കണം.

10. അതിഥി അധ്യാപകരുടെ ഒരു ദിവസത്തെ പരമാവധി ജോലിഭാരം 3 മണിക്കൂർ ആയിരിക്കും. ആഴ്ചയിലെ ജോലിഭാരം 5 മുതൽ 7 മണിക്കൂർ വരെ ആണെങ്കിൽ പരമാവധി 3 ദിവസമായും, 8 മുതൽ 10 മണിക്കൂർ വരെ ആണെങ്കിൽ പരമാവധി 4 ദിവസമായും, 11 മണിക്കൂറോ അതിൽ അധികമോ ആണെങ്കിൽ പരമാവധി 5 ദിവസമായും കണക്കാക്കി മാസ്റ്റർ ടൈം ടേബിളിന് അനുസൃതമായി ക്രമീകരിക്കേണ്ടതാണ്.

11.അതിഥി അധ്യാപകരെ നിയമിക്കുന്നത് ദിവസ വേതനാടിസ്ഥാനത്തിലായതിനാൽ ടി ജീവനക്കാർക്ക് അവർ ജോലിചെയ്യുന്ന ദിവസത്തെ ശമ്പളത്തിന് മാത്രമാണ് അർഹത; മറ്റു യാതൊരുവിധ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതല്ല.

12. അതിഥി അധ്യാപകരെ യൂണിവേഴ്സിറ്റി നടപടി ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഇൻവിജിലേഷൻ ഡ്യൂട്ടി, മൂല്യനിർണ്ണയ ക്യാമ്പുകൾ എന്നിവയ്ക്കും കലാകായിക പ്രവർത്തനങ്ങൾ, പഠനയാത്ര എന്നിവയ്ക്കും പ്രിൻസിപ്പലിന്റെ ഉത്തരവിന് വിധേയമായി നിയമിക്കാവുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ ശമ്പളം അനുവദിക്കാവുന്നതുമാണ്.

13. അക്കാദമിക വർഷം അവസാനിച്ചതിനു ശേഷം (മാർച്ച് 31) യൂണിവേഴ്സിറ്റി കലണ്ടർ പ്രകാരം ക്ലാസുകൾ തുടരുന്നുണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ ക്ലാസുകൾ തീരുന്ന തീയതി വരെ അതിഥി അധ്യാപകർക്ക് തുടരാവുന്നതും പ്രസ്തുത കാലയളവിലേയ്ക്കുള്ള ശമ്പളം അനുവദിക്കാവുന്നതുമാണ്.

14. സ്ഥിരാദ്ധ്യാപകർ ജോലിയിൽ പ്രവേശിക്കുമ്പോൾ അവസാനം ജോലിയിൽ പ്രവേശിച്ച അതിഥി അധ്യാപകന് ആദ്യം വിടുതൽ ഉത്തരവ് നൽകേണ്ടതാണ്.

15. അതിഥി അധ്യാപക നിയമന നടപടികൾ അവസാനിച്ച ഉടൻ തന്നെ ടി അധ്യാപകർക്ക് ശമ്പള

വിതരണം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ അതാത് കോളേജ് പ്രിൻസിപ്പൽ/ഡെപ്യൂട്ടി ഡയറക്ടർമാർ നിർബന്ധമായും സ്വീകരിക്കേണ്ടതാണ്.അതിൽ വീഴ്ച വരുത്തുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വ്യക്തിഗത ബാധ്യതയായി കണക്കാക്കുന്നതാണ്.

16. എയ്ഡഡ് കോളേജുകളിൽ അതിഥി അധ്യാപകരെ നിയമിച്ച് കഴിഞ്ഞാൽ അതാത് ഡെപ്യൂട്ടി ഡയറക്ടർമാർ, നിയമനം അംഗീകരിയ്ക്കേണ്ടതും അംഗീകാരം ലഭിച്ച അതിഥി അധ്യാപകർക്ക് എല്ലാ മാസവും കൃത്യമായി ശമ്പളം വിതരണം ചെയ്യേണ്ടതുമാണ്.

17. പി.എസ്.സി റാങ്ക് ലിസ്റ്റ്/ഷോർട്ട് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് സർക്കാർ കോളേജുകളിലെ അതിഥി അധ്യാപക നിയമനത്തിൽ മുൻഗണന നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരി കുമാർ ജി**

**അഡിഷണൽ സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്

ഉന്നത വിദ്യാഭ്യസ (ഡി) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ

നോഡൽ ഓഫീസർ (www.highereducation.kerala.gov.in)

കരുതൽ ഫയൽ / ഓഫീസ് കോപ്പി (F2/104/2022-HEDN)

ഉത്തരവിൻ പ്രകാരം
Signed by
Asoka Kumari L
Date: 13-09-2023 11:42:47
സെക്ഷൻ ഓഫീസർ



**കേരള സർക്കാർ**
**ധനകാര്യ (റൂൾസ്-ബി) വകുപ്പ്**

**പരിപത്രം**

**നം.32/2024/ധന** **തീയതി, തിരുവനന്തപുരം, 05.06.2024**

വിഷയം :- സർക്കാർ ജീവനക്കാർക്ക്, വിദേശത്തുള്ള മക്കളെ സന്ദർശിക്കുന്നതിന് അവധി അനുവദിയ്ക്കുന്നത് സംബന്ധിച്ച് - സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

സൂചന :- 1. സ.ഉ. (അച്ചടി) നം. 04/11/ധന തീയതി 03/01/2011.
2. സ.ഉ. (അച്ചടി) നം. 112/2017/ധന തീയതി 24/08/2017.
3. സ.ഉ. (അച്ചടി) നം. 143/2021/ധന തീയതി 30/10/2021 (SRO No.794/2021).

സർക്കാർ ജീവനക്കാർക്ക്, വിദേശത്തുള്ള മക്കളെ സന്ദർശിക്കുന്നതിന്, സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം പരമാവധി 6 മാസം വരെ അവധി (ആർജ്ജിതാവധി, അർദ്ധവേതനാവധി, പരിവർത്തിതാവധി, ശൂന്യവേതനാവധി എന്നിവ) അനുവദനീയമാണ്. കൂടാതെ നാല് മാസത്തിന് മേൽ ഈ ആവശ്യത്തിലേക്കായി ശൂന്യവേതന അവധി അനുവദിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമാണ് എന്നും ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സൂചന (2) ലെ സർക്കാർ ഉത്തരവ് പ്രകാരം മൂന്ന് വർഷത്തെ തുടർച്ചയായ സേവനമുള്ള ഉദ്യോഗസ്ഥർക്ക് 120 ദിവസം വരെ നിയമനാധികാരി തലത്തിലും, 180 ദിവസം വരെ വകുപ്പ് തലവൻ തലത്തിലും ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സൂചന (3) ലെ വിജ്ഞാപനപ്രകാരം കേരള സർവ്വീസ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടുമുണ്ട്.

2. ഈ സാഹചര്യത്തിൽ വിദേശത്തുള്ള മക്കളെ സന്ദർശിക്കുവാൻ സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം പരമാവധി ആറ് മാസത്തേക്ക് കെ.എസ്.ആർ., ഭാഗം ഒന്ന്, ചട്ടം 88 പ്രകാരം അനുവദനീയമായ ശൂന്യവേതനാവധി, മൂന്ന് വർഷത്തെ തുടർച്ചയായ സേവനമുള്ള ഉദ്യോഗസ്ഥർക്ക് 120 ദിവസത്തേക്ക് നിയമനാധികാരി തലത്തിലും, പരമാവധി 180 ദിവസത്തേക്ക് വകുപ്പ് അദ്ധ്യക്ഷൻ തലത്തിലും അനുവദിക്കാവുന്നതാണ് എന്ന് സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

**ലക്ഷ്മി രഘുനാഥൻ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II), കേരള, തിരുവനന്തപുരം.


കാലിക്കറ്റ് സർവ്വകലാശാല
അക്കാദമിക് കൗൺസിൽ തിരഞ്ഞെടുപ്പിൽ
എ കെ പി സി ടി എ ക്ക്
ഉജ്ജ്വല വിജയം
അഭിവാദ്യങ്ങൾ ...
PRINCIPAL PROFESSIONAL COLLEGE
PROF. DR. T. MOHAMED SALEEM
PRINCIPAL 1ST GRADE COLLEGE
DR. RAJEEV THOMAS
PRINCIPAL PROFESSIONAL COLLEGE
PROF. DR. AMPILI ARAVIND
PRINCIPAL 1ST GRADE COLLEGE
DR. KUMAR SP
MALAYALAM
DR. SANTHOSH VALLIKKAT
ENGLISH
SREEJA G
HINDI
DR. MEERA PI
PHYSICS
DR. BINI S
CHEMISTRY
DR. ANABHA ER
ZOOLOGY
DR. SANTHOSH S
BOTANY
DR. JELLY LOUIS C
PLANT SCIENCE
DR. RAJESH KUMAR T
COMPUTER SCIENCE
DR. JUU A MATHEW
BUSINESS ADMINISTRATION
ASHA S KUTTY
SOCIOLOGY
DR. DEEPA N
POLITICAL SCIENCE
DR. SUNIL KUMAR K
GEOLOGY
ABDUL NAFIH PK
ENVIRONMENTAL SCIENCE
DR. REKHA VB
POLYMER CHEMISTRY
DR. GEORGE T M
MICROBIOLOGY
ABDUL BARI KK
EDUCATION
DR. AFEEF THARAVATTATH
AKPCTA
TRAVEL & TOURISM MANAGEMENT
SHELJI MATHEW
എ കെ പി സി ടി എ


കാലിക്കറ്റ് സർവ്വകലാശാല
സിൻഡിക്കേറ്റിലേക്ക്
തെരഞ്ഞെടുക്കപ്പെട്ട
എ കെ പി സി ടി എ
സംസ്ഥാന ട്രഷറർ
ഡോ കെ പ്രദീപ്കുമാറിന്
അഭിവാദ്യങ്ങൾ
AKPCTA
എ കെ പി സി ടി എ
സംസ്ഥാന കമ്മിറ്റി


കാലിക്കറ്റ് സർവ്വകലാശാല
സിൻഡിക്കേറ്റിലേക്ക്
തെരഞ്ഞെടുക്കപ്പെട്ട
എ കെ പി സി ടി എ
സംസ്ഥാന സർവ്വീസ് സെൽ ചെയർമാൻ
പ്രൊഫ (ഡോ) ടി മുഹമ്മദ് സലിമിന്
അഭിവാദ്യങ്ങൾ
AKPCTA
എ കെ പി സി ടി എ
സംസ്ഥാന കമ്മിറ്റി

KERALA PRIVATE
COLLEGE TEACHER

R.No. 36025/81 No.309

ISSN 2454-4795
Rs.11/- JUNE-JULY - 2024




Printed and Published by Dr. C. Padmanabhan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494 E-mail: akpctatvm@gmail.com www.akpcta.org
**Editor : Dr. N. Renuka**